കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ

ഡീക്കൻ എൻ. ഐ. ഫീലിപ്പോസ്
ഫാ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ
ഫാ. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ

(Malayalam)

Kunjadukalude Valiya Idayanmar

Dn. N. I. Philipose
Fr. K. David Corepiscopa
Fr. C. V. George Corepiscopa

(Biography)

by K. V. Mammen
(Retd. Asst. Editor, Malayla Manorama)
Kottackal, Manganam, Kottayam - 18
Ph: 0481 2578936

Publishers	:	Kottackal Publishers, P. B. 10, Manganam Kottayam - 686018 Phone: 0481 - 2578936
First Published	:	May 8, 2012
Copy Right to	:	Author
Cover	:	Equations, Kottayam Mob: 94469 84669
Typesetting & Printing	:	Sophia Print House, Kottayam Ph: 99471 20697

Rs. 100/-

കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ

ഡീക്കൻ എൻ. ഐ. ഫീലിപ്പോസ്
ഫാ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ
ഫാ. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ

ഗ്രന്ഥകർത്താ:

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

പ്രസാധകർ

കോട്ടയ്ക്കൽ പബ്ലീഷേഴ്സ്
മാങ്ങാനം, പി.ബി. 10, കോട്ടയം – 18
ഫോൺ: 0481 2578936

വില: 100 രൂപ



കെ. വി. മാമ്മൻ

ജനനം 1929-ൽ പത്തനംതിട്ടയിൽ. പിതാവ് എം. വർഗീസ് കോട്ടയ്ക്കൽ, തുമ്പമൺ. മാതാവ് മറിയാമ്മ. ബിരുദ ബിരുദാനന്തര പഠനത്തിനു പുറമേ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് 1960-ൽ ജേർണലിസം ഡിപ്ലോമാ കരസ്ഥമാക്കി. മലയാള മനോരമയിൽ 40-ഉം ചർച്ച് വീക്കിലിയിൽ 50-ഉം വർഷം പത്രാധിപ സമിതി അംഗമായിരുന്നു. 'മലങ്കര സഭ' മാസികയുടെ മുൻ പത്രാധിപ സമിതി അംഗം. 45 വർഷം പുതുപ്പള്ളി നിലയ്ക്കൽ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു. മലങ്കരസഭയിലെ കാതോലിക്കാമാർ, ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ, റീത്തു പ്രസ്ഥാനം, സഭാകവി സി. പി. ചാണ്ടി, പരിശുദ്ധ ഔഗേൻ ബാവാ, പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, ബിഷപ്പ് വാൽഷ്, 2000 വർഷം പിന്നിട്ട മലങ്കരസഭ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, പുത്തൻകാവ് കൊച്ചുതിരുമേനി, യാച്ചാരം, ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും, മലങ്കര വർഗീസും ആനപ്പാപ്പിയും, പഴയസെമിനാരി, ദേവലോകം അരമന, ദയാ ഭവൻ, മലങ്കരയുടെ സ്നേഹപർവ്വം മുതലായി സഭാ ചരിത്ര-ജീവചരിത്രപ്രധാനങ്ങളായ അമ്പതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവ്.

ഭാര്യ ലീലാമ്മ മാമ്മൻ മാങ്ങാനം മന്ദിരം ആശുപത്രിയിലെ ലേയാമ്മ മെമ്മോറിയൽ നഴ്സിംഗ് സ്കൂൾ മുൻ പ്രിൻസിപ്പൽ. മക്കൾ വറുഗീസ് മാമ്മൻ (ആനന്ദ് ട്രാൻസ്പോർട്ട്സ്), അഡ്വ. മോഹൻ മാമ്മൻ (നോട്ടറി), ഡോ. അനിത മേരി തോമസ് (അണുശക്തി വകുപ്പ്)

വിലാസം: കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം - 18 ഫോൺ: (0481) 2578936

ദിവംഗതരായ മൂന്നു പ്രമുഖ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽമാരുടെ സമഗ്ര ജീവചരിത്രവും സേവനങ്ങളും ഉൾക്കൊള്ളുന്ന "കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ" എന്ന പുസ്തകം പ്രകാശനം ചെയ്ത മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ



സമർപ്പണം

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഒരു ഡസൻ ബാലികാബാല ഭവനങ്ങളിലൂടെ പാവപ്പെട്ടവരും അനാഥരുമായ അനേകശതം കുഞ്ഞാടുകളെ അതുല്യ ദൈവസ്നേഹത്തെ മുൻനിറുത്തി വളർത്തി വലുതാക്കുകയും സമൂഹത്തിനു വളരെ മുതൽ കൂട്ടുകയും ചെയ്തശേഷം ഇക്കഴിഞ്ഞ ഫെബ്രുവരി 16-നു കൃതകൃത്യനായി സസന്തോഷം അക്കരെ കടന്ന മലങ്കര സഭാരത്നവും മിഷൻ ബോർഡു പ്രസിഡന്റും എന്റെ വലിയ അഭ്യുദയകാംക്ഷിയുമായിരുന്ന ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ "കുഞ്ഞാടുകളുടെ വലിയ ഇടയന്മാരെ" ഞാൻ ആദരവോടും അതിലുപരി വിനയത്തോടും സമർപ്പിക്കുകയാണ്.

തിരുമേനിയുടെ ചിന്തിപ്പിക്കുന്ന ആഹ്വാനങ്ങളും സ്നേഹത്തിലധിഷ്ഠിതമായ സേവനപ്രവർത്തനങ്ങളും പാവപ്പെട്ടവരോടുള്ള അനുകമ്പയും ലോകാവസാനത്തോളം നിലയ്ക്കാതെ നിലനിൽക്കും; സംശയിക്കേണ്ട.

ഒരു മഹാ ഇടയന്റെ അവതാരിക

ആദ്യ നൂറ്റാണ്ടുകളിൽ മതബോധനത്തിനും വിശ്വാസപഠനത്തിനും ക്രമീകൃതമായ പാഠ്യപദ്ധതിയോ അദ്ധ്യയന സംവിധാനമോ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ കുടുംബങ്ങളിൽ നിന്നുള്ള പരിശീലനവും ആരാധനകളിലുള്ള പങ്കാളിത്തവും വിശ്വാസ സംരക്ഷണത്തിനും, ആദ്ധ്യാത്മിക വളർച്ചയ്ക്കും സഹായകമായിരുന്നു. മതബോധനത്തിന്റെ ആരംഭവും അടിത്തറയും ഭവനങ്ങളായിരുന്നു. വാഗ്രൂപേണയുള്ള ബോധനത്തിനു പുറമേ സഭാപരമായ അനുഷ്ഠാനങ്ങളിൽകൂടി ലഭിക്കുന്ന പരിചയവും ആഭിമുഖ്യവും ആത്മിക വളർച്ചയ്ക്ക് സഹായകമായി. ഉദാ: ഭവനങ്ങളിലെ നോമ്പാചരണം, മരണാനന്തരചടങ്ങുകൾ തുടങ്ങിയവ.

ദേവാലയങ്ങളിലെ ആരാധന മറ്റൊരു ബോധന മാധ്യമമായി വർത്തിച്ചു. ഒരു സഭാവർഷത്തെ വിവിധ ഘട്ടങ്ങളായി തിരിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ രക്ഷകപ്രവർത്തനത്തെ മുഴുവൻ ധ്യാനവിഷയമാക്കിയിരുന്നു. അവിടുത്തെ ആഗമനം മുതൽ പുനരാഗമനം വരെയുള്ള എല്ലാ കാര്യങ്ങളും അങ്ങനെ ധ്യാനത്തിനും പഠനത്തിനും വിഷയമായി. ഓരോ ഘട്ടത്തിനും അനുയോജ്യമായ വേദവായനകളും അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും ക്രിസ്തുസംഭവത്തെ ആഴമായി ഉൾക്കൊള്ളുവാൻ ഉപകരിച്ചു. ആരാധനാക്രമങ്ങൾ പരിശോധിച്ചാൽ വിശ്വാസബോധനത്തിനുള്ള ഒരു മാനം അവയിലുണ്ട് എന്നു കാണാം. പ്രത്യേകമായ പ്രബോധനം ഇല്ലെങ്കിൽപോലും ആരാധനകളിലെ പ്രാർത്ഥനകളും (പ്രുമിയോൻ, സെദറാ തുടങ്ങിയവ) വേദവായനകളും ആരാധകരുടെ ആത്മാവിനെ ഉണർത്തുന്നതും ബുദ്ധിയെ പ്രകാശിപ്പിക്കുന്നതുമായിരുന്നു.

ആറാം മാർത്തോമ്മായുടെ കാലത്ത് കുട്ടികളെ നമസ്ക്കാരങ്ങളും കൂദാശക്രമങ്ങളും പഠിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടായി. ആരാധനയ്ക്കുശേഷം ദേവാലയങ്ങളിൽ ഇതിനു പ്രത്യേക ക്രമീകരണം വരുത്തി. 1809-ൽ കണ്ടനാട് കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽ ഇതൊരു പ്രത്യേക തീരുമാനമായി എടുക്കുകയും ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കുട്ടികൾക്കു വേണ്ടിയുള്ള മതബോധനക്ലാസ്സുകൾ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ തുടങ്ങി. പക്ഷേ അന്ന് അതിനാവശ്യമായ പാഠപ്പുസ്തകങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. നമസ്കാരങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കുന്നതിനു പുറമെ വേദപുസ്തകഭാഗങ്ങൾ കഥാരൂപേണ പഠിപ്പിക്കുമായിരുന്നു. 1876-ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം ഇടവകതോറും വിശ്വാസപരമായ വിഷയങ്ങളും ബൈബിൾ കഥകളും പഠിപ്പിക്കുവാൻ ഞായറാഴ്ച ക്ലാസ്സുകൾ (സണ്ടേ സ്കൂളുകൾ) ക്രമീകരിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് പരുമല

ത്തിരുമേനി രംഗപ്രവേശം ചെയ്യുന്നത്. 1892-ൽ അദ്ദേഹം എഴുതിയ ഒരു കല്പനയിൽ "എല്ലാ പള്ളികളിലും ഞായറാഴ്ചതോറും വേദോപദേശവും കൂടിപ്രാർത്ഥനയും നടത്തുക" ആവശ്യമെന്നു പ്രബോധിപ്പിച്ചു. മറ്റൊരു കല്പനയിൽ അദ്ദേഹം എഴുതി: "കുഞ്ഞുങ്ങളെ ദൈവികപഠിത്തത്തിലും ഉപദേശത്തിലും വളർത്തി ദൈവതിരുവിഷ്ടപ്രകാരം ആത്മികശുശ്രൂഷക്കാർ ആക്കിത്തീർക്കേണ്ടതത്രേ."

പരുമലത്തിരുമേനിയുടെ പ്രവർത്തനങ്ങൾക്കു പിന്തുണയും പ്രോത്സാഹനവും നൽകിയത് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനിയാണ്. പരുമലത്തിരുമേനിയുടെ മതബോധന ദർശനമാണ് അദ്ദേഹത്തിന്റെ ശിഷ്യനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനു പ്രചോദനം നൽകിയത്. അദ്ദേഹമാണ് മലങ്കരസഭയിൽ ഇന്നു കാണുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രണേതാവ്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിലേക്കു നാം കടക്കുമ്പോൾ സണ്ടേസ്കൂൾ പ്രസ്ഥാനം ഇന്നു വളർന്ന് പന്തലിച്ച് ഒരു വടവൃക്ഷംപോലെ ബൃഹത്തായ ഒന്നായി കഴിഞ്ഞു. സഭയിലെ ഏറ്റവും സുശക്തവും, സുസജ്ജവും, സുസംഘടിതവുമായ ഒരു പ്രസ്ഥാനമായിത്തീർന്നിരിക്കുന്നു. ഈ വളർച്ചയിലും നേട്ടത്തിലും ത്യാഗധനരായ അനവധി വ്യക്തികളുടെ പ്രശംസാർഹമായ പ്രവർത്തനമാണ് കാരണമായിട്ടുള്ളത്. അവരിൽ ശ്രദ്ധേയരായ മൂന്നു ധന്യാത്മാക്കളുടെ ജീവിതത്തിലേക്കും സേവനത്തിലേക്കുമുള്ള വിഹഗവീക്ഷണമാണ് വിശിഷ്ടമായ ഈ കൃതിയിലുള്ളത്. ഇതിനു നൽകിയിട്ടുള്ള ശീർഷകം തന്നെ ആകർഷകമാണ്: "കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ." സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് ഊടുംപാവും നൽകി, അതിനെ ഒന്നുമില്ലായ്മയിൽ നിന്നു വളർത്തി, വലുതാക്കിയ ആ ഗുരുസ്ഥാനീയരെ നമുക്ക് ഒരിക്കലും മറക്കാവുന്നതല്ല. സഭാചരിത്രവും വ്യക്തിചരിതവും പഠന - ഗവേഷണമേഖലയായിട്ടെടുത്ത് ഇതിനോടകം അനവധി ശ്രദ്ധേയങ്ങളായ കൃതികൾ സംഭാവന ചെയ്തിട്ടുള്ള കെ. വി. മാമ്മൻ, മൺമറഞ്ഞ മൂന്നു മഹാത്മാക്കളെപ്പറ്റി ഇപ്രകാരം ഒരു കൃതി രചിക്കുവാൻ തുനിഞ്ഞത് തികച്ചും ശ്ലാഘനീയമാണ്. മലങ്കരസഭാമക്കൾ ഇക്കാര്യത്തിൽ അദ്ദേഹത്തോട് ഏറെ കടപ്പെട്ടിരിക്കുന്നു. നിസ്തുലമായ സേവനവും അഭിമാനാർഹമായ നേട്ടങ്ങളും ലഭ്യമാക്കിയ ധന്യാത്മാക്കളെ പിൻതലമുറകൾ കൃതജ്ഞതാപൂർവ്വം സ്മരിക്കണം. അവിടെയാണ് ഈ കൃതിയുടെ പ്രസക്തി ബോധ്യമാകുന്നത്.

ഒരു പ്രസ്ഥാനമായി സണ്ടേസ്കൂൾ തുടക്കം കുറിക്കുന്നത് നാലാത്ര എൻ. ഐ. ഫീലിപ്പോസ് ശെമ്മാശന്റെ ചുമതലയിലാണ്. ഞാൻ ജനിച്ച വർഷമാണ് (1929) അദ്ദേഹം മൺമറഞ്ഞത്. എന്നാൽ അദ്ദേഹത്തെപ്പറ്റി

ഏറെ കേൾക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ ചില മക്കളുമായി അടുത്ത ബന്ധം പുലർത്തുവാനും കഴിഞ്ഞു. അദ്ദേഹം പൊതുവായി അറിയപ്പെട്ടിരുന്നത് എൻ. ഐ. പോത്തച്ചൻ എന്ന പേരിലാണ്. ബിഷപ്സ് കോളജിൽ നിന്നു വേദശാസ്ത്രപഠനം പൂർത്തിയാക്കിയ അദ്ദേഹം അദ്ധ്യാപക പരിശീലനവും നേടിയിരുന്നു. സുവിശേഷ പരമായ പ്രവർത്തനങ്ങളിലുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത സഭയിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുവാനും, അവയ്ക്കു നേതൃത്വം നൽകാനും അദ്ദേഹത്തെ പ്രാപ്തനാക്കി. നല്ല ഒരു വാഗ്മി ആയിരുന്ന അദ്ദേഹം പല സുവിശേഷയോഗങ്ങളിലും പങ്കെടുത്തിരുന്നു. ശെമ്മാശനായി കുറച്ചുകാലം മാത്രമേ പ്രവർത്തിച്ചുള്ളു. നാല്പത്തഞ്ചാം വയസ്സിലുള്ള അദ്ദേഹത്തിന്റെ നിര്യാണം സഭയ്ക്കൊരു വലിയ നഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനം അനേകരെ ആത്മീയപാതയിലേക്കു നയിക്കാൻ പര്യാപ്തമായി.

തുടർന്ന് സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ അമരക്കാരനായി വന്നത് സെറാമ്പൂരിൽ നിന്ന് ബി.ഡി. പാസ്സായി അദ്ധ്യാപനവൃത്തിയിൽ പ്രവേശിച്ച ഫാദർ കെ. ഡേവിഡാണ്. 1946-ൽ ഞാൻ വൈദികസെമിനാരി വിദ്യാർത്ഥി ആയി എത്തുമ്പോൾ (അന്ന് സെമിനാരി, എം.ഡി. സെമിനാരി കോമ്പൗണ്ടിലാണ്) ബ. ദാവീദ് അച്ചൻ എം.ഡി. സെമിനാരി ഹൈസ്കൂൾ അദ്ധ്യാപകനാണ്. ഒരു ചൂരൽവടിയുമായി ക്ലാസ്സുകളിലേക്കു പോകുന്ന ആ അദ്ധ്യാപകശ്രേഷ്ഠന്റെ ചിത്രം വ്യക്തമായും എന്റെ മുമ്പിലുണ്ട്. ചന്ദനപ്പള്ളിപള്ളിയിൽ തവണ ഇല്ലാത്ത ഞായറാഴ്ചകളിൽ പലപ്പോഴും പഴയസെമിനാരി ചാപ്പലിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ എത്തുമായിരുന്നു. ഗീവർഗീസ് ദ്വിതീയൻ ബാവാ അപ്പോൾ ദാവീദച്ചൻ കുർബാനമദ്ധ്യേ പ്രസംഗിക്കാൻ നിർദ്ദേശിക്കുന്നത് ഓർക്കുന്നു. നല്ല മുഴക്കമുള്ള ശബ്ദത്തിൽ അച്ചൻ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ശ്രദ്ധേയമായിരുന്നു.

അച്ചൻ സണ്ടേസ്കൂളിന്റെ അമരത്ത് എത്തുമ്പോൾ, പാഠപുസ്തകങ്ങളില്ല, പ്രത്യേക ഓഫീസോ, ആസ്ഥാനമോ ഇല്ല, സാമ്പത്തികം വട്ടപൂജ്യമായിരുന്നു. അങ്ങനെ ഒന്നുമില്ലായ്മയിൽ നിന്നാണ് അച്ചൻ ആരംഭിക്കുന്നത്. പാഠപുസ്തകങ്ങൾ പലതും അച്ചൻ തന്നെ എഴുതി. ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയും ചില പുസ്തകങ്ങൾ രചിച്ചു. സഭാവേദിയിൽ ആരംഭക്കാരനായ എന്നോടും രണ്ടു വിഷയങ്ങളെക്കുറിച്ച് പാഠങ്ങൾ എഴുതാൻ അച്ചൻ ആവശ്യപ്പെട്ടു. അച്ചന്റെ കാലത്താണ് സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലനക്യാമ്പ് മദ്ധ്യവേനലവധിക്കാലത്ത് സംഘടിപ്പിച്ചത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന അത്തരം ക്യാമ്പുകളെപ്പറ്റി ഈ പുസ്തകത്തിൽ പരാമർശമുണ്ട്. പല വർഷങ്ങളിൽ, പുതിയനിയമ

വിഷയങ്ങൾ പഠിപ്പിക്കാൻ ഞാൻ പോയിട്ടുള്ളത് ഓർക്കുന്നു. ദാവീദച്ചന്റെ മാധുര്യമുള്ള സംഭാഷണങ്ങളും ഹൃദ്യമായ സൽക്കാരങ്ങളും വീണ്ടും പോകുവാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളായിരുന്നു.

സാമ്പത്തിക പരാധീനതകൾ ഏറെ ഉണ്ടായിരുന്ന അക്കാലത്താണ്, ദേവലോകത്ത് ഇന്നു കാണുന്ന സണ്ടേസ്കൂൾ ആസ്ഥാനം പണിയുവാൻ കഴിഞ്ഞത്. വിദ്യാർത്ഥികളിൽ നിന്ന് "ഒരു അണ" എന്ന വിധത്തിലാണ് പിരിവ് സംഘടിപ്പിച്ചത്. വാഹനസൗകര്യമില്ലാതിരുന്ന അക്കാലത്ത് മലങ്കരയിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഓടിയെത്തി സണ്ടേസ്കൂളിനെ സുസംഘടിതമായ ഒരു പ്രസ്ഥാനമാക്കി വളർത്തുന്നതിൽ ദാവീദച്ചൻ വഹിച്ച പങ്ക് ഏറെ പ്രശംസിക്കപ്പെടേണ്ടതാണ്. അംഗീകരണത്തിനു വേണ്ടിയോ, ഏതെങ്കിലും സ്ഥാനമാനങ്ങൾക്കു വേണ്ടിയോ, അല്ലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. എന്നാൽ സഭാതലത്തിൽ അദ്ദേഹത്തെ വേണ്ടവിധം ആദരിച്ചതായി എനിക്കു തോന്നിയിട്ടില്ല. എന്നു മാത്രമല്ല നിരാശാജനകമായ അനുഭവമാണ് അന്ത്യത്തിൽ അദ്ദേഹത്തിനുണ്ടായത്. ഏതായാലും മാമ്മച്ചൻ ഈ ഗ്രന്ഥരചനയിൽകൂടി ആ ഗുരുശ്രേഷ്ഠനോടുള്ള കടപ്പാട് വെളിപ്പെടുത്തിയിരിക്കുന്നു.

1958-ലെ സഭായോജിപ്പിനെ തുടർന്നാണ് ബ. സി. വി. ജോർജച്ചൻ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്കു വരുന്നത്. യോജിപ്പിനുശേഷം ചില മെത്രാപ്പോലീത്താമാരും വൈദികരും സഭാസമാധാനത്തിനു തുരങ്കം വച്ച് പഴയ ലാവണത്തിലേക്കു പോയപ്പോൾ ബ. സി. വി. ജോർജച്ചൻ, കൈവന്ന സമാധാനം അഭംഗുരം കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധനായി ഉറച്ചുനിന്നു. അച്ചന്റെ സ്വന്തം പള്ളിയിൽ പോലും പ്രശ്നങ്ങൾ ഉണ്ടായി. വീട്ടുകാരിൽ പലരും എതിർപക്ഷത്തായി. അപ്പോഴും അച്ചൻ ധീരതയോടെ നിലകൊണ്ടു. അച്ചനെപ്പറ്റി അദ്ദേഹത്തിന്റെ സഹോദരീപുത്രനായ ഡോ. കെ. എം. ജോർജച്ചൻ എഴുതിയിട്ടുള്ള ലേഖനം ആ വ്യക്തിത്വത്തെ വെളിവാക്കിത്തരുന്നു.

കോട്ടയം ഭദ്രാസന സെക്രട്ടറി എന്ന സ്ഥാനത്തും അച്ചൻ നിസ്തുലമായ സേവനം നിർവഹിച്ചു. കോട്ടയം മെത്രാപ്പോലീത്താ അഭിവന്ദ്യ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായി പ്രവർത്തിച്ചു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ജനറലായി ചുമതലയേറ്റപ്പോൾ സർവ്വാത്മനാ അതിന്റെ പ്രവർത്തനത്തിൽ അദ്ദേഹം മുഴുകി. അദ്ധ്യാപക സമ്മേളനങ്ങളിൽ എല്ലാം സംബന്ധിച്ച് പ്രവർത്തകരെ പ്രബുദ്ധരാക്കുവാനും, അദ്ധ്യാപനത്തിന്റെ രാസക്രിയകളെ വെളിപ്പെടുത്തിക്കൊടുക്കാനും അത്യുത്സാഹം പ്രകടിപ്പിച്ചു. രോഗബാധിതനായിത്തീർന്നപ്പോഴും പ്രവർത്തനങ്ങൾക്കു മാന്ദ്യം വരുത്തിയില്ല. അദ്ദേഹത്തിന്റെ പിൻഗാമിയായി ഞാൻ ചുമതല ഏറ്റശേഷം രോഗാവസ്ഥയിലാ

യിരുന്ന അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, തികഞ്ഞ ചാരിതാർത്ഥ്യം പ്രകടിപ്പിച്ചു. എന്റെ പ്രവർത്തനങ്ങൾക്കു വിജയം ആശംസിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ജന്മദേശമായ വാകത്താനത്തിന്റെ സർവ്വതോമുഖമായ വികസനത്തിനും പുരോഗതിക്കും അച്ചൻ ചെയ്ത സേവനങ്ങൾ പ്രശംസാർഹമാണ്. പക്ഷേ, തദ്ദേശീയർ എത്രമാത്രം അച്ചനെ അനുസ്മരിക്കുന്നു എന്നുള്ളത് സംശയകരമായി തോന്നിയിട്ടുണ്ട്. നല്ല ഒരു സംഘാടകൻ, ഉത്തമനായ അദ്ധ്യാപകൻ, പുരോഗമനപരമായ വീക്ഷണങ്ങൾ പുലർത്തുന്ന ചിന്തകൻ, ആടുകളുടെ നല്ല ഇടയൻ, സൗഹൃദ സമ്പന്നൻ, സുറിയാനി പണ്ഡിതൻ ഇതെല്ലാമായിരുന്നു ബ. സി. വി. ജോർജച്ചൻ. മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു സിദ്ധിവിശേഷം അച്ചനുണ്ടായിരുന്നു. അതുകൊണ്ട് ജനഹൃദയങ്ങളിൽ അദ്ദേഹത്തിനു വലിയ സ്ഥാനം ലഭിച്ചു.

മലങ്കരസഭാമക്കൾക്ക് മറക്കാനാവാത്ത മൂന്ന് മഹത് വ്യക്തികളെ അവതരിപ്പിക്കുന്നതിൽ കൂടി, സഭയിൽനിന്നു തന്നെ നിർവഹിക്കേണ്ടിയിരുന്ന ഒരു ദൗത്യം, കെ. വി. മാമ്മൻ നിറവേറ്റുകയാണ് ചെയ്യുന്നത്. സഭാപരമായ കാര്യങ്ങളിൽ സജീവശ്രദ്ധ പതിപ്പിച്ചുകൊണ്ട്, സഭാമക്കൾക്ക് പ്രചോദനം നൽകുന്ന ഉത്തമ കൃതികൾ രചിക്കുന്നതിൽ അദ്ദേഹം ജാഗരൂകനാണ്. യുവത്വത്തിന്റെ ഊർജ്ജസ്വലതയോടെ, കാൽനടയായി സഞ്ചരിച്ചും വ്യക്തികളെ അഭിമുഖം നടത്തിയും അനവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആ തൂലിക പ്രവർത്തനനിരതമായി തുടരട്ടെ എന്നാശംസിക്കുന്നു.

ഈ കൃതി നിശ്ചയമായും സണ്ടേസ്കൂൾ പ്രവർത്തകർ എല്ലാവരും തന്നെ വാങ്ങി വായിക്കേണ്ടതാണ്. അത് അവരുടെ പ്രവർത്തനങ്ങൾക്കു ഊർജ്ജം പകരും. ഈ വിശിഷ്ട കൃതിക്ക് അവതാരിക എഴുതുവാൻ എന്നോടാവശ്യപ്പെട്ടത് ഒരു പദവിയായി ഞാൻ കരുതുന്നു. ഇതിന് പ്രചുരപ്രചാരം ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് സഭാമക്കൾക്കായി അവതരിപ്പിക്കുന്നു.

ഫാ. റ്റി. ജെ. ജോഷ്വാ

സചിവോത്തമപുരം
23-04-2012

ഉള്ളടക്കം

അവതാരിക	ഫാ. ഡോ. റ്റി. ജെ. ജോഷ്വ	7
ആമുഖം		13
	"ഇതാ ഞാനും ദൈവം എനിക്കു തന്ന മക്കളും" ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്	26
1.	ഡീക്കൻ എൻ. ഐ. ഫീലിപ്പോസ്	29
2.	ഫാ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ	38
3.	ഫാ. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ	114
4.	സണ്ടേസ്ക്കൂൾ പ്രസ്ഥാനം: ആധുനിക നേട്ടങ്ങൾ	157
5.	പഴഞ്ഞി സണ്ടേസ്ക്കൂൾ	170
6.	സുവിശേഷവേലയെയും സണ്ടേസ്ക്കൂളിനെയും സഹായിക്കുക	181

ആമുഖം

കുഞ്ഞാടുകളുടെ വലിയ ഇടയന്മാരെപ്പറ്റി

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ വിദൂരവീക്ഷണചതുര നായ മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, അചഞ്ചലമായ ദൈവാശ്രയത്തോടും അടിയുറച്ച പ്രാർത്ഥനാ ജീവിതത്തോടും പ്രദാനം ചെയ്ത കാപട്യരഹിതവും അതുല്യവുമായ നേതൃത്വത്തിൽ മുന്നേറിയ ശാന്തസുന്ദരമായ മലങ്കരസഭാ സാഗരത്തിൽ ദുഷ്ടലാക്കോടുകൂടി ഏതാനും നിഷ്ഠുരന്മാർ കല്ലെറിഞ്ഞു കലഹകല്ലോലങ്ങൾ സൃഷ്ടിച്ചുയർത്തിവിട്ട വിഷക്കാറ്റുകളെ വിജയപൂർവ്വം തരണം ചെയ്യാനായി എല്ലാം മറന്നു സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ഏതാനും സമുന്നത വൈദികരെയും അവൈദിക പ്രമുഖരെയും മറക്കാൻ നമുക്ക് ഒരിക്കലും സാധ്യമല്ലല്ലോ.

അസ്തമിക്കാത്ത സൂര്യൻ ഭിന്ന ഭൂഖണ്ഡങ്ങളിൽ സദാ പ്രകാശിക്കുകയും ചുറ്റിനിൽക്കുന്ന മറ്റു ഗ്രഹങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തുവരുന്നതുപോലെ. സഭാഭാസുരനായ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനിയുടെ ഉൽകൃഷ്ട ലക്ഷ്യങ്ങളും ഉൾക്കാഴ്ചയോടുകൂടിയ പ്രവർത്തനങ്ങളും നേർവീഥിയിലൂടെയാണു നീങ്ങുന്നതെന്നു മനസ്സിലാക്കി ആദ്ധ്യാത്മിക നഭോമണ്ഡലത്തിൽ പ്രശോഭിച്ച ഒരുപറ്റം പ്രശസ്ത വൈദിക – അവൈദിക താരങ്ങൾ ഉത്തമബോധ്യത്തോടെ അദ്ദേഹത്തിനു കലവറയില്ലാത്ത പിന്തുണ നൽകിയതുകൊണ്ടാണ് കോട്ടപോലെ നിലകൊണ്ട തടസ്സങ്ങളെ ഉറപ്പില്ലാത്ത കട്ടകളെപ്പോലെ തട്ടി ഇടിച്ചുനിരത്താനും സഭയ്ക്കു ഭരണപരവും ആദ്ധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ സ്വാതന്ത്ര്യവും അഭൂതപൂർവ്വമായ നേട്ടങ്ങളും കൊയ്യാനും സാധിച്ചത്.

ഒരു വലിയ കപ്പലിനെ, മഞ്ഞുകട്ടയും പാറകളും ഏതാണ്ടു മുങ്ങിമറഞ്ഞു കിടക്കുന്ന അലയാഴിയിലൂടെ അപകടം കൂടാതെ നയിച്ചു കരയ്ക്കെത്തിക്കുന്ന കപ്പിത്താനു പിൻബലം നൽകുന്നത് സമാനലക്ഷ്യബോധമുള്ളവരും നല്ല പരിശീലനം ലഭിച്ചവരും ശിക്ഷണമുള്ളവരും ശുഭ്രവസ്ത്രധാരികളുമായ ഒരു സംഘം ബലിഷ്ഠ നാവികരാണല്ലോ. സമർത്ഥന്മാരായ ചില കപ്പിത്താന്മാർ മാത്രം ചരിത്രത്താളുകളിൽ തിളങ്ങി നിലനിൽക്കും. പക്ഷേ, ജീവൻ പണയപ്പെടുത്തി പ്രയത്നിച്ച മിക്ക നാവികരും പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകും. ഇതുപോലെ തന്നെയാണു

സഭയുടെ ആദ്ധ്യാത്മികരംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കും സംഭവിക്കുന്നത്.

ഉടൽ മുഴുവൻ കടൽ വിഴുങ്ങിയാലും ശരി, കൊടുങ്കാറ്റിൽ പെട്ട സഭാനൗകയെ നിത്യജീവ പ്രധാനമായ ശാദ്വലതീരത്തെത്തിക്കണമെന്ന ദൃഢനിശ്ചയത്തിന്റെയും തകർക്കാനാവാത്ത ദൈവവിശ്വാസത്തിന്റെയും അദമ്യമായ ആത്മശക്തിയുടെയും പിൻബലത്തോടെ സമർപ്പിത ജീവിതം നയിച്ചവരെ മറക്കുന്നതു പൊറുക്കാനാവാത്ത കൃതഘ്നതയാണെന്നതിനു രണ്ടു പക്ഷമില്ല. നാം ദൈവസുതന്മാരായിത്തീരാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ നയിക്കുകയും പഠിപ്പിക്കുകയും ചെയ്ത പുണ്യപിതാക്കന്മാരെ പ്രാർത്ഥനകളിലും കുർബ്ബാനകളിലും നാം ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന സനാതന ഉപദേശം ആർക്കും അവഗണിക്കാനാവില്ലല്ലോ. മാതാപിതാക്കളെ ബഹുമാനിച്ചാൽ നന്മയും ദീർഘായുസ്സും ലഭിക്കുമെന്നുറപ്പു തന്നിട്ടും സ്വന്തം മാതാപിതാക്കളെയും ഗുരുക്കന്മാരെയും ആത്മികനേതാക്കളെയും വേണ്ടവിധം സ്നേഹിക്കാത്തവരും കരുതാത്തവരും ഓർക്കാത്തവരും മനപൂർവ്വമല്ലെങ്കിൽ തന്നെയും അവരെ അവഗണിക്കുന്നവരും അവരുടെ സദുപദേശങ്ങളെ ഒരളവിൽ തൃണവൽകരിക്കുന്നവരും ഒട്ടും കുറവല്ലെന്നുള്ള വസ്തുത അംഗീകരിച്ചേ മതിയാവൂ.

'സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം' എന്നു വി. പൗലൂസ് അപ്പസ്തോലൻ വിശേഷിപ്പിക്കുന്ന മരിച്ചവരും സഭയുടെ സജീവരായ അംഗങ്ങളാണെന്നും വിശ്വാസികളായിരുന്നു വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധന്മാരുടെ മധ്യസ്ഥതയിൽ അഭയം തേടുകയും ചെയ്യുക എന്നത് നമ്മുടെ കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവുമായ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാണെന്നും നാം കരുതുന്നതിനാൽ കടന്നുപോയ പൂർവ്വികരെയും സഭാപിതാക്കന്മാരേയും വേണ്ടവിധത്തിൽ അംഗീകരിക്കുകയും അവരോടുള്ള കടമ നിറവേറ്റുകയും ചെയ്യാതിരിക്കുന്നത് അക്ഷന്തവ്യമായ ഒരു അപരാധവും കൃത്യവിലോപവുമാണെന്നു നിഷ്പ്രയാസം സമർത്ഥിക്കാനാവും.

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." എബ്രായ 13:7-ൽ കാണുന്ന ഈ തങ്കവാക്യം ബഹുഭൂരിപക്ഷം സഭാംഗങ്ങളും പലപ്പോഴും ഓർക്കാറില്ല.

സുറിയാനിക്കാരുടെ ഒരു പ്രത്യേക സ്വഭാവമെന്നു ചിലരെങ്കിലും പറയാറുള്ള നന്ദികേടാണു ഇക്കാര്യത്തിൽ മുഴച്ചു നിൽക്കുന്നതെന്നു സ്ഥാപിക്കാനും പ്രയാസമില്ല. സഭയിൽ സകലവും മറന്ന് പ്രതിഫലം കൂടാതെ ഏതെങ്കിലും നല്ല കാര്യം ചെയ്യുന്ന ഒരുത്തനേയും രണ്ടു വാക്കു പറഞ്ഞ്

അഭിനന്ദിക്കാനോ പ്രോത്സാഹിപ്പിക്കാനോ സുറിയാനിക്കാരനെ കിട്ടുക യില്ല. വേണമെങ്കിൽ ഇല്ലാത്ത കുറ്റം പലവുരു ആരോപിച്ചു വലിച്ചിടാ നായിരിക്കും ചിലരെങ്കിലും ശ്രമിക്കുക.

ആരുടെയും പ്രശംസയും പ്രതിഫലവും അവാർഡും പൊന്നാടയും ഒന്നും ഇച്ഛിക്കാതെ സഭാസേവനരംഗത്തു താരശോഭ പരത്തിയ പാത്താ മുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, നാലാത്ര എൻ. ഐ. പോത്തൻ ശെമ്മാശൻ, മണലിൽ യാക്കോ ബ് കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ചന്ദനപ്പള്ളി മാവേലിൽ ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ, പഴയസെമിനാരി മാനേജർ ആയിരുന്ന വാകത്താനം ഫാ. റ്റി. സി. ജേക്കബ്, ദേവലോകം അരമന മാനേജരായിരുന്ന കല്ലിശ്ശേരി തോട്ടത്തിൽ വീട്ടിൽ ടി. ജി. സഖറിയ, അടൂർ ചാവടിയിൽ ഫാ. ഡോ. സി. റ്റി. ഈപ്പൻ, മാവേലിക്കര നാടാവള്ളിൽ ഫാ. എൻ. ജി. കുര്യൻ, തടാകം ആശ്രമാചാര്യയായിരുന്ന ഫാ. കെ. സി. വറുഗീസ്, പരുമല സെമിനാരി മാനേജരായിരുന്ന കാരി ക്കോട്ട് ഫാ. കെ. ബി. മാത്യൂസ്, പാമ്പാടി ദയറാ മാനേജരായിരുന്ന പി. സി. യോഹന്നാൻ റമ്പാൻ, ഫാ. ടി. വി. ജോർജ് നെടുമാവ്, ഫാ. എം. പി. മാത്യൂസ് മോടിശ്ശേരിൽ മുതലായവർ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിട യിൽ സഭയ്ക്കു വേണ്ടി വില മതിക്കാനാവാത്തതും ത്യാഗനിർഭരവുമായ സേവനം ചെയ്ത പ്രമുഖ വ്യക്തികളിൽ ചിലരാണ്.

എന്നാൽ ഇവരിൽ മിക്കവരുടെയും പേരുകൾ പോലും അവർ അർഹി ക്കുന്നവിധത്തിൽ സഭാചരിത്രത്തിന്റെ പുറങ്ങളിലോ പുറമ്പോക്കിലോ സഭാവിശ്വാസികളുടെ സ്നേഹരഹിത മാറാല പിടിച്ചു മറഞ്ഞുകൊണ്ടി രിക്കുന്ന സ്മരണകളിലോ ഒന്നും കാണുകയില്ല.

ഇങ്ങനെ നിത്യജീവമൊഴികളായ ദൈവവചനം പഠിപ്പിക്കുകയും കുട്ടി കൾക്കുള്ള പുസ്തകങ്ങളും സഭാചരിത്രവും രചിക്കുകയും അവ അച്ച ടിക്കാനുള്ള പ്രസ്സ് വാങ്ങുകയും കുഞ്ഞാടുകളെ ആദ്ധ്യാത്മിക ജീവിത ത്തിന്റെ പച്ചമേച്ചിലിലേക്ക് ആനയിക്കുകയും ചെയ്ത ഉത്തമനും വിശ്വ സ്തനുമായിരുന്ന ഒരു വലിയ ഇടയനായിരുന്നു ചന്ദനപ്പള്ളി മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ. സർവ്വകലാശാല ബിരുദവും ദൈവ ശാസ്ത്ര ബിരുദവും നേടിയ അദ്ദേഹം എം. ഡി. – കാതോലിക്കേറ്റ് ഹൈസ്കൂളുകളിലെ മികച്ച അധ്യാപകൻ, വൈദിക സെമിനാരി പ്രിൻസി പ്പൽ, സഭാ സെക്രട്ടറി, സൺഡേസ്കൂൾ ജനറൽ സെക്രട്ടറി, സഭാചരി ത്രകാരൻ, സൺഡേസ്കൂൾ പാഠപുസ്തക രചയിതാവ്, ചന്ദനപ്പള്ളി, കോട്ടയം മാർ ഏലിയാ ചാപ്പൽ എന്നിവയുടെ വികാരി മുതലായ നിലക ളിൽ ചെയ്ത അതുല്യവും മഹത്തരവുമായ സേവനങ്ങളെ സഭാംഗങ്ങൾ മിക്കവാറും വിസ്മരിച്ചു കഴിഞ്ഞു. ഈ വലിയ കുറ്റബോധത്തിന്റെ പശ്ചാ

ത്തലത്തിൽ സഭാംഗങ്ങൾക്കുവേണ്ടി ഏതാണ്ട് നിരപരാധിയായ ഞാൻ എല്ലാവർക്കും വേണ്ടി ചെറിയ തോതിലുള്ള ഒരു പ്രായശ്ചിത്തമെന്ന നിലയിൽ പരപ്രേരണ കൂടാതെ രചിച്ചിരിക്കുന്ന ലഘുജീവചരിത്രമായി ഇതിനെ കണ്ടാൽ മതി. കുറവുകൾക്കു ഞാൻ മാത്രമാണ് ഉത്തരവാദി.

ചന്ദനപ്പള്ളി സ്വദേശിയായ ബ. ദാവീദച്ചനും ഞാനും നാട്ടിലും കോട്ടയത്തും അയൽവാസികളായിരുന്നെങ്കിലും പ്രായം സൃഷ്ടിച്ച അകൽച്ച അൽപമല്ലായിരുന്നു. അദ്ദേഹം വൈദികനായി വിവിധ രംഗങ്ങളിൽ ധന്യമായ സഭാസേവനം അനുഷ്ഠിക്കുമ്പോൾ ഞാൻ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിൽ പഠിക്കുന്നതേയുള്ളൂ. എന്നാൽ സൺഡേസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ബ. അച്ചനെ പലവുരു കാണാനും പ്രസംഗങ്ങൾ കേൾക്കാനും ഇടയായിട്ടുണ്ട്. പിന്നീട് പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിലെ സൺഡേസ്കൂൾ അധ്യാപകനായിരിക്കുമ്പോൾ 1948-ലെ മധ്യവേനൽ അവധിക്കാലത്ത് ആറാട്ടുപുഴ പള്ളിയിൽ നടത്തിയ ദശദിന സൺഡേസ്കൂൾ അധ്യാപക പരിശീലന ക്ലാസ്സിൽ വച്ചാണ് കൂടുതൽ അടുത്തിടപെടാൻ സാധിച്ചത്. എന്റെ മൂത്ത സഹോദരി തങ്കമ്മയുടെ ഭർത്താവും, മൈലപ്ര മാർ കുറിയാക്കോസ് ദയറാ സുപ്പീരിയറായ അപ്രേം റമ്പാച്ചന്റെയും, പരേതനായ ഫാ. പി. കെ. സഖറിയായുടെയും ജ്യേഷ്ഠനും ആയ അന്തരിച്ച കോന്നി പുന്നൂരേത്തു പി. കെ. ജോർജ്ജും ക്ലാസ്സിൽ പങ്കെടുത്തിരുന്നു. വലിയ നോമ്പുകാലത്തെ ആ പരിശീലനവേളകളിൽ ഉച്ചയ്ക്ക് വിയർത്ത് 50 കുമ്പിട്ടു പ്രാർത്ഥിച്ചവരും പ്രഗൽഭരും പിന്നീട് കാതോലിക്കാമാരായി സഭയുടെ സമുന്നത സാരഥ്യം വഹിച്ചവരുമായ വട്ടക്കുന്നേൽ ഫാ. വി. കെ. മാത്യൂസ്, ഫാ. ഇ. മാത്യൂസ് എന്നിവരുടെയും കുറിച്ചി കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കെ. കെ. ജോൺ (പൗലൂസ് മാർ പക്കോമിയോസിന്റെ പിതാവ്), ഫാ. കെ. ഡേവിഡ്, വി. റ്റി. ഏബ്രഹാം മല്ലപ്പള്ളി മുതലായവരുടെയും ക്ലാസ്സുകളിൽ പങ്കെടുത്തതും ആറു ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും ആധ്യാത്മിക മധുരാനുഭൂതി പകരുന്നതുമായ സംഭവം ഇന്നലെ നടന്നപോലെ മറക്കാതെ മനസ്സിൽ സ്ഥിതിചെയ്യുന്നു. ആറാട്ടുപുഴ പരിശീലന ക്ലാസ്സിന്റെ നിലവാരം അതുല്യമായിരുന്നു. കാരണം എല്ലാ വിഷയങ്ങളും പണ്ഡിതോചിതമായിട്ടാണ് സമുന്നതരായ അധ്യാപകർ കൈകാര്യം ചെയ്തത്.

പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിലും പുതുപ്പള്ളി നിലയ്ക്കൽ പള്ളിയിലുമായി അര ശതാബ്ദത്തിലധികം സൺഡേസ്കൂൾ അധ്യാപകനായിരിക്കാൻ എനിക്കു ഭാഗ്യം ലഭിച്ചു. ഞങ്ങൾ പഠിപ്പിച്ച അനേകം കുട്ടികൾ ജീവിതത്തിൽ വളരെയധികം ഉയർന്നിട്ടുണ്ട്. പലർ വൈദികരായി. അധ്യാപകർക്കു ലഭിക്കുന്ന വലിയ പ്രതിഫലവും

എല്ലാ തലങ്ങളിലും ഉന്നതരായ ശിഷ്യഗണങ്ങളാണല്ലോ. ഇന്ത്യയുടെ പ്രഥമ ചന്ദ്രയാൻ യാത്രയ്ക്കുവേണ്ട യാനപാത്രം രൂപകല്പന ചെയ്ത പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. ടി. കെ. അലക്സ്, പ്രമുഖ ഭിഷഗ്വരനായ ഡോ. പത്രോസ് മത്തായി, പത്തനാപുരം കോളജ് പ്രിൻസിപ്പലായിരുന്ന ലൂക്കോസ് പി. മത്തായി, പ. മാത്യൂസ് പ്രഥമൻ ബാവായുടെ സെക്രട്ടറി ഫാ. പി. ജെ. ജോസഫ്, പ. പൗലൂസ് ദ്വിതീയൻ ബാവായുടെ സെക്രട്ടറി ഫാ. തോമസ് സഖറിയ, അമേരിക്കയിൽ സേവനം ചെയ്യുന്ന ഫാ. ജോർജ്ജ് ജോൺ, ഇൻകം ടാക്സ് കമ്മീഷണർ വാകത്താനം മൈലയ്ക്കൽ കുരുവിള എം. ജോർജ്ജ് മുതലായവർ ഞങ്ങളുടെ വിദ്യാർത്ഥികളിൽ ചിലരാണെന്നു പറയുന്നതിൽ വലിയ അഭിമാനമാണുള്ളത്.

പിന്നീട് ഞാൻ ബ. ദാവീദച്ചനുമായി നേരിട്ട് ഇടപെടുന്നത് 1951-ൽ ആണ്. തിരുവനന്തപുരത്തെ തൈക്കാട്ടു യൂണിവേഴ്സിറ്റി ഇന്റർമീഡിയേറ്റ് കോളജിൽ നിന്നു പഠനം പൂർത്തിയാക്കി നിൽക്കവേ സംഭവിച്ച എന്റെ പിതാവും തുമ്പമൺ കോട്ടയ്ക്കൽ കുടുംബാംഗവുമായ എം. വറുഗീസിന്റെ അപ്രതീക്ഷിതവും അകാലികവുമായ നിര്യാണം മൂലം 1950-ൽ ഡിഗ്രി ക്ലാസ്സിൽ ചേരാൻ സാധിച്ചില്ല. ഒരു വർഷം പഠനത്തിനു തടസ്സം നേരിട്ട അവസരത്തിലാണു ഞാൻ ചർച്ച് വീക്കിലിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോട്ടയത്ത് എത്തിയത്.

മധ്യതിരുവിതാംകൂറിലെ പത്തനംതിട്ടയിലും സമീപപ്രദേശങ്ങളിലും അന്ന് ഒന്നാം ഗ്രേഡ് കോളജില്ലാതിരുന്നതിനാൽ കോട്ടയം വൈ.എം.സി.എ. യിലെ ചർച്ച് വീക്കിലി ഓഫീസിൽ താമസിച്ചുകൊണ്ട് 1951-ൽ പുരാതനമായ സി.എം.എസ്. കോളജിൽ ബി.എ. യ്ക്കു ചേരുകയാണുണ്ടായത്. സി.എം.എസ്. കോളജ് 1950-ൽ ആണ് ഒന്നാം ഗ്രേഡായി ഉയർത്തപ്പെടുന്നത്. ദാവീദച്ചൻ എം. ഡി. ഹോസ്റ്റലിലും ഞാൻ കോട്ടയം വൈ.എം.സി.എ. യിലും താമസിച്ചതിനാൽ കോട്ടയത്തും ഞങ്ങൾ അയൽക്കാരായി. ഞാൻ തിരുവനന്തപുരത്തെ ഇന്റർമീഡിയറ്റു കോളജിൽ പഠനം ആരംഭിച്ച കാലത്താണു പ്രീ യൂണിവേഴ്സിറ്റി സമ്പ്രദായം തിരുവിതാംകൂർ സർവ്വകലാശാല ആരംഭിച്ചത്. അന്ന് എച്ച്. സി. പാപ്പ്വർത്തായിരുന്നു വൈസ് ചാൻസലർ. പുതിയ സമ്പ്രദായത്തിന് എതിരായി വിദ്യാർത്ഥികൾ ശക്തമായ സമരം നടത്തുകയും അതിന്റെ ഫലമായി പ്രീ യൂണിവേഴ്സിറ്റി സമ്പ്രദായം നിറുത്തൽ ചെയ്യുകയും വീണ്ടും ഇന്റർമീഡിയറ്റു ക്ലാസ്സാക്കുകയുമാണുണ്ടായത്. ഈ സമരത്തിനു യൂണിവേഴ്സിറ്റി ഇന്റർമീഡിയറ്റ് കോളജ് മുന്നിൽ നിന്നിരുന്നു. യാദൃച്ഛികമാണെങ്കിലും വൈസ് ചാൻസലറും ഈ കോളജിനടുത്തായിരുന്നു താമസിച്ചിരുന്നത്.

ഈ കോളജിൽ നിന്നു സി.എം.എസ്. കോളജിൽ ബി.എ. യ്ക്കു ചേരാൻ വന്ന എന്നെ ഒരു വിദ്യാർത്ഥി സമരക്കാരനായി അന്നത്തെ സി.

എം.എസ്. കോളജ് പ്രിൻസിപ്പൽ പി. സി. ജോസഫ് സാർ തെറ്റിദ്ധരിച്ചു. കൂടാതെ അന്നു ഖദർ വസ്ത്രധാരിയായിരുന്ന എന്നെ അങ്ങനെ ബുദ്ധിമാനായ പ്രിൻസിപ്പൽ സംശയിച്ചതിലും തെറ്റില്ല. അഡ്മിഷനു ചെന്നപ്പോൾ കോട്ടയത്തുള്ള ബഹുമാന്യരായ രണ്ടു വ്യക്തികളുടെ പരിചയപ്പെടുത്തൽ കത്തുകൾ വേണമെന്നു പ്രിൻസിപ്പൽ ശഠിച്ചു. ഭാഗ്യമെന്നു പറയട്ടെ, എം.ഡി. എച്ച്.എസ്. അദ്ധ്യാപകൻ ഫാ. കെ. ഡേവിഡ് അന്നു കോളജിന്റെ മുമ്പിലുള്ള പ്രശസ്തമായ എം. ഡി. ഹോസ്റ്റൽ വാർഡൻ കൂടിയായിരുന്നു. അദ്ദേഹം വാർഡനായിരിക്കുമ്പോഴാണ് നേരത്തെ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന കെ. ആർ. നാരായണനു ഹോസ്റ്റലിൽ വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത്. സാമ്പത്തികമായി പിൻനിലയിൽ നിന്ന കെ. ആർ. നാരായണനെന്ന സമർത്ഥനായ വിദ്യാർത്ഥിക്കു ദാവീദച്ചൻ ഔദാര്യത്തോടെ ക്രിസ്തീയ സ്നേഹനിർഭരമായ സഹായങ്ങൾ നൽകിയ കാര്യം മുൻ രാഷ്ട്രപതി തന്റെ ജീവചരിത്രത്തിൽ പരാമർശിച്ചിട്ടുണ്ട്. കെ. ആർ. നാരായണൻ ഇന്ത്യയിലെ ഒന്നാമത്തെ പൗരനായി ഉയരുമെന്നുള്ള ചിന്തയോ ഭാവനയോ ഒന്നും കൊണ്ടല്ലല്ലോ ദാവീദച്ചന്റെ കാരുണ്യത്തിന്റെ കൈപ്പുണ്യം ലഭിക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

നേരത്തെ എന്നെ അറിയാമായിരുന്നതുകൊണ്ട് ബ. അച്ചൻ ഉടൻതന്നെ സൽസ്വഭാവ സർട്ടിഫിക്കറ്റ് സന്തോഷപൂർവ്വം എഴുതിത്തന്ന് അനുഗ്രഹിച്ചു. പരിചയപ്പെടുത്തിയ രണ്ടാമത്തെ സമുന്നത വ്യക്തി മലയാള മനോരമയുടെ മാനേജരും പകൃതയോടെ മുഖപ്രസംഗം എഴുതിക്കൊണ്ടിരുന്ന പ്രമുഖ പത്രാധിപരും ചർച്ച് വീക്കിലി എന്ന വാരികയുടെ ചീഫ് എഡിറ്ററുമായിരുന്ന നാലാത്ര എൻ. എം ഏബ്രഹാമായിരുന്നു. അവറാച്ചായൻ, പി. സി. ജോസഫ് സാറിന്റെ ഒരു ഉത്തമ സുഹൃത്ത് കൂടിയായിരുന്നു എന്ന് എടുത്തു പറയേണ്ടതുണ്ട്. കത്തുകൾ കണ്ടതും എനിക്കു അഡ്മിഷൻ തന്നതും ഒന്നിച്ചായിരുന്നു എന്നു പറയുന്നതാവും ഏറെ ശരി.

വൈകാതെ ഫാ. കെ. ഡേവിഡ് ഞാൻ പഠിച്ചിരുന്ന പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിലേക്കു താമസം മാറിപ്പോയി. നേരത്തെ കോട്ടയത്തു വച്ച് സൺഡേസ്ക്കൂൾ പാഠപുസ്തകങ്ങൾ അച്ചടിച്ചുവന്നത് മനോരമ സ്റ്റാഫിലെ എന്റെ സീനിയർ സഹപ്രവർത്തകനും ഒരുത്തമ സാഹിത്യകാരനുമായിരുന്ന പുളിക്കീഴ് പടിപ്പുരയ്ക്കൽ പി. സി. കോരുതിന്റെ വക പി. സി. പ്രസിലായിരുന്നു. കോരുതു സാറിന്റെ വീടും ഈ പ്രസ്സും എം. ഡി. ഹൈസ്കൂളിന്റെ എതിർവശത്തായിരുന്നു. പ്രശസ്ത സഭാചരിത്രകാരനായിരുന്ന ഇസ്സഡ്. എം. പാറേട്ടിന്റെ പ്രസിദ്ധമായ മലങ്കരനസ്രാണികൾ എന്ന വിലയേറിയ പുസ്തകങ്ങളും പി. സി. പ്രസി

ലായിരുന്നു മുദ്രണം ചെയ്തിരുന്നത്.

വായിക്കാൻ പ്രയാസമായിരുന്ന പാറേട്ടിന്റെ കൈയക്ഷരം വായിക്കാനും പ്രൂഫ് തിരുത്താനും അറിയാമായിരുന്നത് പി. സി. കോരുതിനും സഭയുടെ ഡപ്യൂട്ടി സെക്രട്ടറി പുതുപ്പള്ളി പന്തലമുറിയിൽ പി. എൻ. നൈനാനുമായിരുന്നു. എന്റെ സീനിയർ സുഹൃത്തും പ്രമുഖ സ്ലീബാ ദാസനുമായിരുന്ന പി. പി. വർക്കി എഴുതിയതും ഞാൻ എഡിറ്റു ചെയ്തു പ്രസിദ്ധപ്പെടുത്തിയതുമായ 'പത്രോസ് മാർ ഒസ്താത്തിയോസ്' എന്ന ജീവചരിത്രവും അന്ന് പി. സി. പ്രസ്സിൽ അച്ചടിച്ചതിനാൽ ഇടയ്ക്കിടയ്ക്കു ഞാനും പി. സി. പ്രസ്സിൽ ചെല്ലുമായിരുന്നു. സായാഹ്നവേളകളിൽ പല പ്പോഴും അവിടെ വച്ച് സൺഡേസ്കൂൾ പാഠപുസ്തകങ്ങളുടെ പ്രൂഫ് തിരുത്തുന്ന ബ. ദാവീദച്ചനെ കാണുകയും സംസാരിക്കുകയും ചെയ്തു വന്നു.

വൈകാതെ പത്തനംതിട്ടയ്ക്കു സ്ഥലംമാറ്റം കിട്ടിയപ്പോൾ ദൂരം മൂലം ദാവീദച്ചന് പി. സി. പ്രസ്സിന്റെ സഹായം തുടർന്നു സ്വീകരിക്കാനായില്ല. പ്രസ്സ് സംബന്ധമായ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി ഒരു ചെറിയ പ്രസ്സ് പത്തനംതിട്ട ബേസിൽ ദയറായ്ക്കു സമീപമുള്ള കെട്ടിടത്തിൽ സ്ഥാപിക്കുകയും പുസ്തകങ്ങളുടെ അച്ചടിയും വിതരണവും അവിടെ പുനരാരംഭിക്കുകയുമാണുണ്ടായത്. ഞാൻ കോട്ടയത്തുനിന്ന് വാരാന്ത്യത്തിൽ വീട്ടിൽ ചെല്ലുമ്പോൾ എന്റെ അഭിവന്ദ്യ ഗുരുഭൂതനായ ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ കാണാനായി ചിലപ്പോൾ ബേസിൽ അരമനയിൽ പോകുകയും അവിടെ ദയറായിൽ താമസിച്ചുവന്ന സഭാകവി സി. പി. ചാണ്ടി, ഫാ. വി. സി. ജോർജ്ജ് ളാക്കൂർ, ഫാ. കെ. ഡേവിഡ്, ഫാ. ടി. എം. വറുഗീസ്, ഫാ. എ. റ്റി. ഗബ്രിയേൽ മുതലായവരെ കണ്ടു കുശലപ്രശ്നങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു.

വർഷങ്ങൾ അതിവേഗം പറന്നകന്നു. ബ. അച്ചൻ റിട്ടയർ ചെയ്തു എങ്കിലും മരണംവരെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ റിട്ടയർമെന്റില്ലാത്ത വായും തൂണും മല്പാനുമായി തുടർന്നു. എന്റെ കുഞ്ഞാടുകളെ മേയിക്കുക എന്ന ശ്ലീഹന്മാരുടെ തലവനായ പത്രോസിനു നൽകിയ കല്പന ഇതുപോലെ സസന്തോഷം അനുഷ്ഠിച്ച മറ്റൊരു വൈദികപ്രമുഖനും മലങ്കരസഭയിൽ ഉണ്ടായിട്ടില്ല. തന്നിമിത്തം ഫാ. കെ. ഡേവിഡിനു മലങ്കരസഭയിലുള്ള സ്ഥാനം അനുപമവും സ്തുത്യർഹവുമാണെന്നുള്ളതിനും രണ്ടു പക്ഷമില്ല. വേണ്ടത്ര ആളും അർത്ഥവും ആലകളും പ്രോത്സാഹനവും കൂടാതെ കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ പ്രിയപ്പെട്ട കുഞ്ഞാടുകളെ ചെന്നായ്ക്കളിൽ നിന്നു കാത്തുരക്ഷിച്ചു പ്രബുദ്ധമായ മലങ്കരസഭയെ ഏറെ സമ്പന്നവും ധന്യവുമാക്കിയ ബ. ദാവീദച്ചന്റെ

പാവന സ്മരണയ്ക്കു മുമ്പിൽ കൈ കൂപ്പുന്നത് വളരെയധികം ആത്മാർത്ഥതയോടും ആത്മാഭിമാനത്തോടുമാണെന്ന് അനുസ്മരിപ്പിക്കട്ടെ.

സൺഡേസ്കൂൾ രംഗത്തു കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ത്യാഗ നിർഭരവും പ്രഗല്ഭവും നിസ്വാർത്ഥവുമായ സേവനം അനുഷ്ഠിച്ച നാലാത്ര എൻ. ഐ. പോത്തൻ ശെമ്മാശൻ, ചന്ദനപ്പള്ളി മാവേലിൽ ഫാ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ എന്നിവരുടെ അതുല്യ സേവനങ്ങളെപ്പറ്റി നേരിട്ടറിയാവുന്ന മുൻതലമുറകളിൽപെട്ട മിക്ക സാക്ഷികളും അക്കര കടന്നുകഴിഞ്ഞു. ഇക്കരയിലുള്ള ചുരുക്കം ചിലരുടെ ഓർമ്മകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിസ്മൃതിയുടെ കടലിൽ ആണ്ടുപോയ ഈ കപ്പിത്താന്മാരെ മുങ്ങിത്തപ്പി പൊക്കിയെടുക്കുന്നതിനുള്ള ഒരു ശ്രമമാണ് അടുത്ത താളുകളിൽ നിഴലിക്കുന്നത്. തന്നിമിത്തം എല്ലാം നൂറു ശതമാനം കൃത്യമായിരിക്കണമെന്നില്ല. തെറ്റൊട്ടും കൂടാതെ സമർപ്പിക്കാനും പ്രയാസമായിരിക്കും.

ഒരു നൂറ്റാണ്ടുകാലത്തെ മാത്രം ക്രമീകൃതവും വ്യവസ്ഥാപിതവുമായ ചരിത്രമുള്ള മലങ്കരസഭയിലെ സൺഡേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി ഇടംവലം നോക്കാതെ വിലയേറിയ ജീവിതം സമർപ്പിച്ച ചന്ദനപ്പള്ളി മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായുടെ ജീവിതവും ആദ്ധ്യാത്മികരംഗത്തെ അനുപമ സേവനങ്ങളും വൈകിയാണെങ്കിലും കുറിച്ചുവയ്ക്കേണ്ടത് അദ്ദേഹത്തോടു ചെയ്യേണ്ടിയിരുന്ന ഒരു നീതിയും സഭാംഗങ്ങളുടെ വിട്ടുപോയ ഒരു വലിയ കടമയുടെ നിർവഹണവും ആണെന്നുള്ള ചിന്തയാണ് ആ രംഗത്തു കാലുകുത്താൻ എന്നെ പ്രധാനമായും പ്രേരിപ്പിച്ചത്. ഒരു ശതാബ്ദത്തിനിടയിൽ നമ്മുടെ സൺഡേസ്കൂളിനുണ്ടായ വളർച്ചയും വൻ പുരോഗതിയും പല ദൈവദാസന്മാരുടെ പരപ്രേരണ കൂടാതെയുള്ള നിസ്വാർത്ഥ സേവനപ്രവർത്തനങ്ങൾ കൊണ്ടണെന്നു സൺഡേസ്കൂൾ ചരിത്രത്തിലേക്കു ഒന്നു തിരിഞ്ഞുനോക്കിയാൽ പെട്ടെന്നു മനസ്സിലാകും. ആദ്യകാല നേതാക്കളുടെ അന്യാദൃശമായ ദർശനങ്ങളും, പ്രതിഫലവും പ്രശംസയും ഒന്നും പ്രതീക്ഷിക്കാതെ നടത്തിയ ആത്മാർത്ഥത നിറഞ്ഞു കവിഞ്ഞ ആത്മികപ്രവർത്തനങ്ങളും ഏതു സഭാസ്നേഹിയെയും രോമാഞ്ചമണിയിക്കാൻ പോരുന്നതാണ്.

ആദ്യകാല സൺഡേസ്കൂൾ പ്രവർത്തകനും ഇന്നത്തെ തലമുറയ്ക്കു ഏതാണ്ടു അജ്ഞാതനുമായ ഒളശ്ശ നാലാത്ര എൻ. ഐ. പോത്തൻ ശെമ്മാശൻ അദ്ദേഹത്തിന്റെ പിൻഗാമിയായിത്തീർന്ന കോട്ടയം എം. ഡി. ഹൈസ്കൂൾ അധ്യാപകനും വൈദികസെമിനാരി പ്രിൻസിപ്പലും ആദ്യകാല സൺഡേസ്കൂൾ ജനറൽ സെക്രട്ടറിയും ചന്ദനപ്പള്ളിയിലെ പ്രസിദ്ധമായ സെന്റ് ജോർജ്ജ് പള്ളിയുടെ വികാരിയും മരണം വരെ കർമ്മനിരതനുമായിരുന്ന ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ ഇരുപതാം

നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിൽ, പടർന്നു പന്തലിച്ചു കഴിഞ്ഞ സൺഡേസ്ക്കൂൾ ബോധിവൃക്ഷത്തണലിൽ കുഞ്ഞാടുകൾക്കു വിശാല സുന്ദരമായ ആലകൾ സൃഷ്ടിച്ചു പ്രസ്ഥാനത്തെ പരിപോഷിപ്പിച്ച റിട്ട. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വാകത്താനം ചിറത്തലാട്ട് സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പാ എന്നിവരെയാണ് ഇവിടെ സ്ഥാനനന്യായേന കുഞ്ഞാടുകളുടെ വലിയ ഇടയന്മാരായി ചിത്രീകരിച്ചിരിക്കുന്നത്. ഇവരേക്കാൾ കർമ്മധീരരും പ്രശസ്തരുമായ ചില ആധുനിക ഇടയശ്രേഷ്ഠന്മാരെ വിസ്മരിച്ചു കൊണ്ടോ അവഗണിച്ചുകൊണ്ടോ അല്ല ഇതിന്റെ ഇതിവൃത്തം ചെറിയ ഒരു വൃത്തപരിധിയിൽ ഒതുക്കി നിർത്തിയിരിക്കുന്നത്.

ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായുടെ ജീവചരിത്രരചന എന്ന ലക്ഷ്യത്തോടെ ആവശ്യമായ ആകരശേഖരണം ആരംഭിച്ചപ്പോൾ ജീവചരിത്രം പൂർണ്ണമാകണമെങ്കിൽ സൺഡേസ്കൂൾ രംഗത്തെ തന്റെ മുൻഗാമിയായ എൻ. ഐ. പോത്തൻ ശെമ്മാശനും പിൻഗാമിയായ സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പായും ചെയ്ത നിസ്തുല സേവനങ്ങളെ അനുസ്മരിക്കേണ്ടത് അനിവാര്യമാണെന്നു ബോധ്യപ്പെട്ടു. അങ്ങനെയാണു നേരത്തെ മനസ്സിലുണ്ടായിരുന്ന "കുഞ്ഞാടുകളുടെ വലിയ ഇടയൻ" എന്ന ശീർഷകം കൂടുതൽ അർത്ഥനിർഭരവും ആകർഷകവും അനുയോജ്യവുമായ "കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ" എന്നാക്കി വികസിപ്പിക്കേണ്ടി വന്നത്.

മൂന്നുപേരുടെയും കാലഘട്ടവും സാമൂഹ്യപശ്ചാത്തലങ്ങളും പ്രവർത്തനരീതികളും മറ്റും വിഭിന്നമായിരുന്നതിനാൽ കൂട്ടിക്കുഴയ്ക്കാതെ പ്രത്യേകം പ്രത്യേകം അവരെ അവതരിപ്പിക്കുക വഴി ഈ പുസ്തകത്തിനു മൂന്നു ഭാഗങ്ങളുണ്ടെന്നു പറയാം. ഇവരിൽ ആദ്യത്തെ വ്യക്തിയായ എൻ. ഐ. പോത്തൻ ശെമ്മാശൻ 1929 ഒക്ടോബർ 30-നു 45-ാം വയസ്സിൽ മലേറിയ മൂലം മരണമടഞ്ഞതിനാൽ ഇന്നു 90 വയസ്സിനു താഴെയുള്ള ആരും തന്നെ എം.ഡി. ഹൈസ്കൂൾ അധ്യാപകൻ കൂടി ആയിരുന്ന അദ്ദേഹത്തെ കാണുകയോ നേരിട്ട് അറിയുകയോ ചെയ്യാനിടയില്ല. തന്നിമിത്തം ഇന്നത്തെ തലമുറയ്ക്കുവേണ്ടി പോത്തച്ചന്റെ ഹ്രസ്വമെങ്കിലും അതിധന്യമായ ക്രിസ്തീയ ജീവിതം ആദ്ധ്യാത്മിക രംഗങ്ങളിലെ സേവനങ്ങൾ എന്നിവയെപ്പറ്റി ചില വസ്തുതകൾ നിരത്തേണ്ടതുണ്ടെന്നു ഞാൻ കരുതുന്നു. അതിനാൽ അദ്ദേഹത്തിന്റെ കുലീനവും പ്രശസ്തവുമായ കുടുംബപശ്ചാത്തലവും ബന്ധുബലവും ഇവിടെ വലിയൊരളവിൽ പ്രസക്തമാണ്. നാലര ദശാബ്ദം മാത്രം നീണ്ടുനിന്ന പോത്തച്ചന്റെ ജീവിതത്തിലെ സൽസംരംഭങ്ങളിലേക്ക് ഒന്നു പെട്ടെന്ന് നടന്നു നോക്കാം. ശെമ്മാശനായി 9 മാസം മാത്രം ജീവിച്ചു നിത്യതയിലേക്കു

നീങ്ങിയ അദ്ദേഹം 'പോത്തച്ചൻ' എന്ന ഓമനപ്പേരിലാണ് അന്നും പട്ട മേറ്റ ശേഷവും സഭാംഗങ്ങളുടെ സ്മരണയിൽ ജീവിക്കുന്നത്.

ആറു ദശാബ്ദങ്ങൾക്കു മുമ്പ് കോട്ടയത്തു വിദ്യാഭ്യാസാർത്ഥം വരി കയും പിന്നീട് ജോലി സംബന്ധിച്ച് സ്ഥിരമായി ഇവിടെ താമസിക്കാൻ സൗകര്യം ലഭിക്കുകയും ചെയ്ത എനിക്കു സഭാകാര്യങ്ങളിലുള്ള താല്പര്യം മൂലം ബ. സി. വി. ജോർജ്ജച്ചനെ നേരത്തെ അറിയുന്ന തിനും അദ്ദേഹത്തിന്റെ മികച്ച നിലപാടുകൾ, ആത്മാർത്ഥത നിറഞ്ഞ സണ്ടേസ്കൂൾ പ്രസ്ഥാന പ്രവർത്തനം മുതലായവ മനസിലാക്കുന്ന തിനും സാധിച്ചിട്ടുണ്ട്. സഭാ സംബന്ധമായി മലയാള മനോരമയിൽ നട ത്തിയിട്ടുള്ള ചില അനുരഞ്ജന സമ്മേളനങ്ങളിലും ബ. അച്ചൻ സജീ വമായി ചർച്ചകൾ നയിക്കുകയും എല്ലാവർക്കും സ്വീകാര്യമായ നിർദ്ദേ ശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഞാൻ കോട്ടയത്തേക്കു പോകാൻ മാങ്ങാനം മന്ദിരം ജംഗ്ഷനിൽ ബസ് കാത്തു നിൽക്കുന്ന ചില അവസരങ്ങളിൽ വാകത്താനത്തു നിന്നു കാറിൽ വരുന്ന ബ. അച്ചൻ എന്നെ കണ്ടാൽ കാർ നിർത്തി കയറ്റുകയും കോട്ടയം വരെ സഭാകാര്യങ്ങളും സണ്ടേസ്കൂൾ പ്രവർത്തനങ്ങളും സംസാരിക്കുകയും ചെയ്യുമായിരുന്നു. രണ്ടു മൂന്നു പ്രാവശ്യം വായിക്കാ നായി ചരിത്ര പ്രധാനമായ എന്റെ ചില പുസ്തകങ്ങൾ കൊണ്ടുപോകു കയും ചെയ്തിട്ടുണ്ട്.

കൂടാതെ ബ. അച്ചന്റെ പുത്രന്മാരിൽ ഒരാളായ ഡോ. രാജു ഏതാനും വർഷം മന്ദിരം ആശുപത്രിയിൽ സേവനം ചെയ്ത കാലത്ത് അദ്ദേഹവു മായി അടുത്തിടപെടാനും സാധിച്ചിട്ടുണ്ട്. ബ. സി. വി. ജോർജ്ജ് അച്ചന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടു ത്താൻ ഞാൻ ചില ശ്രമങ്ങൾ നടത്തുകയും ഫാ. സി. ജോൺ ചിറത്ത ലാട്ടിന്റെ വീട്ടിൽ വച്ച് ഒരിക്കൽ ചർച്ചകൾ നടത്തുകയും ചെയ്തു എങ്കിലും അക്കാര്യം അന്നു തീരുമാനത്തിലെത്താതെ നീട്ടിവയ്ക്കുക യായിരുന്നു. എന്തായാലും രണ്ടു ദശാബ്ദം മുമ്പ് അന്തരിച്ച അച്ചന്റെ ഒരു ലഘു ജീവചരിത്രം ഇപ്പോഴെങ്കിലും ഇറക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ബ. ജോർജ് അച്ചന്റെ നാട്ടുകാർക്കും വീട്ടുകാർക്കും പരശതം ശിഷ്യർക്കും സണ്ടേസ്കൂൾ പ്രസ്ഥാനത്തിനും പ്രവർത്ത കർക്കും ഈ കൃതി അച്ചനെപ്പറ്റിയുള്ള മധുരസ്മരണകൾ അയവിറക്കു ന്നതിനും അദ്ദേഹത്തിന്റെ അന്യൂനമായ പ്രവർത്തനങ്ങൾ അനുസ്മരി ക്കുന്നതിനും വിശിഷ്യ ജന്മദേശത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും മറ്റും ചെയ്ത സേവനങ്ങൾ നന്ദിപൂർവ്വം ഓർക്കുന്നതിനും ഇടയാക്കുമെന്നുള്ള ശുഭ പ്രതീക്ഷയാണ് എനിക്കുള്ളത്.

ബ. ദാവീദച്ചനെപ്പറ്റി പ്രസക്തവും പ്രയോജനകരവുമായ വിവരങ്ങൾ എഴുതി അറിയിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ മലയാള മനോരമ യിൽ കഴിഞ്ഞ മാർച്ച് ഒടുവിൽ ഒരു പരസ്യം കൊടുത്തിരുന്നു എങ്കിലും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും എൺപതു കഴിഞ്ഞവരും എൺപ തിലേക്കു കടക്കാൻ വെമ്പുന്നവരുമായ ശിഷ്യന്മാരിൽ ഭൂരിപക്ഷവും അന്തരിച്ചതിനാൽ പ്രതികരണം ഉണ്ടായില്ല. എം. ഡി. ഹൈസ്ക്കൂളിൽ അദ്ദേഹത്തോടൊപ്പം അധ്യാപകവൃത്തിയിൽ ഉണ്ടായിരുന്നവരിൽ ഒരാൾ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. 87 വയസ്സായ വാകത്താനം ചിറ പ്പുത്ത് സി. എ. എബ്രഹാം സാർ മാത്രം. അദ്ദേഹത്തിന്റെ ഒരു ചെറിയ സ്മരണ ചേർക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്.

ദാവീദച്ചന്റെ വൈകി വന്ന ശിഷ്യന്മാരായ കുമരകം വാലയിൽ വി. പി. തമ്പി (കോയമ്പത്തൂർ), മാണി പി. ചെറിയാൻ (പാലത്ര, വേളൂർ), റിട്ട. പ്രൊഫസർ ഡോ. ജോർജ് കുര്യൻ (വട്ടക്കുന്നേൽ, കോട്ടയം) എന്നി വർ അയച്ചുതന്ന സ്മരണകൾ ഫാ. കെ. ഡേവിഡിന്റെ പഴയകാല ക്ലാസു കളുടെ സവിശേഷതകൾ വ്യക്തമാക്കുന്നുണ്ട്.

കൂടാതെ ഫാ. കെ. ഡേവിഡിനെപ്പറ്റി എം. ഡി. ഹൈസ്ക്കൂൾ മുൻ ഹെഡ്മാസ്റ്റർ കെ. ജോൺ മാത്യു തുമ്പമൺ, തുമ്പമൺ വൈ.എം.സി. എ. പ്രസിഡന്റ് വി. ടി. ഡേവിഡ്, കെ. ജി. അലക്സാണ്ടർ ചന്ദനപ്പള്ളി (ഹൈദരബാദ്), ഇപ്പോഴത്തെ സൺഡേസ്ക്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. ഒ. തോമസ്, കൈപ്പട്ടൂർ ഹൈസ്ക്കൂൾ അധ്യാപകനായ പ്രീത് ജി. ജോർജ് ചന്ദനപ്പള്ളി മുതലായവർ എഴുതിയ ലേഖനങ്ങൾ അച്ചന്റെ ബഹുമുഖപ്രതിഭയുടെ പ്രത്യേകതകൾ പ്രതിഫലിപ്പിക്കുന്നവയാണ്.

ദാവീദച്ചന്റെ കുടുംബം, ബാല്യകാല വിദ്യാഭ്യാസം മുതലായവയെ പ്പറ്റി ആധികാരിക വിവരങ്ങൾ നൽകിയ ഫാ. കെ. വി. സാമുവൽ കുറ്റി യിൽ ചന്ദനപ്പള്ളി, ഹൈസ്ക്കൂൾ അധ്യാപകനാ യിരിക്കെ വിവിധ സേവന സരണികളിൽ പ്രവർത്തിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ആയിര ത്തിതൊള്ളായിരത്തി മുപ്പതുകളിൽ പ. ഗീവറു ഗീസ് രണ്ടാമൻ ബാവാ തിരുമേനി അച്ചന് അയ ച്ചുകൊടുത്തതും പുസ്തകത്തിന്റെ ആധികാരി കതയ്ക്കു തിളക്കം ഏകുന്നതുമായ കല്പന കളും മറ്റും എൺപതു വർഷം കഴിഞ്ഞിട്ടും നഷ്ടപ്പെടാതെ കണ്ടെടുത്ത് എനിക്കു നേരിട്ടു നൽകിയ അച്ചന്റെ സഹോദരപുത്രനായ എം. കെ. കോശിയുടെ മകനും അഭിഭാഷകനുമായ



ഫാ. കെ. വി. സാമുവൽ കുറ്റിയിൽ ചന്ദനപ്പള്ളി

ബാബുജി കോശിയോടും മറ്റും എനിക്കു സീമാതീതമായ നന്ദിയുണ്ട്.

ഇതിനു പുറമെ മലങ്കരസഭയിലെ ഏറ്റവും പുരാതനമായ പഴഞ്ഞി സെന്റ് മേരീസ് സൺഡേസ്ക്കൂളിനെപ്പറ്റി ആധികാരികവും വിശദവും അതേസമയം സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷത്തിനും അജ്ഞാതവും ആയ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സുദീർഘ ചരിത്രലേഖനം തയ്യാറാക്കി അയച്ചുതന്ന നമ്മുടെ സഭയിലെ ഏറ്റവും പ്രമുഖ ചരിത്രഗവേഷകനും പണ്ഡിതനും പ്രഭാഷണതിലകനും ആയ റിട്ട. പ്രൊഫസർ ഫാ. ഡോ. ജോസഫ് ചീരനോടുള്ള (പഴഞ്ഞി) കൃതജ്ഞത വാക്കുകൾക്കൊണ്ടറിയിക്കാനാവുന്നില്ല.

മുൻ സൺഡേസ്ക്കൂൾ ഡയറക്ടർ ജനറലായ സി. വി. ജോർജ് കോർ എപ്പിസ്ക്കോപ്പായുടെ ജീവചരിത്രം തയ്യാറാക്കാൻ എന്നെ വളരെയധികം നിർബന്ധിച്ചതും പ്രേരിപ്പിച്ചതും ഒട്ടധികം ആധികാരിക വിവരങ്ങൾ നൽകിയതും എം. ഡി. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശേഷം സൺഡേസ്ക്കൂൾ കേന്ദ്ര ഓഫീസിന്റെ ചുമതല പ്രായം മൂലം ക്ഷീണിതനാകുന്നതുവരെ രണ്ടു ദശകത്തിലധികം വളരെ കാര്യക്ഷമമായി വഹിച്ച് അടുത്ത കാലത്തു വാങ്ങിപ്പോയ സി. യു. മാത്യു സാറാണ്. ഞാൻ മനോരമ സ്റ്റാഫിൽ ചേർന്ന 1953 മുതൽ ഞങ്ങൾ സുഹൃത്തുക്കളാണ്. ഇതിനിടയിൽ വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഏതാനും യുവാക്കന്മാർക്കു വേണ്ടി 45 വർഷം മുമ്പ് അദ്ദേഹത്തിന്റെ മുറിയിൽ ക്രമീകരിച്ച ആറു മാസത്തെ ഹ്രസ്വകാല ദൈവശാസ്ത്ര ക്ലാസ്സിൽ സംബന്ധിച്ചവരിൽ സി. യു. മാത്യുവും ഞാനും ഉൾപ്പെടുന്നു. തന്നിമിത്തം എന്റെ ഒരു സഹപാഠിയെന്നു ഞാൻ അഭിമാനപൂർവ്വം അവകാശപ്പെടുന്ന മാത്യു സാറിനോടുള്ള ആത്മാർത്ഥമായ കൃതജ്ഞത മരണാനന്തരമാണെങ്കിലും അറിയിക്കുന്നതിൽ അളവറ്റ സന്തോഷമുണ്ട്.

സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായുടെ സ്വഭാവ വിശേഷതകളും പ്രത്യേകതകളും ശരിക്കും പ്രതിഫലിപ്പിക്കുന്ന വൈദികസെമിനാരി മുൻ പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിന്റെ ലേഖനം അതി ശ്രദ്ധേയമാണ്.

പത്രത്തിന്റെ ആരംഭം മുതൽ മലങ്കരസഭയുടെയും സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെയും വാർത്തകൾക്കു പ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഏറ്റവും പ്രമുഖവും പ്രശസ്തവുമായ 'മലയാള മനോരമ'യുടെ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു, വലിയ സഭാസ്നേഹിയും മുൻ എം.പി. യുമായ തോമസ് കുതിരവട്ടം, കല്ലിശ്ശേരി, തുമ്പമൺ വൈ.എം.സി.എ. സെക്രട്ടറിയും അവിടത്തെ എം. ഡി. സണ്ടേസ്കൂളിന്റെ മുൻ ഹെഡ്മാസ്റ്ററുമായ മുട്ടം വാഴവിള

യിൽ വി. ടി. ഡേവിഡ് എന്നിവർ ഈ പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ചു നൽകിയ സൽപ്രേരണകളെയും പ്രോത്സാഹനങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്.

സർവ്വോപരി "കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ" എന്ന ഈ പുസ്തകത്തിന് അതിശ്രേഷ്ഠമായ ഒരു അവതാരിക എഴുതാൻ കുഞ്ഞാടുകളുടെയും ആടുകളുടെയും പെണ്ണാടുകളുടെയും എല്ലാം വലിയ ഇടയനായ ഫാ. ഡോ. ടി. ജെ. ജോഷായെപ്പോലെ എല്ലാവിധത്തിലും യോഗ്യതകളുള്ള മറ്റൊരാളെ നമ്മുടെ സഭയിൽ കണ്ടെത്താനാവില്ലെന്നുള്ള വസ്തുത പകൽപോലെ വ്യക്തമാകയാൽ പ്രത്യേകം അറിയിക്കേണ്ടതില്ലെങ്കിലും ഗ്രന്ഥകർത്താവിനു അക്കാര്യം പറയാതെ വയ്യ. ഇന്നത്തെ സഭാധ്യക്ഷനായ പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ ഉൾപ്പെടെ ഇരുപതിൽപരം മേല്പട്ടക്കാരുടെയും പരശതം വൈദികരുടെയും അഭിവന്ദ്യ ഗുരുവായ ഫാ. ഡോ. ടി. ജെ. ജോഷായ്ക്കു, ഫാ. കെ. ഡേവിഡ്, ഫാ. സി. വി. ജോർജ് എന്നീ രണ്ടു കോർഎപ്പിസ്ക്കോപ്പാമാരെയും സൺഡേസ്ക്കൂൾ രംഗത്തെ അവരുടെ പ്രശസ്ത സേവനങ്ങളെയും പറ്റി നേരിട്ടറിയാം. അവരുടെ പ്രഗല്ഭനായ പിൻഗാമി എന്ന നിലയിൽ 14 വർഷം സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന് അതുല്യമായ സേവനം സമർപ്പിക്കുകയും വിവിധ തലങ്ങളിലെ പുതിയ സൽസംരംഭങ്ങളിലൂടെ പ്രസ്ഥാനത്തെ ഇന്നത്തെ നിലയിൽ കൂടുതൽ ശക്തമായ അടിസ്ഥാനത്തിൽ വളർത്തിയെടുക്കുകയും ചെയ്ത ഫാ. ഡോ. ടി. ജെ. ജോഷായോടുള്ള സ്നേഹവും സന്തോഷവും കൃതജ്ഞതയും ആലേഖനം ചെയ്യുന്നതിൽ അനല്പമായ ആനന്ദമുണ്ട്.

ഈ പുസ്തകത്തിന്റെ ഡി.റ്റി.പി. യും പ്രിന്റിംഗും ഭംഗിയായി നിർവ്വഹിച്ച കോട്ടയം സോഫിയാ പ്രിന്റ് ഹൗസ് ഉടമയും എന്റെ യുവ സ്നേഹിതനുമായ ജോയ്സ് തോട്ടയ്ക്കാടിനോടുള്ള നന്ദിയും സസന്തോഷം രേഖപ്പെടുത്തുന്നു.

വിശിഷ്യ ഈ പുസ്തകം ഇന്നേദിവസം കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായുടെ ജന്മനാട്ടിൽ വച്ച് പ്രകാശനം ചെയ്യാമെന്നു നേരത്തെ സമ്മതിച്ച പ. ബാവാ തിരുമേനിയോടുള്ള സ്നേഹാദരങ്ങളും അറിയിച്ചുകൊള്ളുന്നു.

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ

മാങ്ങാനം, കോട്ടയം-18
8-5-2012

"ഇതാ ഞാനും ദൈവം എനിക്കു തന്ന മക്കളും" (എബ്രാ. 2:13)

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ക്രൈസ്തവ കുടംബജീവിതത്തിൽ ഏറെ ശ്രദ്ധയോടെയും വിശ്വസ്തതയോടും കൂടെ നിർവഹിക്കേണ്ട ദൗത്യമാണ് മാതാപിതാക്കളുടേത്. പൂർവ്വിക പിതാക്കന്മാരിൽനിന്ന് പഠിച്ച നന്മകളും, അവരിലൂടെ ഏൽപ്പിക്കപ്പെട്ട ദൈവികമായതിനെ തലമുറകൾക്കു നൽകുന്ന ശ്രേഷ്ഠമായ ശുശ്രൂഷയും ഇതിൽ അന്തർലീനമായിരിക്കുന്നു. നന്മയിൽ നടക്കുകയും, വിശുദ്ധിയോട് ചേർന്നു നില്ക്കുകയും, അവിഹിതമായ അശുദ്ധികൾ കുടഞ്ഞ് കളയുകയും ചെയ്യുന്ന നിർമ്മലരായ മാതാപിതാക്കന്മാർക്ക് മാത്രമേ തലമുറകളെ ദൈവത്തിനായി ഒരുക്കുവാൻ കഴിയൂ. അവരിലൂടെ മാത്രമേ സഭയ്ക്കും, സമൂഹത്തിനും നന്മകൾ ലഭിക്കൂ. കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിൽ ബന്ധങ്ങളിലെ പവിത്രത കാത്തുസൂക്ഷിക്കേണ്ടത് അനിവാര്യമാണ്. മാതാപിതാക്കന്മാരുടെ കർത്തവ്യം എത്ര ഉന്നതമാണ് എന്ന് ഓർമ്മിപ്പിക്കുവാനാണ്, നമ്മുടെ വാർദ്ധക്യത്തിൽ ഈ കുറിപ്പ് എഴുതുന്നത്.

ദൈവസന്നിധിയിൽ ഇന്നല്ലെങ്കിൽ നാളെ നാം നിൽക്കുമ്പോൾ മറുപടിയായി പറയേണ്ട ഒരു വാചകമാണ് തലക്കെട്ടായി നൽകിയിരിക്കുന്നത്. 'ഇതാ ഞാനും, നീ എനിക്കു തന്ന മക്കളും.' മക്കളെ ഏൽപ്പിച്ചത് ദൈവമാണെന്നും, ഉടമസ്ഥന്റെ ഇഷ്ടപ്രകാരം അവരുടെ മേൽനോട്ടം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു എന്നതും സ്പഷ്ടമാക്കുന്ന വാക്യമാണിത്. 'ഇതാ ഞാനും, എന്റെ സ്വത്തും' എന്നു പറയുവാൻ സാധ്യമല്ല. സ്വന്തമാക്കിയത് എല്ലാം പാഴ്വസ്തുക്കളാണെന്നും, യഥാർത്ഥ സ്വത്തുക്കൾ ഏതെന്നു തിരിച്ചറിയുവാൻ സാധിക്കാതെ പോയി എന്നും തിരിച്ചറിയുന്ന നാഴികയിൽ, ദൈവസന്നിധിയിലേക്ക് അനുയാത്ര ചെയ്യുവാൻ സ്വത്തിനും, പ്രൗഢിക്കും, കൊട്ടാരത്തിനും സാധിക്കുകയില്ല. മക്കളെ നന്മയുടെ വഴിയിൽ വളർത്താൻ കഴിയാതെ പോകുന്നവൻ മൂഢനാണ്.

കുടുംബം സ്നേഹത്തിന്റെ പങ്കിടലാണ്. ഭാര്യയെയും ഭർത്താവിനെയും കുറിച്ച് 'അവർ ഇരുവരും' എന്ന് വേദപുസ്തകം സാക്ഷിക്കുന്നു. ഒരു കുഞ്ഞു കൂടി പിറക്കുമ്പോഴാണ് 'ഇരുവരും' എന്നതിനു പകരം 'കുടുംബം' എന്നു വിളിക്കുന്നത്. പരസ്പരം പങ്കിടുകയും, മൂന്നാമതൊരു ബിന്ദുവിലേക്ക് ഇരുവരും സ്നേഹം പകരുകയും ചെയ്യുന്ന അനുഭവമാണ് കുടുംബം. സന്യാസ കുടുംബങ്ങളിൽ ആത്മിക മക്കളാണ് അംഗങ്ങൾ.

ബാങ്കിലെ പണത്തിന്റെ പെരുപ്പം കണ്ട് ആനന്ദിക്കുന്ന അനേകർ ഇന്ന് ഉണ്ട്. മക്കളെ നേർവഴിയിൽ നടത്തുവാൻ പല മാതാപിതാക്കൾക്കും സമയം കിട്ടുന്നില്ല. മക്കൾ 'അവനവനു ബോധിച്ച വഴിയിൽ' നടക്കുന്നു, തിരുത്തുവാൻ ആളില്ലാതെ, തിരുത്തലുകൾ അംഗീകരിക്കാതെ, കാരം നഷ്ടപ്പെട്ട ഉപ്പുപോലെ നിലത്തിനും വളത്തിനും കൊള്ളാതെ 'ചവിട്ടപ്പെടുവാൻ' തക്കവണ്ണം ഊർന്നുപോയ കുഞ്ഞുങ്ങൾ അനേകരുണ്ട്. അമ്മമാരാണ് ഇങ്ങനെയുള്ള നഷ്ടങ്ങളുടെ യഥാർത്ഥ കുറ്റക്കാർ. മക്കളെ സ്നേഹിക്കുവാനും, സ്വയം മാതൃകയായി ജീവിക്കുവാനും അമ്മയ്ക്ക് കഴിയുമ്പോൾ മക്കൾ നഷ്ടപ്പെടുമെന്ന ഭീതി വേണ്ട. മദ്യപനും യാതൊരു ധാർമ്മികതയും ഇല്ലാതെ, സദാ അസഭ്യം പുലമ്പുന്നവനുമായ അപ്പനെ യാന്ത്രികമായി മക്കൾ അനുസരിച്ചേക്കാം. കുറെക്കഴിയുമ്പോൾ അണക്കെട്ടിന് വിള്ളൽ വീണാൽ സംഭവിക്കുന്ന ദുരന്തം അവിടെ സംഭവിക്കും. മക്കൾ നന്നാവണമെങ്കിൽ അപ്പൻ സ്വഭാവശുദ്ധിയുള്ള ആത്മികനായിരിക്കണം. അപ്പനു ബോധിച്ച വഴിയിൽ അപ്പൻ നടന്നാൽ മക്കൾ പിശാചിനെ കൂട്ടുപിടിക്കും എന്നതിന് തർക്കമില്ല. മദ്യപിക്കുന്ന അപ്പന്മാരുണ്ടെങ്കിൽ അത് ഉപേക്ഷിക്കണം എന്ന് സ്നേഹത്തോടെ നാം ഓർമ്മിപ്പിക്കുന്നു. മക്കൾ നന്മയിൽ വളരണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു ഉപദേശവും കൊടുക്കണ്ട. മക്കൾ വളരണം എന്ന് ആഗ്രഹിക്കുന്ന വഴികൾ സ്വയം പ്രാവർത്തികമാക്കിയാൽ മതി. മാതാപിതാക്കളെയാണ് മക്കൾ അനുകരിക്കുന്നത്.

കുടുംബത്തിന്റെ ബലം

ഇന്നു പല കുഞ്ഞുങ്ങൾക്കും വേദപുസ്തക പരിജ്ഞാനം ഇല്ല. പ്രാർത്ഥനകൾ പോലും അറിയാത്ത കുഞ്ഞുങ്ങൾ ഉണ്ട്. ഞായറാഴ്ച രാവിലെ കുഞ്ഞുങ്ങളെ ട്യൂഷന് വിടുന്ന മാതാപിതാക്കൾ ഭാവിയിൽ ദുഃഖിക്കും എന്നതിൽ സംശയമില്ല. അറിവ് ധാരാളം ലഭിക്കും. പുസ്തകവും, ഇന്റർനെറ്റും അറിവിന്റെ ഉറവിടമാണ്. എന്നാൽ ജ്ഞാനം ദൈവികമാണ്. അറിവുണ്ടായിട്ടും മനുഷ്യന് അടിതെറ്റുന്നത് ഈ ദൈവിക ജ്ഞാനത്തിന്റെ അഭാവം മൂലമാണ്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ നടത്തുവാൻ ദൈവത്താൽ നിയമിക്കപ്പെട്ടവരാണ് മാതാപിതാക്കന്മാർ. കുടുംബ പ്രാർത്ഥന മുടക്കരുത് എന്ന് സ്നേഹത്തോടെ നാം ഓർമ്മിപ്പിക്കുന്നു. കുടുംബ പ്രാർത്ഥനയാണ് കുടുംബത്തിലെ ആത്മിക സ്രോതസ്. പരസ്പരം കലഹിക്കുന്ന മാതാപിതാക്കൾ ദുർമാതൃകയാണ് കാണിക്കുന്നത്.

നയമാന്റെ വീട്ടിൽ നിന്നിരുന്ന യിസ്രയേൽ പെൺകുട്ടിയാണ് യജമാനന്റെ സൗഖ്യത്തിന് വഴിതെളിച്ചത്. നമ്മുടെ കുഞ്ഞുങ്ങൾ മിഷനറിമാരായി പ്രകാശം പരത്തുന്നവരാകണമെങ്കിൽ അവരുടെ ഇളംപ്രായത്തിൽ തന്നെ ദൈവികമായതിനെ നൽകുവാൻ മാതാപിതാക്കൾ പരിശ്രമി

ക്കണം. 'പൈതങ്ങളെ എന്റെ അടുക്കൽ വിടുവിൻ' എന്നതും 'പൈതങ്ങളെ തടയരുത്' എന്നതും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കർത്തൃവചനമാണ്. ലോകത്തിലെ മഹാന്മാർ എല്ലാവരുടെയും ജീവിതത്തിൽ അവരുടെ മാതാപിതാക്കന്മാരുടെ സ്വാധീനം ശക്തമാണ്.

ആകയാൽ വാൽസല്യ മക്കളെ, നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മക്കൾ ദൈവികദാനമാണ്. ഉടയവന്റെ ഹിതപ്രകാരം ദൈവികമായി വളർത്തി ലോകത്തിനും സഭയ്ക്കും കൊള്ളാവുന്നവരായി അവരെ സമർപ്പിക്കുന്നവരാണ് ഉത്തമരായ മാതാപിതാക്കൾ. നല്ല മാതൃകകളെ വച്ചേച്ചു പോകുന്ന മാതാപിതാക്കൾ ഭാഗ്യവാന്മാർ. മക്കൾക്കായി സൽപ്രവൃത്തികളാകുന്ന സമ്പാദ്യം കരുതിവയ്ക്കുന്നവരുടെ ജീവിതം ദൈവസന്നിധിയിൽ ആദരിക്കപ്പെടും. 'ഇതാ ഞാനും, ദൈവം എനിക്കുതന്ന മക്കളും' എന്നു പറയുവാൻ തക്കവണ്ണം സ്വയം വിശുദ്ധീകരിക്കപ്പെടുവാനും, തലമുറകളെ ദൈവത്തിനായി ഒരുക്കുവാനും നമുക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

(31-10-2011)



ഡീക്കൻ എൻ. ഐ. ഫീലിപ്പോസ്

ഡീക്കൻ എൻ. ഐ. ഫീലിപ്പോസ് നാലാത്ര

എൺപത് വർഷം മുമ്പ് മലങ്കര ഓർത്തഡോക്സ് സഭയിൽ പരക്കെ അറിയപ്പെട്ടിരുന്ന ഒരു വ്യക്തിയാണ് ഒളശ്ശ നാലാത്ര പീലിപ്പോസ് (പോത്തൻ) ശെമ്മാശൻ. ബാല്യദശയിലായിരുന്ന പല ആത്മീയപ്രസ്ഥാനങ്ങൾക്കും അടിസ്ഥാനം ഇടുവാൻ പ്രയത്നിച്ച വ്യക്തി എന്ന നിലയിൽ അദ്ദേഹം മലങ്കരസഭാചരിത്രത്തിൽ അവിസ്മരണീയനാകുന്നു. ഉന്നതകുലപൈതൃകം, സഭാനേതൃപാരമ്പര്യം, ഉന്നത വിദ്യാഭ്യാസം, സംഘാടകപാടവം, ആകാരസൗഷ്ഠവം, ശബ്ദഗാംഭീര്യം, പ്രസംഗചാതുരി, സ്വഭാവശുദ്ധി തുടങ്ങിയ സവിശേഷതകൾ ഏകത്ര സമ്മേളിച്ചപ്പോൾ നാലാത്ര പോത്തച്ചൻ ശ്രദ്ധേയനായി. അദ്ദേഹം ജീവിച്ചത് മാർത്തോമാസഭ മാതൃസഭയിൽ നിന്ന് വേർപിരിഞ്ഞ് വളരുന്ന കാലാവസ്ഥയിലാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ സഭയിലുണ്ടായ നവോന്മേഷവും ഐക്യവും ജനാധിപത്യശൈലികളും അദ്ദേഹത്തെ വൈദികവൃത്തിയോട് ആഭിമുഖ്യമുള്ളവനാക്കി. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ അന്ത്യോക്യൻ പാത്രിയർക്കീസ് മാർ അബ്ദുള്ളാ മലങ്കര മെത്രാപ്പോലീത്തായെ അകാരണമായും അനൗദ്യോഗികമായും മുടക്കിയതിനെ തുടർന്ന് സഭയിലുണ്ടായിത്തീർന്ന കലുഷാന്തരീക്ഷം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ദീർഘവീക്ഷണചതുരനായ ആ പ്രതിഭാശാലിയുടെ ജീവിതം സംഭവബഹുലവും പഠനീയവുമാണ്.

ജന്മദേശം

കോട്ടയത്തു നിന്നു പത്തു കിലോമീറ്റർ വടക്കു കിഴക്കായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപ്രദേശം. ചുറ്റും നെല്ലും തെങ്ങും തഴച്ചുവളരുന്ന പുഞ്ചപ്പാടങ്ങൾ. വെള്ളവും വെള്ളക്കെട്ടും വള്ളവും പള്ളത്തിയും സുലഭമായ ഇടത്തോടുകൾ. അവയുടെ കരയായ ചിറയിൽ കുലഭാര നമ്രശിരസ്കരായ കേരതരുനിരകൾ. സുഖശീതളമായ കടൽകാറ്റ് രാപകലെന്യേ തലോടുന്ന പാടങ്ങൾ. എല്ലാ വിധത്തിലും തനി കുട്ടനാടൻ പ്രദേശത്തിന്റെ പ്രതിഛായയുള്ള പ്രദേശമാണ് ഒളശ്ശ-പരിപ്പ് എന്ന മനോഹരമായ സ്ഥലം. അവിടത്തെ നാലാത്ര കിഴക്കേ പതിനെട്ടു വിരുത്തിയിൽ കൊച്ചിട്ടിയുടേയും മേപ്രാൽ കണിയാത്ര ഇടിച്ചാണ്ടിയുടെ പുത്രി ഏലിയാമ്മയുടേയും അഞ്ചാമത്തെ സന്താനമായിട്ടാണു നമ്മുടെ കഥാപാത്രമായ എൻ. ഐ. പോത്തൻ 1884 ജൂൺ 28-നു ഭൂജാതനായത്. പോത്തച്ചന്റെ പിതാമഹന്റെ പിതാവായ കൊച്ചിട്ടി (ജനനം 1803) ഒളശ്ശ തട്ടാരത്തു കുടുംബാംഗമാണ്.

മീനച്ചിലാറിന്റെ ഒരു കൈവഴിയുടെ കരയിൽ 17-ാം നൂറ്റാണ്ടു മുതൽ തട്ടാരത്തു കുടുംബം പാർത്തു വന്നിരുന്നു. ഒളശ്ശയിൽ വന്നു താമസിച്ച തട്ടാരത്തു കുടുംബത്തിലെ അഞ്ചാം തലമുറയിൽപെട്ട പോത്തന്റെ പുത്ര നാണു കൊച്ചിട്ടി. ഈ കൊച്ചിട്ടി പോത്തൻ കോട്ടയം വലിയങ്ങാടി പുത്തൻപുരയ്ക്കൽ മറിയാമ്മയെ വിവാഹം ചെയ്തു ആറിന്റെ മറുകര യിൽ താമസിച്ചു. അവിടെ തട്ടാരത്തെ പഴയ തറവാടിനു സമീപം വട ക്കുള്ള നാലാത്ര പറമ്പിൽ അദ്ദേഹം ഒരു പുതിയ വീടു വച്ചു. അങ്ങനെ ആ വീട്ടിൽ വന്നു താമസിച്ച കൊച്ചിട്ടി പോത്തനാണു നാലാത്ര കുടും ബസ്ഥാപകൻ.

ഇദ്ദേഹം സർക്കാർ മുതൽപിടിക്കാരനായതിനാൽ വളരെയധികം പണവും ഭൂസ്വത്തും സ്വാധീനവുമുള്ള ഒരു വ്യക്തിയായി ഉയർന്നു. അക്കാലത്തു നാലാത്രക്കാർ എല്ലാ വിധത്തിലും ഒരു പ്രമുഖ കുടുംബ മായിത്തീർന്നു. കൊച്ചിട്ടി പോത്തൻ 1850-ൽ 47-ാമത്തെ വയസ്സിൽ മരിച്ചു.

എൻ. ഐ. പോത്തച്ചന്റെ പിതാമഹൻ കോര 1824-ൽ നാലാത്ര കൊച്ചിട്ടി പോത്തന്റെ സീമന്തപുത്രനായി ജനിച്ചു. ഇദ്ദേഹം നിരണത്തു ഇലഞ്ഞിക്കൽ അച്ചാമ്മയെയാണു വിവാഹം ചെയ്തത്. സ്വപിതാവിനെ പ്പോലെ കോരയും കോട്ടയം ജില്ലയിലെ സർക്കാർ മുതൽപിടിക്കാരനാ യിരുന്നു. കോര പരിപ്പിലേക്കു മാറി പതിനെട്ടുവിരുത്തി പാടശേഖര ത്തോടു ചേർന്നുള്ള ഒരു പറമ്പിൽ നാലുകെട്ടുള്ള ഒരു വലിയ വീടു വച്ചു.

കോരയുടെ ഭാര്യ അച്ചാമ്മ 26-ാമത്തെ വയസ്സിൽ നിര്യാതയായതിനെ തുടർന്നു പ്രശസ്തമായ പുതുപ്പള്ളി താഴത്തു കുടുംബത്തിലെ മറിയാ മ്മയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഏലിയാമ്മ, അന്നമ്മ എന്നീ രണ്ടു പുത്രിമാർ ജനിച്ചു. കോര 1872-ൽ അന്തരിച്ചു.

എൻ. ഐ. പോത്തച്ചന്റെ പിതാവായ കൊച്ചിട്ടി (കുഞ്ഞ്) 1845-ൽ ജനിച്ചു. കൊച്ചിട്ടിക്കു എട്ടു വയസ്സായപ്പോൾ അമ്മ അച്ചാമ്മ നിര്യാത യായി. അന്നു മുതൽ കൊച്ചിട്ടി വിവാഹിതനാകുന്നതു വരെ നിരണ ത്തുള്ള മാതൃഗൃഹത്തിലാണു താമസിച്ചത്.

മാതാവായ അച്ചാമ്മയുടെ സഹോദരപുത്രനാണു ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീൽ. കൊച്ചിട്ടിയും ഇ. ജെ. ജോണും അർദ്ധസഹോദര ങ്ങളായിരുന്നു. അച്ചാമ്മയുടെ മറ്റൊരു സഹോദരൻ നിരണം തയ്യിൽ നിന്നു വിവാഹം ചെയ്ത് അവിടെ താമസിച്ചു. അദ്ദേഹത്തിനു മറിയാമ്മ എന്നു പേരുള്ള ഒരു മകളേ ഉണ്ടായിരുന്നുള്ളു. ഈ മറിയാമ്മ ബാലിക യായിരിക്കുമ്പോൾ മാതാപിതാക്കൾ മരിച്ചു. തന്മൂലം മറിയാമ്മയും സ്വപി താവിന്റെ സഹോദരനോടൊത്തു ഇലഞ്ഞിക്കൽ താമസിച്ചു. അങ്ങനെ

മൂന്നു അർദ്ധ സഹോദരീസഹോദരങ്ങളായ കൊച്ചിട്ടി, ഇ. ജെ. ജോൺ, മറിയാമ്മ എന്നിവർ ഇലഞ്ഞിക്കൽ ഭവനത്തിൽ താമസിച്ചു വളർന്നു വന്നു. ഈ മറിയാമ്മയെ പിന്നീട് കണ്ടത്തിൽ ചെറിയാൻ മാപ്പിള വിവാഹം ചെയ്തു. കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിള ഇവരുടെ പുത്ര നാണ്. അങ്ങനെ അദ്ദേഹം കൊച്ചിട്ടിയുടെ അർദ്ധസഹോദരനായി ത്തീർന്നു.

പോത്തച്ചന്റെ മൂത്ത സഹോദരന്മാർ കോര (കുട്ടി) ചാണ്ടി, മാത്യു എന്നിവരും പോത്തച്ചന്റെ മൂത്തസഹോദരി അച്ചാമ്മയും ഇളയ സഹോ ദരി മറിയാമ്മയും ഇളയ സഹോദരൻ പാപ്പിയും ആയിരുന്നു. ഒരു വലിയ കർഷകനായിരുന്ന കൊച്ചിട്ടി ഏഴു മക്കളുമൊന്നിച്ചു എല്ലാ സുഖസൗക ര്യങ്ങളുമായി ജീവിച്ചുവരവെ 1923 സെപ്റ്റംബർ 23-നു 78-ാമത്തെ വയ സ്സിൽ അന്തരിച്ചു. പോത്തച്ചന്റെ അമ്മ നേരത്തെ 1918 ഓഗസ്റ്റ് 10-നു 69-ാമത്തെ വയസ്സിൽ മരണമടഞ്ഞു. ഇരുവരും ഒളശ്ശ സെന്റ് ജോൺസ് പള്ളി സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

എൻ. ഐ. പോത്തച്ചൻ ഒളശ്ശ മിഡിൽ സ്കൂളിലും തുടർന്ന് കോട്ടയം സി. എം. എസ്. ഹൈസ്കൂളിലും പഠിച്ചു. സഹോദരനായ എൻ. ഐ. മാത്യുവും ഒന്നിച്ചു പരിപ്പിൽ നിന്നു ദിവസവും കോട്ടയം വരെയും തിരിച്ചും നടന്നെത്തിയാണു ഹൈസ്കൂളിൽ പഠിച്ചത്.

ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ 15-ാമത്തെ വയസ്സിൽ പോത്തച്ചൻ ഒരു പ്രശസ്ത കുടുംബമായ പള്ളം എടത്തുംപടിക്കൽ തൊമ്മൻ കുര്യൻ-മറിയാമ്മ ദമ്പതികളുടെ ഇളയപുത്രിയും പള്ളം ബുക്കാ നാൻ സ്കൂൾ വിദ്യാർത്ഥിനിയുമായ ശോശയെ (14) വിവാഹം ചെയ്തു. വിവാഹത്തെ തുടർന്ന് ശോശ പഠനം നിർത്തി. സുറിയാനി സമുദായ ത്തിലെ ഒരു പ്രമുഖ വ്യക്തിയായിരുന്ന തൊമ്മൻ കുര്യൻ 1876-ലെ മുള ന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ച 16 പ്രധാന അവൈദികരിൽ ഒരാളായിരുന്നു. ധനാഢ്യനായ തൊമ്മൻ കുര്യൻ നാട്ടുനടപ്പിനു വിരുദ്ധ മായി അഞ്ചു മക്കൾക്കും - രണ്ടു പുത്രന്മാർക്കും മൂന്നു പുത്രിമാർക്കും - തന്റെ സ്വത്ത് തുല്യമായി വീതിച്ചുകൊടുത്തു. അങ്ങനെ ശോശ ധാരാളം സമ്പത്തിന്റെയും ഭൂസ്വത്തിന്റെയും അവകാശിയായിത്തീർന്നു. തുടർന്നു പോത്തച്ചൻ ഭാര്യയ്ക്കു ലഭിച്ച വീതമായ പള്ളം എടത്തുംപടി ക്കൽ വന്നു താമസിക്കുകയും ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കുക യുമാണുണ്ടായത്. പള്ളം സെന്റ് പോൾസ് പള്ളി നിൽക്കുന്ന സ്ഥലം തൊമ്മൻ കുര്യൻ സംഭാവന ചെയ്തതാണ്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പോത്തച്ചൻ സി. എം. എസ്. കോളജിൽ ചേർന്നു ഇന്റർമീഡിയറ്റിനു തുല്യമായ എഫ്.എ.

പാസ്സായി. കോളജിൽ പഠിക്കുമ്പോൾ തന്നെ അദ്ദേഹത്തിനു ദൈവ ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിച്ചിരുന്നു. എന്നാൽ എഫ്. എ. വിജയിച്ചശേഷം പോത്തച്ചൻ രണ്ടു വർഷക്കാലം കോട്ടയം എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ പഠിപ്പിക്കുകയാണുണ്ടായത്. പിന്നീട് 25-ാ മത്തെ വയസ്സിൽ കൽക്കട്ടയിലെ ബിഷപ്പ്സ് കോളജിൽ ചേർന്നു ദൈവ ശാസ്ത്ര പഠനം നടത്തി. എം.എ. അച്ചൻ എന്ന് അറിയപ്പെട്ടിരുന്ന ഫാ. പി. റ്റി ഗീവറുഗീസ് (പിന്നീട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്) ആയി രുന്നു കൽക്കട്ടാ കോളജിലെ ഒരധ്യാപകൻ.

അക്കാലത്ത് ആംഗ്ലിക്കൻ-പ്രൊട്ടസ്റ്റന്റ് സഭ നടത്തുന്ന ബിഷപ്പ്സ് കോളജിൽ സുറിയാനി സഭയിൽ നിന്നു ദൈവശാസ്ത്ര പഠനാർത്ഥം ആരും തന്നെ ചേർന്നിരുന്നില്ല. സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിനു വിരുദ്ധമായ വിശ്വാസമാണവിടെ പഠിപ്പിച്ചു വരുന്നതെന്ന തെറ്റായ ധാരണയായിരുന്നു ഇതിന്റെ പ്രധാന കാരണം.

അന്ന് തിരുവനന്തപുരത്തു ജൂണിയർ ബി.എ. യ്ക്കു പഠിച്ചിരുന്ന മൂക്ക ഞ്ചേരിൽ ഡീക്കൻ എം. പി. പീറ്ററിനു (പിന്നീട് പത്രോസ് മാർ ഒസ്താ ത്തിയോസ്) പോത്തച്ചൻ കൽക്കട്ടയിൽ നിന്ന് അയച്ച ഒരു കത്തിൽ ആംഗ്ലിക്കൻ ഹൈചർച്ചിന്റെ വിശ്വാസാചാരങ്ങളോടു സുറിയാനി സഭയ്ക്കു യോജിക്കാനാവില്ലെന്നു ചിന്തിക്കുന്നതു ശരിയല്ലെന്നു ചൂണ്ടി ക്കാട്ടിയിരുന്നു.

പ്രസ്തുത കത്താണു ചുവടെ ചേർക്കുന്നത്.

Bishop's College
Calcutta

09-03-1084 (Mal)
(Oct. 1908 A.D.)

N. I. Pothan

To

Mr. M. P. Peter
Junior B. A. Class, L. M. Hostel
Trivandrum, Travancore.

My dear friend,

Yours of the 22nd Oct to hand. Thank you for the same. Our study is very interesting, not in any way ruinous to Orthodox - Jacobites. I have only just begun the study. The high church people have most of

the so-called superstitious ceremonies just as we have in our church. But there is one difference. Most of our men think that the ceremonies are the ends in themselves instead of thinking they are only the means (or medium) to attain the ends. Deacon gives you his best wishes. If you can give my best wishes to M. M. Issac (നിരണം മട്ട യ്ക്കൽ). Wishing you all success. I am your obedient servant

N. I. Pothan

കൽക്കട്ടയിലെ ദൈവശാസ്ത്രപഠനം കഴിഞ്ഞ് വീയപുരത്ത് ഒരു സ്കൂൾ സ്ഥാപിച്ച് അവിടെ രണ്ടു വർഷം പഠിപ്പിച്ചു. തുടർന്ന് തിരുവനന്തപുരത്തു ചെന്ന് ഇ. ജെ. ജോണിന്റെ വീട്ടിൽ താമസിച്ചുകൊണ്ടായിരുന്നു അദ്ധ്യാപക പരിശീലനം നേടിയത്. അഡ്വ. ഇ. ജെ. ജോണിനു പോത്തച്ചനോടു വളരെയധികം സ്നേഹവാത്സല്യങ്ങൾ ഉണ്ടായിരുന്നു. തന്നിമിത്തം ആയിടെ ഇ. ജെ. ജോണിനുണ്ടായ പുത്രൻ ഇ. ജോൺ പീലിപ്പോസിന്റെ തലതൊട്ടപ്പനായിത്തീർന്നത് പോത്തച്ചനാണ്.

അധ്യാപക പരിശീലനം കഴിഞ്ഞ് രണ്ടു വർഷം തിരുമൂലപുരം ബാലികാമഠത്തിലും ഒപ്പം വീയപുരം സ്കൂളിലും പഠിപ്പിക്കാനിടയായി. പിന്നീട് കോട്ടയം എം.ഡി. ഹൈസ്ക്കൂളിൽ വന്ന് അധ്യാപകജോലി സ്വീകരിച്ചു. ഒരധ്യാപകനെന്ന നിലയിൽ തന്റെ വിദ്യാർത്ഥികളുടെ സ്വഭാവരൂപവൽക്കരണത്തിൽ പോത്തച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചവരിൽ തടാകം ക്രിസ്തുശിഷ്യാശ്രമത്തിലെ പ്രഥമ ആചാര്യയും ബിഷപ്പ് വാൽഷിന്റെ ശിഷ്യപ്രമുഖനും ആയിരുന്ന പരിപ്പു കോമടത്തുശേരിൽ കെ. സി. വറുഗീസ്, പോത്തച്ചന്റെ മൂത്ത സഹോദരനായ എൻ. ഐ. മാത്യുവിന്റെ പുത്രനും മലയാള മനോരമ പത്രാധിപരുമായിരുന്ന എൻ. എം. ഏബ്രഹാം, ഫാ. കെ. പീലിപ്പോസ് മുതലായവർ ഉൾപ്പെടുന്നു.

കോ-ബ്രദർ മാർത്തോമ്മാസഭയിലെ കൈതയിൽ അച്ചന്റെ സുവിശേഷ ദർശനം പോത്തച്ചനെ സ്വാധീനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസവും കോട്ടയം സി.എം.എസ്. കോളജിൽ എഫ്.എ. യും പൂർത്തിയാക്കിയ പോത്തച്ചൻ ബിഷപ്സ് കോളജിൽ ദൈവശാസ്ത്ര വിദ്യാർത്ഥിയായി. മാവേലിക്കര പണിക്കർവീട്ടിൽ ഗീവർഗീസ് കത്തനാർ (എം.എ. അച്ചൻ) അക്കാലത്ത് സെറാമ്പൂർ കോളജിലും ബിഷപ്സ് കോളജിലും അദ്ധ്യാപകൻ ആയിരുന്നു. അച്ചനുമായുള്ള സൗഹൃദം പോത്തച്ചന്റെ ജീവിതത്തെ വലിയൊരളവിൽ സ്വാധീനിച്ചു. തന്റെ ഉള്ളിൽ നേരത്തെ അങ്കുരിച്ച ആത്മീയതൃഷ്ണകൾ ചിറകുവിടർത്തിയത് ഇക്കാലത്താണ്. എം.എ. അച്ചന്റെ ദർശനങ്ങളും ആദർശങ്ങളും പോത്തച്ചനിൽ കൃത്യമായ ദിശാബോധം ജനിപ്പിച്ചു.

കൽക്കട്ടാ വിദ്യാഭ്യാസം കഴിഞ്ഞ് തിരുവനന്തപുരത്ത് അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി. സ്വപിതാവിന്റെ അർദ്ധസഹോദരനും മല ങ്കരസഭയിലെ അത്മായ പ്രമുഖനുമായ ഇലഞ്ഞിക്കൽ ജോൺ വക്കീലി നോടൊപ്പമാണ് അദ്ധ്യാപക പരിശീലനകാലത്ത് അദ്ദേഹം താമസിച്ചി രുന്നത്. ജോൺ വക്കീലിന്റെ ഭവനം അക്കാലത്ത് സഭാനേതാക്കൾ - അത്മായരും വൈദികരും മെത്രാപ്പോലീത്താമാരും - നിരന്തരം പ്രവഹി ക്കുന്ന കേന്ദ്രമായിരുന്നു. സഭയിലെ പ്രമുഖ നേതാക്കളുമായി ഉറ്റ സമ്പർക്കം പുലർത്തുവാൻ ഈ സാഹചര്യം സഹായകമായി. അദ്ധ്യാ പകപരിശീലനം കഴിഞ്ഞ് പോത്തച്ചൻ കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി. നേരത്തെ കെ. സി. മാമ്മൻ മാപ്പി ളയും പിന്നീട് എം. എ. അച്ചനുമാണ് സ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ - പ്രിൻ സിപ്പൽ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നത്. കോട്ടയം എം. ഡി. ഹൈസ്ക്കൂളിലെ അദ്ധ്യാപനജീവിതം പോത്തച്ചന്റെ ആദ്ധ്യാത്മികജീവി തത്തിന്റെയും ദർശനങ്ങളുടെയും ചക്രവാളത്തെ അനന്തവിശാലമാക്കി.

മലങ്കരസഭയിൽ കൺവൻഷൻ യോഗങ്ങൾ ആരംഭിക്കുന്ന കാലമാ യിരുന്നു അത്. കൺവൻഷൻ പ്രസ്ഥാനത്തെ പോത്തച്ചൻ കണക്കില ധികം പ്രോത്സാഹിപ്പിച്ചു. വടക്ക് പഴഞ്ഞിയിലും തെക്ക് മാക്കാംകുന്നിലും കൺവൻഷൻ പ്രസ്ഥാനം ആരംഭിക്കുവാൻ പ്രേരണ ചെലുത്തിയതോ ടൊപ്പം ആദ്യകാല കൺവൻഷൻ പ്രസംഗകനായി പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം നേതൃത്വം നൽകിയ മറ്റൊരു മേഖല സ്ത്രീസമാജം ആയിരുന്നു. സഭയിൽ സ്ത്രീകൾക്ക് ആദ്യമായി കൂട്ടായ്മയുടെ വേദി ഒരുക്കിയതിൽ പ്രഥമ സ്മരണീയനാണദ്ദേഹം. പ്രാർത്ഥനായോഗങ്ങളായി ആരംഭിച്ച സമാജം യൂണിറ്റുകൾ ക്രമേണ വിശ്വാസപരിശീലനക്കളരിക ളായി വളർന്നു. അദ്ദേഹത്തിന്റെ സംഘാടകപാടവം ഏറ്റവും ശോഭിച്ചത് സണ്ടേസ്ക്കൂൾ മേഖലയിലാണ്. മിക്ക ഇടവകകളിലും സണ്ടേസ്ക്കൂൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവയ്ക്ക് ഒരു കേന്ദ്രതല വേദിയോ ഏകീ കൃത പാഠ്യപദ്ധതിയോ ഉണ്ടായിരുന്നില്ല. കുട്ടികളെ വിളിച്ചിരുത്തി വേദ കഥകൾ, ആരാധനാഗാനങ്ങൾ, ചില വിശ്വാസകാര്യങ്ങൾ എന്നിവ പഠി പ്പിക്കുവാൻ ഇടവകകളിലെ വൈദികരുടെ ഉത്സാഹപ്രകാരം ഏതാനും അദ്ധ്യാപകർ ശ്രമിച്ചിരുന്നു. പോത്തച്ചൻ അഖില മലങ്കര സഭാതലത്തിൽ സണ്ടേസ്ക്കൂളിന് ഒരു വേദി ഒരുക്കി. മലങ്കര മെത്രാപ്പോലീത്താ, പുലി ക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ സ്ഥാപിച്ചതും പരു മല മാർ ഗ്രീഗോറിയോസിന്റെ ചുമതലയിൽ ശക്തി പ്രാപിച്ചതുമായ സണ്ടേസ്ക്കൂൾ യൂണിറ്റുകളെ 'സണ്ടേസ്ക്കൂൾ സമാജം' എന്ന പേരിൽ ഒരു സംഘടനയാക്കിത്തീർത്തത് പോത്തച്ചന്റെ നേതൃത്വ, സംഘാടക പാടവമാണ്. മരണം വരെ അദ്ദേഹമായിരുന്നു അതിന്റെ സെക്രട്ടറി. മല ങ്കരസഭാ വിജ്ഞാനകോശം രേഖപ്പെടുത്തുന്നു: 'വിദ്യാർത്ഥിസംഘ

ത്തിന്റെ പ്രവർത്തകരിൽ ഒരു പ്രമുഖ നേതാവായിരുന്ന ഒളശ്ശ നാലാത്ര എൻ. ഐ. പോത്തന്റെ പത്രാധിപത്യത്തിൽ 'വേദാദ്ധ്യാപകൻ' എന്ന ഒരു മാസികയും പ്രവർത്തിച്ചിരുന്നു. സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ വേദാദ്ധ്യാപകനിലൂടെയാണ് പഠനക്ലാസ്സുകൾ സംബന്ധിച്ച വിഷയങ്ങൾ അവതരിപ്പിച്ചിരുന്നത്.'

1908-ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വച്ച് രൂപംകൊണ്ട വിദ്യാർത്ഥിസംഘത്തിൽ പോത്തച്ചൻ നേതൃവേദിയിൽ പ്രവർത്തിച്ചു. ക്രമേണ വിദ്യാർത്ഥിസംഘം സിറിയൻ ക്രിസ്ത്യൻ സ്റ്റുഡന്റ്സ് കോൺഫ്രൻസ് ആയി വളർന്നു. വർഷംതോറും കോളജ് - ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ഒരാഴ്ചക്കാലം നീണ്ടുനിന്ന സമ്മേളനങ്ങളും ധ്യാനയോഗങ്ങളും നടത്തുവാനും അതിലേക്ക് സെറാമ്പൂർ - കൽക്കട്ടാ ബിഷപ്പ്സ് കോളജുകളിൽ നിന്ന് പ്രൊഫസർമാരെ പങ്കെടുപ്പിക്കുവാനും പോത്തച്ചൻ ശ്രദ്ധിച്ചിരുന്നു. സഭയിലെ പല പിൽക്കാല നേതാക്കന്മാരും സഭാശുശ്രൂഷയിലേക്കുള്ള 'വിളി' ശ്രവിച്ചിരുന്നത് ഈ വിദ്യാർത്ഥി കോൺഫ്രൻസുകളിൽ നിന്നാണ്.

ബഥനി ആശ്രമം സ്ഥാപിച്ച എം. എ. അച്ചന്റെ ആശ്രമപ്രസ്ഥാനത്തോട് പോത്തച്ചന് വലിയ ആഭിമുഖ്യമാണുണ്ടായിരുന്നത്. വിവാഹിതനായതുകൊണ്ട് ആശ്രമാംഗമായിത്തീരാൻ കഴിഞ്ഞില്ലെങ്കിലും ആശ്രമത്തെ മരണം വരെ സ്നേഹിച്ചു. ആബോ അലക്സിയോസ്, സഹോദരീപുത്രൻ ബഥനിയുടെ തെയോഫിലോസ് എന്നിവരുമായി അദ്ദേഹം എക്കാലവും ഉറ്റസമ്പർക്കം പുലർത്തി. ഭാര്യ 1923-ൽ മരിച്ചപ്പോൾ പോത്തച്ചൻ ബഥനി ആശ്രമത്തിൽ അംഗമാകുവാൻ തീരുമാനിച്ചു എങ്കിലും ജ്യേഷ്ഠസഹോദരൻ മാത്തുച്ചന്റെ വിലക്കു മൂലം തീരുമാനത്തിൽ നിന്ന് പിന്മാറുകയായിരുന്നു.

മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശന്റെ നേതൃത്വത്തിൽ സ്ഥാപിതമായ 'സ്ലീബാദാസ സമൂഹം' പോത്തച്ചനെ ആകർഷിച്ചു. സഭയിൽ കക്ഷിവ്യത്യാസം കൂടാതെ സമൂഹത്തിന് അംഗീകാരം ലഭിച്ചത് പോത്തച്ചനെ സന്തോഷിപ്പിച്ചു. ഭാര്യ അന്തരിച്ചതോടെ പോത്തച്ചൻ ആത്മീയസംഘടനകളുടെ പ്രവർത്തനത്തിൽ കൂടുതൽ മുഴുകി. പോത്തച്ചന് അഞ്ച് മക്കൾ ജനിച്ചു. കൊച്ചേലിയാമ്മയും കുഞ്ഞുമറിയാമ്മയും ഇരട്ടക്കുട്ടികൾ ആയിരുന്നു. പിന്നീട് സാറാമ്മയും അവറാച്ചനും (എൻ. പി. ഏബ്രഹാം), കുര്യച്ചനും (എൻ. പി. കുര്യൻ) ജനിച്ചു. 1923-ൽ ഭാര്യ മരിക്കുമ്പോൾ മക്കൾ 12 വയസ്സിനും 4 മാസത്തിനും ഇടയ്ക്ക് പ്രായമുള്ളവരായിരുന്നു.

സഭയിലെ കലഹങ്ങൾ പോത്തച്ചന് എന്നും ദുഃഖകാരണമായിരുന്നു. എന്നാൽ എം. എ. അച്ചന്റെയും എം. പി. പത്രോസച്ചന്റെയും പ്രസ്ഥാനങ്ങളിലൂടെ – ബഥനി, സ്ലീബാദാസ സമൂഹം – മലങ്കരസഭയ്ക്ക് ശോഭനമായ ഒരു ഭാവിയുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. തൽഫലമായി 1929 ജനുവരി 7-ന് ക്രിസ്മസ് നാളിൽ (ജൂലിയൻ കലണ്ടർപ്രകാരം) തിരുവല്ല പള്ളിയിൽ വച്ച് പോത്തച്ചൻ, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽനിന്ന് 45-ാം വയസ്സിൽ ശെമ്മാശുപട്ടം സ്വീകരിച്ചു. അന്നു മുതൽ അദ്ദേഹം എൻ. ഐ. ഫിലിപ്പോസ് ശെമ്മാശൻ എന്ന് അറിയപ്പെട്ടു. പൂർണ്ണസമയ സഭാപ്രവർത്തനത്തിനായി 1929-ൽ അദ്ദേഹം അദ്ധ്യാപകവൃത്തി രാജിവച്ചു.

സ്ലീബാദാസ സമൂഹത്തിന്റെ പ്രവർത്തനഫലമായി സഭാംഗത്വം സ്വീകരിക്കുന്ന പുതുക്രിസ്ത്യാനികൾക്കും അവശവിഭാഗങ്ങൾക്കും കോളനികൾ സൃഷ്ടിക്കുവാനും സഭയെ മലബാറിലേക്ക് വികസിപ്പിക്കുവാനുമായി പീലിപ്പോസ് ശെമ്മാശൻ മലബാറിൽ അട്ടപ്പാടി പ്രദേശത്ത് രണ്ടായിരം ഏക്കർ സ്ഥലം 99 കൊല്ലത്തെ പാട്ടത്തിന് വാങ്ങി. 4000 രൂപ ബാങ്കിൽ നിന്ന് കടമെടുത്താണ് ഈ സംരംഭത്തിന് ശെമ്മാശൻ പണം സ്വരൂപിച്ചത്. അട്ടപ്പാടി എന്ന സ്വപ്നം പൂവണിയാനുള്ള പ്രാഥമിക പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കെ അദ്ദേഹത്തെ മലമ്പനി ബാധിച്ചു. അതോടെ അദ്ദേഹം സഹോദരിയുടെ വീട്ടിൽ എത്തി. 4 മാസം കഴിഞ്ഞ് 1929 ഒക്ടോബർ 31-ന് ശെമ്മാശൻ ഇഹലോകവാസം വെടിഞ്ഞു. ഒളശ്ശ സെന്റ് ജോൺസ് പള്ളിയിൽ അടക്കപ്പെട്ടു.

മലങ്കരസഭയെപ്പറ്റി വലിയ സ്വപ്നങ്ങൾ കണ്ട പ്രതിഭാശാലിയായിരുന്നു ശെമ്മാശൻ. ഒടുവിൽ സ്വന്തം ഗുരു സഭാത്യാഗം ചെയ്ത സംഭവത്തിനും ശെമ്മാശൻ സാക്ഷിയായി. ഒടുവിൽ എല്ലാ പ്രതീക്ഷകളും സ്ലീബാദാസ സമൂഹത്തിൽ അർപ്പിച്ചു. അദ്ദേഹത്തിന്റെ വലിയ സ്വപ്നങ്ങൾ ഉൾക്കൊള്ളുവാനോ അതിനെ ഏറ്റെടുക്കുവാനോ സഭയിൽ ആരും ഒരുക്കമല്ലായിരുന്നു. ഏകാന്തപഥികനായി ആ വലിയ മനുഷ്യൻ സഭയെ സ്നേഹിച്ചുകൊണ്ട് ജീവിച്ചു കടന്നുപോയി.



ഫാ. കെ. ഡേവിഡ്
കോറെപ്പിസ്കോപ്പാ

ഫാ. കെ. ഡേവിഡ്

നിഷ്ഠുരമായി വെട്ടിമറിച്ചിടുന്ന മരം വെട്ടുകാരനെയും സുഗന്ധം പൂശുന്ന ചന്ദനമരത്തിന്റെ പ്രതികാരരഹിത പരിശുദ്ധി ആവാഹിച്ചും ഹരിതനീരാളം കണക്കെ പരന്നുകിടക്കുന്ന വയലേലകളെ തഴുകി വരുന്ന മന്ദാനിലന്റെ താരാട്ടാസ്വദിച്ചും വിശുദ്ധിയുടെ പ്രതീകമായി നിലകൊള്ളുന്ന ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയുടെ അതിവിശുദ്ധ സ്ഥലത്തു ബാലനായിരിക്കുമ്പോൾ തന്നെ കാലുകുത്തുകയും മദ്ബഹായുടെ ഭിത്തികളെ തട്ടിത്തിരിഞ്ഞു പരക്കുന്ന വെണ്മേഘതുല്യ കുന്തിരിക്കപ്പുക ആവാഹിക്കുന്ന അദൃശ്യ ആത്മീയാവേശം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടു വളർന്നുവന്ന മാവേലിൽ കെ. ഡേവിഡ് "നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്നു യേശുക്രിസ്തു ശ്ലീഹന്മാരുടെ തലവനായ പത്രോസിനു നൽകിയ കല്പനയിൽ കൂടുതൽ ഒന്നും, ആഗ്രഹിച്ചില്ലെന്നാണ് 'കുഞ്ഞാടുകളുടെ ഒരു വലിയ ഇടയനായ' അദ്ദേഹത്തിന്റെ സമർപ്പണ ജീവിതം വ്യക്തമാക്കുന്നത്.

ദാവീദ് എന്ന വാക്കിനു പ്രിയൻ, നേതാവ് എന്നിങ്ങനെ രണ്ടർത്ഥമുണ്ട്. യിസ്രായേലിലെ ദാവീദിന്റെ സൗന്ദര്യം വർണ്ണിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. "എന്നാൽ അവൻ പവിഴനിറമുള്ളവനും സുനേത്രനും കോമളരൂപിയും ആയിരുന്നു" (1 ശമുവേൽ 16:12). ദൈവം ബാഹ്യ സൗന്ദര്യം മാത്രമല്ലല്ലോ നോക്കുന്നത്. തന്നിമിത്തം അവൻ സ്വഭാവത്തിലും ശ്രേഷ്ഠനായിരുന്നു എന്നു വ്യക്തം.

യിശ്ശായിയുടെ പുത്രന്മാരിൽ ഏറ്റവും ഇളയവനും ആടുകളെ മേയിക്കുന്നവനുമായ ദാവീദിനെ അഭിഷേകം ചെയ്യാനാണു യഹോവ ശമുവേൽ ദീർഘദർശിയോടു കല്പിച്ചത്. തൈലക്കൊമ്പെടുത്തു ദാവീദിനെ ശമുവേൽ അഭിഷേകം ചെയ്തു. ആടുകളെ മേയിക്കുക എന്ന ഈ ദാവീദിന്റെ ജോലിതന്നെ – കുഞ്ഞാടുകളെ മേയിക്കുക എന്ന ജോലി – തന്നെയാണു പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി ഫാ. കെ. ഡേവിഡിനെ ഏല്പിച്ചത്. കെ. ഡേവിഡ് ജീവിതാന്ത്യം വരെയും ആടുകളെ മേയിച്ചു സംതൃപ്തിയോടെ ദൈവസന്നിധിയിലേക്കു കടന്നുപോയി.

ദാവീദച്ചനെപ്പറ്റി ഓർക്കുമ്പോൾ, യേശുക്രിസ്തു ജനിച്ച രാത്രിയിൽ ആ പ്രദേശത്തു ആട്ടിൻകൂട്ടത്തിന്റെ ആലകൾക്കു കാവൽ കിടന്നിരുന്ന നിഷ്കളങ്കരും ദൈവസ്നേഹഭരിതരും ഉണ്ണിയേശുവിനെ ചെന്നു കണ്ട വരുമായ ഇടയന്മാരിൽ ഒരാളുടെ ചിത്രമാണു മനസ്സിൽ ഓടി എത്തുന്നത്. തങ്ങളെ ഭരമേല്പിച്ചിരുന്ന കുഞ്ഞാടുകളെ ചെന്നായ് പിടിച്ചു

കൊണ്ടു പോകാതിരിക്കാൻ ഉറങ്ങാതെ തണുപ്പും കഷ്ടതകളും സഹിച്ചു കാവൽ കിടന്ന ഇടയന്മാർ, ദൂതന്മാർ പറഞ്ഞതനുസരിച്ചു ബദ്ധപ്പെട്ടു പെട്ടെന്നു യേശുകുഞ്ഞിനെ കണ്ടു ദൈവത്തെ മഹത്വപ്പെടുത്തുകയും പുകഴ്ത്തുകയും ചെയ്തശേഷം മടങ്ങിപ്പോയി തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നു. പിന്നീട് വന്ന വിദ്വാന്മാർ യേശുക്കുഞ്ഞിനു പൊന്നും മൂരും കുന്തുരുക്കവും അവന്റെ ത്രിമുഖ മഹത്വപ്രതീകങ്ങളായി കാഴ്ചവച്ചു മറുവഴിയായി കടന്നുപോയി. പൊന്നും വെള്ളിയും ഒന്നുമില്ലാതിരുന്ന നമ്മുടെ മാവേലിൽ അച്ചൻ യേശുവിന് ഏറ്റവും ഇഷ്ടമുള്ള സഹസ്രക്കണക്കിനു തങ്കക്കുട്ടന്മാരെയാണു തിരുമുൽക്കാഴ്ചയായി സമർപ്പിച്ചത്. ലക്ഷ്യസാധ്യത്തിനുവേണ്ടി ആത്മസമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും കല്ലും മുള്ളും നിറഞ്ഞ ഇടുക്കുവഴികളിലൂടെയുള്ള പ്രയാണത്തിന്റെ, അല്ല പ്രയാസങ്ങളുടെ സരണികളിലൂടെ നടന്ന കഥ ഒരേ സമയം അത്ഭുതവും ആനന്ദവും ആദരവും അഭിനന്ദനവും ജനിപ്പിക്കാൻ പര്യാപ്തമാണ്. ജീവനുള്ള മലങ്കരസഭാ സൗധത്തിന്റെ ആത്മശക്തിയുടെ അസ്തിവാരവും കെട്ടുറപ്പും സഭയെ സ്നേഹിക്കുകയും സത്യസന്ധമായ ഇവിടത്തെ സഭാജീവിതത്തിൽ പരസേവന പ്രവർത്തനങ്ങൾ വഴി സ്വർഗ്ഗീയ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നവരെ വാർത്തെടുക്കുക എന്ന നിത്യസത്യം അദ്ദേഹം തിരിച്ചറിഞ്ഞു. സഭയ്ക്കുവേണ്ടി സർവ്വവും സമർപ്പിച്ചു ജീവിതസാഫല്യം നേടിയ മഹാനായ ഒരു കർമ്മയോഗിയും ദൈവശാസ്ത്രജ്ഞനും മികച്ച അദ്ധ്യാപകനും വൈദികസെമിനാരി പ്രിൻസിപ്പലും മൂന്നുനാലു പള്ളികളുടെ മാതൃകാ വികാരിയും സഭാചരിത്രകാരനും കുട്ടികൾക്കുവേണ്ട ഒട്ടധികം പുസ്തകങ്ങളുടെ രചയിതാവും മിതഭാഷിയും സത്യസന്ധനും ലളിതജീവിതപ്രേമിയും സ്ഥാനമാനങ്ങളെ നിരാകരിച്ചവനുമായിരുന്നു സാക്ഷാൽ വെരി. റവ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ എന്ന സമുന്നത വൈദിക പ്രമുഖൻ.

ഇരുപതാം ശതകത്തിൽ അര നൂറ്റാണ്ടോളം മലങ്കരസഭയുടെ വിവിധ തലങ്ങളിൽ തലയെടുപ്പോടെ നിറഞ്ഞുനിന്ന ഈ വൈദിക നേതാവിന്റെ നിസ്വാർത്ഥവും നിർണ്ണായകവുമായ സേവനങ്ങളെപ്പറ്റി ഇന്നത്തെ തലമുറയ്ക്കുപോലും കാര്യമായ അറിവില്ലെന്നുള്ള വസ്തുത ഖേദകരമാണെന്നല്ലാതെ എന്തു പറയാൻ. കോട്ടയത്തെ പ്രസിദ്ധമായ മാർ ഏലിയാ ചാപ്പലിന്റെ വികാരിയായി അദ്ദേഹത്തെ നിയമിച്ചുകൊണ്ടുള്ള പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ കല്പനയെപ്പറ്റി ഇന്നത്തെ ഇടവകയുടെ ചുമതലക്കാർക്കും ബഹുഭൂരിപക്ഷം അംഗങ്ങൾക്കും അറിവില്ലെന്നുള്ളത് അവരുടെ കുറ്റമല്ല. അറിവുണ്ടായിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ചിത്രവും മുൻ പള്ളിവികാരിമാരുടെ കൂടെ പള്ളിക്കെട്ടിടത്തിൽ വയ്ക്കുമായിരുന്നു. നമ്മുടെ കുടുംബചരിത്രങ്ങളുടെയും ഇടവകപ്പള്ളിചരിത്രങ്ങളുടെയും അഭാവം നമ്മെ ഇനിയെങ്കിലും ഇരുത്തി ചിന്തിപ്പി

ക്കേണ്ടതാണ്. ഇങ്ങനെ ചരിത്രബോധം തീരെ നഷ്ടപ്പെട്ടാൽ വിശിഷ്യ വിദേശരാജ്യങ്ങളിൽ സ്ഥിരമായി വസിക്കുന്നവരും അവരുടെ സന്താനങ്ങളും നാട്ടിലുള്ള സ്വന്തം ബന്ധുക്കളെപ്പോലും വേണ്ടവിധം അറിയാത്ത ഒരുകാലം വന്നു കൂടും എന്നു പറയുന്നവരും നാട്ടിൽ ഇല്ലാതില്ല. അങ്ങനെയൊന്നും വരാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

മലങ്കരസഭയിലെ സണ്ടേസ്കൂളിന് ഒരു നൂറ്റാണ്ടുകാലത്തെ ക്രമീകൃത ചരിത്രമേയുള്ളു എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. അതിനു മുമ്പ് വേദസത്യങ്ങളും വിശുദ്ധന്മാരെ ഒരിക്കലായി ഭരമേല്പിച്ച വിശ്വാസാചാരങ്ങളും ഇടവകകൾ വഴിയും മല്പാന്മാർ വഴിയും സഭാംഗങ്ങൾ കുറെയൊക്കെ ഹൃദിസ്ഥമാക്കിയിരുന്നു. ആരാധന മൃതഭാഷയായ സുറിയാനിയിലായിരുന്നതിനാൽ ആ ഭാഷ തിട്ടമില്ലാതിരുന്ന വൈദികരും അവരുടെ തെറ്റായ തർജ്ജമ കേൾക്കുന്ന അവൈദികരും ആദ്ധ്യാത്മിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപോലെ ഏതാണ്ട് ഇരുട്ടിലായിരുന്നു (സുറിയാനി നിശ്ചയമില്ലാതിരുന്ന ചില വൈദികർ പണ്ട് ഏവൻഗേലിയോൻ വായിച്ചു തർജ്ജമ ചെയ്യുമ്പോൾ തക്കതായ വാക്കുകൾ കിട്ടാതെ കൂടെക്കൂടെ കണ്ണട തുടയ്ക്കുകയും കപ്യാരെ വഴക്കു പറയുകയും ചെയ്യുമായിരുന്നു എന്ന് ആരാധന സ്വഭാഷയിലാക്കിയവരിൽ പ്രമുഖനായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എഴുതിയിട്ടുണ്ട്).

ഇന്നും ചില യോഗ്യന്മാരായ വൈദികർ തക്സായിലെ കാവ്യാത്മകവും സുന്ദരവുമായ മലയാള ഭാഷയെ തഴഞ്ഞ് ആരാധനയിൽ സ്ഥാനത്തും അസ്ഥാനത്തും അനാവശ്യമായ രീതിയിൽ, ചത്തുകിടക്കുന്ന സുറിയാനി ഉപയോഗിച്ച് സ്വർഗ്ഗീയ ആരാധനയിൽ ലയിച്ചു നിൽക്കുന്ന ആരാധകരുടെ ശ്രദ്ധ ചിതറിക്കുകയും തങ്ങളുടെ മറുഭാഷാ പ്രാവീണ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നത് നിർഭാഗ്യകരമാണ്. പ. കാതോലിക്കാ ബാവാ പോലും തക്സായിലെ മലയാളമാണ് ഉപയോഗിക്കുന്നത്. ഒരു മേല്പട്ടക്കാരൻ വിവാഹശുശ്രൂഷയിൽ ഇംഗ്ലീഷും മലയാളവും തമിഴും കന്നടയും തെലുങ്കും ഉപയോഗിച്ചു തന്റെ പാണ്ഡിത്യവും പ്രകടിപ്പിച്ചു കാണുന്നുണ്ട്. പൊട്ടൻ കഥാപ്രസംഗം കേൾക്കുന്നതുപോലെയും കുരുടൻ സിനിമ കാണുന്നതുപോലെയുമാണു ശുശ്രൂഷയിൽ പങ്കെടുക്കുന്നവരുടെ സ്ഥിതി! ഇതൊരു വിമർശനമല്ല, സത്യസ്ഥിതി കഥനം മാത്രം. യേശുക്രിസ്തുപോലും സാധാരണക്കാരുടെ ഭാഷയിൽ കഥകളും ഉപമകളും ഉൾപ്പെടുത്തിയാണ് അവർക്കു പെട്ടെന്നു മനസിലാകുംവിധം ജനക്കൂട്ടത്തോടു സംസാരിച്ചത്. യേശുക്രിസ്തു സംസാരിച്ച അരമായഭാഷതന്നെ വേണമെന്നു ശഠിക്കുന്നവർ കർത്താവു ജീവിച്ചതുപോലെ ജീവിക്കുന്നതിലും നിഷ്ഠയുള്ളവരായിരിക്കണം.

മലങ്കരസഭയിൽ വേണ്ടത്ര വിദ്യാലയങ്ങളും പള്ളികളും ആദ്ധ്യാത്മി

കവും സാമൂഹ്യമായ സംഘടനകളും സ്ഥാപിക്കുന്നതും അവയെ പരിപോഷിപ്പിക്കുന്നതും പത്തൊൻപതാം ശതകത്തിന്റെ അന്ത്യദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിലുമാണ്. ഇവയ്ക്കെല്ലാം തന്നെ കീശയിൽ വേണ്ടത്ര കാശില്ലാതിരുന്നിട്ടും ആത്മീയ ദീർഘദൃഷ്ടിയോടെ അടിസ്ഥാനമിടുകയും വിദൂരവീക്ഷണത്തോടെ വളർത്തുകയും ചെയ്തത് ഭാഗ്യസ്മരണാർഹനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനാണ്. സ്കൂൾ കെട്ടിടങ്ങളിൽ ഞായറാഴ്ച തോറും 'രവിവാര പാഠശാലകൾ' എന്ന പേരിൽ കുട്ടികൾക്കു സഭയുടെ വിശ്വാസാചാരങ്ങളും കൂദാശകളും ചരിത്രവും മറ്റും പഠിക്കാൻ വേണ്ടി ഒരുക്കിയ സംവിധാനമാണ് ഇന്നത്തെ സണ്ടേസ്കൂളിന്റെ പ്രാഗ്രൂപം. തന്റെ ബഹുമുഖവും അതുല്യവുമായ സേവന പ്രവർത്തനങ്ങൾ മൂലം അദ്ദേഹം മലങ്കരസഭയുടെ നവോത്ഥാന നായകനാണെന്നും യുഗതേജസ്സാണെന്നും മറ്റുമാണ് ചരിത്രകാരന്മാരാൽ അനവർത്ഥമായി വിശേഷിപ്പിക്കപ്പെടുന്നത്.

ശാന്തമായി പസഫിക്ക് സാഗരസമാനം നിലകൊണ്ട മലങ്കരസഭയിൽ വൈദേശിക അധികാരമോഹ ചണ്ഡവാതം അടിച്ചുതുടങ്ങിയെങ്കിലും അവയെ ദൈവാശ്രയമായ വടംകൊണ്ടു തടഞ്ഞുപിടിച്ചു കെട്ടാനും ഒരിക്കൽ നഷ്ടപ്പെട്ട ആദ്ധ്യാത്മിക സ്വാതന്ത്ര്യം തന്റെ പിൻഗാമിയുടെ കാലത്തു വീണ്ടെടുക്കാനും തന്ത്രപൂർവ്വം കരുക്കൾ നീക്കിയ മാർ ദീവന്നാസ്യോസ് അഞ്ചാമൻ അസാധാരണ ആദ്ധ്യാത്മിക പ്രതിഭാശാലിയായി മലങ്കരസഭാ ചക്രവാളത്തിൽ നിത്യവും പ്രകാശിച്ചുകൊണ്ടിരിക്കും. കൂടാതെ ജാത്തൈക്യസംഘം, മഹാജനസഭ മുതലായവയിലൂടെ ഐക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രഭാത നക്ഷത്രമായി പ്രകാശം ചൊരിയാനും എം.ഡി. സെമിനാരി ഹൈസ്കൂൾ ആദിയായ പ്രശസ്ത പഠിത്ത വീടുകൾ പടുത്തുയർത്താനും തദ്വാര സമുദായത്തിലെ പ്രതിഭാശാലികളും പ്രഗത്ഭരുമായ വ്യക്തികളെ വാർത്തെടുക്കാനും ചിത്തപ്രകാശം ലഭിച്ച ഉത്തമവ്യക്തികളെ സഭയ്ക്കും നാടിനും രാജ്യത്തിനും സംഭാവന ചെയ്യാനും മെത്രാപ്പോലീത്താ അനുഷ്ഠിച്ച ത്യാഗങ്ങളുടെ ആഴം നിർണ്ണയിക്കാനാവില്ല. ഒരേ പ്രാകാരത്തിലുള്ള പള്ളിയും പള്ളിക്കൂടവും അന്നും ഇന്നും മലങ്കരസഭയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെയും ഭൗതിക ജീവിത വ്യാപാരങ്ങളുടെയും മങ്ങലേൽക്കാത്ത മുഖമുദ്രയാണ്. പള്ളിയില്ലെങ്കിൽ പള്ളിക്കൂടവും ഇല്ല, ഇതാണു വസ്തുത. പള്ളിയേയും പള്ളിക്കൂടത്തേയും ആർക്കും തള്ളിപ്പറയാനും സാധ്യമല്ല. ആശുപത്രിയില്ലാതെ ഒരു മെഡിക്കൽ കോളജോ നഴ്സിംഗ് സ്കൂളോ നടത്താനാവില്ലല്ലോ. ഇതുപോലെയാണു ധാർമ്മിക മൂല്യങ്ങൾക്കു പരമപ്രാധാന്യം നൽകുന്ന പള്ളിയും പള്ളിക്കൂടവും തമ്മിലുള്ള ബന്ധമെന്ന് ഇന്നും

ഈശ്വരനിഷേധികളും വിവരദോഷികളുമായ ചില രാഷ്ട്രീയപാർട്ടി നേതാക്കൾക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അല്ലെങ്കിൽ അവർക്കു മനസ്സിലാക്കാനുള്ള മേധാശക്തിയുടെ കുറവുണ്ടായിരിക്കും. ആധുനിക മലങ്കരസഭയുടെ ആദ്ധ്യാത്മിക-ഭൗതിക നേട്ടങ്ങൾക്കു ബലിഷ്ഠമായ അസ്തിവാരത്തിന്റെ ഉരുക്കുതൂണുകൾ ഉറപ്പിച്ചത് മാർ ദീവന്നാസ്യോസ് അഞ്ചാമനാണെന്ന് ശരിക്ക് അറിഞ്ഞുകൂടാത്തവർക്കു മലങ്കരസഭയിൽ ഇന്നും ഭൂരിപക്ഷമുണ്ട്.

സഭാചരിത്രവും വിശ്വാസാചാരാനുഷ്ഠാനങ്ങളും മറ്റും ഒട്ടും തിട്ടമില്ലാത്തവരെ ഒരളവിലെങ്കിലും പഠിപ്പിക്കാനാണു ഫാ. കെ. ഡേവിഡ് ജീവിതം ബലി അർപ്പിച്ചത്.

ജന്മദേശവും ബാല്യകാലവും

ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പ് പല കാരണങ്ങളാൽ വടക്കൻ പ്രദേശങ്ങളിൽ നിന്നു ക്രിസ്ത്യാനികൾ കുറവിലങ്ങാട്ടു വന്നു കുടിയേറിപ്പാർക്കുകയും കാലാന്തരത്തിൽ അവിടെനിന്നു പല കുടുംബങ്ങൾ കടമ്പനാട്, തുമ്പമൺ മുതലായ തെക്കൻ പ്രദേശങ്ങളിൽ ചെന്നു താമസിക്കുകയും ചെയ്തിട്ടുണ്ട്. ചന്ദനപ്പള്ളി ഉൾപ്പെടുന്ന ഭൂവിഭാഗം അവിടെ ക്രിസ്ത്യാനികൾ എത്തുന്ന കാലത്ത് പന്തളം രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു. തിരുവിതാംകൂറിലെ ചെറിയ ചെറിയ രാജ്യങ്ങളും ഭരണാധികാരികളും ക്രൈസ്തവരോടു വളരെ സ്നേഹപൂർവ്വം ഇടപെട്ടിരുന്നതായും അവർക്കു ഭൂമിയും പദവികളും മറ്റും ലോഭമെന്യേ നൽകിയതായും ചരിത്രമുണ്ട്.

വിശ്വാസികളുടെ പിതാവായ അബ്രഹാം എവിടെ ചെന്നു പാർത്താലും അവിടെ ഒരു ബലിപീഠം സ്ഥാപിച്ചു ആരാധന നടത്തി വന്നതുപോലെ പുരാതന ക്രിസ്ത്യാനികൾ ചെന്നു താമസിച്ച പ്രദേശങ്ങളിലെല്ലാം ദേവാലയങ്ങൾ സ്ഥാപിച്ച് ആരാധന നടത്തുന്നത് അവരുടെ സാംസ്ക്കാരികവും മതപരവുമായ ഒരു രീതിയായിരുന്നു. മലബാറിലും ഇന്ത്യയുടെ ഇതര കേന്ദ്രങ്ങളിലും വിദേശങ്ങളിലും ഇന്നു കാണുന്ന നമ്മുടെ പള്ളികൾ എല്ലാം കുടിയേറ്റക്കാരും ജോലിസംബന്ധമായി എത്തിയവരും സംഘടിച്ചു നിർമ്മിച്ചതാണ്. സഭയ്ക്ക് അതിന്റെ സ്ഥാപനത്തിൽ നേരിട്ടു കാര്യമായ പങ്കില്ല. ആരാധനാകേന്ദ്രവും ഇടവകയും ആകുമ്പോൾ മാത്രമേ സഭയുമായി ബന്ധപ്പെടുന്നുള്ളു.

മധ്യതിരുവിതാംകൂറിലെ ഇന്നത്തെ പത്തനംതിട്ട ജില്ലയിൽ (നേരത്തെ കൊല്ലം ജില്ലയിൽ) കൈപ്പട്ടൂരിനും അടൂരിനും അച്ചൻകോവിൽ ആറിനും കല്ലടയാറിനും മദ്ധ്യേ വിശാലമായ നെൽവയലുകളാൽ വലയം ചെയ്യപ്പെട്ടതും നല്ല ഫലപുഷ്ടിയുള്ളതിനാൽ കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ച നാനാജാതി മതസ്ഥർ താമസിച്ചു വരുന്നതും എല്ലാത്തരം വിളകളും സുലഭമായി വളരുന്നതും സമുദായ സൗഹാർദ്ദം അന്യൂനം നിലനിന്നു വരുന്നതുമായ ഒരു രമ്യഭൂവിഭാഗമാണ് ചന്ദനപ്പള്ളി. ചന്ദനമരം അവിടെ അധികം ഇല്ലെങ്കിലും അവിടത്തെ സാമൂഹ്യജീവിതം ചന്ദന സുഗന്ധം പോലെ ഹൃദ്യമാണെന്നു പറയാം.

ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളി

തുമ്പമണ്ണിൽനിന്നു ചന്ദനപ്പള്ളിയിൽ കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾ വനപ്രദേശമായിരുന്ന ചന്ദനപ്പള്ളിയിൽ ഗീവറുഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശു സ്ഥാപിച്ചു. 1875-ൽ പത്രോസ് പാത്രിയർക്കീ

സിന്റെ കൂടെവന്ന മാർ ഗ്രീഗോറിയോസ്, കൊപ്പാറ കുടുംബക്കാർ സംഭാവന ചെയ്ത 50 സെന്റ് സ്ഥലത്ത് വിശുദ്ധ ഗീവറുഗീസ് സഹദായുടെ നാമത്തിൽ പള്ളിക്കു തറക്കല്ലിട്ടു. പ. പരുമല തിരുമേനി ഒരു മാസം ഈ പള്ളിയിൽ താമസിച്ചിട്ടുണ്ട്.

ഈ ഇടവകയിലെ പട്ടക്കാരായിരുന്ന വെരി. റവ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ 45 വർഷവും കൊപ്പാറ ഗീവറുഗീസ് കത്തനാർ 56 വർഷവും ഈ ദേവാലയത്തിൽ വികാരിമാരായിരുന്നു. 1984-ൽ കൊപ്പാറ അച്ചന്റെ നിര്യാണത്തിനുശേഷം ഭദ്രാസനത്തിൽ നിന്നു നിയമിക്കപ്പെടുന്ന പട്ടക്കാർ സേവനമനുഷ്ഠിച്ചു വരുന്നു. പ്രസിദ്ധമായ ചന്ദനപ്പള്ളി വലിയപള്ളി പെരുനാൾ മെയ് 7, 8 തീയതികളിൽ നടത്തിവരുന്നു.

പള്ളിയുടെ ആരംഭകാലം മുതൽ സണ്ടേസ്കൂളും പ്രവർത്തിച്ചിരുന്നു. പരേതനായ കൊപ്പാറ ചെറിയാച്ചനായിരുന്നു പ്രഥമാദ്ധ്യാപകൻ. സണ്ടേസ്കൂൾ പ്രവർത്തനത്തിൽ ഈ സണ്ടേസ്കൂൾ ഇന്നും മുൻപന്തിയിൽ നിൽക്കുന്നു.

ചന്ദനപ്പള്ളി എന്നു കേൾക്കുമ്പോൾ ആദ്യം ചിന്തയിൽ വരുന്നത് അവിടത്തെ പ്രസിദ്ധമായ സെന്റ് ജോർജ്ജ് പള്ളിയും, മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ, കൊപ്പാറ ഗീവറുഗീസ് കത്തനാർ, സുപ്രസിദ്ധ സാഹിത്യകാരനായിരുന്ന സാമുവൽ ചന്ദനപ്പള്ളി എന്നിവരുമാണ്. സാഹിത്യത്തിലും ഗവേഷണത്തിലും പ്രസംഗകലയിലും വളരെ പ്രഗത്ഭനായിരുന്ന സി. ഡി. സാമുവൽ ചന്ദനപ്പള്ളി നേരത്തെ അന്തരിച്ചു. എന്റെ ഒരു നല്ല സുഹൃത്തും ഇളയ സഹോദര സ്ഥാനീയനുമായിരുന്ന ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ അകാലമരണം മലങ്കരസഭയ്ക്കും മലയാള സാഹിത്യത്തിനും വിശിഷ്യ ക്രൈസ്തവ സാഹിത്യപഠനത്തിനും നികത്താനാവാത്ത ഒരു നഷ്ടമാണ്.

ഒരു പുരാതന ക്രൈസ്തവ കേന്ദ്രമായ കടമ്പനാട്ടെ പള്ളിവാതുക്കൽ കുടുംബത്തിൽ നിന്ന് ഓമല്ലൂർ-മുള്ളനിക്കാട് അമ്മനേത്തു താമസമാക്കിയ തരകൻ കുടുംബാംഗങ്ങൾ പന്തളത്തു രാജാവിന്റെ മുതൽപിടിക്കാരായിരുന്നു. ഇവർക്കു താമസിക്കാൻ പന്തളത്തു രാജാവ് 40 ഏക്കർ കരഭൂമിയും 40 ഏക്കർ നിലവും കരമൊഴിവായി നൽകിയിരുന്നു. അമ്മനേത്തു തരകന്റെ മകനായ കോര ചന്ദനപ്പള്ളിയിൽ മാറിത്താമസിച്ചു.

ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ ഉൾക്കൊള്ളുന്ന ചന്ദനപ്പള്ളി മാവേലിൽ കുടുംബാംഗങ്ങൾക്കു ഇന്നുള്ള വസ്തുക്കൾ മുള്ളനിക്കാടു താമസിച്ചിരുന്ന മാവേലിൽ നമ്പൂതിരിമാരുടെ വകയായിരുന്നു. അവരിൽ നിന്നു വാങ്ങിയ ഭൂമിയായിരുന്നതിനാൽ ആണ് മാവേലി കുടുംബം എന്ന പേരു കോര നൽകിയത്. മാവേലിൽ കോരയ്ക്കു ഗീവറുഗീസ്,

കോശി, മറിയാം എന്ന മൂന്നു സന്താനങ്ങൾ ജനിച്ചു. മറിയാമ്മയെ കൈപ്പട്ടൂർ വല്യവീട്ടിൽ വിവാഹം ചെയ്തയച്ചു. കോട്ടയം എം. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന വി. ജി. ജോർജ്ജ് ബി.എ., എൽ.ടി. മറിയാമ്മയുടെ പുത്രനായിരുന്നു.

ഗീവറുഗീസിന്റെ മക്കൾ ഇസ്സഹാക്ക്, മാത്യു, ലൂക്കോസ്, കോശി, യോവേൽ, ഏലിയാസ് എന്നിവരാണ്.

നമ്മുടെ കഥാപുരുഷനായ ഫാ. കെ. ഡേവിഡിന്റെ പിതാവ് മാവേലിൽ കോരയുടെ പുത്രൻ കോശിയും മാതാവ് കൈപ്പട്ടൂർ കുന്നത്തേത്ത് വിളയിൽ ചേച്ചമ്മയുമായിരുന്നു. ഇവർക്കു 1895 ഫെബ്രുവരി 17-നു ജനിച്ച പുത്രനാണ് കെ. ഡേവിഡ്. കെ. ഡേവിഡിനു ഒരു സഹോദരനും മൂന്നു സഹോദരിമാരുമാണുണ്ടായിരുന്നത്. കെ. കോരുളയായിരുന്നു സഹോദരൻ. ഇദ്ദേഹത്തിന്റെ മക്കളായിരുന്നു എം. കെ. കോശിയും എം. കെ. ഡേവിഡും. മാവേലിൽ അഡ്വ. ബാബുജി കോശി, പരേതനായ എം. കെ. കോശിയുടെ പുത്രനാണ്. കെ. കോരുളയുടെ മൂത്ത മകൾ തങ്കമ്മയുടെ മകനാണു ചക്കിട്ടടത്തുകുറ്റിയിൽ ഫാ. കെ. വി. സാമുവൽ. ഇദ്ദേഹം ദീർഘകാലം ഓർത്തഡോക്സ് യൂത്ത് മാസികയുടെ പ്രസാധകനും മാനേജരും ആയിരുന്നു. ചന്ദനപ്പള്ളി വടക്കേക്കര ഫാ. ഡോ. പാപ്പച്ചൻ സഹോദരീപുത്രനുമാണ്.

സമർത്ഥനായ വിദ്യാർത്ഥി

നാട്ടുനടപ്പനുസരിച്ച് അക്കാലത്തു ആശാൻ പള്ളിക്കൂടത്തിൽ ചേർത്തും ഓലയിൽ നാരായം കൊണ്ട് ആശാന്മാർ അക്ഷരം കുറിച്ചും മണലിൽ എഴുതിച്ചും ആണു കുട്ടികളെ പഠിപ്പിച്ചു വന്നത്. ഇങ്ങനെ പഠിക്കുക വഴി അക്ഷരങ്ങൾ ശരിക്കു മനസിലാകുമായിരുന്നു. ഓലയിൽ എഴുതി പഠിക്കാതെ ഒന്നും രണ്ടും പാഠാവലികൾ നോക്കി പെട്ടെന്നു പഠിക്കുന്ന കുട്ടികൾക്ക് പലപ്പോഴും ഉയർന്ന ക്ലാസുകളിൽ എത്തിയാലും തിട്ടമില്ലാതെ അക്ഷരത്തെറ്റുകളും അക്ഷരം സംബന്ധിച്ച സ്ഥലജലഭ്രമം കണക്കെയുള്ള സംശയങ്ങളും ഇന്നും അസാധാരണമല്ല. "അനുരഞ്ജനം", "അസ്തിവാരം", "യാദൃച്ഛികം", "അനുഷ്ഠാനം" തുടങ്ങിയ വാക്കുകൾ ഇന്നും ശരിക്ക് എഴുതാൻ അറിഞ്ഞുകൂടാത്ത ബിരുദധാരികൾ ഒട്ടും കുറവല്ല.

ചന്ദനപ്പള്ളി കിഴക്കേവീട്ടിൽ വൈദ്യന്റങ്ങ് ആശാൻ എന്നു വിളിച്ചു വന്ന നിലത്തെഴുത്താശാന്റെ കീഴിലാണു അക്ഷരം പഠിച്ചത്. തുടർന്നു വള്ളിക്കോട് മായാലിൽ സ്കൂളിൽ ചേർന്ന് പഠിച്ചു. പള്ളിവാതുക്കൽ വറുഗീസ്, പാക്കണ്ടത്തിൽ പാപ്പി, ഇഞ്ചിവിളയിൽ കോശി എന്നിവർ സഹപാഠികളിൽ പെടുന്നു.

പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞു പുരാതനവും പ്രശസ്തവുമായ തുമ്പമൺ എം.ജി.എം. മിഡിൽ സ്കൂളിൽ ചേർന്നു. ഈ സ്കൂൾ സ്ഥാപിച്ചത് പരിശുദ്ധനായ പരുമല തിരുമേനിയാണ്. തുമ്പമൺ വലിയ പള്ളിയുടെ എതിർവശത്തു സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ഇപ്പോൾ ഹയർ സെക്കൻഡറി സ്കൂളായി വളർന്നു കഴിഞ്ഞു.

തുമ്പമണ്ണിൽ പഠിക്കുമ്പോൾ മുഖ്യസഹപാഠി ചാമവിളയിൽ കോശിയായിരുന്നു. ഇവർ ഒരുമിച്ച് കുടമുക്ക് - തട്ടവയൽ വഴി മൂന്നു നാലു മൈൽ ദൂരം രാവിലെയും വൈകിട്ടും നടന്നാണ് തുമ്പമൺ സ്കൂളിൽ എത്തി പഠിച്ചുവന്നത്. ഇന്ന് ഒരു കിലോമീറ്റർ പോലും നടക്കാൻ ഒരുക്കമില്ലാതെ ഉടയാത്ത പാന്റ്സും ഷർട്ടും ടൈയും എല്ലാം ധരിച്ചു പ്രൈവറ്റു ബസിൽ ഇടിച്ചു കയറി യാത്രചെയ്യുന്ന പരിഷ്കാരികളായ കുട്ടികൾക്കു ഈ "നടരാജബസ്" യാത്ര മനസിലാക്കാൻ സാധ്യമല്ല.

തുമ്പമൺ മിഡിൽ സ്കൂളിൽ നിന്നു വിജയിച്ച ശേഷം ആ നാട്ടിലെങ്ങും ഹൈസ്കൂൾ ഇല്ലാതിരുന്നതിനാൽ കെ. ഡേവിഡ് കോട്ടയത്തെ അതിപ്രശസ്തവും പഴക്കം ചെന്നതുമായ എം. ഡി. സെമിനാരി ഹൈസ്കൂളിൽ ചേരുകയായിരുന്നു. സമർത്ഥരും സമ്പന്ന കുടുംബങ്ങളിൽപെട്ടവരുമായിരുന്നു എം. ഡി. യിലെ ഭൂരിപക്ഷം സഹപാഠികളും.

തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഒട്ടധികം കുട്ടികൾ അന്ന് എം. ഡി. ഹൈസ്കൂളിന്റെ സന്തോഷവും കിരീടങ്ങളുമായിരുന്നു. പ്രഗല്ഭരായ പല ഹെഡ്മാസ്റ്റർമാരും സമർപ്പണ ജീവിതമുള്ള ഒരധ്യാപകനിര തന്നെയും എം. ഡി. സ്കൂളിൽ പഠിപ്പിച്ചിരുന്നു. സഭാധ്യക്ഷന്മാരും പ്രശസ്തരായ ഒട്ടധികം മേല്പട്ടക്കാരും ദൈവശാസ്ത്രജ്ഞരായ വൈദികരും, രാഷ്ട്രീയ സാമൂഹ്യ നേതാക്കളും മറ്റും എം. ഡി. യുടെ അവിസ്മരണീയ സന്താനങ്ങളാണ്.

നല്ല നിലയിൽ മാർക്കു വാങ്ങി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കെ. ഡേവിഡ് കൽക്കട്ടാ സർവ്വകലാശാലയിൽ ചേർന്നു ഡിസ്റ്റിംഗ്ഷനോടു കൂടി ബി. എ. പാസ്സായി.

വൈകാതെ കെ. ഡേവിഡ് ബി.എ. കൽക്കട്ടയ്ക്കു സമീപത്തു സ്ഥിതി ചെയ്യുന്നതും പ്രശസ്തവുമായ വില്യം കേറി എന്ന മിഷനറി ചെരുപ്പു കുത്തി സ്ഥാപിച്ചതുമായ സെറാമ്പൂർ വൈദികകോളജിൽ ചേർന്ന് 1923-ൽ ബി.ഡി. ഡിഗ്രി നേടി.

സെറാമ്പൂരിൽ പഠിക്കുമ്പോൾ മലങ്കരസഭയെ പല വിധത്തിൽ ഉയർത്താൻ ദൈവം സഹായിച്ച പുത്തൻകാവ് മാർ പീലക്സിനോസ് (അന്ന് ഡീക്കൻ കെ. റ്റി വറുഗീസ്), മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് (അന്ന് ഡീക്കൻ എം. പി. പീറ്റർ) എന്നിവർ കെ. ഡേവിഡിന്റെ പ്രശസ്തരായ സഹപാഠികളായിരുന്നു. സുറിയാനി ഭാഷയിൽ പ്രാഗല്ഭ്യം കുറവായിരുന്ന ഡീക്കൻ എം. പി. പത്രോസിനെ സെറാമ്പൂരിൽ വച്ച് കെ. ഡേവിഡ് സുറിയാനി പഠിപ്പിച്ച കാര്യം ഫാ. കെ. ഡേവിഡിന്റെ ഒരു ശിഷ്യൻ കൂടിയായ ഡാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ പല പ്രാവശ്യം പറഞ്ഞു കേട്ടിട്ടുണ്ട്.

കോട്ടയം എം. ഡി. ഹൈസ്ക്കൂൾ 120 വർഷത്തെ ലഘുചരിത്രം

(മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രമുഖ സിരാകേന്ദ്രമായ കോട്ടയം എം.ഡി. സെമിനാരി വളപ്പിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ എം.ഡി. ഹൈസ്കൂളിന്റെ 120 വർഷത്തെ ചുരുങ്ങിയ ചരിത്രം ഇവിടെ അത്ര പ്രസക്തമല്ലെങ്കിലും കെ. ദാവീദച്ചൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത സ്കൂൾ എന്ന നിലയിൽ സഭാസ്നേഹികൾക്കു കൗതുകകരവും വിജ്ഞാനദായകവുമാണെന്നു കരുതുന്നു.)

മലങ്കര മെത്രാപ്പോലീത്തായും സെമിനാരി സ്ഥാപകനും ആയിരുന്ന ഭാഗ്യസ്മരണാർഹനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ പാവന നാമധേയം നിലനിർത്തത്തക്കവണ്ണം, പുണ്യചരിതനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ 1893-ൽ കോട്ടയത്തു സ്ഥാപിച്ച മഹൽ സ്ഥാപനമാണ് മാർ ഡയനീഷ്യസ് സെമിനാരി ഹൈസ്ക്കൂൾ (എം.ഡി. ഹൈസ്ക്കൂൾ). മലങ്കര ഓർത്തഡോക്സ് സഭയുടെ കേന്ദ്രസ്ഥാനമായ കോട്ടയത്ത് സ്ഥാപിച്ച ഈ ഹൈസ്കൂളിനു നൂറ്റിയിരുപതു വർഷത്തെ അഭിമാനാർഹമായ സേവനചരിത്രമാണുള്ളത്. അനേകം ആചാര്യശ്രേഷ്ഠന്മാരെയും മഹാരഥന്മാരെയും സഭയ്ക്കും നാടിനും സംഭാവന ചെയ്യാൻ കഴിഞ്ഞ ഈ സരസ്വതീക്ഷേത്രം അതിന്റെ ശതാബ്ദി 1993-ൽ കൊണ്ടാടി.

പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ രണ്ടാക്കപ്പെട്ട നസ്രാണികൾക്ക് യോജിച്ച് പ്രവർത്തിക്കുന്നതിന് ഒരു രംഗമുണ്ടാക്കണമെന്നാഗ്രഹിച്ച് ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനും നിധിയിരിക്കൽ മാണിക്കത്തനാരും ചേർന്ന് രൂപപ്പെടുത്തിയ 'നസ്രാണി ജാത്യൈക്യ' സംഘത്തിൽ നിന്നാണ് സ്കൂളിന്റെ ആരംഭം.

പുരോഗമനോന്മുഖമായ പല പ്രവർത്തനങ്ങളിലുമേർപ്പെട്ട മാർ ദീവന്നാസ്യോസിന്റെ വലിയ അഭിലാഷമായിരുന്നു "ഡാറാ" സായിപ്പിൽ നിന്നു വാങ്ങിച്ച "വുഡ്ലാൻഡ്സ്" എസ്റ്റേറ്റിൽ ഒരു സ്കൂൾ തുടങ്ങുകയെന്നത്. സ്കൂൾ കെട്ടിടത്തിന്റെ മൂലക്കല്ല് ഡാറാ സായിപ്പ് 1888-ൽ സ്ഥാപിച്ചു. പല സഹായങ്ങളും ചെയ്യാമെന്ന് ഡാറാ സായിപ്പ് സമ്മതിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ പെട്ടെന്നുള്ള ദേഹവിയോഗം കൊണ്ട് സഹായങ്ങൾ ഒന്നുംതന്നെ ലഭിച്ചില്ല. അതിനാൽ തിരുമേനി വളരെ പ്രയാസപ്പെട്ടു. കടം വാങ്ങിയും, മോതിരവും അംശവടിയും പണയം വച്ചും, പള്ളികളിൽ നിന്ന് പിരിവെടുത്തും, മൂന്നുനാലു വർഷം കൊണ്ട് സ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി.

സ്കൂൾ ശരിയായ നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിന്, കണ്ട ത്തിൽ വറുഗീസ് മാപ്പിള സെക്രട്ടറിയും, പുകടിയിൽ യൗസേപ്പ് ഇട്ടൂപ്പ്, കൊച്ചുവളഞ്ഞാറ്റിൽ കോര കുര്യൻ, ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ് എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മറ്റിയേയും ഏർപ്പെടുത്തി. ഇവ രുടെ ത്യാഗനിർഭരമായ സേവനമാണ് സ്കൂളിന്റെ ആരംഭത്തിനും വളർ ച്ചയ്ക്കും കാരണമായത്.

1893 ജനുവരി 30-ാം തീയതി അന്നത്തെ കോട്ടയം ദിവാൻ പേഷ്കാർ രാമരായർ സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

നൂറു വിദ്യാർത്ഥികളോടുകൂടി ആരംഭിച്ച ഈ വിദ്യാലയം, തിരുമേനി മാരുടെ ഭരണച്ചുമതലയിലും, പ്രഥമാദ്ധ്യാപകരുടെയും അദ്ധ്യാപകവരേ ണ്യരുടെയും ശ്രമഫലമായും, അഭ്യുദയകാംക്ഷികളുടെ സഹകരണ ത്തിലും പടിപടിയായി വളർന്ന് ഇന്ന് 47 ഡിവിഷനുകളിലായി രണ്ടായി രത്തിഇരുന്നൂറ്റിനാല്പത്തൊന്ന് വിദ്യാർത്ഥികളും അദ്ധ്യാപകരും ഓഫീസ് സ്റ്റാഫും ഉൾപ്പെടെ 93 പേരുമുള്ള ഒരു മഹൽ സ്ഥാപനമായി ത്തീർന്നിട്ടുണ്ട്. സ്കൂളിനോട് ചേർന്ന് പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ സ്മരണയെ നിലനിർത്തത്തക്ക വണ്ണം സ്ഥാപിച്ചിട്ടുള്ള മാർ ഔഗേൻ ബോർഡിംഗ് ഹോമും നല്ല നില യിൽ പ്രവർത്തിക്കുന്നു.

ആദ്യകാല പ്രവർത്തകർ

കണ്ടത്തിൽ വറുഗീസ് മാപ്പിള

സ്കൂൾ നടത്തിപ്പിനുള്ള ആദ്യകാല കമ്മറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ ത്യാഗനിർഭരമായ സേവനമനുഷ്ഠിച്ച മഹൽ വ്യക്തിയാണ് കണ്ടത്തിൽ വറുഗീസ് മാപ്പിള. പ്രഗത്ഭനും പ്രശസ്തനും മലയാള മനോ രമ പത്രത്തിന്റെ പത്രാധിപരുമായിരുന്ന അദ്ദേഹം മരണംവരെ എം. ഡി. സെമിനാരിയുടെ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചുകൊണ്ടിരുന്നു.

ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ്

സ്കൂളിന്റെ ഉയർച്ചയ്ക്കുവേണ്ടി ആദ്യകാലം മുതൽ പ്രവർത്തിച്ച ത്യാഗധനനാണ് ഇ. എം. ഫിലിപ്പോസ്. അദ്ദേഹം സെക്രട്ടറിയായിരിക്കു മ്പോൾ സ്കൂൾ ലൈബ്രറിക്കുവേണ്ടി സ്വദേശത്തുനിന്നും വിദേശത്തു നിന്നുമായി 3000 രൂപയുടെ പുസ്തകങ്ങൾ ശേഖരിക്കുകയുണ്ടായി. എം. ഡി. സെമിനാരി ഷോടതി (ലോട്ടറി) നടത്തുന്നതിനും അതു വിജയിപ്പി ക്കുന്നതിനുമായി അദ്ദേഹവും കണ്ടത്തിൽ വറുഗീസ് മാപ്പിളയും അനു ഭവിച്ച ക്ലേശങ്ങൾ വിസ്മരിക്കാവുന്നതല്ല.

മാനേജ്മെന്റ്

1893 മുതൽ 1909 വരെ സ്കൂൾ മാനേജർ സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തന്നെയായിരുന്നു. 1909 മുതൽ 1934 വരെ മാനേജരായി സേവനമനുഷ്ഠിച്ചത് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് ആണ്. ആദ്യകാല പ്രിൻസിപ്പലും അദ്ദേഹമായിരുന്നു. ആദ്യ ദശകത്തിൽ കറസ്പോണ്ടന്റായി മല്ലപ്പള്ളി മാരേട്ട് എ. ഫിലിപ്പോസ് സേവനം ചെയ്തു.

1934 മുതൽ 1964 വരെ സ്കൂളിന്റെ ഭരണച്ചുമതല വഹിച്ചത് പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാണ്. ആ കാലങ്ങളിൽ കറസ്പോണ്ടന്റ് പാറേട്ട് മാത്യൂസ് അച്ചനായിരുന്നു. അദ്ദേഹം മാത്യൂസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയതിനുശേഷം 1964 മുതൽ 1971 വരെ കാതോലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂളുകളുടെ ജനറൽ മാനേജരായിരുന്നു.

1971 മുതൽ 1979 വരെ മാനേജരായി ഭരണച്ചുമതല വഹിച്ചത്, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ആയിരുന്നു. 1979 മുതൽ സ്കൂളുകളുടെ ഭരണച്ചുമതല പ. ബാവാ, ജോസഫ് മാർ പക്കോമിയോസിനെ ഏല്പിച്ചു. 1991 ഓഗസ്റ്റ് 19-നു ആ ദീപം പൊലിഞ്ഞു. തുടർന്ന് സ്കൂളുകളുടെ മാനേജർ ആയി സേവനമനുഷ്ഠിച്ചത് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് ആണ്. അദ്ദേഹത്തിന്റെ സഹായ സഹകരണം കൊണ്ടാണ് ശതാബ്ദി സ്മാരക മന്ദിരത്തിന്റെ പണി ആരംഭിക്കുവാൻ സാധിച്ചത്.

കോർപറേറ്റ് മാനേജ്മെന്റിന്റെ ആവിർഭാവത്തിനു മുമ്പ് മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുത്ത ഒരു ഭരണസമിതിയായിരുന്നു ഈ വിദ്യാലയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയത്. പ്രസ്തുത കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുള്ളത് കെ. കെ. തോമസ് കന്നുകുഴിയിൽ, കെ. എം. ചെറിയാൻ (മലയാള മനോരമ), കെ. ചെറിയാൻ വട്ടക്കുന്നേൽ, പി. എൻ. നൈനാൻ പുതുപ്പള്ളി, എം. എം. ഏബ്രഹാം മാളിയേക്കൽ, ഒ. എം. മാത്യു ഒരുവട്ടിത്തറ, പി. എ. പൈലോ പുളിമൂട്ടിൽ എന്നിവരാണ്. കമ്മിറ്റി ചെയർമാൻ മാർ പീലക്സിനോസ് തിരുമേനി ആയിരുന്നു.

അദ്ധ്യാപകവരേണ്യർ

സ്കൂളിന്റെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ച പ്രഗത്ഭരും

പ്രശസ്തരും ത്യാഗസമ്പന്നരുമായിരുന്ന ഒട്ടധികം അദ്ധ്യാപകരുണ്ട്. കെ. വി. രാമസ്വാമി അയ്യർ, താന്നിക്കൽ കുരുവിള മാസ്റ്റർ, കൊട്ടാരത്തിൽ ശങ്കുണ്ണി, പന്തളം കൃഷ്ണവാര്യർ, ചേരിക്കൽ വർക്കി മാസ്റ്റർ, പുളിക്കമറ്റത്തിൽ മാണി മാസ്റ്റർ, പടിഞ്ഞാറെപ്പറമ്പിൽ ഉതുപ്പു മാസ്റ്റർ, പി. യു. ജോൺ, പി. മത്തായി, വാളനടിയിൽ തോമസ് കത്തനാർ, വട്ടശ്ശേരിൽ വി. എ. വറുഗീസ്, വെങ്കിടാചലമയ്യങ്കാർ, കെ. എസ്. നീലകണ്ഠനുണ്ണി, ഫാ. കെ. ഡേവിഡ്, പി. എം. ജോർജ്, എം. വി. കുറിയാക്കോസ്, കെ. കെ. തോമസ് കരുനാട്ട് തുടങ്ങിയവർ അവരിൽ ചിലരാണ്.

പ്രഥമാദ്ധ്യാപകർ

അതിപ്രഗത്ഭരും ധിഷണാസമ്പന്നരുമായ പ്രഥമാദ്ധ്യാപകരുടെ സേവനം ഈ സരസ്വതീക്ഷേത്രത്തിനു ലഭിച്ചു. ആദ്യകാല പ്രിൻസിപ്പൽ വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനി ആയിരുന്നു. സുബ്രഹ്മണ്യ അയ്യർ, പി. വി. ഫിലിപ്പ്, തോമസ് വറുഗീസ്, ജി. അലക്സാണ്ടർ മാസ്റ്റർ, കെ. സി. മാമ്മൻ മാപ്പിള (പൂർണ ഹൈസ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ), ഫാ. പി. റ്റി. ഗീവറുഗീസ് (പിന്നീട് മാർ ഈവാനിയോസ്), വി. ജെ. ഇട്ടിച്ചെറിയ, വി. ജി. ജോർജ്ജ്, കെ. സി. ജോൺ, സി. യു. മാത്യു, ഫാ. എം. എം. ജേക്കബ് (പിന്നീട് അഭിവന്ദ്യ യാക്കോബ് മാർ പോളിക്കർപ്പോസ്), അന്നമ്മ ഇട്ടിച്ചെറിയ, കെ. എം. മാത്യു തിരുവല്ല, കെ. ജോൺ മാത്യൂസ് തുമ്പമൺ, കെ. എം. മാത്യു വാഴൂർ, കെ. സി. ചാക്കോ തിരുവല്ല, കെ. കെ. ഏബ്രഹാം പുത്തൻകാവ്, സി. എ. ബേബി, പി. ജി. ഫിലിപ്പ്, കെ. ഒ. വറുഗീസ്, ജോൺ കുര്യൻ, മേരിയസ് സ്ലീബാ, സി. കെ. മത്തായി, പി. എസ്. ജേക്കബ്, വി. എ. മാത്യു, ഫിലിപ്പ് കെ. വറുഗീസ് എന്നിവർ ഈ പരമ്പരയിൽ പെട്ടവരാണ്.

എം. ഡി. സെമിനാരി പാഠ്യരംഗത്തും പാഠ്യാനുബന്ധ മത്സര രംഗത്തും ഒന്നുപോലെ ഉന്നതസ്ഥാനത്തു നിന്ന കാലമായിരുന്നു ഇട്ടിച്ചെറിയാ മാസ്റ്ററുടെ കാലം. ബസ്സേലിയോസ് കോളജിനു വേണ്ടി വിട്ടുകൊടുത്ത കെട്ടിടങ്ങൾ, ഫുട്ബോൾ ഫീൽഡ് തുടങ്ങിയവ പണികഴിപ്പിച്ചതും ഇക്കാലത്താണ്.

1958-ൽ സ്കൂൾ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടു. പഴയ സ്കൂൾ കെട്ടിടങ്ങളും മറ്റെല്ലാവിധ സൗകര്യങ്ങളും, ഹയർസെക്കണ്ടറിക്കായി ശേഖരിച്ച ഉപകരണങ്ങളും ബസ്സേലിയോസ് കോളജിനു വിട്ടുകൊടുത്തത് 1964-ൽ ആണ്. മാത്രമല്ല സ്കൂൾ ഇന്നത്തെ സ്ഥാനത്തേക്ക് മാറ്റപ്പെടുകയും ചെയ്തു.

അഭിമാനാർഹമായ സമ്പത്ത്

നൂറ്റിയിരുപതു വയസ്സായ ഈ വിദ്യാലയ മാതാവിന്റെ മക്കളാണ് പ.

ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ, പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ, അഭിവന്ദ്യരായ മാത്യൂസ് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ്, തോമ്മാ മാർ ദീവന്നാസ്യോസ്, യാക്കോബ് മാർ പോളിക്കർപ്പോസ്, ഫിലിപ്പോസ്, മാർ തേയോഫിലോസ് തുടങ്ങിയവർ. കേണൽ ഗോദവർമ്മരാജാ, റിട്ട. ചീഫ് ജസ്റ്റീസ് കെ. റ്റി. കോശി, റിട്ട. പ്രൊഫ. ഇ. വി. നാരായണപിള്ള, അഖിലേന്ത്യാ ഫുട്ബോൾ ചാമ്പ്യനായിരുന്ന അബ്ദുൽ സാലി, റിട്ട. ഇൻകം ടാക്സ് കമ്മീഷണർ കെ. സി. തോമസ്, ഇസഡ്. എം. പാറേട്ട്, കെ. എം. ചെറിയാൻ, കെ. എം. മാത്യു (മലയാള മനോരമ), ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ, മുൻ മുനിസിപ്പൽ ചെയർമാൻമാരായ കുര്യൻ ഉതുപ്പ്, പി. സി. ചെറിയാൻ മടുക്കാനി, ജേക്കബ് ചെറിയാൻ, പി. സി. ചെറിയാൻ പടിഞ്ഞാറേക്കര, സഭാട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, പ്രൊഫ. പി. എൽ. സ്റ്റീഫൻ, ഡോ. അമ്പുരാൻ, മുൻ മന്ത്രി എം. പി. ഗോവിന്ദൻ നായർ, ഒ. എം. മാത്യു, പി. ഗീവറുഗീസ്, വേളൂർ കൃഷ്ണൻകുട്ടി തുടങ്ങിയവർ.

നൂറ്റിഇരുപതു വർഷം മുമ്പ് ഉപയോഗിച്ചിരുന്ന സ്കൂളിന്റെ പ്രാർത്ഥനാമുറിയുടെ സമീപത്തായിരുന്നു മാർ ഏലിയാ ചാപ്പൽ.

എം. ഡി. കൊമേഴ്സ്യൽ സെന്റർ, ബസ്സേലിയോസ് കോളജ്, എം. ഡി. സ്കൂൾ ശതാബ്ദി സ്മാരകമന്ദിരം, സ്ഥാപകനായിരുന്ന മാർ ദീവന്നാസ്യോസ് അഞ്ചാമൻ സ്മാരക മന്ദിരം മുതലായവ എം. ഡി. ഹൈസ്കൂളിന്റെ മാറ്റു വർദ്ധിപ്പിക്കുകയും അക്ഷരാർത്ഥത്തിൽ മുഖഛായ മാറ്റുകയും ചെയ്തിരിക്കുന്നു. ഈ സ്കൂളിൽ പഠിച്ചവരും പഠിപ്പിച്ചവരും എത്രയോ ധന്യർ എന്ന ചിന്തയാണ് കാൽ നൂറ്റാണ്ടിലധികം എം. ഡി. സ്കൂൾ അധ്യാപകനായിരുന്ന ഫാ. കെ. ഡേവിഡിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ഓടി എത്തുന്നത്.

ബഹുമുഖ സേവനരംഗങ്ങളിൽ

ബി.ഡി. ബിരുദം നേടിയതിനെ തുടർന്ന് ഒട്ടും വൈകാതെ ഡീക്കൻ കെ. ഡേവിഡ് തന്റെ മാതൃവിദ്യാലയമായ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിലെ ഒരധ്യാപകനായി നിയമിക്കപ്പെട്ടു. ഉയർന്ന വിദ്യാഭ്യാസവും യോഗ്യതകളുമുള്ള അധ്യാപകരെ കിട്ടാൻ പ്രയാസമുള്ള ഒരു കാലഘട്ടമായിരുന്നല്ലോ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ. മാതൃവിദ്യാലയത്തിലെ ഒരു മാതൃകാധ്യാപകനാകാൻ ഫാ. കെ. ഡേവിഡിനു അധികനാൾ വേണ്ടിവന്നില്ല. അധ്യാപക ട്രെയിനിംഗ് കൂടാതെ എം.ഡി. ഹൈസ്കൂളിൽ 26 വർഷം അധ്യാപകനായിരുന്ന ഡീക്കൻ കെ. ഡേവിഡിനു ജീവിതത്തിൽ വളരെ ഉയർന്ന ശതക്കണക്കിനു കുട്ടികളുടെ ഗുരുവായിരിക്കാൻ അവസരം ലഭിച്ചു. പ്രശസ്തരായ വിദ്യാർത്ഥികളുടെ പേരെല്ലാം വിസ്തരഭയത്താൽ വിടുകയാണ്. എന്നിരിക്കിലും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ഡാനിയേൽ മാർ പീലക്സിനോസ്, മലയാള മനോരമയുടെ ചീഫ് എഡിറ്ററായിരുന്നു അടുത്ത കാലത്ത് അന്തരിച്ച കെ. എം. മാത്യൂ, മലങ്കരസഭാ സെക്രട്ടറിയും ട്രസ്റ്റിയും ആയിരുന്ന പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, ഇന്ത്യയിലെ ഒന്നാംകിട ടയർ ഫാക്ടറിയായ എം.ആർ.എഫ്. മാനേജിംഗ് ഡയറക്ടർ ആയിരുന്ന കെ. എം. മാമ്മൻ മാപ്പിള, മദ്രാസിലെ ഒരു പ്രമുഖ അഭിഭാഷകനായിരുന്ന പി. സി. കുര്യൻ പടിഞ്ഞാറേക്കര, മുൻ എം.എൽ.എ. പി. സി. ചെറിയാൻ പടിഞ്ഞാറേക്കര, കോട്ടയം മുനിസിപ്പൽ ചെയർമാനായിരുന്ന പി. സി. ചെറിയാൻ മടുക്കാനി മുതലായവർ ഫാ. കെ. ഡേവിഡിന്റെ ശിഷ്യരിൽ ഉൾപ്പെടുന്നു. കുട്ടികളിൽ മൂല്യബോധവും ശിക്ഷണവും സഭാസ്നേഹവും വളർത്തുന്നതിൽ ഫാ. കെ. ഡേവിഡ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അധ്യാപകനായിരിക്കുമ്പോൾ തന്നെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചുമതലയും അദ്ദേഹം കാര്യക്ഷമമായി വഹിച്ചിരുന്നു.

കോട്ടയം എം.ഡി. യിൽ 26 വർഷം അധ്യാപകനായിരുന്നശേഷം പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂളിലേക്കു സ്ഥലംമാറ്റപ്പെട്ട അദ്ദേഹം അവിടെ ആറു വർഷം പഠിപ്പിച്ച ശേഷം 1956-ൽ റിട്ടയർ ചെയ്തു. സീനിയോറിറ്റി അനുസരിച്ച് വലിയ ഉത്തരവാദിത്വമുള്ള ഹെഡ്മാസ്റ്റർ സ്ഥാനം ലഭിക്കുമായിരുന്നു എങ്കിലും സൺഡേസ്കൂൾ പ്രസ്ഥാനം വേണ്ടവിധം നടത്തിക്കൊണ്ടുപോകാൻ അതു തടസ്സമാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് അഭികാമ്യം എന്നു പലരും കരുതുന്ന ഹെഡ്മാസ്റ്റർ പദവി വേണ്ടെന്നു വച്ചത്. മെത്രാൻ സ്ഥാനം സ്വീകരിക്കാൻ വട്ടശ്ശേരിൽ തിരുമേനി നിർബന്ധിച്ചിട്ടും അത് അധഃകൃതരുടെ ഇടയിലുള്ള തന്റെ വേലയ്ക്കു തടസ്സമെന്നു പറഞ്ഞ് നിരാകരിച്ച മറ്റൊരാളാണ് ഫാ. കെ.

ഡേവിഡിന്റെ സഹപാഠിയായ മൂക്കഞ്ചേരിൽ ഫാ. എം. പി. പത്രോസ് എന്നും ഓർക്കേണ്ടതുണ്ട്.

മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ്, ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവരുടെ പ്രീതിവാത്സല്യങ്ങൾ ലോഭമെന്യെ ലഭിച്ച സ്മര്യപുരുഷന് 1911-ൽ മലങ്കരമെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനി ശെമ്മാശുപട്ടവും 1929-ൽ കശ്ശീശാപട്ടവും നൽകി. സഭാതലങ്ങളിലെ ബഹുമുഖ സേവനങ്ങളെ മുൻനിർത്തി 1965-ൽ ദേവലോകം അരമന ചാപ്പലിൽ വച്ച് പ. ഔഗേൻ ബാവാ ഫാ. കെ. ഡേവിഡിനു കോർഎപ്പിസ്ക്കോപ്പാ സ്ഥാനം നൽകി അദ്ദേഹത്തെ ബഹുമാനിച്ചു.

വൈദികനായ ശേഷം സ്കൂളിൽ നിന്നു ആറു മാസത്തെ അവധി എടുത്ത് ഫാ. കെ. ഡേവിഡ് സിലോണിൽ (ഇന്നു ശ്രീലങ്ക) സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തെ സഹായിക്കാനായി പോയത് ബഥനി ആശ്രമാംഗവും അച്ചന്റെ പിതൃസഹോദരപുത്രനുമായിരുന്ന യോവേൽ ആയിരുന്നു. അന്നു ബാഹ്യകേരള ഭദ്രാസനത്തിന്റെ സാരഥിയും ഭാഗ്യസ്മരണാർഹനും കലർപ്പില്ലാത്ത ഓർത്തഡോക്സ് വിശ്വാസത്തിന്റെ കസ്റ്റോഡിയനുമായിരുന്ന ബഥനിയുടെ മട്ടയ്ക്കൽ അലക്സിയോസ് മാർ തേവോദോസിയോസിന്റെ കല്പനപ്രകാരമാണ് ദാവീദച്ചൻ സിലോണിൽ പോയത്.

ചന്ദനപ്പള്ളി ഇടവകാംഗങ്ങളിൽ നിന്ന് ആദ്യമായി പൗരോഹിത്യപദവിയിലേക്കു വിളിക്കപ്പെട്ട് അവിടെ വികാരിയായിരുന്നത് ഫാ. കുറിയാക്കോസ് തയ്യിലാണ്. പിന്നീട് ആയുഷ്കാല വികാരിമാരായി ഇടവക തെരഞ്ഞെടുത്തത് ഫാ. കെ. ഡേവിഡ്, ഫാ. എ. ജി. ഗീവറുഗീസ് കൊപ്പാറ എന്നിവരെയാണ്. കോട്ടയം എം. ഡി. ഹൈസ്കൂളിൽ അധ്യാപകനായിരുന്ന കാലത്ത് ഒന്നിടവിട്ട ഞായറാഴ്ചകളിലാണു ചന്ദനപ്പള്ളി വലിയപള്ളിയിൽ ദാവീദച്ചൻ വി. കുർബ്ബാന അനുഷ്ഠിച്ചുവന്നത്. മറ്റു ഞായറാഴ്ചകളിൽ അങ്ങാടിക്കൽ മാർ ബസ്സേലിയോസ്, നെടുമൺകാവ് സെന്റ് ജോർജ്, ചന്ദനപ്പള്ളി സെന്റ് തോമസ് എന്നീ പള്ളികളിലും ആരാധന നടത്തിയിരുന്നു.

(നെടുമൺകാവു പള്ളിയിലും ആയുഷ്കാല വികാരിയായിരുന്നു ഫാ. കെ. ഡേവിഡ്. മാസത്തിൽ ഒരു തവണ മാത്രമേ അന്നു നെടുമൺകാവു പള്ളിയിൽ വി. കുർബ്ബാന ചൊല്ലിയിരുന്നുള്ളൂ). ചന്ദനപ്പള്ളിയിലെ പള്ളികൾ പുതുക്കി പണിയുന്നതിനും നെടുമൺകാവു പള്ളി സ്ഥാപിക്കുന്നതിനും ദാവീദച്ചൻ മുൻകൈ എടുത്തു.

ചന്ദനപ്പള്ളി സെന്റ് ജോർജ് പള്ളി ഇന്ന് പുതുപ്പള്ളി സെന്റ് ജോർജ്

വലിയപള്ളിയെപ്പോലെ ആഗോള തീർത്ഥാടനകേന്ദ്രമായി വളർന്നിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പ് ഇടവകാംഗമായ ഒരാൾ പാത്രിയർക്കീസ് വിഭാഗത്തിൽ പോയി ശെമ്മാശ്ശുപട്ടമേറ്റ് പള്ളിയിൽ കടന്നുകയറാനും ഇടവകയിൽ ഒരു പിളർപ്പുണ്ടാക്കാനും നടത്തിയ ശ്രമം വിഫലമാക്കിയത് ദാവീദച്ചന്റെ തന്ത്രപരവും ബുദ്ധിപൂർവ്വവുമായ നീക്കങ്ങൾ കൊണ്ടാണെന്ന വസ്തുത പലർക്കും ശരിക്കറിഞ്ഞു കൂടാ. ഈ ശെമ്മാശന്റെ അംഗബല മുള്ള കുടുംബങ്ങളിൽ നിന്നും ആരും തന്നെ ശെമ്മാശന്റെ നീക്കങ്ങളെ പിന്തുണച്ചില്ല. മഞ്ഞനിക്കര പള്ളിയിൽ ഇടവകാംഗമായ ഒരു കൈപ്പട്ടൂക്കാരൻ ചന്ദനപ്പള്ളിയിലെ പല വീടുകളിലും സ്വാധീനം ചെലുത്താൻ ശ്രമിച്ചു എങ്കിലും അതും പരാജയപ്പെട്ടു.

മാർ ഏലിയാ ചാപ്പൽ വികാരി

ചന്ദനപ്പള്ളിയിലെ പള്ളികളുടെ വികാരിയായിരുന്ന ഫാ. കെ. ഡേവിഡിനെ കുറച്ചുകാലത്തേക്കു കോട്ടയം മാർ ഏലിയാ ചാപ്പലിന്റെ വികാരിയായി നിയമിച്ച കാര്യം ഇന്നത്തെ അവിടത്തെ ഭാരവാഹികൾക്കു ഞാൻ അക്കാര്യം പറഞ്ഞപ്പോൾ ഒരു പുതിയ വാർത്ത ആയിരുന്നു. ആ പള്ളിമുറിയിൽ മുൻ വികാരിമാരുടെ ഫോട്ടോകൾ വച്ചിട്ടുണ്ട്. എന്തുകൊണ്ടാണു ഫാ. കെ. ഡേവിഡിന്റെ പടം വയ്ക്കാത്തതെന്നു ചോദിച്ചപ്പോൾ ഇപ്പോഴത്തെ ട്രസ്റ്റിക്ക് അക്കാര്യം അറിഞ്ഞുകൂടെന്നു സത്യസന്ധതയോടെ മറുപടി പറഞ്ഞു. ഒരു പക്ഷെ അവർ നന്ദിപൂർവ്വം ദാവീദച്ചന്റെ പടം കൂടി വയ്ക്കുമെന്നാശിക്കുകയാണ്. അച്ചനെ വികാരിയായി നിയമിച്ചുകൊണ്ടുള്ള 1934 -ലെ കല്പന കാണുക.

നമ്പർ 289

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി). വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കെ. ദാവീദു കത്തനാർക്കു വാഴ്വ്.

പ്രിയനെ!

മാർ ഏലിയാ ചാപ്പൽ വികാരിയായി വേറൊരു കല്പന ഉണ്ടാകുന്നതുവരെ തന്നെ നാം നിയമിച്ചിരിക്കുന്നു. താനും നമ്മുടെ വാളനടിയിൽ തോമസു കത്തനാരും കൂടി മുടങ്ങാതെ തവണകൾ നടത്തുകയും താൻ വരുമാനങ്ങൾ എടുത്തു കണക്കെഴുതി സൂക്ഷിക്കയും ആവശ്യപ്പെടുമ്പോൾ നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു 1934-നു കൊല്ലം 1109 ഇടവം 10-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

കത്തീഡ്രൽ

കത്തീഡ്രൽ: കത്തീഡ്രാ എന്നതു ഗ്രീക്കു വാക്കാണ്. 'കത്തെദ്രാ'

ലത്തീൻ പദം. സിംഹാസനം എന്നർത്ഥം. തത്തുല്യമായ സുറിയാനി പദം കുർസിയോ എന്നാണ്.

എപ്പിസ്കോപ്പൽ സിംഹാസനം സ്ഥിതിചെയ്യുന്ന പള്ളിയാണു കത്തീഡ്രൽ. മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സിംഹാസനാസ്ഥാനമായ കോട്ടയം കാതോലിക്കേറ്റ് അരമനയിലെ പള്ളിയാണു പ. ബാവായുടെ യഥാർത്ഥ കത്തീഡ്രൽ.

കോട്ടയത്തെ മറ്റു കത്തീഡ്രലുകൾ ക്രിസ്തുരാജ കത്തീഡ്രലും സി.എസ്.ഐ. കത്തീഡ്രലും ആണ്. മറ്റെവിടെയെങ്കിലും ഉള്ള ഒരു ചാപ്പലോ പള്ളിയോ സ്വാധീനം ചെലുത്തി ഒരു സുപ്രഭാതത്തിൽ കത്തീഡ്രൽ എന്നു വിളിക്കപ്പെടുമ്പോഴും ബോർഡ് എഴുതി വയ്ക്കുമ്പോഴും ആ മഹത്തായ പദത്തിന്റെ അർത്ഥം തീർത്തും ചോർന്നുപോകുന്നു.

പ്രമുഖ പള്ളികളായ നിരണം പള്ളിയും, പുതുപ്പള്ളി പള്ളിയും, മണർകാട് പള്ളിയും, ചന്ദനപ്പള്ളി പള്ളിയും ഒന്നും കത്തീഡ്രൽ ആകാത്തതു അവിടം ഭദ്രാസനാസ്ഥാനവും മേല്പട്ടക്കാരുടെ വാസസ്ഥാനവും അല്ലാത്തതുകൊണ്ടാണ്. പത്തനംതിട്ടയ്ക്കടുത്തുള്ള കുമ്പഴയിൽ രണ്ട് ഇടവകക്കാർ തമ്മിൽ കത്തീഡ്രലിനുവേണ്ടി പിടിവലി നടത്തിയപ്പോൾ വഴക്ക് ഒഴിവാക്കാൻ രണ്ടു പള്ളികളും കത്തീഡ്രലാക്കി പ്രശ്നം പരിഹരിച്ച ചരിത്രം ആധുനികം. അതൊരു പഞ്ചായത്തു നീതി!

വലിയ ചില പള്ളികളേയും ശക്തരും പണക്കാരുമായ ചില ഇടവകക്കാരുടെ നിർബന്ധം മൂലം കത്തീഡ്രലാക്കുമ്പോൾ (ഇതു നിരുത്സാഹപ്പെടുത്തേണ്ട പ്രവണതയാണ്) ആ പദത്തിന്റെ മാന്യവും ആത്മീയവുമായ അർത്ഥം "നെയ്യില്ലാത്ത നെയ്യപ്പം പോലെ" വികലമാക്കപ്പെടുകയാണ്. ഇന്നത്തെ പിറവം 'കത്തീഡ്രൽ പ്രശ്നം' സഭയ്ക്ക് ഒട്ടും ഭൂഷണമല്ല.

'കത്തീഡ്രൽ പള്ളി' എന്ന പ്രയോഗം ഇരട്ടിപ്പാണെന്ന് അറിയാതെ ചില പത്രങ്ങളിൽ എഴുതിക്കാണുന്ന പ്രയോഗം "ഗേറ്റു വാതിൽ" എന്നു പറയുന്നതുപോലെയോ "പ്രതിസന്ധിഘട്ടം" പോലെയോ തെറ്റാണ്. കത്തീഡ്രൽ എന്നു മാത്രം പറഞ്ഞാൽ മതി.

കോർഎപ്പിസ്കോപ്പാ

ഏതാണ്ട് ഇതുപോലെ തന്നെയാണ് ഉത്തരവാദിത്വമോ അധികാരമോ ഇല്ലാത്ത കോർഎപ്പിസ്കോപ്പാ സ്ഥാനത്തിന്റെ കാര്യവും. പ്രഗത്ഭരും വിവിധ സേവനരംഗങ്ങളിൽ പ്രശോഭിച്ചവരുമായ ചില പ്രമുഖ വൈദികർക്കു മുമ്പു നൽകിവന്നതും ഗ്രാമത്തിലെ ബിഷപ്പ് എന്നർത്ഥമുള്ളതു

മായ കോർഎപ്പിസ്കോപ്പാ സ്ഥാനം ഇന്നു സാധാരണ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പല സാദാ വൈദികർക്കും വേണ്ടത്ര ചിന്തയില്ലാതെ നൽകുമ്പോൾ ആ സ്ഥാനമാഹാത്മ്യത്തിനു മങ്ങൽ ഏല്ക്കുന്നു. മെത്രാന്മാരാകാൻ വളരെ നിർബന്ധിച്ചിട്ടും ആത്മാർത്ഥതയോടും വിനയത്തോടും വേണ്ടാ എന്നു പറഞ്ഞു നിരാകരിച്ചവരാണ് പാമ്പാടി തിരുമേനി, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, മൂക്കഞ്ചേരിൽ പത്രോസ് റമ്പാച്ചൻ, പാറേട്ട് മാത്യൂസ് കത്തനാർ, ഫാ. കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ, മണലിൽ യാക്കോബ് കത്തനാർ മുതലായവർ.

ഇന്ന് അരമനയും കാറും ചെങ്കോലും ലഭിക്കുന്ന മെത്രാൻ സ്ഥാനത്തിനും അധികാരരഹിത ട്രസ്റ്റി സ്ഥാനത്തിനും മാനേജിംഗ് കമ്മിറ്റി അംഗത്വത്തിനും വേണ്ടി എത്രയോ പേർ ഉറക്കമിളച്ചു നടത്തുന്ന ഫോൺവിളികൾക്കു പുറമെ കത്തുകളും ലേഖനങ്ങളും വാറോലകളും തയ്യാറാക്കിയും മറ്റുള്ളവരുടെ പേരുവച്ചു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയും ടെലിഫോൺ-തപാൽ വകുപ്പുകളെ സമ്പന്നമാക്കുന്നുണ്ട്. അരമനകളിൽ മരുവാനും മരിക്കുമ്പോൾ മുൻ 'മാനേജിംഗ് കമ്മിറ്റി അംഗം' എന്നു പേരിനോടൊപ്പം ചേർക്കാനുമാണു ചിലർ മത്സരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ചിലർ ഗണ്യമായ തുക നൽകി നോമിനേറ്റു ചെയ്യപ്പെടുന്നു. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗം. മഹാനും തന്ത്രശാലിയും ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ ലക്ഷ്യസാധ്യത്തിനുവേണ്ടി സ്ഥാനമാനങ്ങൾ നൽകി എതിരാളിയെ നേടിയ കാര്യവും ചരിത്ര സംഭവമാണ്.

തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ, തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ, ചിറത്താലാട്ട് സി. വി. ജോർജ് കോർഎപ്പിസ്കോപ്പാ, കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ എന്നിവർ ആ ഉന്നത സ്ഥാനത്തിനു സർവ്വദാ യോഗ്യരാണെന്നു പുണ്യചരിതരായ കാതോലിക്കാബാവാമാർ കണ്ടറിഞ്ഞു നൽകിയതാണ്.

ഇന്നു മലങ്കരസഭയിലെ പ്രഗത്ഭരും ഒട്ടധികം മേല്പട്ടക്കാരുടെ ശ്രേഷ്ഠ ഗുരുക്കന്മാരും ഉൾപ്പെടെ പല വൈദികരും കോർഎപ്പിസ്കോപ്പാസ്ഥാനം വച്ചു നീട്ടിയിട്ടും നിരാകരിക്കുകയാണ്. ആനയുടെ ശിരോലങ്കാരതുല്യമായ കുപ്പായവും കുടവയർ നിയന്ത്രിക്കാൻ സഹായകമായ ലക്ഷ്മണരേഖ കണക്കെയുള്ള ചുമന്ന ഇടക്കെട്ടും ഇന്ന് അനാകർഷകമായിട്ടുണ്ട്.

സർവ്വോപരി, തങ്ങൾക്കു കാതോലിക്കാസ്ഥാനം വേണ്ടെന്ന് ആത്മാർത്ഥമായി പറഞ്ഞ് ഒഴിയാൻ പരമാവധി ശ്രമിച്ച ഒന്നാം കാതോലിക്കായുടെയും രണ്ടാം കാതോലിക്കായുടെയും അതിമഹത്തായ മാതൃക നമ്മുടെ

മുമ്പിലുണ്ട്. കാതോലിക്കാസ്ഥാനം ഒട്ടും ആഗ്രഹിക്കാതിരുന്ന ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി, വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസും ദാനിയേൽ മാർ പീലക്സിനോസും കാതോലിക്കാസ്ഥാനത്തേക്കു വരാൻ ഒരേസമയം ആഗ്രഹിച്ച സാഹചര്യത്തിൽ ഒത്തുതീർപ്പു സ്ഥാനാർത്ഥിയായി സ്ഥാനം ഏൽക്കാൻ സമ്മതിച്ച സന്യാസിവര്യനാണ്. പ്രായാധിക്യം മൂലം സ്ഥാനത്യാഗം ചെയ്ത് സഭയിൽ സമുന്നത പാരമ്പര്യം സൃഷ്ടിച്ച സാരഥി മുഖ്യനായിരുന്നു പ. ഔഗേൻ ബാവാ.

ഇതൊന്നും സ്ഥാനമോഹികൾ കാണാത്തതാണ് വിസ്മയകരം. കാതോലിക്കാസ്ഥാനം ലഭിക്കാതിരുന്നതിനെ തുടർന്ന് ബഥനി ആശ്രമാധ്യക്ഷനും പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഏറ്റവും അടുത്തുനിന്ന വിശ്വസ്തനുമായിരുന്ന മേല്പ്പട്ടക്കാരനും സഭ വിട്ടുപോയ സംഭവം നടന്നിട്ട് എട്ടു ദശകങ്ങളേ ആയിട്ടുള്ളു. ഇതൊക്കെ പൂർണ്ണ മോക്ഷത്തിനാണെന്ന് വിശ്വസിക്കുന്നവരെപ്പറ്റി എന്തു പറയാൻ!

മേല്പട്ടസ്ഥാനം കിട്ടാൻവേണ്ടി തങ്ങളുടെ സ്വത്തുക്കൾ വിറ്റ് അനന്യാസിനെപ്പോലെ മേലധികാരിക്കു നൽകി മെത്രാൻസ്ഥാനം നേടിയെടുക്കുന്ന പല 'മിടുക്കന്മാരെയും' അടുത്ത കാലത്തു കേരളത്തിലെ ഒരു ക്രിസ്തീയ വിഭാഗത്തിൽ നാം കാണുന്നുണ്ട് (പണം വാങ്ങി പട്ടം എന്ന ദൈവിക നൽവരം വിൽക്കരുതെന്നത് ദൈവകല്പന). ഇവരിൽ മിക്കവർക്കും ഭദ്രാസനമോ ഭരിക്കാൻ ഇടവകയോ കിടക്കാൻ അരമനയോ ആദായകരമായ വിവാഹ കൂദാശ നടത്താനുള്ള സൗകര്യമോ സഞ്ചരിക്കാൻ പുതിയ കാറോ പെട്രോൾ വാങ്ങാൻ വേണ്ട കാശോ പിടിക്കാൻ ചെങ്കോലോ ഇല്ല. ഇങ്ങനെ വലയുന്ന പല ചുമ്മാ മെത്രാന്മാരും ജനങ്ങളിൽ നിന്നു മാറി തങ്ങളുടെ മുറികളിൽ ഹിമവൽസാനുവിലെ ചില കൊച്ചു മുനിമാരെപ്പോലെ ധ്യാനത്തിലാണെന്ന വസ്തുത ഗിന്നസ് ബുക്കിൽ ചേർക്കാൻ കൊള്ളാം.

വൈദിക സെമിനാരി പ്രിൻസിപ്പൽ

ഇരുപതാംനൂറ്റാണ്ടിന്റെ മൂന്നും നാലും അഞ്ചും ദശകങ്ങളിൽ സഭാ കേസു നടക്കുന്ന കാലത്ത് വൈദികസെമിനാരി കോട്ടയം എം. ഡി. സെമിനാരിയിൽ നടത്തുമ്പോൾ ഒരിടക്കാലത്തേക്കു ദാവീദച്ചൻ സെമിനാരി പ്രിൻസിപ്പലായി നിയോഗിക്കപ്പെട്ടു. ഇതു സംബന്ധിച്ച കല്പന ചുവടെ ചേർക്കുന്നു.

നമ്പർ 288

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി). വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കെ. ദാവീദു കത്തനാർക്കു വാഴ്വ്.

പ്രിയനെ!

നമ്മുടെ തിയോളജിക്കൽ സിമ്മനാരി മല്പാൻ ചെറിയമഠത്തിൽ സ്ക്കറിയാ കത്തനാർ നമ്മോടുകൂടി ശീമയ്ക്കു പോരുന്നതിനാൽ അയാൾ നോക്കിവന്നിരുന്ന വൈദികസിമ്മനാരി, ചാപ്പൽ, ബോർഡിംഗ് എന്നിവയുടെ പ്രധാന ചുമതലയും എം. ഡി. സിമ്മനാരി പുരയിടത്തിലെ ആദായം എടുക്കുക, പാട്ടവസ്തുക്കളുടെ പാട്ടം പിരിക്കുക, പാട്ടച്ചീട്ടു മാറി എഴുതിക്കുക എന്നീ ജോലികളും മറ്റൊരു കല്പനയുണ്ടാകുന്നതുവരെ താൻ കയ്യേറ്റു നടത്തുന്നതിലേക്കു ഈ സാധനം മൂലം നാം തന്നെ അധികാരപ്പെടുത്തിയിരിക്കുന്നു.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു 1934-നു കൊല്ലം 1109 ഇടവം 10-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

എം. ഡി. ഹോസ്റ്റൽ വാർഡൻ

ഫാ. കെ. ഡേവിഡിനെ സി. എം. എസ്. കോളജിനടുത്തുള്ള എം. ഡി. ഹോസ്റ്റൽ വാർഡനായി നിയമിച്ചുകൊണ്ടുള്ള കല്പനയാണു ചുവടെ ചേർക്കുന്നത്.

നമ്പർ 72

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി). വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മാവേലിൽ ദാവീദ് കത്തനാർക്കു വാഴ്വ്.

പ്രിയനെ!

നമ്മുടെ വക എം. ഡി. എം. ഹോസ്റ്റലിന്റെ വാർഡനായി നാം നിയമിച്ചിരുന്ന തേറുവേലിൽ യൗസേഫ് കത്തനാരെ എഫ്. എം. എസ്സിലെ ഒരു പട്ടക്കാരനായി നാം അയച്ചിരിക്കുന്നതുകൊണ്ട് ഇനിയും ഒരു കല്പന ഉണ്ടാകുന്നതുവരത്തേക്ക് തന്നെ നാം പ്രസ്തുത ഹോസ്റ്റലിന്റെ വാർഡനായി നിയമിച്ചിരിക്കുന്നു.

താൻ ചാർജ്ജെടുത്ത് കാര്യാദികൾ നടത്തുകയും കണക്കും പണവും നമ്മെ ആവശ്യപ്പെടുമ്പോൾ ബോധ്യപ്പെടുത്തുകയും ചെയ്തുകൊള്ളണം. തന്റെ സഹായിയായി റ്റി. എസ്. അബ്രഹാം കത്തനാരെ നാം നിയമിച്ചിരിക്കുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയയ്ക്കുന്നതാണ്.

എന്ന് 1936-ന് 1112 വൃശ്ചികം 11-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

മലങ്കര അസോസിയേഷൻ സെക്രട്ടറി

ഒരിടക്കാലത്തേക്കു മലങ്കര അസോസിയേഷൻ സെക്രട്ടറിയായി ഫാ. കെ. ഡേവിഡ് നിയോഗിക്കപ്പെട്ട വിവരം പലർക്കും അജ്ഞാതമായിരിക്കും. ഇതു സംബന്ധിച്ചു 1938-ൽ നൽകിയ കല്പന കാണുക:

നമ്പർ 428

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി). വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൌരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കെ. ദാവീദു കത്തനാർക്കു വാഴ്ത്ത്.

പ്രിയനെ!

നമ്മുടെ മലങ്കര അസോസിയേഷൻ സെക്രട്ടറി രാജി വച്ചിരിക്കയാലും മാനേജിംഗ് കമ്മറ്റിക്ക് വേറൊരാളെ തൽസ്ഥാനത്തേക്കു തെരഞ്ഞെടുക്കുന്നതിനു തല്ക്കാലം സൗകര്യമില്ലാത്തതിനാലും വേറൊരാളെ തെരഞ്ഞെടുത്തു നിയമിക്കുന്നതു വരയ്ക്കും സെക്രട്ടറിയുടെ ജോലി നോക്കു

മുൻ രാഷ്ട്രപതി കെ. ആർ. നാരായണൻ കോട്ടയം സി.എം.എസ്. കോളജിൽ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരിക്കെ എം. ഡി. ഹോസ്റ്റലിൽ താമസിക്കുമ്പോൾ (1940-ൽ) എടുത്ത ചിത്രം. രണ്ടാം നിരയിൽ ഏറ്റവും ഇടത്തുഭാഗത്തായി നില്ക്കുന്നതാണ് കെ. ആർ. നാരായണൻ. താമസസൗകര്യം നൽകിയ വാർഡൻ ഫാ. കെ. ഡേവിഡ് (മദ്ധ്യത്തിൽ). മാനേജർ പി. കെ. കുര്യൻ (രണ്ടാം നിരയിൽ ഇടത്തു നിന്നു മൂന്നാമത്).

ന്നതിനു ഈ കല്പന മൂലം തന്നെ നാം നിയമിച്ചധികാരപ്പെടുത്തിയിരിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്നു 1938-ന് കൊല്ലം 113 മിഥുനം 4-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

കുണ്ടറ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ

കോട്ടയത്തു നിന്നു കുണ്ടറ സെമിനാരിപ്പള്ളിക്കൂടത്തിന്റെ ഹെഡ്മാസ്റ്ററായി ദാവീദച്ചനെ നിയമിച്ചതിൽ നിന്നു ഏതു പദവിക്കും അദ്ദേഹം യോഗ്യനാണെന്നു വ്യക്തമാകുന്നു. എല്ലാ സ്ഥാനങ്ങളും കാര്യക്ഷമതയോടെ അദ്ദേഹം കൈകാര്യം ചെയ്തു. പ്രധാനപ്പെട്ട ചുമതലയായ സൺഡേസ്കൂളിനെ ഇതിനിടയിൽ എന്നും നെഞ്ചോടുചേർത്ത് പരിപോഷിപ്പിച്ചിരുന്നു.

The Orthodox Syrian Church of the East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ മാവേലിൽ ദാവീദു കത്തനാർക്കു വാഴ്വ്.

പ്രിയനെ,

നാം ഇങ്ങോട്ടു പോന്നതുകൊണ്ടാണു മാവേലിക്കരക്കു വരാതിരുന്നത്. സണ്ടേസ്കൂൾ അദ്ധ്യാപകന്മാരുടെ യോഗമെല്ലാം ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ദൈവം അവരെ അനുഗ്രഹിക്കുന്നതിനു നാമും പ്രാർത്ഥിക്കുന്നു. തന്നെ കുണ്ടറ സിമ്മനാരി പള്ളിക്കൂടത്തിന്റെ ഹെഡ്മാസ്റ്ററായിട്ടു നിയമിച്ചിരിക്കുകയാണ്. സൺഡേസ്കൂൾ നടത്തുന്നതിനും മറ്റും യാതൊരു തടസ്സവും ഉണ്ടാകുന്നതല്ല. ജോലി എല്ലാം ഫസ്റ്റ് അസിസ്റ്റന്റ് ഇസഹാക്ക് ചെയ്തുകൊള്ളും. തെക്കൻ ദേശത്തെ സംഗതികൾ കുറെക്കൂടി അന്വേഷിക്കാനും അവരെ നന്നാക്കാനും കഴിയും. പട്ടക്കാർ എല്ലാവരും സ്കൂളും കൊണ്ടിരുന്നിട്ടു സഭയെ അന്വേഷിക്കാൻ ആരും ഇല്ലാതായിത്തീർന്നിരിക്കുന്നു. അതു വലിയ സങ്കടമാണല്ലോ. പള്ളിക്കൂടങ്ങളിലും പട്ടക്കാർ ഹെഡ്മാസ്റ്റന്മാരല്ല. അതുകൊണ്ടു അവിടെയും ഇഷ്ടംപോലെ പിള്ളേരെ വളർത്തുന്നതിനു സാധിക്കയില്ല. അതിനാൽ ചെറിയ സ്കൂളാണെങ്കിലും ഹെഡ്മാസ്റ്ററായിരുന്നാൽ അവിടുത്തെ പിള്ളേരെ കുറെ നന്നാക്കാൻ സാധിക്കും. അതുകൊണ്ടു അവിടുത്തെ സംഗതികൾ ഇനിയും അന്വേഷിച്ചുകൊള്ളണം.

ശമ്പളം 50 രൂപ എടുക്കാം. ഇല്ലെങ്കിൽ ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു കൊള്ളണം. ഇപ്പോഴേ പോയിരുന്നു കുട്ടികളെ അന്വേഷിച്ചു വരുത്തിയാൽ കൊള്ളാം.

ശേഷം കാഴ്ചയിൽ, ദൈവം അനുഗ്രഹിക്കട്ടെ.

എന്നു 1937-ന് കൊല്ലം 112 മേടം 4-നു പീരുമേടു പള്ളിക്കുന്നു സുറിയാനിപ്പള്ളിയിൽ നിന്നും.

മലങ്കരസഭാ മാസികയിലെ ചരിത്ര ലേഖകൻ, മാസികയുടെ പത്രാധിപ സമിതി അംഗം, വൈദിക സെമിനാരി ഭരണസമിതി അംഗം, കാതോലിക്കേറ്റ് കോളജ് ഗവേണിംഗ് ബോർഡ് മെമ്പർ, സഭാ മാനേജിംഗ് കമ്മറ്റി അംഗം, കാതോലിക്കേറ്റ് കോളജിൽ ആഴ്ചയിലൊരിക്കൽ ബൈബിൾ ക്ലാസ്സ് നടത്തിവന്ന അധ്യാപകൻ, മാക്കാംകുന്നു കൺവൻഷനിലെ ബൈബിൾ ക്ലാസ്സ് ലീഡർ, ധ്യാനഗുരു, സുപ്രസിദ്ധ പ്രസംഗകരായ സി. ഐ. നൈനാൻ മാവേലിക്കര, ഫാ. എൻ. ജി. കുര്യൻ മുതലായവരോടൊപ്പം മാക്കാംകുന്നു കൺവൻഷനിലെ പ്രസംഗകൻ തുടങ്ങിയ നിലകളിലും ദാവീദച്ചൻ സേവനം ചെയ്തിട്ടുണ്ട്.

പഠിക്കുന്നതിനു സാമ്പത്തികമായി പ്രയാസമുണ്ടായിരുന്ന പലരെയും പണം നൽകി സഹായിച്ചു. ബാഹ്യകേരളത്തിലും നാട്ടിലും ജോലി ലഭിക്കുന്നതിന് അച്ചൻ പലർക്കും ശിപാർശക്കത്തുകൾ നൽകിയിട്ടുണ്ട്.

വൈദിക വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച് സഭയുടെ ഭിത്തിയെ ബലപ്പെടുത്താനും ദാവീദച്ചൻ ശ്രമിച്ചു. തയ്യിൽ ഫാ. കുര്യൻ വറുഗീസ്, ഫാ. കെ. വി. ശമുവേൽ കുറ്റിയിൽ ഫാ. ജോൺസൺ കോട്ടപ്പുറം എന്നിവരെ വൈദിക ജീവിതത്തിലേക്കു ആനയിക്കുന്നതിൽ ദാവീദച്ചൻ സൽപ്രേരണ ചെലുത്തി. സഭാപിതാക്കന്മാർ ഏല്പിക്കുന്ന ഏതു ജോലിയും അങ്ങേയറ്റത്തെ കരുതലോടും ശ്രദ്ധയോടും പരമാവധി നിറവേറ്റുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ മാതൃക തന്നെ വൈദികവൃത്തിയിൽ വന്നവരോട് സ്വീകരിക്കണമെന്നും അച്ചൻ ഉപദേശിച്ചിരുന്നു.

ചന്ദനപ്പള്ളിയിൽ ഇന്ന് നല്ല നിലയിൽ ഒരു ബാങ്കായി പ്രവർത്തിക്കുന്ന 1126-ാം നമ്പർ സഹകരണസംഘത്തിന്റെ ആരംഭ പ്രവർത്തകനും അഭ്യുദയകാംക്ഷിയുമായിരുന്നു കെ. ഡേവിഡച്ചൻ.

സണ്ടേസ്ക്കൂൾ ഏഴര ദശാബ്ദം മുമ്പ്

ഫാ. കെ. ഡേവിഡ്, ജനറൽ സെക്രട്ടറി

(നമ്മുടെ സഭയിലെ സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങളെപ്പറ്റി 1937 ജനുവരി മാസത്തെ ഓർത്തഡോക്സ് സഭാമാസികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനമാണ് ഇത്)

നമ്മുടെ സഭയിൽ സണ്ടേസ്ക്കൂൾ പ്രവർത്തനം ആരംഭിച്ചിട്ട് അനേക വർഷങ്ങളായി. ശ്രീമാൻ എൻ. ഐ. പോത്തൻ അഥവാ എൻ. ഐ. പീലിപ്പോസ് ശെമ്മാശ്ശൻ അതിനുവേണ്ടി ഇത്ര അധികം പ്രവർത്തിക്കുകയും വിദ്യാർത്ഥി സമ്മേളനത്തിന്റെ ആഭിമുഖ്യത്തിൽ ഈ പ്രസ്ഥാനം ശക്തിപ്പെട്ടുവരികയും ചെയ്തിരുന്നു. എന്നാൽ സഭയിലുണ്ടായ ആഭ്യന്തരകലഹം മൂലം സണ്ടേസ്ക്കൂൾ പ്രവർത്തനം, മറ്റു പല പ്രസ്ഥാനങ്ങൾ പോലെ, ശക്തിക്ഷയിച്ചതായി തീരുകയും മിക്കവാറും നാമാവശേഷമാവുകയുമത്രെ ചെയ്തത്. ഇപ്പോഴത്തെ സമാജം ഇത് ഏറ്റെടുത്തിട്ട് ഇപ്പോൾ 5 വർഷം കഴിഞ്ഞു. ഒരു ജനറൽ സെക്രട്ടറിയും ഓരോ ഭദ്രാസന ഇടവകയെപ്പറ്റി പ്രത്യേക ചുമതല വഹിക്കുന്ന ഓരോ ഭദ്രാസന സെക്രട്ടറിയും ഓരോ ഭദ്രാസന സെക്രട്ടറിയുടെ കീഴിലായി പത്തും പന്ത്രണ്ടും സ്ക്കൂളുകളുടെ മേൽനോട്ടം വഹിക്കുന്നവരായ ഓരോ ഇൻസ്പെക്ടറും ഈ സമാജത്തിൽ ജോലി ചെയ്തുവരുന്നു. പലരുടെ അക്ഷീണ പരിശ്രമഫലമായി ഇപ്പോൾ 200-ൽ പരം സണ്ടേസ്ക്കൂളുകളും 16000 കുട്ടികളും ആയിരത്തോളം അദ്ധ്യാപകരും സമാജത്തിൽ ചേർന്നിട്ടുണ്ട്. സെന്റർ തിരിച്ചുള്ള അദ്ധ്യാപകയോഗങ്ങൾ വഴിയായും രണ്ടാഴ്ചയോളം നടത്തിവരുന്ന അദ്ധ്യാപക പരിശീലന ക്ലാസ്സുകൾ വഴിയായും അദ്ധ്യാപകന്മാർക്ക് ഈ മഹത്തായ ക്രിസ്തീയ വേലയിൽ കൂടുതലായ തീക്ഷ്ണതയും, ജ്ഞാനവും നൽകുന്നതിനു ഞങ്ങൾ ശ്രമിച്ചു വരുന്നു. കുട്ടികളെ ഉദ്ദേശിച്ചു പൊതുവായ വാർഷിക പരീക്ഷ, മത്സര പരീക്ഷ, സമ്മാനദാനങ്ങൾ ആദിയായവ നടത്തുകയും നടത്തിക്കയും ചെയ്യുന്നുണ്ട്. കൂടാതെ അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും സുവിശേഷഘോഷണത്തിൽ താല്പര്യം ജനിപ്പിക്കുവാനായി ആണ്ടുതോറും വിജാതീയ മിഷൻ, സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. ഇങ്ങനെ പ്രയോജനകരങ്ങളായ പല കാര്യങ്ങളും സണ്ടേസ്ക്കൂൾ സമാജം പ്രവർത്തിച്ചു വരുന്നുണ്ടെന്നുള്ള വസ്തുത വാർഷിക റിപ്പോർട്ടു വഴിയായും മറ്റും ഏവർക്കും അറിവുള്ളതാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതിലേക്ക് ആവശ്യമുള്ള മിക്കവാറും പണം സണ്ടേസ്ക്കൂളുകളിൽ നിന്നും ആളുകളിൽനിന്നും ലഭിച്ചു വരുന്നുണ്ട്.

എന്നാൽ നമ്മുടെ സണ്ടേസ്ക്കൂൾ പ്രവർത്തനം ആശാസ്യമായ ഒരു നിലയിൽ എത്തിയിട്ടുണ്ടെന്നു പറവാൻ നിവർത്തിയില്ല. അതിനുള്ള കുറവുകൾ നിരവധിയാണ്. ഒന്നാമതു സണ്ടേസ്ക്കൂൾ പ്രവർത്തനത്തിന്റെ ആവശ്യവും മാഹാത്മ്യവും, അതു നമ്മുടെ കർത്താവ് എത്രമാത്രം ആഗ്രഹിക്കുന്നതും വിലമതിക്കുന്നതുമാണെന്നും നമ്മുടെ ആളുകൾ വേണ്ടവണ്ണം നാളിതുവരെയും മനസ്സിലാക്കിയിട്ടില്ല. തൽഫലമായി മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ സ്കൂളുകളിൽ അയയ്ക്കാതെയും, വികാരിമാരും പള്ളി ട്രസ്റ്റികളും ഇക്കാര്യത്തിൽ ശ്രദ്ധ പതിക്കയാകട്ടെ പണം ചെലവിടുകയാകട്ടെ ചെയ്യാതെയും ഇരിക്കുന്നു. തന്മൂലം പല ഇടവകകളിലും സണ്ടേസ്കൂളുകൾ ഇല്ലാതെയും ഉള്ളവ, നിർജ്ജീവമായി, നാമമാത്രമായിട്ടും സ്ഥിതിചെയ്യുന്നു. ചില സ്ഥലങ്ങളിൽ ഇടവക കമ്മറ്റിക്കു യാതൊരു ബന്ധവുമില്ലാതെ ചുരുക്കം ചില ആളുകളുടെ സന്മനസ്സിനെമാത്രം ആശ്രയിച്ച് സണ്ടേസ്കൂളുകൾ നടത്തപ്പെട്ടുപോരുന്നു. ഇത് അശേഷം ആശാസ്യമായ ഒരു നിലയല്ല.

ഒരു പള്ളിയുടെ അല്ലെങ്കിൽ ഇടവകയുടെ പ്രഥമവും പ്രധാനവുമായ ചുമതല അവിടെയുള്ള ആളുകളുടെ, പ്രത്യേകിച്ചു ബാലികാബാലന്മാരുടെ ആദ്ധ്യാത്മികമായ പരിശീലനത്തിനു വേണ്ട ശ്രദ്ധ പതിക്കുക എന്നുള്ളതാണ്. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി അവിടുത്തെ പ്രധാന ശിഷ്യനായ വി. പത്രോസിനെ വിളിച്ചിട്ടു കല്പിക്കുന്നത് എന്റെ കുഞ്ഞാടുകളെ മേയിക്കുക എന്നാണ്. നീ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കുഞ്ഞാടുകളെ മേയിക്കുക എന്നാണ് കർത്താവിന്റെ ദൂത് (യോഹ. 21:15). കർത്താവിനെ സ്നേഹിക്കുന്ന ഏവരുടേയും പ്രഥമമായ ധർമ്മം, സഭയുടെ പ്രധാനമായ ചുമതല, ബാലികാബാലന്മാരിൽ ദൈവബോധം കൈവരുത്തുക എന്നുള്ളതാണ്. ഈ പ്രസ്ഥാനത്തിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കിയാണ് ഇതര സഭകളും സമുദായങ്ങളും വർഷംപ്രതി ഗണ്യമായ ഒരു സംഖ്യ ഇതിനായി ചെലവഴിച്ചു വരുന്നത്. സണ്ടേസ്ക്കൂൾ പരിശീലനംകൊണ്ടു ലഭിച്ചിട്ടുള്ള പ്രയോജനത്തെപ്പറ്റി ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ലോയിഡ് ജോർജ് ഒരിക്കൽ പ്രസ്താവിച്ചത് ഇപ്രകാരമാണ്: "ഞാൻ എന്തായി തീർന്നിരിക്കുന്നുവോ അതിനും, ഞാൻ ആയുസ്സിൽ എന്തെല്ലാം സാധിച്ചിരിക്കുന്നുവോ അതിനും കാരണമായിരിക്കുന്നതു ഞാൻ അഭ്യസിച്ച സണ്ടേസ്ക്കൂൾ ഒന്നു മാത്രമാണ്" (All that I am and I have accomplished, I owe to the Sunday School).

സണ്ടേസ്ക്കൂൾമൂലം തന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള നിരവധി പ്രയോജനങ്ങളെ ഓർത്തും ആ പ്രസ്ഥാനത്തിന്റെ മാഹാത്മ്യത്തെ മനസ്സിലാക്കിയും അമേരിക്കയിലെ ഒരു മഹാനായ ഹെൻറി ഹൈൻസ്

സണ്ടേസ്ക്കൂൾ അസോസിയേഷനു ഒരു ലക്ഷത്തിൽപരം ഡോളർ നൽകിയതായി അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണുന്നു. നമ്മുടെ ആളുകളും ഇടവക പ്രധാനികളും ഈ ജോലിയുടെ മാഹാത്മ്യത്തെ മനസ്സിലാക്കി ധനംകൊണ്ടും മറ്റു വിധത്തിലും ഇതിനെ കൂടുതലായി പ്രോത്സാഹിപ്പിക്കേണ്ട ആവശ്യമുണ്ട്. പള്ളിവരുമാനത്തിൽ ഒരു ഗണ്യമായ തുക, മാവേലിക്കര, നിരണം മുതലായ ഇടവകക്കാർ ചെയ്യുന്നതുപോലെ ഈ ആവശ്യത്തിലേക്കായി മാറ്റിവയ്ക്കേണ്ടതാകുന്നു. സണ്ടേസ്ക്കൂൾ ഇല്ലാത്ത ഇടവകകളിൽ സ്ഥാപിക്കുന്നതിനായി ബ. പട്ടക്കാരും പള്ളിക്കമ്മറ്റിക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. എന്തെന്നാൽ നമ്മുടെ സഭാവിശ്വാസവും സഭാചരിത്രവും സഭാംഗങ്ങളെ പഠിപ്പിക്കാൻ ഇപ്പോഴുള്ള ഏകമാർഗ്ഗം ഇവയാകുന്നു. ഓരോ ഇടവകയിലും ഇപ്പോൾ നടക്കുന്ന സണ്ടേസ്ക്കൂളുകളുടെ മേൽനോട്ടം അതതു ഇടവക കമ്മറ്റി വഹിക്കേണ്ടതാകുന്നു.

സണ്ടേസ്ക്കൂൾ അഭ്യസനത്തിനു ആവശ്യമുള്ള കെട്ടിടങ്ങൾ, ബോർഡ്, ബഞ്ചുകൾ, പുസ്തകങ്ങൾ, ചിത്രങ്ങൾ, ഭൂപടങ്ങൾ ആദിയായവ ഇടവക കമ്മറ്റി ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു. പള്ളികളിൽ വച്ച് അഭ്യസനം നടത്തുന്ന രീതി പാടെ പരിത്യജിക്കേണ്ടതാണ്. പള്ളിയോടുള്ള ഭക്തി കുട്ടികളിൽ കുറഞ്ഞുവരുന്നതിന് അതു കാരണമാകുന്നതാണ്. പള്ളി ആരാധനയ്ക്കു മാത്രമേ ഉപയോഗിക്കാവൂ. ബോർഡ്, പടങ്ങൾ ആദിയായ ഉപകരണങ്ങൾ കൂടാതെ ബോധനം ഒരിക്കലും വിജയകരമാകയില്ല. പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമുള്ള പുസ്തകങ്ങളുടെ ഒരു സഞ്ചയം (Reference Library) ഓരോ ഇടവകയിലും ഉണ്ടായിരിക്കേണ്ടതാണ്. യുവജന സമാജങ്ങൾക്കും അതു പ്രയോജനപ്പെടുത്താവുന്നതാകുന്നു. വ്യാഖ്യാനപുസ്തകങ്ങൾ, ചരിത്രപുസ്തകങ്ങൾ, വേദപുസ്തക നിഘണ്ടു, വിശ്വാസത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മുതലായവ ശേഖരിച്ചു സൂക്ഷിക്കുന്നത് പ്രയോജനകരമായിരിക്കും. പാഠപുസ്തകങ്ങൾ പോലും ചില സ്കൂളുകളിൽ ഇല്ല എന്നുള്ളത് എത്രയോ ദുഃഖകരമാണ്.

ഒരു മാസികയുടെ കുറവ് വളരെ വലുതാണ്. അദ്ധ്യാപകർക്ക് ഉപയോഗപ്പെടുന്ന പാഠനോട്ടുകൾ തയ്യാർചെയ്ത് മാസംതോറും പ്രസിദ്ധം ചെയ്യാൻ കഴിഞ്ഞെങ്കിൽ ബോധനരീതി വളരെ നന്നാകുമായിരുന്നു. പക്ഷേ അതിനുവേണ്ട പണവും നടത്തുന്നതിനു കഴിവുള്ള ആളുകളും കുറവാണെന്നുള്ളതുകൊണ്ടാണ് അത് ഇതുവരെയും നടപ്പിൽ വരാത്തത്. എത്രയും വേഗത്തിൽ ആ കുറവ് പരിഹരിക്കേണ്ടതാകുന്നു.

ഇതിലെല്ലാം പ്രധാനമായ കുറവ് ഒരു സഞ്ചാര സെക്രട്ടറിയുടെ അഭാവമാണ്. മുഴുവൻ സമയവും ഇതിനായി വിനിയോഗിച്ചു ചുറ്റിസഞ്ചരിച്ചു

വേല ചെയ്യുന്ന ഒന്നോ രണ്ടോ പേർ ഉണ്ടായാൽ സണ്ടേസ്ക്കൂൾ പ്രവർത്തനം പതിന്മടങ്ങു പൂർവ്വാധികം അഭിവൃദ്ധിപ്പെടുമായിരുന്നു. സംശയമില്ല. ഇടവകതോറും ചുറ്റിസഞ്ചരിച്ചു പുതുതായി സ്കൂളുകൾ സ്ഥാപിക്കുകയും ഉള്ളവയെ ശക്തിപ്പെടുത്തുകയും കുട്ടികളെ ആരാധന പരിശീലിപ്പിക്കുകയും ചെയ്യുന്നതിന് അവർക്കു സാധിക്കുമായിരുന്നു. മറ്റു ജോലികളോടുകൂടെ സെക്രട്ടറിമാർ സണ്ടേസ്ക്കൂൾ കാര്യവും നടത്തുന്ന തൽക്കാലരീതി അശ്ലേഷം തൃപ്തികരമല്ല. ശമ്പളം കൊടുത്ത് ഒന്നോ അധികമോ ആളുകളെ ഇതിനായി നിയമിക്കേണ്ടത് എത്രയും ആവശ്യമാണ്.

പഠിക്കുന്നതിനു വേണ്ട പുസ്തകങ്ങൾ എല്ലാം ഉണ്ടായിട്ടില്ല എന്നുള്ളത് വേറൊരു വലിയ കുറവാണ്. ഇങ്ങനെയുള്ള കുറവുകൾ ഓരോന്നും കുറേശ്ശയായി പരിഹരിച്ചുകൊണ്ടു വരണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണു സമാജം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ ഉദ്യമത്തിൽ എല്ലാവരുടേയും ഹാർദ്ദമായ സഹകരണം സാദരം ക്ഷണിച്ചുകൊള്ളുന്നു.

* * * * * * * *

മുക്കാൽ നൂറ്റാണ്ടു മുമ്പ് ബ. കെ. ഡേവിഡ് അച്ചൻ സ്വാനുഭവങ്ങളെ മുൻനിറുത്തി ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ ഇന്നും വേണ്ടവിധത്തിൽ പരിഹരിക്കാനായിട്ടില്ല. പല ഇടവകകളും ലക്ഷക്കണക്കിനു രൂപ ശേഖരിച്ച് നിലവിലുള്ള അല്പം ചെറുതെങ്കിലും നല്ലതായ പള്ളികൾ പൊളിച്ചു പണിയുക, ലക്ഷങ്ങൾ ചെലവാക്കി പള്ളിമുറ്റത്തു ടൈൽസു പാകുക മുതലായ കാര്യങ്ങളിലാണ് വ്യാപൃതരായിരിക്കുന്നത്. പല പള്ളികളും നിറയുന്നത് ഓശാനാ ഞായറാഴ്ചയും ദുഃഖവെള്ളിയാഴ്ചയും മാത്രമാണെന്നു പള്ളിയിൽ പോകുന്നവർക്കറിയാം.

ചില വൈദികർ സഭയിലെ പള്ളിപണി കോൺട്രാക്ടർമാരായി കഴിയുന്നുണ്ടെന്നു പറയുന്നതാവും ഏറെ ശരി. തത്വദീക്ഷയറ്റ ചില ട്രസ്റ്റികളുടെ സഹകരണത്തോടെ പള്ളി നിർമ്മാണത്തിനായുള്ള പണം മറിക്കുക, യഥാസമയം കണക്കു കൊടുക്കാതെ കഴിയുക, കമ്പിയും സിമന്റും ടൈൽസും വിൽക്കുന്ന വ്യാപാരികളിൽ നിന്നു കമ്മീഷൻ പറ്റുക എന്നിവ ഒട്ടും കുറവല്ല. ഇതു സംബന്ധിച്ചുള്ള ചില തർക്കങ്ങളും വഴക്കുകളും കോയമ്പത്തൂരും മറ്റും ദീർഘനാൾ തുടർന്നിരുന്നു.

പുതുപ്പള്ളിപ്പള്ളിയിൽ തെറ്റായ കണക്കെഴുതിയ ട്രസ്റ്റി ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ അബ്ദുള്ളാ പാത്രിയർക്കീസ് പള്ളിയിൽ വന്നപ്പോൾ കൈമുത്തു നൽകി കള്ളക്കണക്കു വെളുപ്പിച്ചെടുത്ത സംഭവം ഇസ്സഡ്. എം. പാറേട്ട് ചരിത്രവസ്തുതയായി രേഖപ്പെടുത്തിയിട്ടുണ്ട്. വൈദികർക്കു പള്ളികൾകൊണ്ടു ജീവിക്കാമെങ്കിൽ ട്രസ്റ്റിമാർക്കും

എന്തുകൊണ്ടു പാടില്ല എന്നു ചിന്തിക്കുന്നവരും ഉണ്ടാവും.

ഇതിനിടയിൽ കുഞ്ഞാടുകളെ തീറ്റിപ്പോറ്റാനോ ദാഹിക്കുന്ന അവർക്കു അല്പം ആത്മീയജലം നൽകാനോ ഇടയന്മാർ ഇല്ലാതെ പോകുന്നു എന്ന സത്യം വിസ്മരിച്ചിട്ടു കാര്യമില്ല.

സണ്ടേസ്ക്കൂൾ ചരിത്ര പുരോഗതി

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ തുടങ്ങിവച്ച സുവിശേഷ - വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ കാലത്ത് കൂടുതൽ ശക്തമായും വ്യവസ്ഥാപിതമായും മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. സണ്ടേസ്കൂളിലും ആധുനിക രീതിയിലുള്ള അധ്യയനരീതി അനിവാര്യമെന്നു ബോധ്യപ്പെട്ടതുകൊണ്ടാണ് സഭാസേവന രംഗങ്ങളിൽ തന്റെ മതിപ്പ് ആർജ്ജിച്ച വൈദികനും എം.ഡി. ഹൈസ്ക്കൂൾ അധ്യാപകനുമായ ഫാ. കെ. ഡേവിഡ് ബി.എ., ബി.ഡി. യെ സണ്ടേസ്കൂൾ സമാജത്തിന്റെ ജനറൽ സെക്രട്ടറിയായി നിയമിച്ചത്. അദ്ദേഹം 1933 മുതൽ 1964 വരെ ആ ഉത്തരവാദിത്വമുള്ള ഉന്നതപദവിയിൽ ശോഭിച്ചു നിലകൊണ്ടു. തുടർന്ന് സണ്ടേസ്കൂളിൽ പുരോഗമനപരമായ ചില മാറ്റങ്ങൾ ഉണ്ടാക്കാൻ അദ്ദേഹത്തിനു സാധിച്ചു. അന്നുവരെ സണ്ടേസ്കൂൾ അഭ്യസനം ഏഴു ക്ലാസ്സുകൊണ്ട് അവസാനിച്ചിരുന്നു. അതു മാറ്റി 9 ക്ലാസ്സുവരെ കുട്ടികൾക്കു പഠിക്കുവാനുള്ള അവസരം സൃഷ്ടിച്ചു. നമസ്ക്കാരം, വിശ്വാസസത്യങ്ങൾ, സഭാചരിത്രം എന്നിവയ്ക്കു പ്രാധാന്യം നൽകികൊണ്ടു പാഠ്യപദ്ധതിയും പരിഷ്കരിച്ചു. ചോദ്യോത്തര രീതിയിൽ സഭാവിശ്വാസ സംബന്ധമായ കാര്യങ്ങൾ കുട്ടികൾക്കു പെട്ടെന്നു പഠിക്കുന്നതിനുള്ള സംവിധാനം കൂടുതൽ പ്രയോജനകരമായി അനുഭവപ്പെട്ടു. അഞ്ചാംക്ലാസ്സ് മുതൽ യേശുക്രിസ്തുവിന്റെ ജീവചരിത്രം, പഴയനിയമ ചരിത്രം, ദാവീദിന്റെ ജീവചരിത്രം, സുന്നഹദോസുകൾ, അപ്പസ്തോല പ്രവൃത്തികൾ, സഭാചരിത്രം എന്നിവ പഠിക്കുന്നതിനുള്ള പാഠ്യപദ്ധതി സണ്ടേസ്കൂൾ പഠനത്തിന്റെ പ്രാധാന്യവും അർത്ഥവ്യാപ്തിയും ഉയർത്തി എന്നത് ഒരു വസ്തുതയാണ്.

പുത്തൻകാവ് കൊച്ചുതിരുമേനിയെ 1930-ൽ (ഗീവറുഗീസ് മാർ പീലക്സീനോസ്) വാഴിച്ച് സണ്ടേസ്കൂൾ സമാജത്തിന്റെ പ്രസിഡന്റായി നിയമിച്ചതിനെ തുടർന്ന് സഹപാഠികളായ രണ്ടു യുവ പണ്ഡിതന്മാരുടെ കീഴിൽ സണ്ടേസ്കൂൾ സമാജം സുവർണ്ണ കാലഘട്ടത്തിലേക്കു കാൽവച്ചു എന്നു പറയാം.

സഭാസേവനരംഗത്ത് ഉത്സാഹപൂർവ്വം പ്രവർത്തിക്കാൻ കഴിവുള്ള ചെറുപ്പക്കാരെ കണ്ടുപിടിക്കാനും അവർക്കു പരിശീലനം നൽകി സണ്ടേസ്കൂളിന്റെ കടിഞ്ഞാൺ ഏല്പിക്കാനും ഒരു മാതൃകാധ്യാപകനായിരുന്ന ഫാ. കെ. ഡേവിഡിനു സാധിച്ചു. വിവിധ ഭദ്രാസനങ്ങളിൽ വേണ്ടത്ര കെട്ടുറപ്പില്ലാതെ നടന്നുവന്ന സണ്ടേസ്കൂളുകളെ ശക്തമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാനും സമാജത്തെ ഒരു വലിയ പ്രസ്ഥാനമാക്കി

വളർത്തിയെടുക്കാനും ദാവീദച്ചന്റെ ത്യാഗോജ്വലമായ ജീവിതം കൊണ്ടു സാധിച്ചു. മധ്യവേനൽ അവധിക്കാലത്തു വർഷംതോറും സമർത്ഥരായ അധ്യാപകർക്കുവേണ്ടി വിവിധ കേന്ദ്രങ്ങളിൽ ദശദിന പരിശീലനക്ലാസ്സുകൾ ഏർപ്പെടുത്താനും സഭയിലെ സമുന്നതരായ വൈദികരെയും അവൈദികരെയും നേരത്തെ ക്ഷണിച്ചു ക്ലാസ്സുകൾ എടുപ്പിക്കാനും അധ്യയനത്തിന്റെ മാനദണ്ഡം ഉയർത്താനും ദാവീദച്ചനു സാധിച്ചതുകൊണ്ടാണ് അന്നു മുതൽ ആദ്ധ്യാത്മിക ജീവിതവും നല്ല വിദ്യാഭ്യാസ യോഗ്യതയും ഉള്ള ശതക്കണക്കിനു യുവാക്കളുടെ നേതൃത്വം സണ്ടേസ്കൂളിനു കരഗതമായത്. പുത്തൻകാവു തിരുമേനിയുടെ ഇരുപത് വർഷത്തെ നേതൃത്വവും ക്ലാസ്സുകളും നാടു മുഴുവൻ ഓടിനടന്നുള്ള പ്രസംഗങ്ങളും സണ്ടേസ്കൂളിൽ ആത്മീയ അറിവിന്റെയും പുതുജീവന്റെയും അമൃത് പൊഴിച്ചു എന്നു പറയാം.

വട്ടശ്ശേരിൽ തിരുമേനി രചിച്ച സഭാവിശ്വാസ സംഗ്രഹമായ 'മതോപദേശസാരങ്ങൾ', ദാനിയേൽ മാർ പീലക്സിനോസിന്റെ പഴയനിയമചരിത്രം, ദാവീദിന്റെ ജീവചരിത്രം എന്നിവ ഒഴിച്ചുള്ള എല്ലാ പാഠപുസ്തകങ്ങളും സഭാചരിത്രവും ദാവീദച്ചൻ തന്നെ രചിക്കേണ്ടി വന്നു. ഒൻപതാം ക്ലാസ്സിൽ ഒരു കുട്ടി എത്തുമ്പോഴേക്കും അവനു വേദപുസ്തകം, കൂദാശകൾ, വിശ്വാസം, സഭാചരിത്രം, ആരാധനകൾ, വി. പൗലൂസിന്റെ ലേഖനങ്ങൾ എന്നിവയെപ്പറ്റി വേണ്ടത്ര വിവരങ്ങൾ ലഭിക്കത്തക്കവിധത്തിലായിരുന്നു ഓരോ ക്ലാസ്സിലും പുസ്തകങ്ങൾ ക്രമീകരിച്ചു നൽകി വന്നത്.

ഇതിനിടയിൽ മലങ്കരസഭയുടെ ഭൗതികാധികാരങ്ങൾ എഴുതി കൊടുക്കാഞ്ഞതിന്റെ പേരിൽ വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മുടക്കുകയും സഭയിൽ ഭിന്നിപ്പുണ്ടാക്കുകയും സണ്ടേസ്കൂൾ സമാജത്തിനു സമാന്തരമായി പാത്രിയർക്കീസിനെ അനുകൂലിക്കുന്നവർ സണ്ടേസ്കൂൾ അസോസിയേഷൻ രൂപവൽക്കരിക്കുകയും ചെയ്തിരുന്നു. സഭയിലെ ഭിന്നത സണ്ടേസ്കൂളിനും കുറെയൊക്കെ മങ്ങൽ ഏല്പിച്ചു എങ്കിലും 1958-ലെ സഭാസമാധാനത്തെ തുടർന്ന് സണ്ടേസ്കൂൾ സമാജവും അസോസിയേഷനും യോജിക്കുകയും ഒറ്റ സംഘടനയായി വീണ്ടും പ്രവർത്തിക്കുകയും ഉണ്ടായി.

വിഘടിച്ചു നിന്ന കാലത്തു രണ്ടായി പ്രവർത്തിച്ചിരുന്ന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഉന്നതാധികാര സമിതി അംഗങ്ങൾ 1964 ജൂലൈ 22-നു ഔഗേൻ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ എം.ഡി. സെമിനാരിയിൽ ചേർന്നു. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയും (പ്രസിഡന്റ്) ബ. ദാവീദച്ചനും (ജനറൽ സെക്രട്ടറി) സണ്ടേസ്കൂൾ സമാജത്തെ പ്രതിനിധീകരിച്ചു. പ്രസിഡന്റ് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയും (വയലിപറമ്പിൽ) ഡയറക്ടർ കണിയാമ്പറമ്പിൽ കുര്യൻ

കോറെപ്പിസ്കോപ്പായും സണ്ടേസ്കൂൾ അസോസിയേഷനെ പ്രതിനിധീകരിച്ചു. ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയും സന്നിഹിതനായിരുന്നു. എന്നു മാത്രമല്ല രണ്ടു വിഭാഗങ്ങളിലെയും എക്സിക്യൂട്ടീവ് അംഗങ്ങളും സംബന്ധിച്ചിരുന്നു. ഏകോപിച്ചുള്ള ഭരണഘടനയും സിലബസും രൂപീകരിക്കാൻ ഓരോ കമ്മിറ്റിയെ നിയോഗിച്ചു. കുര്യൻ കോറെപ്പിസ്കോപ്പാ കൺവീനറായുള്ള ഭരണഘടനാകമ്മിറ്റിയും ബ. ഡേവിഡച്ചൻ കൺവീനറായുള്ള സിലബസ് കമ്മറ്റിയും 1964 ഒക്ടോബർ 15-ന് എം.ഡി. യിൽകൂടി റിപ്പോർട്ട് സമർപ്പിച്ചു. ഭരണഘടനയും സിലബസ്സും പാസ്സാക്കി. 20-11-64-ൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, അത് അംഗീകരിക്കുകയും ചെയ്തു. ഇങ്ങനെ ഒന്നായിത്തീർന്ന മലങ്കരസഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനവും ഏകമായി; പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസിയേഷൻ എന്ന നാമധേയവും അംഗീകരിച്ചു. അഭിവന്ദ്യരായ പ്രസിഡന്റു തിരുമേനിമാരിൽ തോമ്മാ മാർ ദീവന്നാസ്യോസ് സ്വയമേവ തൽസ്ഥാനത്തു നിന്നും വിരമിച്ചു. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ പ്രസിഡന്റായി കാതോലിക്കാബാവാ തിരുമേനി നിയമിക്കുകയും ചെയ്തു. അതോടൊപ്പം കണിയാംപറമ്പിൽ വെരി. റവ. കുര്യൻ കോറെപ്പിസ്കോപ്പാ ഡയറക്ടർ ജനറലായും ഫാ. കെ. ഡേവിഡ് പബ്ലിക്കേഷൻ ഓഫീസറായും നിയമിക്കപ്പെട്ടു. പുതിയ ഭരണഘടനപ്രകാരമുള്ള ആദ്യ തെരഞ്ഞെടുപ്പ് എല്ലാ തലങ്ങളിലും 1965-ൽ നടന്നു. എന്നാൽ അസോസിയേഷന് ഒരു കേന്ദ്ര ഓഫീസ് ഉണ്ടാകാൻ പിന്നെയും വർഷങ്ങൾ കാത്തിരിക്കേണ്ടതായി വന്നു. സമാജത്തിന്റെ ഓഫീസും പ്രസ്സും പത്തനംതിട്ടയിലായിരുന്നതിനാൽ പബ്ലിക്കേഷൻ ഓഫീസറുടെ ഓഫീസ് പത്തനംതിട്ടയിലും ഡയറക്ടർ ജനറലിന്റെ ഓഫീസ് അദ്ദേഹത്തിന്റെ വസതിയിൽ തിരുവല്ലായിലും തുടർന്നു.

പാഠപുസ്തകങ്ങൾ ഏകീകരിക്കുന്നതിനുണ്ടായ താമസം കണക്കിലെടുത്ത് സമാജംവക പുസ്തകങ്ങൾ ഉപയോഗിക്കുന്നതിനും പരീക്ഷ 5-ാം ക്ലാസ്സു മുതൽ രണ്ടു പേപ്പർ തന്നെ നടത്തുന്നതിനും നിശ്ചയിച്ചു. വൈകാരികമായ ഐക്യം മുൻനിർത്തി തൽക്കാലം സഭാചരിത്രം പഠിപ്പിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ഇങ്ങനെ 1965-ൽ 1010 സ്കൂളുകളിലായി 92777 കുട്ടികൾ അഭ്യസനം നടത്തിയിരുന്നു. 7521 അദ്ധ്യാപകർ പ്രവർത്തനരംഗത്തും. ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം വിരചിച്ച ബ. ദാവീദച്ചന്റെ സേവനങ്ങളെ പുരസ്കരിച്ച് അദ്ദേഹത്തിന് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി.

പണ്ഡിതന്മാരും പരിചയസമ്പന്നരുമായ രണ്ടു കോറെപ്പിസ്കോപ്പന്മാരുടെ നിരന്തരമായ പ്രവർത്തനം അസോസിയേഷനെ ഒരു വൻ പ്രസ്ഥാനമാക്കി മാറ്റി.

1964 മുതൽ 66 വരെ പ്രസിഡന്റായിരുന്ന ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി കാലംചെയ്യുകയാൽ (1966 നവംബർ 6) പരിശുദ്ധ സുന്നഹദോസ് പൗലൂസ് മാർ പീലക്സിനോസിനെ (പ്രഥമ ശ്രേഷ്ഠ കാതോലിക്കാ) അസോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുത്തു നിയോഗിച്ചു.

സ്ഥിരമായ ഓഫീസിന്റെ അഭാവം പ്രവർത്തനത്തെ സാരമായി ബാധിക്കുമോ എന്നുവരെ സംശയമുണ്ടായി. അസോസിയേഷൻ യോഗങ്ങളും എക്സിക്യൂട്ടീവും മറ്റും കോട്ടയത്തെ മറ്റേതെങ്കിലും സൗകര്യമായ സ്ഥാനത്തു നടത്തേണ്ടതായി വന്നു. എന്നാൽ 1970 മെയ് 1-ാം തീയതി, സണ്ടേസ്കൂൾ അസോസിയേഷനു വേണ്ടി നിർമ്മിച്ചു വന്നിരുന്ന കെട്ടിടം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. അവിടെയാണ് ആ വർഷത്തെ സണ്ടേസ്കൂൾ യോഗം ചേർന്നതും. ഒരു കാർഡ് കളക്ഷൻ വഴിയായി ഏതാണ്ട് 65000/- ത്തോളം രൂപാ വിദ്യാർത്ഥികൾ മുഖേന ഇതിനായി ശേഖരിക്കുവാൻ കഴിഞ്ഞു. ദേവലോകത്ത് കാതോലിക്കേറ്റ് അരമനയുടെ സമീപത്തുതന്നെ ഓഫീസ് സ്ഥാപിക്കുവാൻ കഴിഞ്ഞു.

1964 മുതൽ 1974 വരെയുള്ള സണ്ടേസ്കൂൾ പ്രസ്ഥാന പുരോഗതി അഭിനന്ദനാർഹമായിരുന്നു. എന്നാൽ വീണ്ടും ഭിന്നിപ്പുണ്ടായി. ഇത്തവണ പിളർപ്പിനു കാരണം യാക്കൂബ് തൃതീയൻ പാത്രിയർക്കീസിനുണ്ടായ ഒരു വെളിപാടാണ്. മാർത്തോമ്മാശ്ലീഹായ്ക്കു പട്ടവും സിംഹാസനവും ഒന്നും ഇല്ലെന്നുള്ള അദ്ദേഹത്തിന്റെ ദുഷ്ടലാക്കോടുകൂടിയ താണതരം പ്രഖ്യാപനമാണ് ഭിന്നിപ്പുണ്ടാക്കിയത്. ഈ പുതിയ വിശ്വാസ പ്രഖ്യാപനം മുമ്പ് പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന ഒരു വിഭാഗം ശരിവച്ചു. കാതോലിക്കേറ്റിന്റെ കീഴിൽ ആചന്ദ്രതാരം ഉറച്ചു നിൽക്കുമെന്നു 1958-ൽ പുത്തൻകാവ് അസോസിയേഷനിൽ പ്രതിജ്ഞ ചെയ്ത സണ്ടേസ്കൂൾ അസോസിയേഷന്റെ രണ്ടാമത്തെ പ്രസിഡന്റ് പൗലൂസ് മാർ പീലക്സിനോസ് പ്രസിഡന്റു സ്ഥാനം ഉപേക്ഷിച്ചു. ഡയറക്ടർ ജനറലും സ്ഥാനം ഉപേക്ഷിച്ചു. പ്രസിഡന്റു സ്ഥാനം ഉപേക്ഷിച്ച് പാത്രിയർക്കീസിന്റെ വേദവിപരീത നിലപാടിനെ പിന്താങ്ങിയതുകൊണ്ടാണ് പാത്രിയർക്കീസ് പറഞ്ഞ വ്യവസ്ഥയെല്ലാം അംഗീകരിച്ച് അധികാരമൊന്നുമില്ലെങ്കിലും ഒരലങ്കാരമെന്നു വിശേഷിപ്പിക്കപ്പെടുന്ന 'ശ്രേഷ്ഠ കാതോലിക്കാ' സ്ഥാനം ലഭിച്ചതെന്നും ഓർക്കേണ്ടതുണ്ട്.

യാതൊരധികാരവും ഇല്ലാതിരുന്ന ശ്രേഷ്ഠ കാതോലിക്കാ തന്റെ ഭദ്രാസനത്തിൽ കാലുകുത്തരുതെന്നു കാണിച്ചു പാത്രിയർക്കീസ് വിഭാഗം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ ഒരു രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നു. ലജ്ജാകരമായ വ്യവസ്ഥയോടു കൂടിയാണു ബദൽ കാതോലിക്കാസ്ഥാനം നേടിയതെന്നു പൗലൂസ് മാർ പീലക്സിനോസ് തന്നെ

വൈകാതെ തുറന്നു പറഞ്ഞിട്ടുണ്ട്. യോജിച്ചു മുന്നോട്ടു പോയ സണ്ടേ സ്കൂൾ പ്രസ്ഥാനത്തോടു കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായ്ക്കു ഡയറക്ടർ ജനറൽ ആയിരിക്കുമ്പോൾ തന്നെ അത്ര കൂറില്ലായിരുന്നു. അതുകൊണ്ടാണദ്ദേഹം മാർത്തോമ്മാശ്ലീഹായുടെ പട്ടത്വം വെട്ടി നിരത്തിയ സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവന്റെ ചെയ്തികൾക്കു മുറുമുറുപ്പോടെ ഓശാന പാടിയത്. സഭയിൽ സ്വന്തം താല്പര്യങ്ങളും ഉന്നതപദവിയും സംരക്ഷിക്കാൻ തെറ്റായ നീക്കങ്ങളെ പിന്താങ്ങുന്നവർ പണ്ടും ക്രൈസ്തവസഭയിൽ സുലഭമായിരുന്നു. എന്തായാലും കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ സ്ഥാനം ഒഴിഞ്ഞതുമൂലം സണ്ടേസ്കൂളിനു ഒരു തളർച്ചയും ഉണ്ടായില്ല; വളർച്ച തുടർന്നു എന്നു മാത്രം. തടഞ്ഞു വച്ചിരുന്ന സഭാചരിത്രം, സഭയുടെ വിശ്വാസാചാരങ്ങളും, മതോപദേശങ്ങളും കുട്ടികൾക്കു പഠിക്കാനുള്ള തടസ്സം നീങ്ങി എന്ന വസ്തുത ചെറിയ കാര്യമല്ല.

പൗലൂസ് മാർ പീലക്സിനോസും കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായും വിട്ടുപോയപ്പോൾ കൊല്ലം ഇടവകയുടെ മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ ബാവാ) സണ്ടേസ്കൂളിന്റെ ചുമതല വർദ്ധിതവീര്യത്തോടെ ഏറ്റെടുത്തു.

ഡയറക്ടർ ജനറൽ ആയിരുന്ന വെരി. റവ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പായേയും പബ്ളിക്കേഷൻ ഓഫീസറായി പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ശിഷ്യനായും മലങ്കരസഭയുടെ ഔദ്യോഗികനാവായ "മലങ്കരസഭ"യുടെ മാനേജരായും പ്രവർത്തിച്ചിട്ടുള്ള ഫാദർ റ്റി. ജി. സഖറിയായേയും നിയമിച്ചു. സൺഡേസ്ക്കൂളിന്റെ 1974 വർഷങ്ങളിൽ പ്രസിഡന്റ്, ഡയറക്ടർ ജനറൽ, ട്രഷറർ എന്നീ ഔദ്യോഗിക സ്ഥാനങ്ങളെല്ലാം തന്നെ മുൻ പാത്രിയർക്കീസു ഭാഗത്തെ വ്യക്തികൾക്കു നൽകി ആദരിച്ചതും വൈകാരികമായ ഐക്യം ഉണ്ടാകുന്നതുവരെ സഭാചരിത്രം പഠിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതും എല്ലാംതന്നെ സഭ ഏകയോഗമായി മുന്നേറണമെന്നും സൺഡേസ്ക്കൂളിന്റെ കെട്ടുറപ്പ് ശിഥിലമാകാതെയിരിക്കണമെന്നും ഉള്ള കരുതലിലാണ്.

ഡയറക്ടർ ജനറലായി ഒരു വർഷത്തിലധികം പ്രവർത്തിക്കുവാൻ അനാരോഗ്യം മൂലം ഡേവിഡ് കോറെപ്പിസ്കോപ്പായിക്കു കഴിഞ്ഞില്ല. തുടർന്നു വിശ്രമജീവിതം ആഗ്രഹിച്ചുവെങ്കിലും 17-10-75 -ൽ അദ്ദേഹം നിത്യവിശ്രമത്തിലേക്കു പ്രവേശിക്കയാണുണ്ടായത്. ഇത്ര ദീർഘമായ കാലയളവിൽ തന്റെ സഭയ്ക്കുവേണ്ടിയും താൻ വളർത്തിയെടുത്ത പ്രസ്ഥാനത്തിനുവേണ്ടിയും അവിശ്രമം പ്രവർത്തിച്ചിട്ടുള്ള വ്യക്തികൾ നന്നേ ചുരുങ്ങും. മാത്രമല്ല, "ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നത് എനിക്കു ചെയ്തതാകുന്നു" എന്നു നമ്മുടെ കർത്താവു കല്പിച്ച വചനം

മുൻനിർത്തി സാധുക്കളായ സണ്ടേസ്ക്കൂൾ കുട്ടികളെ സഹായിക്കുന്നതിന് തനിക്കു സ്വന്തമായി ലഭിച്ച പണം ഉപയോഗിച്ചാവിഷ്കരിച്ച സ്കോളർഷിപ്പു പദ്ധതി അസോസിയേഷന്റെ ഒരു നേട്ടമായി. ആ പദ്ധതി വികസിപ്പിച്ച് കൂടുതൽ കുട്ടികൾക്കു സഹായം ലഭിക്കത്തക്കവണ്ണം സണ്ടേസ്ക്കൂൾ ഭാരവാഹികൾ ഉത്സാഹിക്കണമെന്ന അദ്ദേഹത്തിന്റെ അന്ത്യഅഭിലാഷം ഇന്ന് ഏറെക്കുറെ നിറവേറ്റുന്നുണ്ട്.

ബ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ അനാരോഗ്യം മൂലം വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കയാൽ ഡയറക്ടർ ജനറലിന്റെ ചുമതലകൾ കുറെ ദിവസത്തേക്കെങ്കിലും പബ്ലിക്കേഷൻ ഓഫീസർക്കു നിർവഹിക്കേണ്ടിവന്നു. താമസംവിനാ, സെക്കുലർ രംഗത്തു തികഞ്ഞ പാടവത്തോടെ പ്രവർത്തിക്കയും ഒരു ഹൈസ്ക്കൂളിന്റെ പ്രഥമാദ്ധ്യാപകനായിത്തന്നെ ദീർഘകാലം സേവനം അനുഷ്ഠിച്ച് അവാർഡു നേടുകയും, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിക്കയും, ആദ്യഘട്ടത്തിൽ കോട്ടയം ഭദ്രാസന സണ്ടേസ്ക്കൂൾ ഡയറക്ടറായി പ്രവർത്തിക്കയും ചെയ്ത സി. വി. ജോർജ് കോറെപ്പിസ്കോപ്പായെ ഡയറക്ടർ ജനറലായി പരിശുദ്ധ ഔഗേൻ ബാവാ കല്പിച്ചു നിയമിക്കയും ചെയ്തു. ഇതു പ്രവർത്തനങ്ങൾക്കു കുറെക്കൂടി ഉത്തേജനം പകർന്നു.

1975 ജൂൺ 21-നു ചേർന്ന സണ്ടേസ്ക്കൂൾ കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങളിൽ സുപ്രധാനമായ ഒന്ന് സണ്ടേസ്ക്കൂൾ പാഠപദ്ധതിയിൽ മലങ്കരസഭാചരിത്രം, കാതോലിക്കാ സിംഹാസന ചരിത്രം, പരുമല തിരുമേനിയുടെ ജീവചരിത്രം എന്നിവ ഉൾപ്പെടുത്തണമെന്നുള്ളതായിരുന്നു.

ഓഫീസ്

ഇത്ര ബൃഹത്തായ ഒരു പ്രസ്ഥാനത്തിന്റെ കേന്ദ്ര ഓഫീസിൽ വേണ്ടത്ര സ്റ്റാഫില്ലാത്തതിനാൽ യഥാകാലം വേണ്ടതെല്ലാം ഭംഗിയായി നിർവഹിക്കുവാൻ പലപ്പോഴും പ്രയാസപ്പെട്ടിട്ടുണ്ട്. 1-5-76 -ൽ കൂടിയ പൊതുയോഗം കാര്യത്തിന്റെ നാനാവശങ്ങളെ സംബന്ധിച്ചു പഠിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 26-1-77 -ൽ 3 കാര്യങ്ങൾ തീരുമാനിച്ചു. ഓഫീസ് കാര്യങ്ങൾക്കു സാരഥ്യം വഹിക്കാൻ ഡി. ജി. യും പി. ഒ. യും ഉണ്ടെങ്കിലും ഓഫീസ് ജോലികൾക്ക് ഒരു ഓഫീസ് അസിസ്റ്റന്റു മാത്രമേയുള്ളൂ. (1) അതിനാൽ ഓഫീസ് ജോലികൾ സുഗമമാക്കുന്നതിന് പൂർണ്ണസമയം ചെലവഴിക്കാൻ കഴിയുന്ന ഒരാളെ ഓഫീസ് സെക്രട്ടറിയായി നിയമിക്കണം. ആവശ്യാനുസരണം ഇതര സ്റ്റാഫംഗങ്ങളും. (2) ധനാഗമമാർഗ്ഗം വിപുലമാക്കണം. നിലവിലിരിക്കുന്ന വാർഷികപിരിവിനു പകരം ആണ്ടുതോറും കവർ കളക്ഷൻ നടത്തി പ്രവർത്തനത്തിന്

ആവശ്യമായ ഫണ്ടു ശേഖരിക്കണം. (3) ഷെയർ വില്പനയിൽക്കൂടി സണ്ടേസ്ക്കൂൾ പ്രസ്സിനാവശ്യമായ ഫണ്ട് ശേഖരിക്കണം.

തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ അല്പം പ്രയാസങ്ങൾ ആദ്യ വേളകളിൽ സംഭവിച്ചുവെങ്കിലും എല്ലാംതന്നെ വിജയകരമായി തീർന്നു.

ഓഫീസ് ഭരണകാര്യങ്ങളിൽ തികച്ചും പ്രാവീണ്യം സിദ്ധിച്ചിരുന്ന വി. ഐ. ജോസഫിന്റെ സേവനം ലഭിച്ചത് ഇക്കാലഘട്ടത്തിലാണ്. റബ്ബർ ബോർഡ് ഓഫീസിൽ സൂപ്രണ്ടായിരുന്നു വിരമിച്ച വി. ഐ. ജോസഫ് ഓഫീസ് സെക്രട്ടറിയായതോടെ സണ്ടേസ്ക്കൂളിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുമായി ഇഴുകിച്ചേർന്നു. സണ്ടേസ്ക്കൂൾ സംബന്ധിച്ച എല്ലാറ്റിന്റെയും റിക്കാർഡുകളും, കണക്കുകളും ഭംഗിയായി സൂക്ഷിക്കുന്നതിനും മറ്റും അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ കൃതജ്ഞത അർഹിക്കുന്നു. ഓഫീസ് സംബന്ധമായ എല്ലാ റിക്കാർഡുകളുടെയും പ്രാരംഭം അദ്ദേഹത്തിൽനിന്നാണ് എന്നു പറയുന്നതിൽ അതിശയോക്തിയില്ല. 1981-ൽ സഭാകേന്ദ്രത്തിൽ ഉദ്യോഗം സ്വീകരിക്കേണ്ടതായി വന്നതിനാൽ അദ്ദേഹം വിരമിച്ചു. തുടർന്ന് ആ രംഗത്തേക്കു വന്നതും സർവവിധത്തിലും ആദരണീയനും പരിചയസമ്പന്നനുമായ സി. യു. മാത്യു ആയിരുന്നു. കോർപറേറ്റു മാനേജ്മെന്റിൽപെട്ട ഹൈസ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററായി ദീർഘകാലം പ്രവർത്തിച്ച് സ്റ്റേറ്റ് അവാർഡ് നേടുകയും 1950-കളിൽ കോട്ടയം ഭദ്രാസനത്തിലെ സണ്ടേസ്ക്കൂൾ ജനറൽ സെക്രട്ടറിയായും മറ്റും സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുള്ള സി. യു. മാത്യുവിന്റെ വിലപ്പെട്ട പ്രവർത്തനം ഒരു മുതൽക്കൂട്ടായിത്തീർന്നു.

സണ്ടേസ്ക്കൂൾ സമാജത്തിന്റെ ഓഫീസ് പത്തനംതിട്ടയിൽ ആയിരുന്ന കാലം മുതൽ സമാജത്തോടു ബന്ധപ്പെട്ടിട്ടുള്ള എല്ലാവരും അറിയുന്ന പി. എ. ഫിലിപ്പോസ് സണ്ടേസ്ക്കൂൾ ഓഫീസ് സംബന്ധിച്ച ഒരു വിജ്ഞാനകോശമായിരുന്നു.

അച്ചുകൂടം

സണ്ടേസ്ക്കൂളിനും, ഒ.വി.ബി.എസിനും വേണ്ട പുസ്തകങ്ങളും മറ്റും അച്ചടിച്ചു തയ്യാറാക്കുന്നതിന് തികച്ചും മതിയാകുന്നില്ലെങ്കിലും ഏതാണ്ട് 70000/- രൂപാ മുടക്കുള്ള ഒരു പ്രസ്സും ഉപകരണങ്ങളും അസോസിയേഷന്റെ വകയായുണ്ടെന്ന കാര്യം അഭിമാനകരം തന്നെ. സണ്ടേസ്കൂൾ സമാജം വകയായുണ്ടായിരുന്ന പഴയ പ്രസ്സ് വിറ്റു കിട്ടിയ പണവും 1982-ൽ ഉദ്ഘാടനം ചെയ്ത ഷെയർ വില്പന വഴിയായി ശേഖരിച്ച തുകയും വിനിയോഗിച്ചാണ് ഇതു സാധിച്ചത്. കേന്ദ്ര ഓഫീസിനോടു ചേർന്നുതന്നെ പ്രസ്സും പ്രവർത്തിക്കുന്നു.

ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഏകോപിച്ചുള്ള കരിക്കുലം കമ്മിറ്റി ശുപാർശ ചെയ്ത സിലബസ്സനുസരിച്ചു രചിച്ചിട്ടുള്ള പുസ്തകങ്ങളെ അടിസ്ഥാനമാക്കിയാണ് സണ്ടേസ്ക്കൂൾ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ചുള്ള പത്തു ക്ലാസ്സുകളിലെയും പുസ്തകങ്ങൾ ഘട്ടംഘട്ടമായി പ്രസിദ്ധീകരിച്ച് 1988-മാണ്ടോടെ പൂർത്തിയായി. കാതോലിക്കാസിംഹാസന ചരിത്രം, മലങ്കരസഭാചരിത്രം, പരുമല തിരുമേനിയുടെ ജീവചരിത്രം, ഇതര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ച് സണ്ടേസ്ക്കൂൾ പാഠപുസ്തകങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം പരിശുദ്ധ സുന്നഹദോസിന്റെ ശ്രേഷ്ഠാനുമതിയോടു കൂടിയാണ്.

ആഗോള വ്യാപകമായി തീർന്ന ഇന്ത്യൻ സഭയുടെ മുഖ്യഘടകമായ സണ്ടേസ്ക്കൂൾ പ്രവർത്തനം മലയാളക്കരയിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. അതിനാൽ ഇംഗ്ലീഷിലും ഇതര ഇന്ത്യൻ ഭാഷകളിലും എങ്കിലും പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടിയിരിക്കുന്നു. മിക്കവാറും എല്ലാ ക്ലാസ്സുകളിലേക്കുമുള്ള പുസ്തകങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

'സണ്ടേസ്കൂളിന്റെ പുത്രൻ'

ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

എനിക്കു ലഭിച്ചിട്ടുള്ള സ്ഥാനനാമങ്ങളിൽ ഏറ്റവും അഭിമാനപൂർവ്വം ഞാൻ കരുതുന്ന ഒന്നാണ് മുകളിൽ ചേർത്തിരിക്കുന്നത്. ദീർഘകാലം മലങ്കരസഭയുടെ സണ്ടേസ്കൂൾ സമാജം സെക്രട്ടറിയായിരുന്ന്, ആ പ്രസ്ഥാനത്തിന് ആകൃതിയും പ്രകൃതിയും സൗന്ദര്യവും കൊടുത്ത് അതിനെ വളർത്തിയെടുത്ത ഭാഗ്യസ്മരണാർഹനായ ബ. കെ. ദാവീദച്ചനാണ് ആ സ്ഥാനനാമം തന്ന് എന്നെ ബഹുമാനിച്ചത്. 1941-ൽ എന്റെ മാതൃ ഇടവകയായ അയിരൂർ ചെറിയപള്ളിയിൽ വച്ചു നടന്ന സണ്ടേസ്കൂൾ സമ്മേളനത്തിനു നേതൃത്വം നൽകുന്നതിന് കോട്ടയത്തു നിന്ന് വന്നെത്തി, ഞങ്ങളുടെ വസതിയിൽ താമസിച്ച ദിവസം മുതലുള്ള പരിചയം വളർന്നു വളർന്ന് ഗാഢമായ സ്നേഹബന്ധമായി പരിണമിക്കുകയും അങ്ങനെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിലേക്ക് ഞാൻ ആനയിക്കപ്പെടുകയുമാണുണ്ടായത്. അന്ന് ഒരു ഹൈസ്കൂൾ വിദ്യാർത്ഥി മാത്രമായിരുന്ന എന്നെ ദാവീദച്ചൻ പോകുന്ന പള്ളികളിലെല്ലാം കൂട്ടിക്കൊണ്ടുപോകുകയും സണ്ടേസ്ക്കൂൾ കോൺഫ്രൻസുകളിലും ക്ലാസ്സുകളിലും സംബന്ധിപ്പിക്കുകയും ക്ലാസ്സുകൾ എടുപ്പിക്കുകയും പ്രസംഗിപ്പിക്കുകയും മറ്റെല്ലാ തരത്തിലും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് ഈ സഭയെപ്പറ്റി ഒരു പുതിയ കാഴ്ചപ്പാടും ദർശനവും ഉണ്ടാകുവാൻ എനിക്ക് സഹായകമായി എന്ന് നന്ദിപൂർവ്വം സ്മരിക്കുന്നു.

എനിക്ക് 15 വയസ്സുള്ളപ്പോൾ എന്റെ ആദ്യ കുമ്പസാരം നടത്തിയത് ദാവീദച്ചനായിരുന്നു. മാത്രവുമല്ല, മരിക്കുന്നതുവരെ എന്റെ കുമ്പസാര പിതാവായിരുന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തരുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ച ശുഷ്കാന്തിയും കർത്തവ്യബോധവും എന്റെ ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ള വസ്തുതയും വിസ്മരിക്കത്തതല്ല.

സഭാകേന്ദ്രമായ കോട്ടയം പട്ടണവും അവിടെയുള്ള പഴയസെമിനാരിയും എം.ഡി. സെമിനാരിയുമെല്ലാം ഒന്നു കാണണമെന്നുള്ള എന്റെ ആവേശപൂർവ്വമായ വാഞ്ഛ അദ്ദേഹം ഗ്രഹിക്കുകയും തെക്കൻ പ്രദേശത്തുവച്ചു നടന്ന ഒരു സണ്ടേസ്കൂൾ കോൺഫ്രൻസിനുശേഷം അദ്ദേഹത്തിന്റെകൂടെ എന്നെ കോട്ടയത്തേക്ക് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. അന്ന് അദ്ദേഹം താമസിച്ചിരുന്ന എം.ഡി. സെമിനാരിയിൽ എനിക്കും താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിത്തന്നു. പിറ്റേദിവസം ഞാൻ എം.ഡി. സെമിനാരിയും ഏലിയാ ചാപ്പലുമെല്ലാം

ചുറ്റിനടന്ന് കണ്ടു. ഏലിയാ ചാപ്പലിന്റെ വടക്കുവശത്തു കൂടി നടക്കുമ്പോൾ ഒരു മുറിയിൽനിന്ന് ശ്രവണസുന്ദരമായ സുറിയാനി ഗാനാലാപം കേട്ട് ആകൃഷ്ടനായി അതിന്റെ ഉടമയെ ഒന്നു കാണുന്നതിനായി ജനലിന്റെ അഴികളിൽ കൂടി ഞാൻ ഒളിഞ്ഞുനോക്കിയപ്പോൾ ചാരനിറമുള്ള കോട്ട് ധരിച്ച് ഒരു അത്മായ യുവാവ് ശെമ്മാശന്മാരടക്കം ഉള്ള കുറെ വൈദിക വിദ്യാർത്ഥികൾക്ക് സുറിയാനി രാഗങ്ങൾ ചൊല്ലിക്കൊടുക്കുന്നതായിട്ടാണ് കണ്ടത്. ശെമ്മാശ്ശന്മാരെ സുറിയാനി പഠിപ്പിക്കുന്ന അത്മായക്കാരൻ! ഇദ്ദേഹം ആര്? ഞാൻ ഓടി ദാവീദച്ചന്റെ മുറിയിലെത്തി കൂടുതൽ വിവരങ്ങൾ ആരാഞ്ഞു. അദ്ദേഹമാണ് വട്ടക്കുന്നേൽ വി. കെ. മാത്യു, ബി.എ., ബി.ഡി. സുറിയാനി പണ്ഡിതനാണ്; കാനോൻ വിദഗ്ധനാണ് എന്നൊക്കെ ദാവീദച്ചനിൽ നിന്ന് ഞാൻ ഗ്രഹിച്ചു.

ഞാൻ വേഗം തിരിച്ചുപോയി വീണ്ടും ജനലഴികളിൽകൂടി അദ്ദേഹത്തെ നോക്കിനിന്നത് ഇന്നും സ്മരണയിൽ നിന്ന് മാഞ്ഞുപോയിട്ടില്ല. ഇന്ന്, പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന ഗാംഭീര്യം തുളുമ്പുന്ന ആ ശ്രേഷ്ഠ മഹാപുരോഹിതനെ നോക്കി നിൽക്കുന്നതും അദ്ദേഹത്തോടൊരുമിച്ചിരുന്ന് സംസാരിക്കുന്നതും ജീവിതത്തിലെ ആനന്ദം പകരുന്ന മുഹൂർത്തങ്ങളാണെന്നു രേഖപ്പെടുത്തിക്കൊള്ളുന്നു. ആണ്ടുതോറും നടത്തിവരാറുണ്ടായിരുന്ന സണ്ടേസ്കൂൾ അദ്ധ്യാപക കോൺഫ്രൻസ്സുകളിൽ ആദ്യം വി. കെ. മാത്യു ശെമ്മാശ്ശനായും പിന്നീട് വി. കെ. മാത്യൂസ് കത്തനാരായും അദ്ദേഹം എടുത്തിട്ടുള്ള ക്ലാസ്സുകൾ മലങ്കരസഭയെപ്പറ്റിയും, കാതോലിക്കാ സ്ഥാപനത്തെപ്പറ്റിയും അന്ന് ഹൃദയാന്തർഭാഗത്തിൽ ഉദിപ്പിച്ച ജിജ്ഞാസയും, പ്രചോദനവും, ആവേശകരമായ ഉത്തേജനവും പടർന്നു പന്തലിച്ച് ശാഖോപശാഖകൾ വിടർത്തി ജീവിതത്തിന്റെ അഭേദ്യ ഭാഗമായി തീരുന്നതിന് സഹായകരമായി ഭവിച്ചുവെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

പത്തു വർഷങ്ങൾ അമേരിക്കയിൽ താമസിച്ച് വിദ്യാഭ്യാസം പൂർത്തിയാക്കി ഞാൻ ആദ്യമായി കോട്ടയത്ത് മടങ്ങിയെത്തിയപ്പോൾ ദാവീദച്ചന്റെ പ്രഥമ ചോദ്യം അമേരിക്കയിൽ നമുക്ക് സണ്ടേസ്ക്കൂൾ ഉണ്ടോ എന്നായിരുന്നു. അത്രമാത്രം ഭാവി തലമുറയെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ശുഷ്ക്കാന്തി നമ്മുടെ സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കാരണമായിത്തീർന്നിട്ടുണ്ടെന്ന് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

അമേരിക്കൻ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും സണ്ടേസ്ക്കൂൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. അവിടെ ജനിച്ചുവളർന്ന നമ്മുടെ കുഞ്ഞുങ്ങൾ മലയാളഭാഷ വശമില്ലാത്തവരും മലങ്കരസഭാകാര്യങ്ങൾ ഇവിടെയുള്ള കുഞ്ഞുങ്ങളെപോലെ നേരിട്ടു കണ്ടറിയുന്നതിന് അവസരം കിട്ടാ

ത്തവരുമായതിനാൽ ആ കുഞ്ഞുങ്ങളെ നമ്മുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും വളർത്തിക്കൊണ്ടുവരുന്നത് ഒരു ഭാരിച്ച ചുമതലയാണെന്ന് പറയേണ്ടതില്ലല്ലോ. ഭാവി തലമുറയെപ്പറ്റിയുള്ള ആ കർത്തവ്യബോധം നിറവേറ്റുന്നതിനുള്ള ഉത്തേജനവും ദർശനവും പരിശീലനവും ലഭിച്ചത് നമ്മുടെ സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിൽ നിന്നായിരുന്നുവെന്ന് കൃതജ്ഞതാപുരസ്സരം സ്മരിച്ചുകൊണ്ട് സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിനും അതിന്റെ പ്രവർത്തകർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

(1990-ൽ എഴുതിയത്)



മലങ്കരസഭാചരിത്രത്തിലെ ദാവീദ്

ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ, സൺഡേസ്കൂൾ)

മലങ്കര ഓർത്തഡോക്സ് സഭയുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ, അതിനെ പരിപോഷിപ്പിച്ച ഒട്ടേറെ മഹദ് വ്യക്തികളുണ്ട്. അവരിൽ പ്രധാനി ആരെന്നു ചോദിച്ചാൽ സന്ദേഹമില്ലാതെ ഏവരും ചൂണ്ടിക്കാണിക്കുന്ന ഒരു വ്യക്തിയേ ഉണ്ടാവൂ. അതാണ് ഭാഗ്യസ്മരണാർഹനായ വന്ദ്യ കെ. ഡേവിഡ് കോർഎപ്പിസ്കോപ്പാ. അദ്ദേഹത്തെ നേരിൽ കണ്ടതായി ഞാൻ ഓർക്കുന്നില്ല. എന്നാൽ 1975 ഒക്ടോബർ 18-നു നടന്ന അദ്ദേഹത്തിന്റെ വിടവാങ്ങൽ ശുശ്രൂഷയിൽ ഞാനും പങ്കെടുത്തിരുന്നു, വൈദികസെമിനാരിയിലെ 4-ാം വർഷ വിദ്യാർത്ഥിയായ ഒരു ശെമ്മാശ്ശനായി. ഒരു മേൽപട്ടക്കാരനു തുല്യമായ യാത്രയയപ്പാണ് ഈ ശ്രേഷ്ഠാചാര്യന് മലങ്കരസഭ നൽകിയത്. വമ്പിച്ച ജനാവലി വിലാപയാത്രയിൽ പങ്കെടുത്തിരുന്നത് ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. സൺഡേസ്കൂൾ പ്രസ്ഥാനം ഉള്ള കാലത്തോളം ഈ ശ്രേഷ്ഠാചാര്യനെ മറക്കാനാവുകയില്ല.

അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ഡേവിഡ് എന്നായിരുന്നോ എന്ന് നിശ്ചയമില്ല. എന്തുകൊണ്ടെന്നാൽ ഡേവിഡ് എന്നും ദാവീദ് എന്നും എഴുതപ്പെട്ട രേഖകളിൽ കാണുന്നുണ്ട്. എന്നാൽ സമകാലീനർ അദ്ദേഹത്തെ വിളിച്ചിരുന്നതും അദ്ദേഹം അറിയപ്പെട്ടിരുന്നതും 'ദാവീദച്ചൻ' എന്ന പേരിലായിരുന്നു എന്നു തോന്നുന്നു. അങ്ങനെയെങ്കിൽ പഴയനിയമ ചരിത്രത്തിൽ ദാവീദിനുള്ള സ്ഥാനം മലങ്കര ഓർത്തഡോക്സ് സഭയിലെ സൺഡേസ്കൂൾ ചരിത്രത്തിൽ ദാവീദച്ചനുണ്ട്. ഇസ്രായേലിന്റെ ചരിത്രത്തിൽ ദാവീദിന് അദ്വിതീയമായ സ്ഥാനമാണല്ലോ ഉള്ളത്. ദാവീദിന്റെ ഗോത്രം, ദാവീദിന്റെ സിംഹാസനം എന്ന പ്രയോഗങ്ങളൊക്കെ ചരിത്രത്തിലെ അദ്ദേഹത്തിന്റെ സ്ഥാനത്തിന്റെ അടയാളമായ പ്രയോഗങ്ങളാണ്. ദാവീദിന്റെ 51-ാം സങ്കീർത്തനവും 23-ാം സങ്കീർത്തനവും എക്കാലത്തുമുള്ള ഭക്തന്മാർക്ക് എന്നും ആശ്വാസദായകമാണല്ലോ. വേദപുസ്തക കഥാപാത്രങ്ങളിൽ ശ്രദ്ധേയരായ മോശയുടെയും ദാവീദിന്റെയും ജീവചരിത്രങ്ങൾ ദാവീദച്ചൻ സൺഡേസ്കൂളിനുവേണ്ടി എഴുതിയത് അക്കാലത്തെ മികച്ച രചനകൾ തന്നെയായിരുന്നു. ചന്ദനപ്പള്ളി മാവേലിൽ ദാവീദച്ചൻ, സൺഡേസ്കൂളിന് യഥാർത്ഥത്തിൽ പടനായകനായ ഇസ്രായേലിലെ ദാവീദിനെപ്പോലെയായിരുന്നു. അതേസമയം പഴയനിയമ ചരിത്രത്തിലെ ദാവീദിന് ഒരിക്കൽ കാലിടറിപ്പോയതുപോലെ ഈ ദാവീദിന് ഒരിക്കലും തന്റെ ദൗത്യബോധത്തിൽ ദിശ തെറ്റിയില്ല.

പ്രവർത്തനകാലം

സഭാ സമാധാനത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന് പ്രവർത്തിക്കാൻ ലഭിച്ചത് 11 വർഷങ്ങൾ മാത്രം. അതിൽ ഡയറക്ടർ ജനറലായിരുന്നത് കേവലം ഒരു വർഷം മാത്രവും (1974–75). സഭാ സമാധാനമുണ്ടായപ്പോൾ ഭിന്നിച്ചുനിന്നവരെ ആദരിക്കുന്നതിന്റെ അടയാളമായി ഒന്നായിത്തീർന്ന സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റു പദം അഭിവന്ദ്യ വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്കും, ഡയറക്ടർ ജനറൽ സ്ഥാനം വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പായ്ക്കും നൽകി. അതുവരെ പ്രസ്ഥാനത്തിന്റെ വായും തൂണും മല്പാനും ജനറൽ സെക്രട്ടറിയുമായിരുന്ന വന്ദ്യ ദാവീദച്ചൻ പ്രസ്ഥാനത്തിന്റെ ആദ്യത്തെ പബ്ലിക്കേഷൻ ഓഫീസർ എന്ന ചുമതല ഏറ്റെടുത്തു. 1964-ലാണ് ഇതു സംഭവിച്ചത്. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ വേർപാട് ഉണ്ടാകുന്നതിനു മുമ്പുതന്നെ സഭയിൽ ഭിന്നത ഉണ്ടാവുകയും കണിയാമ്പറമ്പിൽ അച്ചൻ അന്ത്യോഖ്യൻ പക്ഷത്തു നിലയുറപ്പിക്കുകയും ചെയ്തപ്പോൾ ദാവീദച്ചൻ 1974-ൽ ഡയറക്ടർ ജനറലായി. അപ്പോഴേക്കും ശാരീരികമായി ബലഹീനനായി 1975-ൽ സ്ഥാനമൊഴിയുകയും ചെയ്തു. ഇടവകയുടെ പൂർണ്ണ ചുമതല എടുക്കാതെ, സൺഡേസ്കൂൾ കെട്ടിപ്പടുക്കാനായി വിവിധ ഇടവകകൾ അദ്ദേഹം സന്ദർശിക്കുമായിരുന്നു.

സൺഡേസ്കൂളിന്റെ അമരക്കാരനായി അദ്ദേഹം പ്രവർത്തിച്ചത് നീണ്ട നാലര പതിറ്റാണ്ടു കാലമായിരുന്നു (1932–1975). അതിനു മുമ്പുള്ള കാലം ഇടവകതലത്തിൽ ഒതുങ്ങിനിന്നിരുന്നു. അദ്ദേഹത്തിന്റെ സംഭാവനകൾ വിലയിരുത്തണമെങ്കിൽ ആ കാലഘട്ടത്തിന്റെ പ്രത്യേകതകൾ കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1930-കളിൽ സഭാന്തരീക്ഷം പലവിധത്തിൽ കലുഷിതമായിരുന്നു. മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനി പ്രായത്തിലേക്കു കടക്കുന്നു. താൻ വളരെ പ്രിയംവെച്ച പണ്ഡിതനായ അരുമശിഷ്യൻ, ഗുരുവിനെയും സത്യവിശ്വാസത്തെയും തള്ളിപ്പറഞ്ഞ് കത്തോലിക്കാ വിശ്വാസത്തിലേക്കു ചേക്കേറുന്നു (മാർ ഈവാനിയോസ്). നേരത്തെ തന്നെ പിരിഞ്ഞുപോയ നവീകരണക്കാർ ഇംഗ്ലീഷു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്ത് ഇളംതലമുറയെ അങ്ങോട്ട് ആകർഷിക്കുന്നു. മാർത്തോമ്മാ സഭയും, മാരാമൺ കൺവൻഷനുമൊക്കെ ആരംഭിച്ച് സുവിശേഷപ്രസംഗങ്ങളിലൂടെ അനേകരെ വശീകരിച്ചു തുടങ്ങുന്നു. സാമ്പത്തിക പരാധീനതകൾ മൂലം, റീത്തു പ്രസ്ഥാനം വെച്ചുനീട്ടിയ സ്ഥാനമാനങ്ങളും, ജോലിയും, ഭൗതിക വസ്തുക്കളും വേണ്ടെന്നു

വെക്കാൻ പാവപ്പെട്ട അനേകർക്കും സാധിക്കാതെ പോകുന്ന സാഹചര്യം. പുരാതനമായ മലങ്കരസഭയ്ക്ക് സത്യവിശ്വാസവും, സത്യആരാധനയുമൊക്കെ കൈമുതലായിട്ടുണ്ടെങ്കിലും, അവ ബുദ്ധിപരമായി പഠിപ്പിക്കുവാനുള്ള സൗകര്യങ്ങൾ തുലോം പരിമിതം. മാതൃഭാഷയിൽ ഇവയൊക്കെ വിവരിച്ചുകൊടുക്കാനുള്ള പുസ്തകങ്ങൾ തീരെയില്ല. ഈ കാര്യങ്ങളിൽ കത്തോലിക്കാസഭയും, നവീകരണക്കാരും നമ്മേക്കാൾ ബഹുദൂരം മുന്നിൽ. ഈ വിഷമകരമായ വൃത്തത്തിൽ കഴിയുമ്പോഴാണ് ദാവീദച്ചനെപ്പോലെയുള്ളവരുടെ രചനകൾ വളരുന്ന തലമുറയ്ക്ക് നിലാവെളിച്ചമായി രംഗത്തെത്തുന്നത്. അന്നത്തെ തലമുറയ്ക്ക് യോഗ്യമായ വിധത്തിലാണ് അദ്ദേഹം പുസ്തകങ്ങൾ രചിച്ചത്. വേദപുസ്തകം, സഭാചരിത്രം, സത്യവിശ്വാസം ഇവ മൂന്നുമാണ് അന്നത്തെ തലമുറയ്ക്ക് ഏറ്റവും ആവശ്യമായിരുന്നത്. ഈ ലക്ഷ്യം മുൻനിർത്തി വേദപുസ്തക കഥകൾ, സഭാചരിത്രം, ചോദ്യോത്തര രൂപത്തിൽ വിശ്വാസ സത്യങ്ങളും. അധ്യാപകർക്കായി 'വേദാദ്ധ്യാപകൻ' എന്ന ഗ്രന്ഥവും അദ്ദേഹം രചിച്ചു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ 'മതോപദേശസാര'മെന്ന ഗ്രന്ഥമൊഴിച്ചാൽ കാര്യമായി മറ്റു ഗ്രന്ഥങ്ങളൊന്നും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ടായിട്ടില്ലാത്ത കാലമാണെന്നോർക്കണം. റീത്തു പ്രസ്ഥാനത്തിന്റെയും, നവീകരണത്തിന്റെയും സ്വാധീനത്തെ ഒരു വലിയ പരിധിവരെ ചെറുത്തു നിൽക്കുവാൻ അച്ചന്റെ ഈടുറ്റ ഗ്രന്ഥങ്ങൾക്കു സാധിച്ചു. അദ്ധ്യാപകർ താല്പര്യത്തോടെ ഇവയൊക്കെ വായിച്ചു പഠിച്ചു, കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്തു. എല്ലാ വർഷത്തിലും 8 ദിവസം നീണ്ടുനിൽക്കുന്ന അദ്ധ്യാപക പരിശീലനക്ലാസിൽ പങ്കെടുക്കാൻ അവർക്കു വളരെ താല്പര്യവുമായിരുന്നു. മുഴുവൻ സമയവും അവരോടുകൂടെ താമസിച്ച് ക്ലാസുകൾ എടുക്കുവാൻ ദാവീദച്ചൻ മുൻപിൽ തന്നെയുണ്ടായിരുന്നു. ആ ക്ലാസുകൾ ആസ്വദിച്ച മുൻ തലമുറ ഏറെക്കുറെ അന്യംനിന്നു പോയെങ്കിലും നല്ല സ്മരണകളുമായി കഴിയുന്ന ചിലരെങ്കിലും അവിടെയുമിവിടെയുമായി ഇപ്പോഴുമുണ്ട്.

പൂർത്തീകരിക്കപ്പെടാത്ത അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ

പ്രസ്ഥാനത്തിന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന് ചിന്തിക്കുവാൻ കഴിയുന്ന ധാരാളം പേർ ഇന്ന് സഭയിലുണ്ട്. എന്നാൽ ഏകദേശം മുക്കാൽ നൂറ്റാണ്ടിനു മുമ്പ് കൃത്യമായി പറഞ്ഞാൽ 1937 ജനുവരി മാസത്തിൽ അദ്ദേഹം മലങ്കരസഭാ മാസികയിൽ എഴുതിയ ലേഖനത്തിലെ ആശയങ്ങൾക്ക് പ്രസക്തിയേറിയതല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. അന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിയ കുറവുകൾ ഇന്ന് വർദ്ധമാനമായ തോതിലായിരിക്കുന്നു. സൺഡേസ്കൂളിന്റെ ഭാവിചരിത്രത്തിലേക്കു വിരൽ ചൂണ്ടുവാൻ അദ്ദേഹം സൂചിപ്പിച്ച ആശയങ്ങൾ ധാരാളം മതിയാകും. അതിലേക്കൊന്നു പ്രവേശിക്കട്ടെ.

1. സൺഡേസ്കൂൾ പഠനം മാതാപിതാക്കളുടെ ഗൗരവമായ വിഷയമല്ല: കുഞ്ഞുങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നൽകിയിരുന്നു എന്ന് കർത്താവ് തന്റെ ജീവിതകാലത്ത് വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും മാതാപിതാക്കൾക്ക് അത് ബോദ്ധ്യം വന്നിട്ടില്ലാ എന്ന് അക്കാലത്ത് വന്ദ്യ ദാവീദച്ചൻ ചൂണ്ടിക്കാട്ടിയിരുന്നു. ഇന്ന് അതിലും എത്രയധികം കാര്യങ്ങൾ വഷളായിരിക്കുന്നു. ചില നഴ്സറി സ്കൂളിൽ പ്രവേശനം വാങ്ങാൻ മാതാപിതാക്കൾ എത്ര തത്രപ്പെടുന്നു. നഴ്സറിയിലെ ഒരു പ്രവൃത്തിദിനം നഷ്ടപ്പെട്ടാൽ റാങ്കിനെ ബാധിക്കുമെന്ന് തേങ്ങുന്ന മാതാപിതാക്കൾക്ക് കുഞ്ഞുങ്ങൾ പള്ളി ആരാധനയിലോ, സൺഡേസ്കൂളിലോ സംബന്ധിക്കാതിരുന്നാൽ യാതൊരു വൈഷമ്യവും അനുഭവപ്പെടുന്നില്ല. ജീവിത വിജയത്തിന് ഞായറാഴ്ച രാവിലെയുള്ള ട്യൂഷനാണ് അഭികാമ്യം. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടുമെന്ന" (വി. മത്താ. 6:33) കർത്ത്യ കല്പനയിൽ മുതിർന്ന തലമുറയ്ക്ക് യാതൊരു വിശ്വാസവുമില്ല. അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനി ഏറ്റവും ഒടുവിലായി എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു. "ഇന്നല്ലെങ്കിൽ നാളെ നാം ദൈവസന്നിധിയിൽ നിൽക്കുമ്പോൾ ദൈവം തന്നെ ഭരമേല്പിച്ച മക്കളെക്കുറിച്ച് ഉത്തരം പറയേണ്ടി വരും" (ജോർജിയൻ മിറർ, 2012, ജനുവരി – മാർച്ച്, പു. 6). ആ പിതാവിന്റെ ശബ്ദം ബധിരകർണ്ണങ്ങളിലാവുമോ പതിക്കുക?

2. ഇടവകപ്പള്ളികൾ സൺഡേസ്കൂളിനുവേണ്ടി കാര്യമായ ശ്രദ്ധ പതിപ്പിക്കുന്നില്ല: ഇതിന് അപവാദങ്ങൾ കണ്ടേക്കാം. വാർഷിക ബജറ്റിൽ കാര്യമായ തുക ഉൾക്കൊള്ളിച്ച് സൺഡേസ്കൂളിനെ പരിപോഷിപ്പിക്കുന്ന ഇടവകകളുണ്ട്. എന്നിരുന്നാലും പള്ളിപ്പെരുനാളുകൾക്കും, ആർഭാടങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന പണവുമായി തട്ടിച്ചു നോക്കുമ്പോൾ ആദ്ധ്യാത്മിക സംഘടനകൾക്കുവേണ്ടി ചെലവഴിക്കുന്നത് എത്ര പരിമിതമാണ്? ഒരുപക്ഷേ ഈ അനുപാതം ഭദ്രാസന – കേന്ദ്രതലത്തിൽ പോലും ബജറ്റുകൾ പരിശോധിച്ചാൽ കാണാവുന്നതാണ്. ഇടവകപ്പള്ളികളുടെ ഊർജ്ജം കൂടുതലായി ചെലവഴിക്കപ്പെടുന്നത് ആർഭാടങ്ങളിലാണ്. എന്തിന്റെയെങ്കിലും പേരിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാൻ എല്ലാവർക്കും താല്പര്യമാണ്. അതിനോട് ചേർന്ന് കൂറ്റൻ കട്ടൗട്ടുകളും, ആർച്ചും, പൊതുസമ്മേളനവും, ആകാശദീപക്കാഴ്ചയും, പെരുനാളുകൾക്ക് ആൺ പെൺ ശിങ്കാരിമേളവും, ദീപാലങ്കാരവും, വെച്ചൂട്ടും, ചെമ്പെടുപ്പും, സപ്ലിമെന്റും എന്നു വേണ്ടാ ആർഭാടങ്ങൾ ഒട്ടേറെ. വിശ്വാസികളെ ദൈവാഭിമുഖ്യവും, സന്മാർഗ്ഗിക ശൈലി അവലംബിക്കുന്നവരുമാക്കിത്തീർക്കുവാൻ ഇവയൊക്കെ ഉപകരിക്കുന്നുണ്ടോ എന്ന് ആത്മ പരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവിടെയും ദാവീ

ദച്ചൻ കാലത്തിനു മുമ്പേ പറന്നുകൊണ്ട് നമുക്ക് ഉൾക്കാഴ്ച നൽകിയിരിക്കുന്നു.

3. പഠനസൗകര്യങ്ങളുടെ അപര്യാപ്തത: സെക്കുലർ വിദ്യാഭ്യാസം ഇത്രയും സാങ്കേതികവിദ്യയെ ആശ്രയിക്കുന്ന കാലമല്ലാതിരുന്നിട്ടു കൂടി വന്ദ്യനായ ദാവീദച്ചൻ ഈ കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. പള്ളി ആരാധിക്കാനുള്ളതാണ്. സൺഡേസ്കൂൾ നടത്താൻ പ്രത്യേക മുറിസൗകര്യങ്ങൾ ക്രമീകരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. അവിടെ ലൈബ്രറിയും, ഭൂപടവും, ചരിത്ര പുസ്തകങ്ങളും, വ്യാഖ്യാന പഠനങ്ങളും, നിഘണ്ടുക്കളുമൊക്കെ ഉണ്ടാകണമെന്ന് അദ്ദേഹം ആശിച്ചു. പാർസനേജുകളും അതിനേക്കാൾ പ്രാധാന്യത്തിൽ പാരിഷ് ഹാളുകളും, കുരിശിൻതൊട്ടികളും, സ്വർണ്ണക്കൊടിമരങ്ങളും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കുഞ്ഞുങ്ങൾക്കു പഠിക്കാനുള്ള സൗകര്യം പല പള്ളികളിലും ഇന്നില്ല. മാമോദീസായോ വിവാഹമോ വന്നാൽ പല പള്ളികളിലും അന്നു സൺഡേസ്കൂളില്ല. സെക്കുലർ വിദ്യാഭ്യാസം സാങ്കേതിക വിദ്യകളുപയോഗിക്കുന്നതിൽ ബഹുദൂരം മുന്നോട്ടുപോയി. അവരെ എല്ലാ കാര്യങ്ങളിലും അനുകരിക്കേണ്ടതില്ലെങ്കിലും വിദ്യാഭ്യാസത്തിനുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ഇനിയും ഒരുക്കപ്പെട്ടിട്ടില്ലാത്ത അനേകം ദേവാലയങ്ങൾ ഇന്നും ഉണ്ട്. ഇവിടെയും മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു.

4. സമർപ്പണബോധമുള്ള അദ്ധ്യാപകസമൂഹം: കേരളത്തിനുള്ളിൽ ഏകദേശം 85000 വിദ്യാർത്ഥികളും, 13,000 അദ്ധ്യാപകരും ഉണ്ട്. കേരളത്തിനു പുറത്തും, ഇന്ത്യക്ക് പുറത്തും റീജയനുകൾ സ്ഥാപിച്ച് സൺഡേസ്കൂളുകളുടെ പ്രവർത്തനത്തെ വിപുലപ്പെടുത്തിയിട്ടുണ്ട്. ലോകം മുഴുവനുമുള്ള മലങ്കര ഓർത്തഡോക്സ് സഭയിലെ സൺഡേസ്കൂളുകൾ ഒരേ സിലബസ് അടിസ്ഥാനമാക്കി പഠനം നടത്തണമെന്ന ഉദ്ദേശ്യത്തോടെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നു. ആദ്യ ഘട്ടം ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇവയിലൊക്കെ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു കൂട്ടം അദ്ധ്യാപകർ ഇന്നും പ്രസ്ഥാനത്തിനുള്ളത് ഒരു വലിയ മുതൽക്കൂട്ടാണ്. എന്നാലും ദാവീദച്ചന്റെ കാലത്തെ അദ്ധ്യാപകരുടെ ശുഷ്ക്കാന്തി വലിയ ഒരു വിഭാഗത്തിന് കുറഞ്ഞുപോയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപക പരിശീലനത്തിന് ദിവസങ്ങളോളം താമസിച്ചു പഠിക്കാൻ ഇന്ന് ആരേയും കിട്ടുമെന്നു തോന്നുന്നില്ല. ഏക, ദ്വിദിന ക്ലാസ്സുകളിലും (ഡിസ്ട്രിക്റ്റ്, ഭദ്രാസന തലത്തിൽ നടത്തപ്പെടുന്നതിലും) മുഴുവൻ അദ്ധ്യാപകർ പങ്കെടുക്കുന്ന രീതിയും കുറഞ്ഞു വരുന്നു. വേതനമില്ലാത്ത ഈ വേല ചെയ്യാൻ 'ദൈവനിയോഗമെന്ന' വിളിയെക്കുറിച്ച് കൂടുതലായ ബോദ്ധ്യം അദ്ധ്യാപകസമൂഹം ഇനിയും പ്രാപിച്ചെടുക്കേണ്ടിയിരിക്കുന്നു. അറിവ് പകർന്നു കൊടുക്കാൻ

അറിവുണ്ടായാൽ മതി. 'ആത്മീയത' പകരാൻ മാതൃകയാണ് ഏറെ ആവശ്യം. R. L. Smith എന്ന എഴുത്തുകാരൻ എഴുതി, "We are apt to forget that children watch examples better than they listen to preaching." കുട്ടികൾ പ്രസംഗങ്ങളേക്കാൾ മാതൃകയാണ് ശ്രദ്ധിക്കുന്നത് എന്ന് നാം മറന്നു പോകുന്നു. ഈ കാര്യത്തിൽ വന്ദ്യനായ ദാവീദച്ചൻ സൺഡേ സ്കൂളിന്റെ ഇന്നുള്ള എല്ലാ പ്രവർത്തകർക്കും മാതൃക തന്നെയാണ്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കും, സൺഡേസ്കൂളിനും ഒരിക്കലും മറക്കാനാവാത്ത ഉജ്വല പ്രതിഭയാണ് മൺമറഞ്ഞ വന്ദ്യ ദാവീദ് കോർഎപ്പിസ്ക്കോപ്പാ. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് എവിടെയെങ്കിലും മങ്ങൽ ഏറ്റിട്ടുണ്ടെങ്കിൽ, അതു തിരുത്താനെന്നവിധം കെ. വി. മാമ്മൻ സാർ ശ്ലാഘനീയമായ ഒരു ശ്രമം ഇവിടെ നടത്തിയിരിക്കുന്നു. വിസ്മരിച്ചുപോയ പല മഹദ്വ്യക്തികളെയും വർത്തമാനകാലത്തിൽ പുനപ്രതിഷ്ഠ നടത്തുന്ന മാമ്മൻ സാറിന്റെ പ്രത്യേക ശ്രദ്ധ "കുഞ്ഞാടുകളുടെ വലിയ ഇടയന്മാരിലും" പതിഞ്ഞത് അഭിനന്ദനീയം തന്നെ. ഇതിൽ കൂടി പുനഃപ്രതിഷ്ഠിക്കപ്പെടുന്ന വന്ദ്യ ദാവീദച്ചന്റെ ദീപ്തമായ സ്മരണ സൺഡേസ്കൂൾ പ്രസ്ഥാനത്തിനും, പ്രവർത്തകർക്കും ഭാവി പ്രവർത്തനങ്ങൾക്കും ദിശാബോധം നൽകുന്ന ചൂണ്ടുപലകയായി പരിണമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

ഒരു വലിയ പുരോഹിതശ്രേഷ്ഠനായ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ

വി. ടി. ഡേവിഡ് തുമ്പമൺ

(ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായുമായി കുടുംബ ബന്ധമുള്ള വ്യക്തിയും എം. ഡി. സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ, ഇപ്പോൾ തുമ്പമൺ വൈ.എം.സി.എ. പ്രസിഡന്റ് എന്നീ വിവിധ നിലകളിൽ അര ശതാബ്ദമായി പൊതുരംഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന തികഞ്ഞ സഭാസ്നേഹിയാണ് വി. ടി. ഡേവിഡ്. ദാവീദച്ചനെ അടുത്തറിഞ്ഞു ആരാധനാ മനോഭാവത്തോടെയാണ് അദ്ദേഹം ചില അണിയറ വിവരങ്ങൾ നൽകുന്നത്.)

ബഹുമാനപ്പെട്ട ദാവീദച്ചന്റെ മാതാമഹി തുമ്പമൺ – മുട്ടം മാവേലി മണ്ണിൽ കുടുംബാംഗമാണ്. കടമ്പനാട്ട് പള്ളിവാതുക്കൽ കുടുംബത്തിൽ നിന്ന് ഏകദേശം ആയിരം വർഷം മുമ്പ്, പന്തളം രാജാവിന്റെ അനുവാദത്തോടുകൂടി, അച്ചൻകോവിൽ നദിയുടെയും പെരുംതോടിന്റെയും തീരത്തുള്ള "മാവേലിമണ്ണ്" എന്ന സ്ഥലത്ത് ഇവർ കുടിയേറിപ്പാർത്തിട്ടുള്ളതാണ്. എന്റെ പിതാമഹൻ വറീത് പീലിപ്പോസിന്റെ തലമുറയിൽ 4 സ്ത്രീകൾ ഉൾപ്പെടെ 10 പേരാണുണ്ടായിരുന്നത്. മലങ്കരമെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ തിരുമേനി, സത്യവിശ്വാസം പഠിപ്പിക്കുന്നതിനും വി. ദേവാലയങ്ങളിൽ പ്രസംഗിക്കുന്നതിനും അനുവാദം കൊടുത്ത് നിയമിച്ച "ഉപദേശി സ്ഥാനമുള്ള", വറീത് ഇടിച്ചാണ്ടിയായിരുന്നു ഏറ്റവും മൂത്ത ആൾ. നാലു സഹോദരിമാരിൽ മൂന്നാമത്തെ ആളായ "ഏലിയാമ്മ"യെ വിവാഹം ചെയ്ത് അയച്ചത് കൈപ്പട്ടൂർ നെടുവംപുറത്ത് കുടുംബത്തിൽപെട്ട കുന്നത്തേത്ത് വീട്ടിലായിരുന്നു. ഏലിയാമ്മയുടെ മകളുടെ മകനാണ് ബഹു മാനപ്പെട്ട ദാവീദച്ചൻ. ദാവീദച്ചന്റെ ഇനീഷ്യൽ "കെ." ആയത് കുന്നത്തേത്ത് എന്ന വീട് അടിസ്ഥാനമാക്കിയതുകൊണ്ടാണെന്ന് പറയാം. ബഹു. ദാവീദച്ചൻ യൂണിവേഴ്സിറ്റി ബിരുദവും കൽക്കട്ടാ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ദൈവശാസ്ത്രബിരുദവും എടുത്തശേഷം വൈദികപട്ടം ഏറ്റ്, കോട്ടയം വൈദികസെമിനാരി പ്രിൻസിപ്പൽ സ്ഥാനത്തു വന്നു. അതിനുശേഷം ഏലിയാമ്മയുടെ മകന്റെ മകനായ ജോഷ്വാ കുന്നത്തേത്തും ഏലിയാമ്മയുടെ സഹോദരിമാരിൽ ഏറ്റവും മൂത്തയാളുമായ അന്നമ്മയുടെ മകൻ പറക്കോട്ട് കടുവിനാൽ ഉമ്മച്ചന്റെ മകനായ കെ. ഒ. തോമസും വൈദിക സെമിനാരിയിൽ ചേർന്ന്, പഠനം പൂർത്തിയാക്കി പട്ടം സ്വീകരിച്ചു. തൻനിമിത്തം എന്റെ പിതാമഹന്റെ രണ്ട്

സഹോദരിമാരുടെ മൂന്നു കൊച്ചുമക്കൾ നമ്മുടെ സഭയിൽ വൈദികരായി. എന്നാൽ ഫാ. ജോഷ്വാ കുന്നത്തേത്ത് മലങ്കര റീത്തിൽ ചേരുകയും തിരുവനന്തപുരം മൈനർ വൈദിക സെമിനാരിയിൽ സുറിയാനി അദ്ധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തു.

എന്റെ മാമോദീസാപേര് ദാവീദ് എന്നും സർക്കാർ രേഖകളിൽ ഡേവിഡ് എന്നും വരുവാൻ കാരണം, എന്റെ പിതാവിനും കുടുംബാംഗങ്ങൾക്കും ബഹു. ദാവീദച്ചനോടുണ്ടായിരുന്ന സ്നേഹബഹുമാനാദരങ്ങൾ ആയിരുന്നു. എനിക്ക് പന്ത്രണ്ടു വയസ്സുള്ളപ്പോൾ ബഹു. അച്ചൻ ഏതാനും ദിവസം എന്റെ വീട്ടിൽ താമസിച്ച് മുട്ടം എം. ഡി. സൺഡേ സ്കൂളിൽ നടന്നതായ സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അക്കാലത്ത് സണ്ടേസ്കൂളുകളിലെ വാർഷികയോഗങ്ങളിൽ അദ്ധ്യക്ഷൻ ദാവീദച്ചനായിരിക്കും. മുട്ടം എം.ഡി. സണ്ടേസ്കൂളിലെ ഒരു വാർഷിക യോഗത്തിൽ പ്രസംഗ മത്സരത്തിന്, എം.ജി. ബാലസമാജത്തിൽ ബാല വിഭാഗം ജൂനിയർ ആയിരുന്ന എനിക്ക് ഒന്നാം സ്ഥാനം ലഭിച്ചു. "കാതോലിക്കാ സിംഹാസനം" എന്നതായിരുന്നു പ്രസംഗവിഷയം. അവിചാരിതമായി അവിടെ വന്ന "പുത്തൻകാവിൽ കൊച്ചുതിരുമേനി" എന്നെക്കൊണ്ടു വീണ്ടും പ്രസംഗിപ്പിച്ചതും അവർ ഇരുവരും പ്രത്യേകം സമ്മാനങ്ങൾ തന്നതും എന്നെ അനുഗ്രഹിച്ചതും അവിസ്മരണീയമായി അവശേഷിക്കുന്നു. ഞാൻ സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നപ്പോൾ പലപ്പോഴും ബഹു. അച്ചനെ പത്തനംതിട്ട കോളജിനടുത്ത് ഉണ്ടായിരുന്ന സണ്ടേസ്കൂൾ പ്രസിലും ദേവലോകത്തെ സണ്ടേസ്കൂൾ ആസ്ഥാനത്തും പോയി കാണുകയും സഹോദരസ്നേഹത്തോടെ പരസ്പരം സംസാരിക്കുകയും പതിവായിരുന്നു.

മാവേലിമണ്ണ് കുടുംബയോഗം പ്രസിഡന്റായി ബഹു. ദാവീദച്ചനും, സെക്രട്ടറിയായി ഞാനും, ട്രഷററായി കുളത്താപ്പള്ളിൽ കെ. ജി. മാത്യുവും വൈസ് പ്രസിഡന്റായി കെ. ഒ. തോമസച്ചനും ഒന്നിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ബഹു. അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ഒരു കുടുംബയോഗം ഉദ്ഘാടനം ചെയ്തതും അന്ന് വി. കുർബ്ബാന അർപ്പിച്ചതും ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയായിരുന്നു. അച്ചന്റെ അന്നത്തെ അദ്ധ്യക്ഷപ്രസംഗത്തിൽ ചെറുപ്പത്തിൽ മാതാവിനോടൊപ്പം മാവേലിമണ്ണിൽ വന്നിട്ടുള്ളതും പഴയ അനുഭവങ്ങളും വിവരിച്ചുകേട്ടു. എന്റെ പിതാവ് പീലിപ്പോസ് തോമസ് നിര്യാതനായതിനെ തുടർന്ന് നടന്ന ഓർമ്മ കുർബ്ബാനയിലും ധൂപപ്രാർത്ഥനയിലും അടിയന്തിരത്തിലും ബഹുമാന്യരായ ദാവീദച്ചൻ, കെ. ഒ. തോമസച്ചൻ, ടി. എം. വറുഗീസച്ചൻ, ഇടവക വികാരി പി. ജോഷ്വാച്ചൻ, സഹവികാരി പി. ജി. ഗീവറുഗീസച്ചൻ തുടങ്ങിയവർ സംബന്ധിച്ചതും ഓർക്കുന്നു.

ബഹുമാനപ്പെട്ട ദാവീദച്ചൻ കോട്ടയം വൈദികസെമിനാരി പ്രിൻസിപ്പൽ ആയിരുന്ന സമയത്ത് അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥിയായിരുന്ന പി. ഇ. ദാനിയേൽ പിന്നീട് ദാനിയേൽ മാർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെടുകയും തുമ്പമൺ ഭദ്രാസനാധിപനായിത്തീരുകയും ചെയ്തു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അകാലവിയോഗത്തെ തുടർന്ന് അടുത്ത മെത്രാപ്പോലീത്തായായി സഭാസമൂഹം പ്രതീക്ഷിച്ചിരുന്നത് ദാവീദച്ചനെയായിരുന്നു. സഭാകേന്ദ്രത്തിൽ സ്ഥാനാർത്ഥിയുടെ പേര് പരിഗണിച്ച സമയത്ത്, പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി, പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സെക്രട്ടറിയായിരുന്ന ദാനിയേലച്ചൻ ആകട്ടെന്ന് കൽപിച്ചത് സ്വീകരിക്കപ്പെടുകയായിരുന്നു.

ഇന്ത്യൻ പ്രസിഡന്റ് സ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ട ഡോ. പി. സി. അലക്സാണ്ടറുടെ കാര്യംപോലെ "കപ്പിനും ചുണ്ടിനും ഇടയിൽ വന്ന അകൽച്ചയായിരുന്നു" മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള പരിഗണനയിൽ ദാവീദച്ചനെ സംബന്ധിച്ചിടത്തോളം സംഭവിച്ചതെന്നു പറയാം.

ഇന്ത്യൻ പ്രസിഡന്റു പദവിയിൽ എത്തിച്ചേർന്ന കെ. ആർ. നാരായണൻ ദാവീദച്ചന്റെ ഒരു വിദ്യാർത്ഥിയെപ്പോലെ കോട്ടയം എം.ഡി. ഹോസ്റ്റലിൽ താമസിച്ചു പഠിച്ചു എന്നതും ഒരു വലിയ സംഗതിയാണ്. മലങ്കര സഭയുടെ സണ്ടേസ്കൂൾ മേഖലയെ കാര്യക്ഷമമാവിധം ഒരു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റായി ഉയർത്തി വളർത്തി വലുതാക്കിയതും സ്വന്തം പ്രയത്നത്തിൽ കൂടി സണ്ടേസ്കൂൾ പ്രസ് സ്ഥാപിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കി അച്ചടിച്ച് യഥാസമയം വിതരണം ചെയ്തു വന്നതും നല്ല ബോധനത്തിൽ കൂടി വി. സഭയ്ക്ക് ഉത്തമന്മാരായ ദൈവമക്കളെ വാർത്തെടുക്കുന്ന ഉരുക്കു മൂശയായി സണ്ടേസ്കൂൾ പ്രസ്ഥാനത്തെ രൂപാന്തരപ്പെടുത്തിയതുമായ സേവനങ്ങളെ മലങ്കരസഭയ്ക്ക് ഒരിക്കലും വിസ്മരിക്കുവാൻ സാധ്യമല്ല. കോട്ടയത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കായി ചന്ദനപ്പള്ളിയിലെ 'മാവേലിൽ' വീട്ടിൽ നിന്നുള്ള അന്നത്തെ യാത്രയും തിരിച്ചുവരവും നാഴികമണിയെ വെല്ലുന്ന കൃത്യതയും എത്രയോ ശ്രമകരമായിരുന്നു. യൂണിവേഴ്സിറ്റി തലത്തിൽ ഉന്നതമായ അക്കാദമിക് ബിരുദവും വേദശാസ്ത്ര/ചരിത്രപഠന/ദൈവശാസ്ത്ര പഠനവും വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം വി. സഭയുടെ വിവിധതലങ്ങളിൽ, ആ ദൈവദാസൻ വിനയാന്വിതനായി, ലക്ഷ്യബോധത്തോടുകൂടി, സഭാസേവനം നിർവ്വഹിച്ചതിനു ശേഷം, വി. പൗലൂസ് അപ്പോസ്തോലൻ, 'ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അത് നീതിയുള്ള കർത്താവ് ആ ദിവസത്തിൽ എനിക്കു തരും' (2 തീമോത്തി

യോസ് 4:7, 8) എന്ന് പ്രത്യാശിച്ചതുപോലെ, കടന്നുപോയ ആ വലിയ ദൈവമനുഷ്യനോട് സഭയോ, സ്വന്തം ഇടവകയോ, സണ്ടേസ്കൂൾ സമൂഹമോ, ശിഷ്യസമൂഹമോ, അദ്ദേഹം സ്മരിക്കപ്പെടുവാൻ തക്കവിധത്തിൽ, എന്തു ചെയ്തു എന്നത്, ഒരു ചോദ്യചിഹ്നമായി ഇന്നും അവശേഷിക്കുന്നു.

പത്തനംതിട്ട സെന്റ് ബേസിൽ ദയറായുടെ സ്ഥാപനകാലം മുതൽ അദ്ദേഹം ദയറാംഗവും അവിടത്തെ താമസക്കാരനുമായിരുന്നു. അങ്ങനെയിരിക്കെ, താൻ അളവറ്റ് ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്ത തന്റെ ശിഷ്യൻ കൂടിയായ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി, കർണ്ണേജപം മൂലമാണത്രെ ദയറാധിപൻ എന്ന നിലയിൽ, ഒരവസരത്തിൽ, ദയറായിലെ താമസം മതിയാക്കി പോകുവാൻ കൽപ്പിച്ചു എന്നത്, ബഹു. അച്ചൻ ദുഃഖത്തോടുകൂടി ദേവലോകം സണ്ടേസ്കൂൾ ആസ്ഥാനത്തുവച്ച്, സംസാരമദ്ധ്യേ എന്നോടു പറഞ്ഞതും ഞാൻ ഓർക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം വിവിധ പ്രവർത്തന മേഖലകളിൽ, എന്നെ കർമ്മോൻമുഖനാക്കുവാൻ, എന്നെ വളരെയധികം സ്വാധീനിച്ച പുരോഹിത ശ്രേഷ്ഠരിൽ ബഹുമാനപ്പെട്ട ദാവീദച്ചൻ ഉന്നത സ്ഥാനീയനായിരുന്നു എന്നത് ഞാൻ ആദരവോടെ രേഖപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട ദാവീദച്ചന്റെ ഒരു ജീവചരിത്രം രചിച്ചു പ്രസിദ്ധപ്പെടുത്താനുള്ള കെ. വി. മാമ്മൻ സാറിന്റെ ഉദ്യമത്തെ അഭിനന്ദിക്കുന്നു. വന്ദ്യനായ ദാവീദച്ചന്റെ (കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പായുടെ) പാവന സ്മരണകൾക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നതിലും ഒരാത്മസന്തോഷമുണ്ട്.

യഥാർത്ഥ സന്യാസിവര്യൻ

കെ. ജി. അലക്സാണ്ടർ ചന്ദനപ്പള്ളി

ചന്ദനപ്പള്ളി മാവേലിൽ കുടുംബത്തിൽ 17/02/1895-ൽ ജനിച്ച് 17/10/1975-ൽ ദിവംഗതനായ ദാവീദ് അച്ചന്റെ ജീവിതം, സേവനങ്ങൾ എന്നിവയെപ്പറ്റി വൈകിയെങ്കിലും ഒരു ചരിത്രം രചിച്ചത് അഭിനന്ദനീയമാണ്.

എന്റെ ചെറുപ്പനാളിൽ ചന്ദനപ്പള്ളി ദേശത്തെ ആത്മീയപാതയിൽ നടത്തിയ രണ്ടു പ്രമുഖ വൈദികരായിരുന്നു വെരി റവ. കെ. ഡേവിഡ് കോർ എപ്പിസ്ക്കോപ്പായും റവ. ഫാ. എ. ജി. ഗീവറുഗീസ് കൊപ്പാറയും. രണ്ടു പേരും അവരവരുടെ കർമ്മമണ്ഡലങ്ങളിൽ ശരിക്കു ശോഭിച്ചു. എന്നാൽ ദാവീദ് അച്ചൻ സന്യാസ ജീവിത പൂർണ്ണതയിൽ എത്തി. അച്ചനിൽ ഞാൻ കണ്ട ഗുണങ്ങൾ: 1. മിതഭാഷി, 2. കാകദൃഷ്ടി, 3. ശാന്തനിദ്ര, 4. മിതഭക്ഷണം, 5. സത്യവചനം, 6. ബ്രഹ്മചര്യം, 7. പ്രാർത്ഥനാ മന്ത്രം എന്നിവയായിരുന്നു. എനിക്കു 16 വയസ്സുള്ളപ്പോൾ അച്ചൻ ദിവംഗതനായി. അതുവരെ അച്ചൻ ആരോടെങ്കിലും കോപിക്കുന്നതോ, ഉറച്ചു സംസാരിക്കുന്നതോ, അട്ടഹസിച്ച് ചിരിക്കുന്നതോ, ശാസിക്കുന്നതോ ഞാൻ കണ്ടിട്ടില്ല. എന്നാൽ സംസാരിക്കുമ്പോൾ പുഞ്ചിരിയോടുകൂടി സ്പഷ്ടമായും സ്നേഹഭാഷയിലും മാത്രമേ അച്ചൻ സംസാരിച്ചിരുന്നുള്ളു. ഇടവകപ്പൊതുയോഗത്തിൽപ്പോലും കോപിച്ചു സംസാരിക്കുന്നത് കണ്ടിട്ടില്ല. അച്ചന്റെ നടപ്പിൽപ്പോലും അതിന്റേതായ ശാന്തതയുണ്ടായിരുന്നു. ആ കാലയളവിൽ ഇടവകയ്ക്കുവേണ്ടി വൈദികപട്ടം കൊടുത്തതിനാൽ അച്ചന്റെ സേവനം മരണം വരെ ഇടവകയ്ക്ക് ലഭിച്ചിരുന്നു.

ദാവീദ് അച്ചന്റെ സേവനരംഗങ്ങൾ

1. ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി, ചന്ദനപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി എന്നിവയുടെ വികാരി.

2. കോട്ടയം എം. ഡി. സെമിനാരി സ്കൂൾ അദ്ധ്യാപകൻ, ഏലിയാ ചാപ്പൽ വികാരി.

3. എം. ഡി. ഹോസ്റ്റൽ വാർഡൻ.

4. ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ.

5. ഓർത്തഡോക്സ് സണ്ടേസ്കൂൾ ഡയറക്ടർ.

6. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ഉപദേഷ്ടാവ്.

7. സമുദായക്കേസ് നടത്തിപ്പിന്റെ കോ-ഓർഡിനേറ്റർ.

8. മലങ്കര അസോസിയേഷൻ സെക്രട്ടറി.

വികാരിത്വം

ഇടവകയ്ക്കായി വൈദികപട്ടം സ്വീകരിച്ചതിനാൽ ചന്ദനപ്പള്ളി വലിയ പള്ളിയുടെ വികാരിസ്ഥാനം മാവേലിൽ ദാവീദ് അച്ചനും കൊപ്പാറ ഗീവറുഗീസ് അച്ചനും ഓരോ വർഷം മാറി മാറി വഹിച്ചിരുന്നു. ഒന്നിടവിട്ട ഞായർ ദിവസങ്ങൾ ആയിരുന്നു ഇരുവർക്കും വലിയപള്ളിയിൽ വി. കുർബാന അർപ്പിക്കേണ്ടിയിരുന്നത്. ദാവീദ് അച്ചന് കോട്ടയത്ത് ഔദ്യോഗിക ജോലിയുള്ളതിനാൽ ശനിയാഴ്ച വൈകിട്ട് സ്വഭവനത്തിൽ എത്തിച്ചേരും. ഞായറാഴ്ച തവണ അനുസരിച്ച് വലിയപള്ളിയിലോ സെന്റ് തോമസ് പള്ളിയിലോ (കൊച്ചുപള്ളി) വി. കുർബാന അർപ്പിച്ചശേഷം തിങ്കളാഴ്ച രാവിലെ കോട്ടയത്തിന് മടങ്ങിപ്പോകും. ഇങ്ങനെ ആയിരുന്നു അവസാനകാലം വരെ.

ദാവീദ് അച്ചന്റെ വി. കുർബാനയിൽ സംബന്ധിക്കുന്നവർക്കു ചില പ്രത്യേകതകൾ അനുഭവപ്പെടും.

1. വി. കുർബാന ചൊല്ലുമ്പോൾ സ്വരത്തിന് നല്ല മാധുര്യവും അക്ഷരസ്ഫുടതയും ഉണ്ടായിരുന്നു.

2. പരിശുദ്ധിയുടെ നിറവിൽ വി. കുർബാന അർപ്പിക്കുമ്പോൾ അതിൽ സംബന്ധിക്കുന്നവർക്ക് സ്വർഗ്ഗം ഇറങ്ങിവരുന്ന ഒരു പ്രതീതി ആയിരുന്നു.

3. വി. കുർബാനമദ്ധ്യേ ഏവൻഗേലിയോനെ സംബന്ധിച്ചുള്ള പ്രസംഗം വളരെ ഈടുറ്റതും അഗാധ പാണ്ഡിത്യം നിറഞ്ഞതും ആയിരുന്നു. എങ്കിലും അത് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുതരുമായിരുന്നു.

4. പ്രസംഗത്തിൽ കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നത് വി. കുർബാനയുടെ ഓരോ ഭാഗത്തിന്റെയും പ്രത്യേകതയും അർത്ഥവും ജനങ്ങൾക്ക് പറഞ്ഞു തരുന്നതിൽ ആയിരുന്നു.

5. എന്ത് പ്രോഗ്രാം ഉണ്ടായാലും ധൃതിയിൽ വി. കുർബാന ചൊല്ലിതീർക്കാതെ അതിന്റെ പരിശുദ്ധിക്കും പരിപാവനതയ്ക്കും മാറ്റം വരാതെ മാത്രമേ ദാവീദ് അച്ചൻ വി. കുർബാന അർപ്പിച്ചിരുന്നുള്ളു.

ഒരിക്കൽ അച്ചൻ ചെയ്ത പ്രസംഗം ഇപ്പോഴും ഞാൻ ഓർക്കുന്നു. ഒരു വൈദികൻ ഞായറാഴ്ച വി. കുർബാന അർപ്പിക്കണമെങ്കിൽ വെള്ളിയാഴ്ച മുതൽ ഉപവാസത്തോടുകൂടി ശനിയാഴ്ച വൈകിട്ട് പള്ളിമേടയിൽ വന്ന് താമസിക്കണം. എല്ലാ കൗമാ പ്രാർത്ഥനകളും നടത്തി ശുഭ്രവസ്ത്രധാരിയായിട്ട് വേണം വി. ബലി അർപ്പിക്കാൻ വൈദികൻ ബലിപീഠത്തിൽ കയറേണ്ടത്. ഇന്ന് ഇങ്ങനെ പറയാൻ ഏതെങ്കിലും വൈദികന് ധൈര്യമുണ്ടോ? വേറൊരു ദിവസം പ്രസംഗമദ്ധ്യേ പറഞ്ഞത് വി.

കുർബാനയിൽ വിശ്വാസപ്രമാണത്തിന് മുമ്പ് വൈദികൻ കൈ കഴുകുന്നതിനെക്കുറിച്ചായിരുന്നു. വൈദികൻ ഭവനത്തിൽ നിന്ന് കുളിച്ച് വൃത്തിയായിട്ടാണ് ദേവാലയത്തിൽ വരുന്നതെങ്കിൽപ്പോലും പ്രാർത്ഥനാപുസ്തകത്തിൽ പറ്റിയ പൊടിപോലും കൈവിരലിൽ ഉണ്ടെങ്കിൽ അത് പോലും കഴുകി കളഞ്ഞ് കൈ തുടച്ചിട്ടു വേണം ശുദ്ധതയുടെ ശുദ്ധസ്ഥലത്ത് വൈദികൻ ബലി അർപ്പിക്കാൻ കയറേണ്ടത്. ഇത്തരം ചെറിയ കാര്യങ്ങൾ പോലും എത്ര വലിയ അർത്ഥവ്യാപ്തിയോടെയാണ് അച്ചൻ ജനങ്ങൾക്ക് പറഞ്ഞു കൊടുത്തതെന്ന് ഓർക്കുന്നു.

ദാവീദ് അച്ചന്റെ സ്വഭാവ വിശേഷതകൾ

1. **മിതഭാഷി:** അച്ചൻ ഒരിക്കൽപോലും വേഗത്തിൽ സംസാരിക്കാറില്ല. സാവധാനത്തിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി തരുമായിരുന്നു. അതിനു നല്ല വ്യക്തതയുണ്ടായിരുന്നു. പറയുന്നതിൽ തെറ്റ് വന്ന് സോറി എന്നു പറഞ്ഞ് തിരുത്തേണ്ടി വന്നിട്ടില്ല. ഓരോ വാക്കും ചിന്തിച്ചു പറയുന്നതുകൊണ്ട് അച്ചന്റെ സംഭാഷണങ്ങൾ തെറ്റാറില്ലായിരുന്നു.

2. **കാകദൃഷ്ടി:** അച്ചൻ പരിസരം ശ്രദ്ധിച്ചേ നടക്കുകയുള്ളു. നടപ്പിൽപോലും ഒരു ശാന്തതയുണ്ട്. മണ്ണിനുപോലും വേദനിക്കാത്ത രീതിയിൽ മാത്രമേ നടക്കുകയുള്ളു. വേഗത്തിൽ നടക്കുന്നത് ഞാൻ കണ്ടിട്ടേയില്ല. സണ്ടേസ്കൂൾ നടക്കുമ്പോൾ എപ്പോഴെങ്കിലും വന്ന് ഒന്ന് ആകമാനം വീക്ഷിക്കുന്നത് കണ്ടിട്ടുണ്ട്. അതിലൂടെ എല്ലാ കാര്യങ്ങളും അച്ചൻ മനസ്സിലാക്കും. എന്നിട്ട് ഹെഡ്മാസ്റ്റർക്ക് വേണ്ട ഉപദേശം കൊടുക്കുന്നതോടൊപ്പം കുട്ടികളായ ഞങ്ങൾക്കും നല്ല ഉപദേശം പറഞ്ഞു തരുമായിരുന്നു.

3. **ശാന്തനിദ്ര:** ഞങ്ങളുടെ സണ്ടേസ്കൂൾ സമയം അന്ന് ഞായറാഴ്ച 2 മുതൽ 4 വരെ ആയിരുന്നു. അച്ചന്റെ വീട് പള്ളിക്ക് അടുത്തായതിനാൽ ഒരുദിവസം ഇടവേളയിൽ വെള്ളം കുടിക്കാൻ അച്ചന്റെ വീട്ടിൽ ചെന്നു. ഞാനും നാലാം ക്ലാസ്സിൽ പഠിക്കുന്ന കൂട്ടുകാരോടൊപ്പം ഉണ്ടായിരുന്നു. കുസൃതിപ്പിള്ളാരായ ഞങ്ങൾ അച്ചൻ എന്ത് ചെയ്യുകയാണ് എന്ന് അറിയാൻ മുറിയുടെ വാതുക്കൽ ചെന്ന് ഒന്ന് എത്തിനോക്കി. അച്ചൻ ശാന്തമായി കട്ടിലിൽ കിടന്ന് ഉറങ്ങുന്നു. എന്നാൽ ഞങ്ങളുടെ സാമീപ്യം അച്ചൻ മനസ്സിലാക്കി കണ്ണ് തുറന്നു ചോദിച്ചു, ആരാണ്? അച്ചൻ ഉണർന്നതും പേടിച്ച് ഞങ്ങൾ ഓടി മറഞ്ഞതും ഒപ്പം ആയിരുന്നു. ആ സംഭവം ഇന്നും എന്റെ കൺമുമ്പിൽ നിൽക്കുന്നു.

4. **മിതഭക്ഷണം:** ജീവിക്കാൻ വേണ്ടി മാത്രം ഭക്ഷിക്കുന്നു. ഭക്ഷിക്കാൻ വേണ്ടി ജീവിക്കുകയായിരുന്നില്ല ദാവീദ് അച്ചൻ. ആ കാലയളവിൽ കല്യാണവീടുകളിലെ മുറ്റത്ത് ആയിരുന്നുവല്ലോ സദ്യ ക്രമീകരി

ച്ചിരുന്നത്. ആദ്യം ഭക്ഷണം കഴിഞ്ഞ് കൈ കഴുകുന്നത് ദാവീദ് അച്ചൻ ആയിരിക്കും. ഭക്ഷണത്തോട് തീരെ താല്പര്യമില്ലാത്ത വ്യക്തി ആയിരുന്നു അദ്ദേഹം.

5. **സത്യവചനം:** അച്ചൻ എപ്പോഴും സത്യം മാത്രം പറയുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നു. ശാന്തസ്വരത്തിൽ മാത്രം സംസാരിക്കും. ഉറച്ച സ്വരത്തിലോ, ദേഷ്യപ്പെട്ടോ സംസാരിക്കുന്നതിനോട് വളരെ വിയോജിപ്പ് ആയിരുന്നു. ഒരു ദിവസം സണ്ടേസ്കൂളിൽ വന്ന് സത്യം പറയുന്നതിന്റെ മഹത്വത്തെപ്പറ്റി ഞങ്ങളോട് ഒരു കഥ പറഞ്ഞു.

6. **ബ്രഹ്മചര്യം:** വിവാഹം കഴിക്കാത്തതുകൊണ്ട് ഒരു വ്യക്തി സന്യാസജീവിതത്തിൽ ഒരു ബ്രഹ്മചാരി ആകണമെന്നില്ല. പഞ്ചേന്ദ്രിയമോഹങ്ങളെ മനസ്സിന്റെ ശക്തിയിൽ ഒതുക്കിക്കൊണ്ട് എപ്പോഴും മനസ്സിനെ ബ്രഹ്മനിൽ ലയിപ്പിച്ചുകൊണ്ടുള്ള ജീവിതം ആര് നയിക്കുന്നുവോ അവനാണ് യഥാർത്ഥ ബ്രഹ്മചാരി. അങ്ങനെയുള്ള വ്യക്തിയായിരുന്നു ദാവീദ് അച്ചൻ. എന്നാൽ അച്ചൻ വാക്കിലോ പ്രവൃത്തിയിലോ ഒരു കളിതമാശ പറഞ്ഞ് ചിരിക്കുകയോ മറ്റുള്ളവരെ പരിഹസിക്കുകയോ ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല. സ്വഭാവ നൈർമല്യത്തിലും, വിദ്യാഭ്യാസത്തിലും, മേല്പട്ടസ്ഥാനത്തിനു പൂർണ്ണയോഗ്യൻ ആയിരുന്നു. എന്നാൽ അച്ചൻ ആർക്കും ഓശാന പാടാത്തതുകൊണ്ടും ചർച്ച് പൊളിട്ടിക്സ് അറിയാൻ പാടില്ലാത്തതുകൊണ്ടും ആ സ്ഥാനത്തു വന്നില്ല. സർവ്വോപരി മൗനമായി തന്റെ സ്രഷ്ടാവുമായി സമ്പർക്കം പുലർത്തി എപ്പോഴും പ്രാർത്ഥനാ മന്ത്രവുമായി ജീവിച്ചു.

അന്ത്യയാത്ര

1975 ഒക്ടോബർ 17-ാം തീയതി വെള്ളിയാഴ്ച ചന്ദനപ്പള്ളി ദേശത്തിനു ദുഃഖവെള്ളിയാഴ്ച ആയിരുന്നു. ഏതാനും ദിവസം സുഖമില്ലാതെ കഴിഞ്ഞു എങ്കിലും അവസാന നിമിഷംവരെ വളരെ പ്രസന്നവദനനായിരുന്നു. 17-ാം തീയതി വെള്ളിയാഴ്ച്ച ഉച്ചയോടുകൂടി, കർത്താവിനെ ക്രൂശിച്ച സമയത്ത് ഈ ലോകത്തിലെ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റി പറുദീസയിലേയ്ക്ക് ദാവീദ് അച്ചൻ അന്ത്യയാത്രയായി. 18-ാം തീയതി 10 മണിയോടുകൂടി ദുഃഖസൂചകമായി കറുത്ത തുണികൊണ്ട് അലങ്കരിച്ച വാഹനത്തിൽ ചന്ദനപ്പള്ളി പ്രദേശത്ത് നഗരികാണിക്കൽ ചടങ്ങ് വൻപിച്ച ജനാവലിയുടെ സഹകരണത്തിൽ നടത്തി. അതിനുശേഷം പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിലും നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസിന്റെയും ഇടവക മെത്രാപ്പോലീത്താ ദാനിയേൽ മാർ പീലക്സിനോസിന്റെയും അനേകം വൈദികരുടെയും നേതൃത്വത്തിൽ സംസ്ക്കാര ശുശ്രൂഷ

ആരംഭിച്ചു. ദേശത്തോട് സമാധാനം ചൊല്ലി വിടപറയുന്ന ഭാഗം വന്നപ്പോൾ പള്ളിക്ക് അകത്തുണ്ടായിരുന്ന ആബാലവൃദ്ധം ജനങ്ങളും വിങ്ങിപ്പൊട്ടിക്കരയുന്നത് കാണാമായിരുന്നു. ഞാൻ അന്ന് ബാലൻ ആയിരുന്നതിനാൽ ഇതെല്ലാം കൗതുകത്തോടെ നോക്കിക്കാണാനേ കഴിഞ്ഞുള്ളു. ശുശ്രൂഷയെല്ലാം കഴിഞ്ഞ് പള്ളിയോട് ചേർന്ന് തെക്കുകിഴക്ക് മുൻനിരയിൽ പ്രത്യേകം തയാറാക്കപ്പെട്ട കല്ലറയിൽ ദാവീദ് അച്ചനെ സംസ്ക്കരിച്ചു. ഒരു പ്രമുഖ വൈദികനു ചേർന്ന അന്ത്യയാത്ര.

* * * * * * * * *

പത്രോസ് ശ്ലീഹായുടെ ശ്രദ്ധേയമായ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനത്തിനു വിരാമമിടുകയാണ്: "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ച്ചുകൊള്ളുവീൻ. നിർബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവിധം മനഃപൂർവ്വമായും, ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെമേൽ കർതൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷരായിരിക്കുവീൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും." ഈ വാക്യം ഫാ. കെ. ഡേവിഡ് കോർഎപ്പിസ്കോപ്പായെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമാണെന്നു ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുകയാണ്.

സഭാചരിത്രത്തിന്റെ ഒരു ഭാഗം

പ്രീത് ജി. ജോർജ് ചന്ദനപ്പള്ളി

സത്യവിശ്വാസം അഭംഗം കാത്തുസൂക്ഷിച്ച് മലങ്കരസഭയെ വർത്തമാനകാല കെട്ടുറപ്പിലേക്ക് നയിച്ച ക്രാന്തദർശിയായ വൈദിക ശ്രേഷ്ഠനായിരുന്നു ചന്ദനപ്പള്ളി മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ. സഭയുടെ പ്രതിസന്ധികളിൽ സമർപ്പണബോധമുള്ള ഒരു പറ്റം യുവാക്കളെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി വൈദിക വൃത്തിയിലേക്കും സഭാനേതൃത്വത്തിലേക്കും തെരഞ്ഞെടുത്തു. അവരിൽ പ്രധാനിയായ ദാവീദച്ചൻ സഭയുടെ ചരിത്രത്തോടൊപ്പം നടന്ന് ചരിത്രമെഴുതി ചരിത്രം സൃഷ്ടിച്ചു എന്നു പറയാം. മലങ്കര ഓർത്തഡോക്സ് സഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനത്തെ ഇന്നത്തെ നിലയിൽ രൂപകല്പന ചെയ്ത പ്രധാന ശില്പിയും ദാവീദച്ചനാണെന്നതു അനിഷേധ്യ ചരിത്രവസ്തുത.

1895 ഫെബ്രുവരി 17-നു ചന്ദനപ്പള്ളി മാവേലിൽ കോശിയുടെയും കൈപ്പട്ടൂർ കുന്നത്തേത്തു വിളയിൽ ചേച്ചമ്മയുടെയും മകനായി ജനിച്ചു. തുമ്പമൺ എം.ജി. മിഡിൽ സ്കൂൾ, കോട്ടയം എം.ഡി. ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ആരാധനയിലും, വിശ്വാസത്തിലും, സമർപ്പണ മനോഭാവത്തോടെ വർത്തിച്ച ഈ ബാലൻ ചന്ദനപ്പള്ളി വലിയപള്ളിയിൽ എത്തിയ അഭി. പിതാക്കന്മാരുടെയെല്ലാം പ്രിയപ്പെട്ടവനായിരുന്നു. സ്കൂൾ പഠന കാലത്തെ കോട്ടയം ജീവിതം ഇദ്ദേഹത്തെ സഭയോട് കൂടുതൽ അടുപ്പിച്ചു. സഭ പ്രതിസന്ധി നേരിട്ട കാലത്ത് ഒരു നിയോഗംപോലെ 1911-ൽ വട്ടശ്ശേരിൽ തിരുമേനി ഈ യുവാവിനെ തെരഞ്ഞെടുത്ത് ശെമ്മാശുപട്ടം നൽകി. തുടർന്ന് ഉപരിപഠനത്തിനായി അദ്ദേഹം കൽക്കട്ടായിലേക്ക് തീവണ്ടി കയറി. ആര്യബ്രഹ്മ സമാജങ്ങളും, രാജാറാം മോഹൻ റോയിയും സ്വാമി വിവേകാനന്ദനും വിപ്ലവ ചിന്തകളാൽ ഉഴുതു മറിച്ചിട്ട ആ പ്രദേശം ശെമ്മാശന്റെ ഉദാത്ത വികാരങ്ങളെ ഏറെ സ്വാധീനിച്ചു. എങ്കിലും ക്രൈസ്തവ വിശ്വാസവും ഓർത്തഡോക്സ് പാരമ്പര്യവും മുറുകെപ്പിടിച്ച് ഒരു പ്രാർത്ഥനാജീവിതം നയിക്കുന്നതിൽ അദ്ദേഹം ഒട്ടും പിന്നോട്ടു പോയില്ല. 1923-ൽ ഡിസ്റ്റിംഗ്ഷനോടെയാണ് കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രി പാസ്സായത്. അദ്ദേഹം സെറാംപൂർ സർവ്വകലാശാലയിൽ നിന്ന് പ്രശസ്തമായ നിലയിൽ ബി.ഡി. ഡിഗ്രി എടുത്തു. വൈകാതെ കോട്ടയം എം.ഡി ഹൈസ്കൂളിൽ അധ്യാപകനായി നിയമിക്കപ്പെട്ടു.

എം.ഡി. സ്കൂളിലെ 26 വർഷത്തെ അധ്യാപനം അനുഭവങ്ങളുടെ ഒരു പെരുമഴയാണ് അദ്ദേഹത്തിന് സമ്മാനിച്ചത്. ഇന്ത്യൻ പ്രസിഡന്റാ

യിരുന്ന കെ. ആർ. നാരായണനടക്കമുള്ള ധാരാളം പ്രമുഖർ ഈ കാല യളവിൽ അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ തണലിൽ തഴച്ചു വളർന്നു.

1929-ൽ അദ്ദേഹം കശ്ശീശപട്ടം സ്വീകരിക്കുന്ന കാലഘട്ടത്തിൽ മല ങ്കരസഭയിൽ സണ്ടേസ്കൂളിന് പറയത്തക്ക ഒരു ഏകീകൃതരൂപവും സില ബസ്സും ഇല്ലായിരുന്നു. സണ്ടേസ്കൂൾ പ്രസ്ഥാനം സജീവമാക്കി മാറ്റി യെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം. 1933 മുതൽ 1964 വരെ മലങ്കര ഓർത്തഡോക്സ് സഭാ സണ്ടേസ്കൂളിന്റെ ജനറൽ സെക്രട്ടറിയായും പിന്നീട് പബ്ലിക്കേഷൻ ഓഫീസറായും ഡയറക്ടർ ജനറലായും സേവനം അനുഷ്ഠിക്കാൻ സാധിച്ചു. ഒരു ഏകീകൃത സിലബസ്സും കരിക്കുലവും സണ്ടേസ്ക്കൂളിന് ഉണ്ടാകുന്നത് അച്ചന്റെ ശ്രമഫലമായിട്ടാണ്. പാഠപുസ്തകങ്ങൾ ഇല്ലാ തിരുന്നതിനാൽ അനവധി സണ്ടേസ്കൂൾ പുസ്തകങ്ങൾ അദ്ദേഹം തന്നെ രചിച്ചു.

ദാവീദച്ചൻ എഴുതിയ 'മലങ്കരസഭാചരിത്രം' ചരിത്ര വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമാണ്. പിന്നീട് രചിക്കപ്പെട്ട എല്ലാ സഭാചരിത്ര ഗ്രന്ഥ ങ്ങളും ദാവീദച്ചൻ എഴുതിയ മലങ്കരസഭാചരിത്രത്തിന്റെ ചുവടുപിടി ച്ചുള്ളതായിരുന്നു. 'സുന്നഹദോസുകൾ' എന്ന ഗ്രന്ഥത്തിൽ യെരുശലേം സുന്നഹദോസു മുതൽ അച്ചന്റെ കാലം വരെയുള്ള എല്ലാ പ്രധാനപ്പെട്ട സുന്നഹദോസുകളെയും കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. 'വേദാധ്യാപകൻ', എല്ലാ ക്ലാസ്സുകളിലേക്കുമുള്ള സണ്ടേസ്കൂൾ പുസ്ത കങ്ങൾ തുടങ്ങിയവ അദ്ദേഹം തയ്യാറാക്കി.

അച്ചന്റെ സേവന കാലയളവിൽ സണ്ടേസ്കൂൾ പ്രസ്ഥാനം ശക്ത മായ ഒരു അടിസ്ഥാനത്തിൽ എത്തി. എല്ലാ ഇടവകകളിലും സണ്ടേ സ്കൂൾ ആരംഭിക്കുകയും ഡിസ്ട്രിക്ട് - ഭദ്രാസന കേന്ദ്ര കമ്മിറ്റികൾ സജീവമാകുകയും ചെയ്തു. കൃത്യമായ തീയതികളിൽ അധ്യാപക പരി ശീലനവും, കോൺഫ്രൻസുകളും ക്രമീകരിച്ചു സണ്ടേസ്കൂൾ പ്രസ്ഥാ നത്തെ പരിപോഷിപ്പിച്ചു. സണ്ടേസ്കൂൾ പുസ്തകങ്ങൾ അച്ചടിക്കാനായി ഒരു പ്രിന്റിംഗ് പ്രസും വാങ്ങി.

1950 ഡിസംബർ രണ്ടിനു തോമ്മാ മാർ ദീവന്നാസ്യോസിനെ ഗീവറു ഗീസ് രണ്ടാമൻ ബാവാ സണ്ടേസ്കൂൾ പ്രസ്ഥാനം പ്രസിഡന്റാക്കുന്ന തുവരെ ദാവീദച്ചനായിരുന്നു സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ സമ്പൂർണ്ണ ചുമതല വഹിച്ചിരുന്നത്.

1938-ൽ മലങ്കര അസോസിയേഷൻ സെക്രട്ടറിയായി അച്ചൻ നിയമി തനായി. ഭരണഘടന നിലവിൽ വന്നതിനുശേഷമുള്ള 1938 കാലഘട്ടം ചരിത്ര പ്രധാനമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ ചുമതലയും കുണ്ടറ സെമിനാരിയുടെ ചുമതലയും കുണ്ടറ സെമിനാരിയുടെ മേൽനോട്ടത്തിലുള്ള സ്കൂൾ ഹെഡ്മാസ്റ്റർ സ്ഥാനവും അച്ചൻ വഹിച്ചു. അച്ചന്റെ വിലപ്പെട്ട സഭാസേവന പ്രവർത്തനങ്ങളെ മുൻനിറുത്തി 1965-ൽ പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ അദ്ദേഹത്തിനു കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി ബഹുമാനിച്ചു.

ഇന്ന് ഒരു ആഗോള തീർത്ഥാടന കേന്ദ്രമായി മാറിയിരിക്കുന്ന ചന്ദനപ്പള്ളി വലിയപള്ളിയുടെ വളർച്ചയിൽ അച്ചൻ നടുനായകത്വം വഹിച്ചു. മലയോര പ്ലാന്റേഷൻ മേഖലയായ നെടുമൺകാവിൽ ഒരു പള്ളി പണിയുന്നതിനും അത് ഇടവകയായി ഉയർത്തുന്നതിനും അച്ചൻ ചെയ്ത സേവനങ്ങൾ വിസ്മരിക്കാനാവില്ല.

ചന്ദനപ്പള്ളി ഗ്രാമത്തിന്റെ ബഹുമുഖ വികസനത്തിലും അച്ചന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. ഇന്ന് അടൂർ താലൂക്ക് റഫറൻസ് ലൈബ്രറിയായി വളർന്നിരിക്കുന്ന ദേശാഭിവർദ്ധിനി ഗ്രന്ഥശാല അദ്ദേഹം സ്ഥാപിച്ചതാണ്. ചന്ദനപ്പള്ളി ഗവണ്മെന്റ് ആശുപത്രി നിർമ്മാണത്തിലും കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

1975 ഒക്ടോബർ 17-ന് വെള്ളിയാഴ്ച 80-ാം വയസ്സിൽ വെരി. റവ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ ദിവംഗതനായി. വിദ്യാഭ്യാസ വിചക്ഷണൻ, വൈദിക സെമിനാരി പ്രിൻസിപ്പൽ, ദൈവശാസ്ത്രജ്ഞൻ, ചരിത്രകാരൻ, മാതൃകാ വൈദികൻ, സഭാ സെക്രട്ടറി, സാമൂഹ്യ പരിഷ്കർത്താവ് തുടങ്ങിയ നിലകളിലൊക്കെ ശ്രദ്ധേയനായ മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ സഭയിലെ വൈദികർക്കും പുതിയ തലമുറകൾക്കും മാതൃകയാണെന്ന് എടുത്തു പറയേണ്ടതുണ്ട്.



കുഞ്ഞാടുകളുടെ ഇടയൻ

കെ. ജോൺ മാത്യു
(റിട്ട. എച്ച്. എസ്. ഹെഡ്മാസ്റ്റർ)

മലങ്കര ഓർത്തഡോക്സ് സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച ഒരു മഹാപ്രസ്ഥാനമായിത്തീർന്നിരിക്കുന്നു. ഏതൊരു പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു പിന്നിലും അതിനുവേണ്ടി ജീവിതം മുഴുവൻ സമർപ്പിച്ച ഒരുപറ്റം ത്യാഗികളെ നമുക്ക് കാണുവാൻ സാധിക്കും. മലങ്കര ഓർത്തഡോക്സ് സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് രൂപവും ഭാവവും പ്രവർത്തനശൈലിയും നൽകുന്നതിനുവേണ്ടി അക്ഷീണം യത്നിച്ച മഹാത്യാഗികളിൽ അതിശ്രേഷ്ഠനായിരുന്നു വെരി. റവ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ അഥവാ പ്രസ്ഥാനത്തിന്റെ പ്രിയങ്കരനായ ദാവീദച്ചൻ.

1895 ഫെബ്രുവരി 17-ാം തീയതി ചന്ദനപ്പള്ളിയിലെ പ്രശസ്തമായ മാവേലിൽ കുടുംബത്തിൽ ഡേവിഡ് ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് മാവേലിൽ കോശിയും മാതാവ് കൈപ്പട്ടൂർ കുന്നത്തേത്ത് ചേച്ചമ്മയും ആയിരുന്നു. ഡേവിഡിന് ഒരു സഹോദരനും മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ചന്ദനപ്പള്ളിയിലുള്ള പ്രൈമറി സ്കൂളിലും മിഡിൽസ്കൂൾ വിദ്യാഭ്യാസം തുമ്പമൺ എം.ജി.യു.പി. സ്കൂളിലും നിർവ്വഹിച്ചു. പഠനത്തോടൊപ്പം തന്നെ സ്പോർട്സിലും ഡേവിഡ് സമർത്ഥനായിരുന്നു. തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയത്തുള്ള എം.ഡി. ഹൈസ്ക്കൂളിലും സി.എം.എസ്. കോളജിലുമായിട്ടാണ് നടത്തിയത്.

കഠിനാദ്ധ്വാനിയായിരുന്നു ഡേവിഡ്. അന്നന്നു പഠിക്കേണ്ട പാഠങ്ങളും, അന്നന്നു ചെയ്യേണ്ട കാര്യങ്ങളും നാളേയ്ക്ക് മാറ്റിവയ്ക്കുമായിരുന്നില്ല. ചെറുപ്പത്തിൽതന്നെ പ്രകടിപ്പിച്ച ഈ സ്വഭാവഗുണമാണ് ഭാവിയിൽ ദൈവത്തിൽ നിന്നു വലിയ ദൗത്യങ്ങൾ ഏറ്റെടുക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. കോളജ് പഠനത്തിനുശേഷം ദൈവശാസ്ത്ര പഠനത്തിന് ആഗ്രഹിച്ച ഡേവിഡ് കൽക്കട്ടായിലെ സെറാംപൂർ കോളജിൽ ചേർന്നു. പുത്തൻകാവ് മാർ പീലക്സീനോസ് തിരുമേനിയും പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും (സ്ലീബാദാസ സമൂഹ സ്ഥാപകൻ) സെറാംപൂർ കോളജിൽ അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു. സെറാംപൂർ കോളജിൽനിന്നു ബി.ഡി. ബിരുദം കരസ്ഥമാക്കി. സഭാസേവനത്തിനിറങ്ങിയ ഡേവിഡിന് മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പ്രീതിഭാജനമായിത്തീരുവാൻ സാധിച്ചു. തിരുമേനിയുടെ അനുഗ്രഹത്താൽ ഡേവിഡ് വൈദികവൃത്തിയിൽ പ്രവേശിച്ചു.

സണ്ടേസ്കൂൾ പ്രസ്ഥാനം ഒരു ക്രമീകൃതമായ രീതിയിൽ ആരംഭിച്ചത് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ഭരണകാലത്താണ്. 1909-ൽ മലങ്കര മെത്രാപ്പോലീത്താ ആയിത്തീർന്ന തിരുമേനി ആധുനിക വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ചുള്ള അദ്ധ്യയനരീതി സണ്ടേസ്കൂൾ രംഗത്തുണ്ടാകേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കി. ഫാ. ഡേവിഡ് കോട്ടയം എം.ഡി. സ്കൂൾ അദ്ധ്യാപകനായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്ത്, സണ്ടേസ്കൂൾ സമാജത്തിന് കാര്യക്ഷമമായ നേതൃത്വം നൽകുവാൻ തക്കവണ്ണം തിരുമേനി കണ്ടെത്തിയത് തന്റെ വാത്സല്യഭാജനമായ ദാവീദച്ചനെ (ഫാ. കെ. ഡേവിഡ്) ആയിരുന്നു. 1932-ൽ ദാവീദച്ചനെ സണ്ടേസ്കൂൾ സമാജത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായി അഭിവന്ദ്യ തിരുമേനി നിയമിച്ചു.

ഫാ. കെ. ഡേവിഡ് ജനറൽ സെക്രട്ടറി ആയതോടെ പ്രസ്ഥാനത്തിന് ഒരു രൂപവും ഭാവവും കൈവന്നു. പ്രസ്ഥാനത്തിന്റെ പ്രസിഡന്റായിത്തീർന്ന ഗീവറുഗീസ് മാർ പീലക്സിനോസ് (പുത്തൻകാവ് കൊച്ചുതിരുമേനി) തിരുമേനിയോടൊപ്പം വിശ്വസ്തതയോടും ഊർജ്ജസ്വലതയോടും അച്ചൻ പ്രവർത്തിച്ചു. ഏഴാം ക്ലാസ്സു വരെ നടന്നുവന്നിരുന്ന അഭ്യസന സമ്പ്രദായം ഒമ്പതുവരെ ക്ലാസ്സുകളിലാക്കി ഉയർത്തി. ഒരു നല്ല അദ്ധ്യാപകനായിരുന്നു ദാവീദച്ചൻ. അദ്ദേഹത്തിന്റെ പുഞ്ചിരിയും സംഘാടകശക്തിയും പ്രസ്ഥാനം പ്രവർത്തകർക്ക് ഉന്മേഷം പകർന്നു കൊടുത്തു. സേവനോത്സുകരായ വ്യക്തികളെ കണ്ടുപിടിച്ച് അവർക്കാവശ്യമായ പരിശീലനം നൽകുന്നതിനും വിവിധ ഭദ്രാസനങ്ങളിലായി പ്രവർത്തിച്ചിരുന്ന സണ്ടേസ്കൂളുകളെ സംഘടിപ്പിച്ച് ഒരു പ്രസ്ഥാനമായി വളർത്തിയെടുക്കുന്നതിനും ദാവീദച്ചൻ പരിശ്രമിച്ചു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്നു ദാവീദച്ചൻ. സണ്ടേസ്കൂളിന് ആവശ്യമായ പാഠപുസ്തകത്തിൽ ഏറിയ പങ്കും രചിച്ചത് അദ്ദേഹമായിരുന്നു. ഫാ. വി. കെ. മാത്യൂസ് (പിന്നീട് മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ), പി. ഇ. ദാനിയേൽ ക്ലേറി (പിന്നീട് ദാനിയേൽ മാർ പീലക്സീനോസ്) എന്നിവരുടെ പുസ്തകങ്ങളും, ദാവീദിന്റെ ജീവചരിത്രം, പഴയനിയമ ചരിത്രം മുതലായ ഗ്രന്ഥങ്ങളും വട്ടശ്ശേരിൽ തിരുമേനിയുടെ മതോപദേശസാരങ്ങളും ഒഴിച്ചാൽ സമാജത്തിന്റെ മറ്റെല്ലാ പാഠപുസ്തകങ്ങളുടെയും രചയിതാവ് ദാവീദച്ചൻ തന്നെയായിരുന്നു. അദ്ദേഹം സണ്ടേസ്കൂൾ അദ്ധ്യാപകർക്കായി വർഷംതോറും മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തിവന്നിരുന്ന ദശദിന അദ്ധ്യാപക പരിശീലന ക്ലാസ്സുകൾ വളരെ പ്രയോജനകരമായിരുന്നു എന്ന് പലർ സാക്ഷിച്ചിട്ടുണ്ട്.

ദാവീദച്ചന്റെ വ്യക്തിത്വം ആരെയും ആകർഷിക്കുന്നതായിരുന്നു. ഏത് പ്രതികൂല സാഹചര്യങ്ങളുടെ നടുവിലും അദ്ദേഹം സമചിത്തത കൈവി

ട്ടില്ല. സ്വതവെ നർമ്മബോധം ഉണ്ടായിരുന്ന അദ്ദേഹം രോഷാകുലനായിത്തീരുന്നത് ആരും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ ഈ കൃപാവരങ്ങൾ എതിർപ്പുകളെ അനുകൂലമാക്കി, ശത്രുക്കളെ മിത്രങ്ങളാക്കി. വട്ടശ്ശേരിൽ തിരുമേനിയുടെ കാലഘട്ടത്തിൽ ദാവീദച്ചന്റെ പേര് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർന്നുവന്നെങ്കിലും അദ്ദേഹം വിനയപുരസ്സരം അത് നിരസിച്ചു: "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക എന്ന കല്പനയാണ് കർത്താവ് എനിക്കു നൽകിയിട്ടുള്ളത്" എന്ന് അച്ചൻ പലരോട് പറഞ്ഞിട്ടുണ്ട്. അദ്ധ്യാപക പരിശീലന ക്ലാസ്സുകളിൽ അച്ചൻ സാധാരണയായി ഈ ഉദ്ബോധനം നൽകിയിരുന്നു: "പകലുള്ളപ്പോൾ നാം അദ്ധ്വാനിക്കണം. ആർക്കും പ്രവർത്തിക്കുവാൻ കഴിയാത്ത രാത്രി വരുന്നു."

സഭാകേസു മൂലം പ്രശ്നസങ്കീർണ്ണമായ കാലഘട്ടത്തിൽ 1931-ൽ കൂടിയ മലങ്കര അസോസിയേഷൻ തീരുമാനപ്രകാരം വൈദിക വിദ്യാഭ്യാസം പഴയസെമിനാരിയിൽനിന്നു കോട്ടയം എം.ഡി. സെമിനാരിയിലേക്ക് മാറ്റി. 1933 മുതൽ 1937 വരെ ഫാ. കെ. ഡേവിഡ് വൈദിക സെമിനാരി അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1942-ൽ അദ്ദേഹം ഒരു വർഷം സെമിനാരിയുടെ പ്രിൻസിപ്പാൾ പദവിയും അലങ്കരിച്ചു. ഇതേ സമയവും സണ്ടേസ്കൂൾ സമാജത്തിന്റെ പ്രവർത്തനങ്ങൾ ദാവീദച്ചന്റെ ചുമതലയിലായിരുന്നതിനാൽ സമാജത്തിന്റെ കേന്ദ്ര ഓഫീസും എം.ഡി. സെമിനാരിയിൽ തന്നെയായിരുന്നു. പിന്നീട് പത്തനംതിട്ട ഹൈസ്കൂളിലേക്ക് ജോലിക്ക് പോയപ്പോൾ ഓഫീസ് പത്തനംതിട്ടയിലേക്ക് മാറ്റേണ്ടിവന്നു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് സ്വന്തമായി ഒരു പ്രസ്സ് വാങ്ങുന്നതിനും അദ്ദേഹം അക്ഷീണം യത്നിച്ചു വിജയം കൈവരിച്ചു. പ്രസ്സിന്റെ മാനേജർ, പ്രൂഫ് റീഡർ, മാർഗ്ഗദർശി എന്നീ നിലയിലും പ്രവർത്തിച്ചത് ദാവീദച്ചനായിരുന്നു.

1958-ലെ സഭായോജിപ്പിനുശേഷം 1964 ജൂലൈ 22-ന് പരിശുദ്ധ ഔഗേൻ ബാവായുടെ അദ്ധ്യക്ഷതയിൽ എം.ഡി. സെമിനാരിയിൽ ചേർന്ന യോഗത്തിൽ ഇരുപക്ഷത്തുമുള്ള സണ്ടേസ്കൂൾ ഭാരവാഹികൾ പങ്കെടുത്തു. ഈ യോഗം ഏകോപിച്ചുള്ള ഭരണഘടനയും സിലബസും രൂപീകരിക്കാൻ ഓരോ കമ്മിറ്റിയെ നിയോഗിച്ചു. സിലബസ് കമ്മിറ്റി കൺവീനറായി ദാവീദച്ചനെയും ഭരണഘടനാകമ്മിറ്റി കൺവീനറായി (മറുപക്ഷത്തുള്ള) കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായേയും തെരഞ്ഞെടുത്തു. ഈ ഭരണഘടനപ്രകാരം സണ്ടേസ്കൂൾ അസ്സോസിയേഷൻ എന്ന പുതിയ പേര് സ്വീകരിച്ചു. പ്രസ്ഥാനത്തിന്റെ പുതിയ പ്രസിഡന്റായി ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (ആലുവാ) തിരുമേനിയേയും ഡയറക്ടർ ജനറലായി കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പായേയും പബ്ലിക്കേഷൻ ഓഫീസറായി ദാവീദച്ചനെയും തെരഞ്ഞെടുത്തു. പ്രസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി എന്തു

വിട്ടുവീഴ്ച ചെയ്യാനും അധികാരമോഹം ഇല്ലാത്ത ദാവീദച്ചന് കഴിഞ്ഞിരുന്നു.

ദേവലോകത്ത് 1970-ൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് ഒരു ഓഫീസ് പണിയുന്നതിന് ചുമതലപ്പെട്ടവരുടെ കഠിനപരിശ്രമം കൊണ്ട് സാധിച്ചു. ദാവീദച്ചന്റെ ധീരമായ പ്രവർത്തനങ്ങളെയും സേവനങ്ങളെയും പുരസ്കരിച്ച് പരിശുദ്ധ ഔഗേൻ ബാവാ അദ്ദേഹത്തിന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി.

ജോലിത്തിരക്കുകൾക്കിടയിലും വിവിധ ഇടവകകളുടെ ചുമതലയും ദാവീദച്ചൻ വഹിക്കുകയുണ്ടായി. ചന്ദനപ്പള്ളി വലിയപള്ളി, ചന്ദനപ്പള്ളി സെന്റ് തോമസ് പള്ളി, അങ്ങാടിക്കൽ പള്ളി, നെടുമൺകാവ് പള്ളി തുടങ്ങിയ ഇടവകകളിൽ അച്ചൻ തന്റെ ഇടയത്വശുശ്രൂഷ നിർവ്വഹിക്കുകയുണ്ടായി. സിലോണിൽ അച്ചൻ ഒരു വർഷക്കാലം പ്രവർത്തിച്ചതായി അറിയുവാൻ സാധിച്ചിട്ടുണ്ട്. ഇടവകയിലെ എല്ലാവരെയും ഒരുപോലെ സ്നേഹിച്ച അദ്ദേഹം ദ്രവ്യാഗ്രഹത്തിൽനിന്നു വിമോചനം പ്രാപിച്ച വ്യക്തിയായിരുന്നു.

1974-ൽ സഭ വീണ്ടും പിളർന്നു. ഡയറക്ടർ ജനറലായ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ വിട്ടുപോയപ്പോൾ ഡേവിഡ് കോർഎപ്പിസ്കോപ്പാ തൽസ്ഥാനം ഏറ്റെടുത്തു. പിന്നീട് കൂടിയ യോഗത്തിൽ ഡേവിഡ് കോർഎപ്പിസ്കോപ്പായെ ഡയറക്ടർ ജനറലായും ഫാ. റ്റി. ജി. സഖറിയായെ പബ്ലിക്കേഷൻ ഓഫീസറായും തെരഞ്ഞെടുത്തു. ഡയറക്ടർ ജനറലായി ഒരു വർഷത്തിലധികം പ്രവർത്തിക്കുവാൻ (1974-75) അച്ചന് അനാരോഗ്യം മൂലം കഴിഞ്ഞില്ല. തുടർന്ന് വിശ്രമജീവിതം ആഗ്രഹിച്ചെങ്കിലും 1975 ഒക്ടോബർ 17-ന് നിത്യവിശ്രമത്തിൽ പ്രവേശിച്ചു.

ഓർത്തഡോക്സ് സണ്ടേസ്കൂൾ പ്രസ്ഥാനത്തെ സ്നേഹിച്ച് അതിനുവേണ്ടി ജീവിതകാലം മുഴുവൻ ചെലവഴിച്ച ഡേവിഡ് കോർഎപ്പിസ്കോപ്പായുടെ ചരിത്രം സഭാ സേവനസരണിയിൽ നമുക്ക് മാർഗ്ഗദർശനം നൽകുന്നതാണ്. "ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതു എനിക്ക് ചെയ്യുന്നതാകുന്നു" എന്ന് കർത്താവ് കല്പിച്ച വചനം മുൻനിർത്തി സാധുക്കളായ സണ്ടേസ്കൂൾ കുട്ടികളെ സഹായിക്കുവാനായി അച്ചൻ തനിക്ക് സ്വന്തമായി ലഭിച്ച പണം ഉപയോഗിച്ച് ഒരു സ്കോളർഷിപ്പ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ഫാ. കെ. ഡേവിഡ്: സണ്ടേസ്കൂളിനു വേണ്ടി ജീവിച്ച മാതൃകാദ്ധ്യാപകൻ

കോട്ടയം എം. ഡി. ഹൈസ്കൂളിൽ ഇംഗ്ലീഷും സാമൂഹ്യശാസ്ത്രവും പഠിപ്പിച്ചുകൊണ്ടിരുന്ന ഫാ. കെ. ഡേവിഡ് സഭയ്ക്കും സണ്ടേസ്കൂളിനുംവേണ്ടി ജീവിച്ച ഒരു മാതൃകാ വൈദികനും അദ്ധ്യാപകശ്രേഷ്ഠനുമായിരുന്നു എന്ന് അദ്ദേഹത്തോടൊപ്പം മാർ ഏലിയാ ചാപ്പലിന്റെ വടക്കുവശത്തുണ്ടായിരുന്ന കെട്ടിടത്തിൽ ദീർഘകാലം താമസിക്കുകയും സ്കൂളിൽ പഠിപ്പിക്കുകയും ചെയ്തവരിൽ ഇന്നു ജീവിച്ചിരിക്കുന്ന ഏകവ്യക്തിയായ വാകത്താനം ചിറപ്പുറത്തു സി. എ. ഏബ്രഹാം ബി.എ., ബി.എഡ്. (87) ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞു. ഏഴു ദശാബ്ദങ്ങൾക്കു മുമ്പ് അതായത് 1944-ൽ 19-ാമത്തെ വയസ്സിൽ എം.ഡി. യിൽ യാദൃച്ഛികമായി അധ്യാപകനാകാൻ കാരണക്കാരൻ ദാവീദച്ചനാണെന്നും ഒട്ടും മറവി തീണ്ടിയിട്ടില്ലാത്ത ഏബ്രഹാം സാർ പറഞ്ഞു.

ദാവീദച്ചൻ 68 വർഷം മുമ്പ് പൊങ്ങന്താനം പള്ളിയിൽ വി. കുർബാന ചൊല്ലിക്കഴിഞ്ഞ് അവിടെ വിശ്രമിക്കുമ്പോൾ അവിടത്തെ ഒരധ്യാപകനും സണ്ടേസ്കൂൾ പ്രവർത്തകനുമായ പി. എം. തോമസിനെ കണ്ടപ്പോൾ ടി. ടി. സി. പാസ്സായ ഒരു നല്ല യുവാവിനെ കിട്ടിയാൽ എം. ഡി. യിൽ നിയമിക്കാമെന്നും അവിടെ അധ്യാപകനായിരുന്ന വട്ടുകളത്തിൽ പി. കെ. വർക്കി സാർ മുഴുവൻ സമയവും ചെലവഴിച്ചു ആദ്ധ്യാത്മിക സംഘടനാ പ്രവർത്തനങ്ങൾ നടത്താനായി അവധിയെടുത്ത ഒഴിവിലാണു നിയമനമെന്നും അറിയിച്ചു. ഈ വിവരം ഞാലിയാകുഴിയിൽ വച്ച് സി. എ. ഏബ്രഹാമിന്റെ പിതാവായ ഇട്ടിയവിരാ ആൻഡ്രൂസിനെ തോമസ് സാർ കണ്ടപ്പോൾ പറയുകയും തുടർന്ന് സി. എ. ഏബ്രഹാം എം. ഡി. യിൽ ചെന്ന് ദാവീദച്ചനെ കണ്ടശേഷം അധ്യാപകവൃത്തിയിൽ പ്രവേശിക്കുകയുമാണുണ്ടായത്. അധ്യാപകനായശേഷം ഇന്റർമീഡിയറ്റും ബി.എ. യും പ്രൈവറ്റായി പാസ്സായി. തുടർന്ന് 1955-ൽ ബി.എഡ്. നേടിയ ഏബ്രഹാം സാർ അമ്പതു വയസ്സു കഴിഞ്ഞ് വാകത്താനം യു. പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു റിട്ടയർ ചെയ്തു. പിന്നീട് ഞാലിയാകുഴി പള്ളിവക സ്കൂളിലും പഠിപ്പിച്ചു.

ഞായറാഴ്ചതോറും ദാവീദച്ചൻ സണ്ടേസ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു പള്ളിയിലായിരിക്കും. മാസത്തിൽ ഒരിക്കലേ വികാരി എന്ന നിലയിൽ സ്വന്തം ഇടവകയായ ചന്ദനപ്പള്ളി പള്ളിയിൽ പോകുകയുള്ളു. "അച്ചനുമായുള്ള സഹവാസം മൂലം എനിക്കും ആത്മശരീര മനസ്സുകൾക്കു സുഖം നൽകുന്ന 'സണ്ടേസ്കൂൾ രോഗം'

പിടിപെട്ടു എന്നു പറയുന്നതാവും ശരി. ഞാൻ കഴിഞ്ഞ വർഷമാണു 86-ാം വയസ്സിൽ സണ്ടേസ്കൂൾ അദ്ധ്യാപകവൃത്തിയിൽ നിന്നു റിട്ടയർ ചെയ്തത്. പുതുപ്പള്ളി-വാകത്താനം ഗ്രൂപ്പിലെ ദീർഘകാല സണ്ടേ സ്കൂൾ ഇൻസ്പെക്ടർ എന്ന നിലയിൽ എന്നെ ആ ഗ്രൂപ്പിലെ അദ്ധ്യാ പകർ അനുമോദിക്കുകയും പ്രശസ്തിപത്രം തന്നു ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ദാവീദച്ചന്റെ അനുഗ്രഹം മൂലം ലഭിച്ചതാണെ ന്നാണു എന്റെ ചിന്ത." ദാവീദച്ചന്റെ മഹത്തായ മാതൃക വൈദികർക്കും അവൈദികർക്കും ഒരുപോലെ പ്രചോദനപ്രദവും പ്രയോജനകരവുമാണ്.

നാല്പത്തഞ്ചു വർഷം മുമ്പ് വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാ സ്യോസിന്റെ കീഴിൽ തിരുമേനിയുടെ മുറിയിൽ വച്ചു ഞങ്ങൾ ദൈവ ശാസ്ത്രം പഠിച്ച കാര്യം ഞാൻ ഓർപ്പിച്ചുകൊണ്ടും 87-ൽ നിൽക്കുന്ന സാറിനു സെഞ്ചുറി അടിക്കാൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ടും യാത്ര പറയുമ്പോൾ അന്നും ഇന്നും കൃശഗാത്രനെങ്കിലും നല്ല ആരോ ഗ്യവാനായ ഏബ്രഹാം സാറിന്റെ മുഖത്ത് ഒരു നറുംനിലാവ്.

സി. എ. ഏബ്രഹാം

മാവേലിൽ ഫാ. കെ. ഡേവിഡ്: അവിസ്മരണീയനായ ക്ലാസ്സ് ടീച്ചർ

വി. പി. തമ്പി കോയമ്പത്തൂർ

സ്കൂളുകളിലും കോളജുകളിലും പത്തുപതിനഞ്ചു വർഷം പഠിച്ച് വിശാലമായ ജീവിതരംഗങ്ങളിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ഒട്ടധികം അധ്യാപകരുടെ സേവനങ്ങളും സദുപദേശങ്ങളും സൽപ്രേരണകളും ഓരോരുത്തർക്കും ലഭിച്ചിരിക്കും. അധ്യാപകരിൽ ചിലരെയെങ്കിലും കാല പ്പഴക്കത്താൽ വിസ്മരിക്കുക സാധാരണമാണ്. എന്നാൽ ജീവിതാന്ത്യം വരെ മറക്കാൻ ആവാത്ത ഏതാനും ഗുരുനാഥന്മാർ എല്ലാവർക്കും ഉണ്ടാ യിരിക്കും.

എന്റെ പിതാവ് വാലയിൽ വി. റ്റി. പുന്നൻ കുമരകം സ്വദേശിയായി രുന്നു എങ്കിലും ഞാൻ ജനിച്ചുവളർന്ന മാതൃഭവനമായ പരിപ്പ് കോമട ത്തുശ്ശേരിൽ താമസിച്ചാണു മക്കളായ ഞങ്ങൾ പ്രൈമറി സ്കൂൾ പഠനം ആരംഭിച്ചത്. പ്രൈമറി വിദ്യാഭ്യാസം ഒളശ്ശ സർക്കാർ സ്കൂളിലും മിഡിൽ സ്കൂൾ വിദ്യാഭ്യാസം ഒളശ്ശ സി.എം.എസ്. മിഡിൽ സ്കൂളിലും ആയി രുന്നു. പിന്നീട് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കോട്ടയത്തെ പ്രശ സ്തമായ എം.ഡി. സെമിനാരി ഹൈസ്ക്കൂളിൽ ചേർന്നു. ഒളശ്ശ-പരി പ്പിൽ നിന്നു ബസിലായിരുന്നു എം.ഡി. സ്കൂളിൽ പോയിവന്നുകൊണ്ടി രുന്നത്. ബസിൽ തിരുനക്കരയിൽ ഇറങ്ങി കെ. കെ. റോഡു വഴി മനോ രമ പള്ളിക്കൂടം എന്നു കൂടി പേരുണ്ടായിരുന്ന എം.ഡി. ഹൈസ്ക്കൂളിൽ നടന്നെത്തും. അക്കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്കു സംഘം ചേർന്നു മൂന്നു നാലു മൈൽ നടന്നു പള്ളിക്കൂടത്തിൽ പോകുക എന്നത് ഒരു പ്രശ്നമേ ആയിരുന്നില്ല. ഇന്നു മുന്നൂറു മീറ്റർ ദൂരം താണ്ടാനും ബസ് വേണം. ഗ്രാമപ്രദേശമായ ഒളശ്ശ-പരിപ്പിൽ നിന്നു വരുന്ന ഒരു ബാലനു ജില്ലാ ആസ്ഥാനമായ കോട്ടയം ടൗണും അവിടത്തെ നിരനിരയായി നില കൊള്ളുന്ന കടകളും വലിയ കെട്ടിടങ്ങളും ഓഫീസുകളും പള്ളികളും പള്ളിക്കുടങ്ങളും ആശുപത്രിയും ഗതാഗതവും ആൾസഞ്ചാരവും എല്ലാം ഒരു പുതിയ ലോകമായി തോന്നിയിരുന്നു എന്ന കാര്യം എടുത്തു പറ യാനാഗ്രഹിക്കുന്നു.

ആറര ദശാബ്ദം മുമ്പ് ഞാൻ എം. ഡി. ഹൈസ്കൂളിൽ ചേരുമ്പോൾ കൈപ്പട്ടൂർ സ്വദേശിയായ വി. ജി. ജോർജ് സാറായിരുന്നു ഹെഡ്മാസ്റ്റർ. ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടമായിരുന്ന അദ്ദേഹം ആ വർഷം തന്നെ റിട്ടയർ ചെയ്തു. തുടർന്ന് ഹെഡ്മാസ്റ്റർ ആയി വന്നത് അയ്മനം

കറുകപ്പടിയിൽ കെ. സി. ജോൺ സാർ ആയിരുന്നു. സംസ്ക്കാര സമ്പന്നനും തികഞ്ഞ ദൈവഭക്തനുമായിരുന്ന അദ്ദേഹം ശിക്ഷണ കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. ഹെഡ്മാസ്റ്റർ എന്ന നിലയിലുള്ള മാതൃകാപരമായ അദ്ദേഹത്തിന്റെ പ്രവർത്തനം സ്കൂളിന്റെ പ്രശസ്തി കൂടുതൽ വർദ്ധിപ്പിച്ചു എന്നതാണു വസ്തുത. അധ്യാപകർ എല്ലാവരും തന്നെ അവരവർ കൈകാര്യം ചെയ്തുകൊണ്ടിരുന്ന വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ വളരെ സമർത്ഥരായിരുന്നു.

എന്നെ പഠിപ്പിച്ച അധ്യാപകരിൽ എന്തുകൊണ്ടും എന്റെ ശ്രദ്ധ കൂടുതൽ പിടിച്ചുപറ്റിയത് ഫോർത്ത് ഫോമിൽ എന്റെ ക്ലാസ്സ് ടീച്ചറായിരുന്ന ഫാ. കെ. ഡേവിഡായിരുന്നു. കനകനിറമുള്ള ദാവീദച്ചൻ അലക്കിത്തേച്ചെടുത്ത വെള്ളക്കുപ്പായവും ധരിച്ച് ഒരു ദൈവദൂതനെപ്പോലെ ക്ലാസ്സിൽ ഒട്ടും ഒച്ചയില്ലാതെ പുഞ്ചിരിയോടെ കടന്നു വരുന്നതും എല്ലാ കുട്ടികളും ആദരപൂർവ്വം എഴുന്നേറ്റ് നിന്ന് അദ്ദേഹത്തെ അഭിവാദനം ചെയ്യുന്നതും ഇന്നും ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. ആദ്യദിവസം തന്നെ എല്ലാ കുട്ടികളെയും ബ. അച്ചൻ പരിചയപ്പെട്ടു. വിദ്യാർത്ഥികൾക്കും തമ്മിൽ തമ്മിൽ പരിചയപ്പെടാനുള്ള സൗകര്യം അച്ചൻ നൽകി. തുടർന്ന് ബ. അച്ചൻ നൽകിയ ഉപദേശം മരണംവരെ മറക്കാൻ സാധ്യമല്ല. ജീവിതത്തിൽ ഉയരണമെങ്കിൽ നല്ലവണ്ണം പഠിക്കണമെന്നും സമഭാവനയോടെ എല്ലാവരും സൽസ്വഭാവത്തെ മുറുകെപ്പിടിക്കണമെന്നും രാവിലെ കുളിച്ചശേഷം വെടിപ്പും വൃത്തിയുമുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു വേണം സ്കൂളിൽ കൃത്യസമയത്തു വരേണ്ടതെന്നും പറഞ്ഞത് ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അടിസ്ഥാന കാര്യങ്ങളാണെന്നതിനു രണ്ടുപക്ഷമില്ല. ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ മൈലുകൾ നടന്നു സ്കൂളിൽ പോകുകയും കഠിനാധ്വാനം കൊണ്ട് ഉന്നതസ്ഥാനങ്ങളിൽ എത്തുകയും ചെയ്ത അച്ചൻ സ്വന്തം ജീവിതാനുഭവത്തിൽ നിന്നാണ് ഇക്കാര്യങ്ങൾ പറഞ്ഞതെന്നു പിന്നീടാണു മനസ്സിലാക്കാൻ സാധിച്ചത്.

അന്നു താരതമ്യേന പൊക്കം കുറഞ്ഞ ഒരു ബാലനായിരുന്നതിനാലാവാം എനിക്കു മുൻ ബഞ്ചിലായിരുന്നു സീറ്റു ലഭിച്ചത്. തന്നിമിത്തം എപ്പോഴും അദ്ധ്യാപകരുടെ കൂടുതൽ ശ്രദ്ധ ഒന്നാം ബഞ്ചിൽ ഇരിക്കുന്നവരിൽ പതിയും. പല ചോദ്യങ്ങൾക്കും ഒന്നാം ബഞ്ചുകാർ ഉത്തരം പറയുകയും വേണം. ദാവീദച്ചനെ ക്ലാസിൽ ആദ്യം കണ്ടപ്പോൾ സാധാരണ പള്ളിയിൽ പ്രത്യക്ഷപ്പെടുന്ന വൈദികർ സ്കൂളിൽ വന്നു പഠിപ്പിക്കുമോ എന്ന ഒരു സംശയമുണ്ടായിരുന്നു. പള്ളിയും പള്ളിക്കൂടവും ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം രണ്ടല്ലെന്നും ഏതാണ്ട് സയാമീസ് ഇരട്ടകളെപ്പോലെയാണെന്നും മാർ ഏലിയാ ചാപ്പലും എം. ഡി. ഹൈസ്ക്കൂളും ഒരേ വളപ്പിൽ കണ്ടപ്പോൾ കൂടുതൽ വ്യക്തമായി.

ദാവീദച്ചന്റെ ആദ്യത്തെ ക്ലാസ്സ് ഇംഗ്ലീഷായിരുന്നു. എല്ലാവർക്കും നന്നേ ഇഷ്ടപ്പെട്ട ക്ലാസ്സ്. പാഠാവസാനം ആ പാഠത്തിൽ നിന്നുള്ള ഒരു ഗുണപാഠം നിശ്ചയമായും നൽകിയിരിക്കും. അതോടൊപ്പം മാറ്റമില്ലാത്ത സനാതന ജീവിത മൂല്യങ്ങളുടെ പ്രാധാന്യം കൂടെക്കൂടെ അച്ചൻ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. കുട്ടികളുടെ സൽസ്വഭാവ രൂപവൽക്കരണത്തിനുള്ള പരോക്ഷമായ ഒരു പ്രേരണയായിരുന്നു ഇത്.

ആഴ്ചയിൽ ഒരു പീരിയഡ്, അച്ചൻ സോഷ്യൽ ക്ലാസ്സായി മാറ്റിയിരുന്നു. ഒരു ദിവസം അച്ചൻ എന്നോടു ഒരു പ്രസംഗം ചെയ്യാൻ ആവശ്യപ്പെട്ടു. നേരത്തെ പറഞ്ഞിരുന്നു എങ്കിൽ ഏതെങ്കിലും വിഷയം ഒന്നു പഠിച്ചു പറയാമായിരുന്നു. രണ്ടും നിശ്ചയിച്ച് ക്ലാസ്സ് ടീച്ചറോടു ചേർന്നു നിന്ന് അദ്ദേഹത്തെയും സതീർത്ഥ്യരെയും അഭിസംബോധന ചെയ്തു പ്രസംഗം ആരംഭിച്ചു. എനിക്കു തന്ന വിഷയം "കുട്ടികളുടെ സ്വഭാവ രൂപവൽക്കരണം" എന്നതായിരുന്നു.

ഞായറാഴ്ചതോറും പള്ളിയിൽ പ്രസംഗിച്ചുവന്ന ഒരു അച്ചനെപ്പറ്റിയാണു ഞാൻ പ്രസംഗിച്ചത്. ബ. ദാവീദച്ചനും എന്റെ സഹപാഠികളും എല്ലാം നിശ്ശബ്ദരായി എന്നെ നോക്കിക്കൊണ്ടിരുന്നു. ആ അച്ചന്റെ പ്രസംഗം താഴെ പറയുംപ്രകാരമായിരുന്നു എന്നു ഞാൻ പറഞ്ഞു. "നിങ്ങൾ ആരും പാപം ചെയ്യരുത്. ദൈവകല്പനകൾ ലംഘിക്കരുത്. പാപം ചെയ്താൽ മരണശേഷം നരകത്തിൽ പോകേണ്ടി വരും. അതാണു ശിക്ഷ. നരകത്തിൽ ചാകാത്ത പുഴുവും കെടാത്ത തീയും പിശാചും ഒക്കെ ഉണ്ട്. അവിടെ കരച്ചിലും പല്ലുകടിയും അനുഭവിക്കേണ്ടി വരും. നല്ലവരായി ജീവിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി സന്തോഷത്തോടെ കഴിയാൻ സാധിക്കുകയുള്ളു. സ്വർഗ്ഗമാണു ഏറ്റവും ഉയരത്തിൽ ഉള്ളത്. നരകം ഏറ്റവും അടിയിലും. എന്നാൽ ഇതിനിടയിൽ ചില തട്ടുകൾ ഒക്കെ ഉണ്ടെന്ന് ഓർക്കണം. നാം ഭൂമിയിൽ ജീവിക്കുമ്പോൾ ചെയ്ത നന്മതിന്മകളുടെ അടിസ്ഥാനത്തിലാണു ഈ തട്ടുകളിൽ ഓരോരുത്തർക്കും സ്ഥാനം ലഭിക്കുന്നത്. കൂടുതൽ പാപം ചെയ്തവർക്കു അടിത്തട്ടു കിട്ടുമെന്നു തിട്ടം."

വർഷങ്ങൾ പറന്നുപോയി. പ്രസംഗിച്ച അച്ചനും എല്ലാ ഞായറാഴ്ചയും പ്രസംഗം കേട്ടുകൊണ്ടിരുന്ന ഒരു വല്യമ്മയും മരിച്ചു. വല്യമ്മ വല്യ കുഴപ്പക്കാരി അല്ലാഞ്ഞതിനാൽ അവർക്കു സ്വർഗ്ഗത്തിനും നരകത്തിനും ഇടയ്ക്കുള്ള ഒരു തട്ടാണു ലഭിച്ചത്. ഒരു ദിവസം വല്യമ്മ തട്ടിന്റെ ഒരു വിടവിലൂടെ താഴേക്കു നോക്കിയപ്പോൾ പ്രസംഗകനായിരുന്ന അച്ചൻ അവിടെ കിടന്നു യാതന അനുഭവിക്കുന്നു. കണ്ട മാത്രയിൽ വല്യമ്മ അതിശയം കൂറി 'എന്റച്ചോ!' അച്ചനോടു ചോദിച്ചു, "എല്ലാ ഞായറാഴ്ചയും പള്ളിയിൽ നല്ല കാര്യങ്ങൾ പ്രസംഗിച്ച അച്ചന് ഇവിടെയാണോ

സ്ഥലം ലഭിച്ചത്?" ചോദ്യം കേട്ട ഉടനെ അച്ചൻ "ശെ, ശെ മിണ്ടാതെ. മെത്രാൻ ഇതിന്റെ അടിയിലുണ്ട്" എന്നു മറുപടി പറഞ്ഞു. ഞാൻ പറഞ്ഞു നിർത്തുന്നതിനു മുമ്പു തന്നെ ബ. ദാവീദച്ചനും കുട്ടികളും തട്ടുതകർപ്പൻ പൊട്ടിച്ചിരി. അല്പനേരം കഴിഞ്ഞപ്പോൾ "പ്രസംഗവും പ്രവൃത്തിയും പൊരുത്തപ്പെടണം" എന്നാണ് ഇതിന്റെ സാരമെന്നു പറഞ്ഞു ഞാൻ ഇരുന്നു. അപ്പോഴും കുട്ടികൾ ചിരിയും കൈയടിയും നിറുത്തിയിരുന്നില്ല.

ഇതിനിടയിൽ അച്ചൻ എന്നെ വിളിച്ചു. ഞാൻ പരിഭ്രമത്തോടെ സമീപത്തേക്കു ചെന്നു. അച്ചൻ എന്നോടു ചോദിച്ചു. "തമ്പിയുടെ സ്വന്തക്കാരിൽ ആരെങ്കിലും അച്ചന്മാർ ഉണ്ടോ?" ഉണ്ടെന്നു മറുപടി കൊടുത്തു കൊണ്ടു അവരുടെ പേരുകൾ പറഞ്ഞു.

1. എന്റെ പിതാവിന്റെ ജ്യേഷ്ഠൻ ഫാ. മത്തായി വാലയിൽ കുമരകം.

2. എന്റെ മാതൃസഹോദരൻ ഫാ. കെ. സി. വറുഗീസ് കോമടത്തുശ്ശേരിൽ തടാകം ക്രിസ്തുശിഷ്യാശ്രമം ആചാര്യയാണ്. അമ്മയുടെ അർദ്ധ സഹോദരൻ കോമടത്തുശ്ശേരിൽ യോസഫ് കത്തനാർ, അപ്പച്ചന്റെ അമ്മാച്ചൻ കല്ലുങ്കത്തറ ഫാ. യാക്കോബ്. അമ്മച്ചിയുടെ അമ്മാച്ചൻ കുറിച്ചി വേണാട്ടുകളത്തിൽ ഫാ. യോഹന്നാൻ. കേട്ടശേഷം അവരെപ്പറ്റി കൂടുതൽ കാര്യങ്ങൾ ദാവീദച്ചൻ ചോദിച്ചു മനസ്സിലാക്കി. പിന്നീട് അച്ചന് എന്നോടു കൂടുതൽ വാത്സല്യം തോന്നിയിരുന്നതായി എനിക്കനുഭവപ്പെട്ടു. പിതൃസഹജമായ ആ സ്നേഹബന്ധം ഓർക്കുമ്പോൾ ഒരതുല്യമായ മധുരാനുഭൂതിയാണനുഭവപ്പെടുന്നത്. എന്നെ സ്നേഹിച്ചതുപോലെ മറ്റുള്ള കുട്ടികളെയും ബ. അച്ചൻ കരുതിയിരുന്നു.

ഫിഫ്ത്ത് ഫോമിൽ ഞങ്ങളുടെ ക്ലാസ്സ് ടീച്ചർ തുമ്പമൺ സ്വദേശിയായ മത്തായി സാറായിരുന്നു. സിക്സ്ത്ത് ഫോമിൽ കോട്ടയംകാരനായ പി. എം. പൈലോ സാറും. പൈലോസാർ കണക്കും, കെ. സി. ജോൺ സാർ സയൻസും വെട്ടം മാണി സാർ മലയാളവും ഒ. എം. മാത്തൻ സാർ ബോട്ടണിയും നന്നായി പഠിപ്പിച്ചു. നാലാത്ര ഡീക്കൻ എൻ. ഐ. പോത്തന്റെ ഇളയപുത്രനും അടുത്ത കാലത്തു അന്തരിച്ച വ്യക്തിയുമായ എൻ. പി. കുര്യൻ സാർ ശരിക്കും തയ്യാറെടുത്തു വന്നു സ്ക്രിപ്ച്ചർ ക്ലാസ്സ് എടുത്തതിനാൽ വേദപുസ്തക സംബന്ധമായ പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞു. കെ. സി. ജോൺ സാറിന്റെ പിൻഗാമിയായി സി. യു. മാത്യുസാർ ഹെഡ്മാസ്റ്ററായി. അദ്ദേഹത്തിന്റെ ക്ലാസ്സുകളും വളരെ ശ്രദ്ധേയവും മാതൃകാപരവുമായിരുന്നു. ഇവരെല്ലാംതന്നെ വലിയ ഭക്തന്മാരും കുട്ടികൾ ദൈവം തങ്ങളെ ഏല്പിച്ച നിധികളാണെന്ന ചിന്തയോടെ അധ്യാപകവൃത്തി ഒരു ജോലിയേക്കാൾ ഉപരി സേവനമാ

ണെന്നും കരുതിയവരുമാണ്.

വിദ്യാർത്ഥി ജീവിതത്തെപ്പറ്റിയും എം. ഡി. യിലെ സമർത്ഥരായ അദ്ധ്യാപകരുടെ സേവനങ്ങളെപ്പറ്റിയും ചിന്തിക്കുമ്പോൾ പ്രായമൊക്കെ മറന്ന് പഴയകാലത്തേക്കു തിരിച്ചുപോകുന്ന ഒരു പ്രതീതിയാണ് അനുഭവപ്പെടുന്നത്.

ദാവീദച്ചൻ എന്റെ സ്മരണയിൽ

മാണി പി. ചെറിയാൻ

സണ്ടേസ്കൂളിന്റെ ആദ്യകാല പ്രമുഖ പ്രവർത്തകരെപ്പറ്റി പറഞ്ഞാൽ എന്റെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കുന്നത്, സണ്ടേസ്കൂളിനു വേണ്ടി പണവും, ആരോഗ്യവും, ആയുസ്സും, ത്യാഗപൂർവ്വം സമർപ്പിച്ച ചന്ദനപ്പള്ളി മാവേലിൽ കെ. ഡേവിഡ് കോർഎപ്പിസ്കോപ്പായാണ്. കുട്ടികൾക്കാവശ്യമായ പാഠപ്പുസ്തകങ്ങൾ എഴുതുന്നതും പ്രസ്സിൽ കൊടുത്ത് അച്ചടിച്ച് പ്രൂഫ് തിരുത്തുന്നതും, എല്ലാം എം.ഡി.എച്ച്.എസ്. അദ്ധ്യാപക ജോലിക്കിടയിൽ ദാവീദച്ചൻ തന്നെയായിരുന്നു. 'ചോദ്യോത്തരങ്ങൾ' എന്ന പഠന സഹായിയായ ഒരു നല്ല ഉപപാഠപുസ്തകമുണ്ടായിരുന്നത്, ഇന്നത്തെ തലമുറയ്ക്കും അനുയോജ്യമാണ്. കൂദാശകളെക്കുറിച്ചും മറ്റുമുള്ള ആ പുസ്തകങ്ങൾ അന്നത്തെ തലമുറയുടെ സഭാജീവിതത്തെ ഒരു വലിയ അളവിൽ പരിപോഷിപ്പിച്ചിരുന്നു.

ഞാൻ 1948-ൽ കാരാപ്പുഴ സണ്ടേസ്കൂളിൽ പഠിപ്പിക്കാൻ ആരംഭിച്ചതു മുതൽ വിവിധ സണ്ടേസ്കൂളുകളുടെ സംയുക്ത ഏകദിന കോൺഫ്രൻസുകൾ ഉണ്ടായിരുന്നു. കല്ലുങ്കത്തറ മണലേൽ പള്ളിയിലും കുമരകത്ത് ഓർത്തഡോക്സ് പള്ളിയിലും മറ്റു പല അദ്ധ്യാപക മീറ്റിംഗുകളിൽ ദാവീദച്ചന്റെ സാന്നിധ്യം ഉണ്ടായിരുന്നു. വിമർശനപരമായ ക്ലാസ്സുകളെക്കുറിച്ചും മാതൃകാ ക്ലാസ്സുകളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ വിലയിരുത്തൽ അദ്ധ്യാപകർക്കു തികച്ചും പ്രചോദനപ്രദമായിരുന്നു.

1953-ൽ കാരാപ്പുഴ സണ്ടേസ്കൂളിൽനിന്ന് ഞാനും തിരുവാതുക്കൽ റ്റി. പി. ജോൺ സാറിന്റെ മകൻ തോമസ് റ്റി. ജോണും (ഇപ്പോൾ സെന്റ് ഗിറ്റ്സ് എൻജിനിയറിംഗ് കോളജ്, ഡയറക്ടർ) ചേപ്പാട് പള്ളിയിൽ നടന്ന ദശദിന സണ്ടേസ്കൂൾ പരിശീലന ക്ലാസ്സിൽ സംബന്ധിച്ചത് പ്രത്യേകം ഓർക്കുന്നു.

ഫാ. കെ. ഡേവിഡ്, വി. കെ. മാത്യൂസ് (പിന്നീട് വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ ബാവാ) ഫാ. ഇ. മാത്യൂസ് (പിന്നീട് മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ), ഫാ. പി. ഇ. ദാനിയേൽ (പിന്നീട് ദാനിയേൽ പീലക്സിനോസ് മെത്രാപ്പോലീത്താ), സഭാകവി സി. പി. ചാണ്ടി എന്നിവരുടെ ഉന്നത നിലവാരത്തിലുള്ള ക്ലാസ്സുകളും ചേപ്പാട്ടു സ്കൂളിലെ താമസവും പള്ളിയിലെ നിത്യപ്രാർത്ഥനകളും കബറിങ്കലെ പ്രത്യേക പ്രാർത്ഥനയുമെല്ലാം ആദ്യകാല സണ്ടേസ്കൂൾ ജീവിതത്തിലെ അനുപമ സ്മരണകളാണ്.

എം.ഡി. സെമിനാരി ഹൈസ്കൂളിൽ 1952 വരെ ഞാൻ വിദ്യാർത്ഥി യായിരിക്കുമ്പോൾ 1949-ൽ എന്നെ ബ. ദാവീദച്ചൻ പഠിപ്പിച്ചിട്ടുണ്ട്. അന്നത്തെ എം.ഡി. ഹോസ്റ്റലിൽ നിന്നു വരുന്നതും ക്ലാസ്സിൽ സമയം തെറ്റിക്കാതെ വരുന്നതും മറ്റ് അദ്ധ്യാപകർക്ക് സന്മാതൃകയായിരുന്നു. ദാവീദച്ചൻ എം.ഡി. സെമിനാരിയിൽ അദ്ധ്യാപകനായിരുന്ന കാലത്തെ എന്റെ സഹപാഠികളായിരുന്നു കോട്ടയം ഡിസ്ട്രിക്ട് ട്രഷറി ഓഫീസ റായി റിട്ടയർ ചെയ്ത കെ. എ. അബ്ദുൾ അസീസും, കോട്ടയത്ത് അന്നു ണ്ടായിരുന്ന കോട്ടയം ടിംബർ വർക്സ് എന്ന സ്ഥാപനത്തിന്റെ ഉടമയാ യിരുന്ന കെ. സി. മർക്കോസിന്റെ മകൻ കെ. എം. കുര്യൻ (പിന്നീട് പാലക്കാട്ടു താമസിച്ചു) മുതലായവർ. കണ്ണാടിയുടെ മുകളിൽ കൂടിയുള്ള നോട്ടവും അദ്ദേഹത്തിന്റെ ആത്മാർത്ഥത നിറഞ്ഞ പഠിപ്പിക്കലുമെല്ലാം ഓർമ്മയിൽ ഉണ്ട്. അദ്ദേഹത്തിന്റെ സമർപ്പണവും ലളിതജീവിതവും ഇന്നത്തെ അദ്ധ്യാപകർക്കും വൈദികർക്കും എന്നും മാതൃകയായി അവ ശേഷിക്കുന്നു.

സമുന്നതനായ അദ്ധ്യാപക ശ്രേഷ്ഠൻ

ഡോ. ജോർജ് കുര്യൻ, വട്ടക്കുന്നേൽ

ഞാൻ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് മലങ്കരസഭയിലെ അവിവാഹിതരായ രണ്ടു ശ്രേഷ്ഠ വൈദികർ അവിടെ പഠിപ്പിച്ചിരുന്നു. ചന്ദനപ്പള്ളിക്കാരനായ ഫാ. കെ. ഡേവിഡ് ഹൈസ്കൂളിലും ഓണക്കൂർകാരനായ ഫാ. തോമസ് വാളനടിയിൽ മിഡിൽ സ്കൂളിലും ആണ് ക്ലാസ്സുകൾ എടുത്തിരുന്നത്. ഫാ. കെ. ഡേവിഡ് ഏലിയാ ചാപ്പൽ വികാരിയും വാളനടിയിൽ തോമസച്ചൻ സഹവികാരിയും ആയിരുന്നു.

സണ്ടേസ്കൂളിന്റെ നെടുംതൂണായിരുന്നു ഫാ. കെ. ഡേവിഡ്. രണ്ടു പേരും ഏലിയാചാപ്പലിനോടു ചേർന്നുള്ള കെട്ടിടത്തിലാണു താമസിച്ചിരുന്നത്. സഭയിലെ കക്ഷിഭിന്നത മൂലം വൈദിക സെമിനാരി അന്നു എം.ഡി. സ്കൂൾ വളപ്പിലായിരുന്നു. എന്റെ പിതൃസഹോദരനായ ഫാ. വി. കെ. മാത്യൂസ് (പിന്നീട് മാത്യൂസ് ഒന്നാമൻ ബാവാ) സെമിനാരി അധ്യാപകൻ ആയിരുന്നതിനാലും എന്റെ മാതൃസഹോദരൻ അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ സി. ജി. വറുഗീസ് മുതലാളി (ഇപ്പോൾ സീനിയർ വൈദികൻ) ഒരു സെമിനാരി വിദ്യാർത്ഥിയായിരുന്നതിനാലും എന്റെ വീട് എം.ഡി. വളപ്പിനോടു തൊട്ടായിരുന്നതിനാലും ഞാൻ മിക്ക സായാഹ്നങ്ങളിലും സെമിനാരിയിൽ പോകുമായിരുന്നു. അപ്പോഴെല്ലാം എന്റെ ഹൈസ്കൂൾ അധ്യാപകൻ കൂടിയായ ഫാ. കെ. ഡേവിഡിനെ കാണുകയും കൂടുതൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. സൗമ്യനും ആത്മാർത്ഥതയുടെ നിറകുടവും നല്ല കഴിവും സ്നേഹവും ഉള്ള ഒരു സമുന്നത അധ്യാപകനായിരുന്നു ദാവീദച്ചൻ എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ ഒരു ശിഷ്യനായിരിക്കാൻ എനിക്കു ഭാഗ്യമുണ്ടായതിൽ ദൈവത്തെ സ്തുതിക്കുന്നു (ഏലിയാ ചാപ്പൽ മുൻ വികാരിമാരുടെയെല്ലാം ഫോട്ടോകൾ പള്ളിക്കെട്ടിടത്തിൽ വച്ചിട്ടുണ്ടെന്നും പ്രഗത്ഭരായ ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായുടെയും ഫാ. ഡോ. കെ. എം. ജോർജിന്റെയും ചിത്രങ്ങൾ ഒഴിവാക്കിയത് ശരിയായില്ലെന്നും ചൂണ്ടിക്കാട്ടിയപ്പോൾ ആ കുറവ് എത്രയുംവേഗം നികത്തേണ്ടതാണെന്നത്രെ ഡോ. ജോർജ് കുര്യൻ അഭിപ്രായപ്പെട്ടത് - എഡിറ്റർ)





ഫാ. സി. വി. ജോർജ്
കോറെപ്പിസ്കോപ്പാ ചിറത്തലാട്ട്

ആമുഖം

കർമ്മചൈതന്യം കൊണ്ടു ജന്മനാടിനും ആദ്ധ്യാത്മിക ദർശനം മൂലം മലങ്കരസഭയ്ക്കും ഒരുപോലെ വൻ നന്മകൾ ചെയ്തു കടന്നുപോയ വൈദിക ശ്രേഷ്ഠൻ. മരച്ചീനിയുടെയും ഏത്തവാഴയുടെയും കേദാരമായിരുന്ന വാകത്താനം ഗ്രാമത്തിലെ സുന്ദരമായ ഒരു കുന്നിന്റെ നെറുകയിൽ ദശാബ്ദങ്ങൾക്കു മുമ്പ് ഒരു പഠിത്തവീട് സ്ഥാപിച്ച് ഒട്ടധികം നാട്ടുകാർക്കു ചിത്തപ്രകാശവും ഉന്നത ജീവിതമാർഗ്ഗങ്ങളും പ്രദാനം ചെയ്ത പ്രഗത്ഭനും അഭ്യസ്തവിദ്യനും ഉത്തമനുമായ പ്രഥമാധ്യാപകൻ. വൻ ഭൂവുടമകളായ കർഷകരുടെ സന്താനങ്ങളെ ആകർഷകമായ ഉന്നത വിദ്യാഭ്യാസത്തിന്റെ ശ്രീകോവിലിലേക്കു ഹഠാദാകർഷിച്ച തന്ത്രിമുഖ്യൻ, സമുദായ സൗഹാർദ്ദത്തിന്റെ ശക്തനായ വക്താവ്, സ്നേഹനിർഭരമായ സൽപെരുമാറ്റത്താൽ വിഭാഗീയ ചിന്തയെന്യേ ആരെയും ആകർഷിക്കാൻ കഴിഞ്ഞ സമുന്നത വ്യക്തി, അന്യജീവനുതകിയ പരോപകാരത്തിന്റെ വറ്റാത്ത സരോവരം, തൊട്ടിൽ മുതൽ പട്ടട വരെ കുട്ടികളുടെ തോളിൽ കൂട്ടുകാരെപ്പോലെ തട്ടുകയും തലോടുകയും ചെയ്ത് അവരെ നയിച്ച നല്ല ഇടയൻ.

സനാതന സത്യവിശ്വാസാചാരങ്ങളിലേയ്ക്കും സഭാംഗങ്ങളെ അനൈക്യത്തിൽനിന്നു ആധ്യാത്മിക ജീവിതത്തിന്റെ പച്ചമേച്ചിലിലേക്കും നിത്യജീവന്റെ നിലയ്ക്കാത്ത നീരുറവയിലേയ്ക്കും തിരിച്ചുവിട്ട അജപാലകൻ. കുട്ടികളെപ്പറ്റി അദ്ധ്യാപകരോടു സംസാരിക്കുമ്പോൾ ഒരു പരിധിവരെ ഗൗരവത്തിനു ചിരി വഴിമാറി കൊടുക്കുന്നുവെന്നു തോന്നാമെങ്കിലും പുഞ്ചിരി വിട്ടുപിരിയാത്ത മുഖാരവിന്ദം. തമാശകൾ പറഞ്ഞു മറ്റുള്ളവരെ രസിപ്പിച്ചും തമാശകൾ അടിമുടി ആസ്വദിച്ചും സന്തോഷ ചിന്താസരണികളിൽ സഞ്ചരിച്ച സഹൃദയൻ. സഭാജീവിത യാത്രാമദ്ധ്യേ സത്യം മനസ്സിലാക്കിയും സമ്മർദ്ദങ്ങൾക്കു തടയിട്ടും ലോത്തിന്റെ ഭാര്യയെപ്പോലെ പിന്നോട്ടു നോക്കാതെ സഭയിൽ ഉറച്ചുനിന്ന ആദർശ സമ്പന്നൻ. സ്നേഹം നിറഞ്ഞ പരിചരണങ്ങൾ കൊണ്ടു തന്നെ വീർപ്പുമുട്ടിച്ച ജീവിതസഖിയും സൽസന്താനങ്ങളും സൃഷ്ടിച്ച അനുഗൃഹീതവും സമ്പന്നവുമായ കുടുംബജീവിതാന്തരീക്ഷം ധന്യമാക്കിയ കുടുംബനാഥൻ. അവാർഡിനർഹനായ അധ്യാപക കേസരി. കക്ഷിവഴക്കിന്റെ കഥയില്ലായ്മ മനസ്സിലാക്കിയ ശേഷം സ്വന്തജനം അന്ത്യംവരെ എതിർത്തിട്ടും മനഃസാക്ഷിയെ മുൻനിറുത്തി പ്രമുഖ സേവനരംഗങ്ങളിൽ പതറാതെ നിന്ന മാതൃകാ വൈദികൻ. സർവ്വോപരി ഭിന്നതയ്ക്കിടയിലും ഇരുവിഭാഗങ്ങളിലെയും സഭാദ്ധ്യക്ഷന്മാരോടുള്ള സ്നേഹാദരങ്ങൾ ലോഭമെന്യേ പ്രകടിപ്പിക്കുകയും അവരുടെ മതിപ്പും വാത്സല്യവും കവർന്നെടുക്കു

കയും അർഹിക്കുന്ന അങ്ങേയറ്റത്തെ അംഗീകാരം നേടുകയും ചെയ്ത ഗ്രാമത്തിലെ ബിഷപ്പ്. അന്തരിച്ച ചിറത്തലാട്ട് സി. വി. ജോർജ്ജ് കോർ എപ്പിസ്ക്കോപ്പായെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസിൽ ഓടി എത്തുന്ന ഒരേകദേശ ചിത്രമാണിത്.

സംസ്ക്കാര സമ്പന്നനും കുലീന കുടുംബാംഗവുമായ ഈ വന്ദ്യ വൈദികനെ മൂന്നുനാലു ദശവൽസരക്കാലം അല്പം അടുത്തു നിന്നും അകലെ നിന്നും പരിചയപ്പെട്ടപ്പോൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഗുണ ഗണങ്ങൾ മറ്റുള്ളവർക്കും പ്രചോദനകരമായിരിക്കുമെന്നു തോന്നിയതു കൊണ്ടും ആ ധന്യ ജീവിതത്തെ ലിപികളിൽ വരച്ചുകാട്ടാതിരിക്കുന്നതു ഭാവിതലമുറയോടു ചെയ്യുന്ന ഒരപരാധമാകാനിടയുള്ളതുകൊണ്ടുമാണ് ഈ ലഘു ജീവചരിത്ര രചനയ്ക്ക് ഒരുമ്പെട്ടത്. അദ്ദേഹത്തിന്റെ തലമുറയിലെ സഹപ്രവർത്തകരാരെങ്കിലും ഒരാൾ ഏറ്റെടുത്തു മെച്ചപ്പെട്ട രീതിയിൽ ചെയ്യേണ്ടിയിരുന്ന ഒരു ജോലിയാണിതെന്നും എനിക്ക് അഭിപ്രായമുണ്ട്.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, മാനേജർ, മാതൃകാ വൈദികൻ, ഇടവക വികാരി, സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ, സമുന്നത സാമൂഹിക സേവകൻ, പൊതുപ്രവർത്തകൻ മുതലായ നിലകളിലും എന്നും ഒന്നാം സ്ഥാനത്തുനിന്ന സി. വി. ജോർജ്ജ് അച്ചന്റെ കൂടെ നമുക്കൊന്നു സഞ്ചരിക്കാം.

കുടുംബവും ബാല്യകാലവും

പുരാതനകാലം മുതലേ പുതുപ്പള്ളി, തൃക്കോതമംഗലം, വാകത്താനം തുടങ്ങിയ ഗ്രാമങ്ങൾ ഉന്നതവും ലളിതവുമായ ക്രിസ്തീയ ജീവിതം നയിച്ച പല പ്രമുഖ കുടുംബങ്ങളാൽ ധന്യമായിരുന്നു. ഇന്നത്തെപ്പോലെ സമ്പത്തിന്റെ പ്രതാപ പ്രകടനങ്ങൾ നാടിനെ പ്രകമ്പനം കൊള്ളിച്ചിരുന്നില്ല. സത്യസന്ധതയുടെയും സൽപെരുമാറ്റത്തിന്റെയും ധാർമ്മികതയുടെയും കാര്യത്തിൽ പ്രശസ്തരായിരുന്നു അവർ. പട്ടണത്തിന്റെ പിത്തലാട്ടങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി ഗ്രാമീണ ജീവിതത്തിന്റെ ശാലീനതയും സൗന്ദര്യവും സമാധാനവും അനുഭവിച്ചിരുന്ന അവർ മാവേലി നാടുവാണ കാലത്തു ജീവിച്ചിരുന്നവരെപ്പോലെ ഭാഗ്യവാന്മാരുമായിരുന്നു എന്നു പറയുന്നതാവും ഏറെ ശരി. ആദ്ധ്യാത്മിക ജീവിതത്തിന്റെ അസ്തിവാരത്തിൽ പണിതുയർത്ത ക്രിസ്തീയ ഭവനങ്ങൾ സത്യത്തിലും ആത്മാവിലും ദൈവത്തെ സേവിച്ചു തങ്ങളുടെ ചുമതലകൾ നല്ല സാക്ഷ്യത്തോടെ വേണ്ടവിധം നിറവേറ്റിയിരുന്നു. ഒരു വടവൃക്ഷം പോലെ വളർന്നു പന്തലിച്ചു നിൽക്കുന്ന പ്രശസ്തമായ പുതുപ്പള്ളി വടശ്ശേരി കുടുംബത്തിന്റെ ഒരു ശാഖയാണ് തൃക്കോതമംഗലത്തു നിന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ വാകത്താനത്തേക്കു മാറിത്താമസിച്ച ചിറത്തലാട്ടു കുടുംബമെന്നത്രെ അതിന്റെ ചരിത്രം വ്യക്തമാക്കുന്നത്. വടശ്ശേരി കുടുംബത്തിലെ പല ഗൃഹനാഥന്മാർക്കും നൈനാൻ എന്ന പേര് അന്നും ഇന്നും ഉണ്ടെന്നു വടശ്ശേരി കുടുംബചരിത്രം മറിച്ചു നോക്കുന്നവർക്കു കാണാൻ കഴിയും. വാകത്താനത്തിന്റെ വടക്കേ ഭാഗമായ തൃക്കോതമംഗലത്തു നിന്നു മാറി തെക്കേ ഭാഗത്തെ കളമ്പുകാട്ടു ചിറയ്ക്കടുത്തുള്ള ചിറത്തലാട്ടു താഴത്തെ വീട്ടിൽ താമസമാക്കിയ നൈനാന്റെ അഞ്ചാമത്തെ പുത്രനായ വറുഗീസാണു നമ്മുടെ കഥാനായകന്റെ പിതാവ്. നൈനാൻ വറുഗീസിന്റെ ഏഴാമത്തെ സന്താനമായി 1913 ജൂൺ 18-നാണ് മൂലം നക്ഷത്രത്തിൽ സി. വി. ജോർജ് ഭൂജാതനായത്. പാത്താമുട്ടത്തെ വൈദിക പാരമ്പര്യമുള്ള കയ്യാലത്തു കുടുംബത്തിലെ പുന്നൂസിന്റെയും അക്കാമ്മയുടെയും മകളായ അച്ചാമ്മയായിരുന്നു അച്ചന്റെ അമ്മ. ദൈവഭക്തിയിലും കൗദാശിക ജീവിതത്തിലും മുൻപന്തിയിൽ നിന്ന മാതാപിതാക്കളുടെ പരിശീലനം ആ ബാലനിൽ ചെലുത്തിയ ആദ്ധ്യാത്മിക സ്വാധീന ചക്രവാളത്തിന് അതിരില്ലായിരുന്നു.

ആദ്യ നൂറ്റാണ്ടിൽ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതവൃത്തി മൂലം ക്രൈസ്തവരായിത്തീർന്ന നാലു പ്രശസ്ത ബ്രാഹ്മണ കുടുംബങ്ങളിലൊന്നായ കാളിയാങ്കൽ കുടുംബ പാരമ്പര്യത്തിന്റെ അവകാശികളാണെന്ന അഭിമാനബോധം മൂലം ജോർജ്ജുകുട്ടിയെ പൗരോഹിത്യ ശുശ്രൂ

ലയുടെ ഒരു കണ്ണിയായി ഇണക്കിച്ചേർക്കണമെന്നു മാതാപിതാക്കൾ ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതു തികച്ചും സ്വാഭാവികം തന്നെ.

ചിറത്തലാട്ടു കുടുംബത്തിന്റെ കഴിഞ്ഞ ഏതാനും ദശകങ്ങളിലെ സകല ഐശ്വര്യങ്ങളുടെയും ഉൽക്കർഷത്തിന്റെയും കേന്ദ്രബിന്ദു ദൈവം തെരഞ്ഞെടുത്ത അഭിവന്ദ്യനായ സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പായെ ചുറ്റിപ്പറ്റി ആയിരുന്നു എന്നു നിഷ്പക്ഷമായി വിലയിരുത്തുന്നവർക്കു കാണാൻ കഴിയും. വിദ്യാഭ്യാസം, വ്യവസായം, ആതുരശുശ്രൂഷ മുതലായ പല മേഖലകളിലും ഉന്നതസ്ഥാനങ്ങൾ വഹിക്കുകയും ഉത്തമമായ ആധ്യാത്മിക ജീവിതം നയിക്കുകയും ചെയ്യുന്ന ശതക്കണക്കിനാളുകൾ ഇന്നു ചിറത്തലാട്ടു കുടുംബത്തിന്റെ ശക്തി സ്രോതസ്സുകളാണ്. കോന്നി തൈപ്പറമ്പിൽ പരേതനായ റ്റി. ഐ. മാത്യുവിന്റെ പുത്രി ഏലിയാമ്മയാണ് അച്ചന്റെ ഭാര്യ. മഹിളാസമാജം, സെന്റ് മേരീസ് നേഴ്സറി സ്കൂൾ എന്നിവയുടെ പ്രസിഡന്റായി ദീർഘകാലം സേവനം അനുഷ്ഠിച്ച ഏലിയാമ്മ (ആലീസ്കുട്ടി) 1982 മാർച്ച് രണ്ടിനു നിര്യാതയായി. അച്ചനു രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമാണുള്ളത്. മൂത്ത മകൾ ഡോ. ചാം കുരുവിളയെ വിവാഹം ചെയ്തിരിക്കുന്നത് കുറിച്ചിക്കോലത്തുകളത്തിൽ പരേതനായ എ.ഇ.ഒ. കെ. കെ. ജോണിന്റെ സീമന്തപുത്രനും പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സഹോദരനുമായ കേണൽ കുരുവിളയാണ്. ഇളയ പുത്രി റേമോൾ ജോർജ് പുതുപ്പള്ളി മൈലക്കാട്ടു കുടുംബാംഗമായ ജേക്കബ് കുര്യന്റെ ഭാര്യയാണ്.

പ്രമുഖ വ്യവസായിയും മലങ്കരസഭാ വർക്കിംഗ് കമ്മറ്റി മെമ്പറുമായിരുന്ന സി. എൻ. ജോർജ്, അച്ചന്റെ സഹോദരപുത്രനാണ്. പണ്ഡിതനും പ്രശസ്ത ദൈവശാസ്ത്രജ്ഞനും പ്രസംഗകനും കോട്ടയം ഓർത്ത ഡോക്സ് വൈദിക സെമിനാരിയുടെ മുൻ പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്, അച്ചന്റെ സഹോദരീപുത്രനാണ് (വടക്കൻമണ്ണൂർ പുറകുളത്ത് മാത്യുവിന്റെ പുത്രൻ).

കുടുംബത്തിൽപെട്ട പലരെപ്പോലെ അച്ചന്റെ രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും ഉന്നത സ്ഥാനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. മൂത്ത പുത്രൻ ജോർജ് വറുഗീസ് (ബാബു) ഇംഗ്ലണ്ടിൽ ഡോക്ടറാണ്. അദ്ദേഹത്തിന്റെ ഭാര്യ എലിസബത്ത് കായംകുളം കന്നയിൽ അഡ്വ. ജി. ജോണിന്റെ പുത്രിയാണ്. ഒരു തികഞ്ഞ സഭാസ്നേഹിയായ ജി. ജോൺ മലങ്കരസഭയിൽ ചരിത്രം സൃഷ്ടിച്ച പീസ് ലീഗിന്റെ രണ്ടാമത്തെ പ്രസിഡന്റായിരുന്നു. ഇളയ മകൻ ഡോ. രാജു മാങ്ങാനം മന്ദിരം ആശുപത്രിയിൽ ദീർഘകാലം ഇ.എൻ.ടി. സ്പെഷ്യലിസ്റ്റായി സേവനം അനുഷ്ഠി

ച്ചശേഷം ഇപ്പോൾ ആലപ്പുഴയിലാണ്. ഭാര്യ ലേഖ ആലപ്പി കമ്പനി സെക്രട്ടറി ജി. അലക്സാണ്ടറുടെ പുത്രിയാണ്.

വിദ്യാഭ്യാസം

വള്ളിക്കാട്ടു പള്ളിയിൽ വച്ചു സി. വി. ജോർജിനെ മാമ്മോദീസാ മുക്കിയത് മലങ്കരയിലെ രണ്ടാമത്തെ കാതോലിക്കായായ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ആണ് (അദ്ദേഹം അന്ന് അങ്കമാലി - കോട്ടയം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയിരുന്നു). ജോർജ് എന്ന പേരു നൽകിയ അദ്ദേഹം തന്നെയാണ് അഞ്ചാം വയസിൽ അവിടെ വച്ചു ബാലനെ തൃക്കൈ കൊണ്ടു എഴുത്തിനിരുത്തിയതും. ഒരു സമുന്നത വിദ്യാഭ്യാസ പ്രവർത്തകന്റെ ചെറിയ ആരംഭവും വലിയ വളർച്ചയും എല്ലാം ദൈവകൃപയുടെ വറ്റാത്ത നീർചാലിലൂടെ തന്നെയായിരുന്നു ഒഴുകിയത്. പരിശുദ്ധനായ ബാവായുടെ അനുഗ്രഹാശ്ശിസുകൾ, ആദ്യന്തം സ്മര്യപുരുഷന്റെ ശിരസിൽ മാറാതെയും മറയാതെയും നിഴലിച്ചു നില നിന്നിരുന്നു. വീടിനടുത്തുള്ള പഴഞ്ചിറ എം.ഡി. എൽ.പി. സ്കൂളിലാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം നടത്തിയത്. മലങ്കരസഭയും സഭാംഗങ്ങളും 19-ാം നൂറ്റാണ്ടിൽ വിവിധ സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചുകൊണ്ടിരുന്നപ്പോൾ ആദ്യഘട്ടത്തിൽ തന്നെ സ്ഥാപിക്കപ്പെട്ട ഒരു വിദ്യാലയമാണു പഴഞ്ചിറ സ്കൂൾ. സഭയുടെ വിദ്യാഭ്യാസ പ്രവർത്തന ചരിത്രം പരിശോധിച്ചാൽ മുളന്തുരുത്തി സെന്റ് തോമസ് സ്കൂളും കോട്ടയം താഴത്തങ്ങാടി മാർ ഗ്രീഗോറിയോസ് സ്കൂളും ആണ് ആദ്യമായി സ്ഥാപിച്ചതെന്നു കാണാൻ കഴിയും. കോട്ടയം എം.ഡി. ഹൈസ്കൂൾ സ്ഥാപിക്കാനുള്ള ശ്രമം 1888-ൽ ആരംഭിച്ചു എങ്കിലും സ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടതു 1892 ജനുവരി 30-നാണ്.

എന്നാൽ ഇപ്പോൾ സഭവക കോർപറേറ്റു മാനേജ്മെന്റിന്റെ കീഴിലുള്ള വാകത്താനം എം.ഡി. യു.പി. സ്കൂൾ (പഴഞ്ചിറ സ്കൂൾ) 1889-ൽ ആരംഭിച്ചു. രണ്ടാം കാതോലിക്കാ ആയിരുന്ന ബസേലിയോസ് ഗീവറുഗീസ് ഒന്നാമനാണു ഈ സ്കൂൾ ആരംഭിച്ചത്. ഇതിനാവശ്യമായ സ്ഥലം സംഭാവന ചെയ്തത് പഴഞ്ചിറ അവിര മാത്യു ആണ്. അതുകൊണ്ടാണ് ഈ വിദ്യാലയം പഴഞ്ചിറ സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നത്. പിന്നീട് ഉണ്ണാമറ്റം ഗവ. എൽ.പി. സ്കൂളിലും തുടർന്ന് വാകത്താനം യു.പി. എസിലും (ഇന്നത്തെ ബസ്സേലിയോസ് യു.പി.എസ്.) ചേർന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിലും തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിലും പഠിച്ചാണ് 1931-ൽ ഇ.എസ്.എൽ.സി. ജയിച്ചത്. ചങ്ങനാശ്ശേരിയിൽ നിന്നു തിരുവല്ലാ എം.ജി.എം. -ൽ ചേരാനിടയായതു ബഥനിയുടെ മാർ ഈവാനിയോസിന്റെ പ്രേരണ മൂലമായിരുന്നു.

അക്കാലത്ത് ബസ് സർവീസ് ഇല്ലാതിരുന്നതിനാൽ കളമ്പാട്ടുചിറ വഴി ദിവസവും അഞ്ചു മൈൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നാണ് എസ്.ബി. ഹൈസ്കൂളിൽ പോയിക്കൊണ്ടിരുന്നത്. ഇതിനിടയിൽ മാർ ഈവാനിയോസ് റോമാസഭയിൽ ചേർന്നു കഴിഞ്ഞിരുന്നു. കോട്ടയം സി.എം.എസ്. കോളജിൽ ഇന്റർമീഡിയറ്റിനു ചേർന്നു പഠിക്കുന്നതിനു (1932-34) മുമ്പു തന്നെ സി. വി. ജോർജ് വൈദിക പദവിയുടെ ആദ്യപടി സ്വീകരിച്ചിരുന്നു. സി.എം.എസ്. കോളജ് അന്ന് ഒന്നാം ഗ്രേഡ് അല്ലാഞ്ഞതിനാൽ ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ചേർന്നാണ് ബി.എ. യ്ക്കു പഠിച്ചത്. ധനതത്വ ശാസ്ത്രവും ചരിത്രവുമായിരുന്നു ഐച്ഛികവിഷയങ്ങൾ. നടന്നു പോയി പഠിച്ച സഹപാഠികളിൽ മുട്ടത്തു വർക്കി, സ്വാമി ആതുരദാസ് മുതലായ പ്രശസ്ത വ്യക്തികൾ ഉൾപ്പെടുന്നു.

ചക്കുപുരയ്ക്കൽ പുന്നൂസ് കത്തനാർ, പോളയ്ക്കൽ വർക്കി സാർ, ഇ. വേദാസ്ത്രി, കളത്തിൽ കെ. എ. മാത്യു, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, സി.എം.എസ്. കോളജ് പ്രിൻസിപ്പൽ സി. കെ. തോമസ്, ടി. ജെ. പുന്നൻ, ടി. ആർ. സുബ്രഹ്മണ്യയ്യർ, ട്രെയിനിംഗ് കോളജ് പ്രിൻസിപ്പൽ ഡോ. ജീവനായകം, നാലാങ്കൽ കൃഷ്ണപിള്ള മുതലായ പ്രമുഖ അദ്ധ്യാപകർ അച്ചന്റെ ഗുരുക്കന്മാരാണ്.

പ്രഥമ ശ്രേഷ്ഠ കാതോലിക്കാ പൗലൂസ് മാർ ബസേലിയോസ്, മാർ ത്തോമ്മാ സഫ്രഗൻ മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് (പനംപുന്നയിൽ), ആതുരദാസ് സ്വാമികൾ, പി. ഒ. വറുഗീസ് പൂവത്തുംമൂട്ടിൽ, കെ. പി. പുന്നൂസ് കാരുചിറ, തോമസ് വെള്ളാപ്പള്ളി, ചാണ്ടി വെള്ളാപ്പള്ളി, പി. സി. ചെറിയാൻ പടിഞ്ഞാറേക്കര, ക്രൈസ്തവാശ്രമത്തിലെ കെ. എം. മാമ്മൻ, വി. എം. തോമസ് തൊണ്ടങ്കുളം, എൻ. ശ്രീകണ്ഠൻനായർ, വി. സി. ജോൺ വെട്ടിയിൽ, മുട്ടത്തുവർക്കി എന്നിവർ വിദ്യാഭ്യാസ കാലത്തു ലഭിച്ച സുഹൃത്തുക്കളാണ്.

പല മഹാന്മാരും വിജയപ്രദമായ ജീവിതയാത്ര ആരംഭിക്കുന്നത് അധ്യാപകവൃത്തിയിൽ കടന്നുകൊണ്ടാണെന്ന് അവരുടെ ജീവചരിത്രം സാക്ഷിക്കുന്നുണ്ട്. റവ. സി. വി. ജോർജ് ആദ്യം അധ്യാപകനായി പ്രവേശിക്കുന്നത് ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂളിലാണ്. പിന്നീട് തോട്ടയ്ക്കാട് സെന്റ് തോമസ് ഹൈസ്കൂളിലും ഒരു വർഷം പഠിപ്പിച്ചു. പിന്നീട് എൽ.ടി. ക്കു പഠിക്കാൻ തീരുമാനിച്ചു. എന്നാൽ അക്കാലത്തു എൽ.ടി. ക്കു പ്രവേശനം ലഭിക്കുക അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. തന്നിമിത്തം അദ്ദേഹം തിരുവനന്തപുരത്തു ചെന്നു വിദ്യാഭ്യാസ ചക്രവാളത്തിൽ മങ്ങാത്ത പ്രഭ പ്രസരിപ്പിച്ചുകൊണ്ടിരുന്ന പുതുപ്പള്ളി ഒറ്റപ്ലാക്കൽ ഒ. എം. ചെറിയാനെ സന്ദർശിക്കുകയും ചെറിയാന്റെ ശിപാർശയോടുകൂടി എൽ. ടി. ക്കു പ്രവേശനം ലഭിക്കുകയും എൽ. ടി. ബിരുദം

കരസ്ഥമാക്കുകയുമാണുണ്ടായത്. തോട്ടയ്ക്കാട്ടു ഹൈസ്കൂൾ മുൻ മാനേജരും ധന്യസ്മരണാർഹനുമായ ഫാ. പി. എം. പീലിപ്പോസിനോടുള്ള സ്നേഹബന്ധം മൂലം, എൽ. ടി. പാസ്സായശേഷം ഒരു വർഷം കൂടി തോട്ടയ്ക്കാട്ടു ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചു. ഇക്കാലഘട്ടത്തിലാണ് അച്ചൻ വിവാഹിതനാകുന്നത്. തുടർന്ന് വൈദികപട്ടം ലഭിച്ചു.

വൈദികൻ

പന്ത്രണ്ടാം വയസിൽ പ. ഗീവറുഗീസ് ഒന്നാമൻ ബാവായുടെ സന്നിധിയിലേക്കു കടന്നുചെന്ന അന്നുമുതൽ ഒരു വൈദികനാകുവാനുള്ള ഉൾപ്രേരണയും ബന്ധുക്കളിൽ നിന്നുള്ള പ്രോത്സാഹനവും സി. വി. ജോർജിനുണ്ടായി. അതിനു കൂടുതൽ സഹായകമായിത്തീരണമെന്ന വിചാരത്തോടുകൂടിയാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം തിരുവല്ലായിലേക്കു മാറ്റിയത്. അന്ന് തിരുവല്ലാ എം.ജി.എം. ന് നേതൃത്വം നൽകിയിരുന്നത് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് ആയിരുന്നു. അദ്ദേഹം അടുത്ത വർഷം കത്തോലിക്കാ സഭയിൽ ചേർന്നു. തന്മൂലം ആ ആഗ്രഹം തൽക്കാലം സഫലമായില്ല.

സ്കൂൾ ഫൈനൽ പാസ്സായശേഷം പട്ടത്വത്തിലേക്കു പ്രവേശിപ്പിക്കുവാനാഗ്രഹിച്ചിരുന്ന ബാവാതിരുമേനി പെട്ടെന്ന് രോഗബാധിതനായി കാലം ചെയ്തു. അങ്ങനെ വഴിമുട്ടി നിൽക്കുമ്പോഴാണ് കൂട്ടുങ്കൽ ഗീവർഗീസ് റമ്പാന്റെ ക്ഷണമനുസരിച്ച് തൃക്കോതമംഗലം ദയറായിലേക്കു ചെന്നത്. തൃക്കോതമംഗലത്തുള്ള ചിറത്തലാട്ട്, കോതകേരി തുടങ്ങിയ ബന്ധുവീടുകളിലെ പിതാക്കന്മാർ വേണ്ടതായ ആലോചനകൾ നടത്തി മീഖായേൽ മാർ ദീവന്നാസിയോസുമായി ബന്ധപ്പെട്ട് ജോർജ്ജിനെ ശെമ്മാശനാക്കുന്നതിനു തീരുമാനിച്ചു. താമസിയാതെ ജോർജ്ജിന് സമറോനാ പട്ടം നൽകി. കുടുംബബന്ധുവും തിരുവിതാംകോടു റമ്പാച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന വൈദികനുമായ കൂട്ടുങ്കൽ കെ. വി. ഗീവറുഗീസ് റമ്പാച്ചൻ മുൻകൈയെടുത്തു സ്ഥാപിച്ചതും ഒട്ടധികം സമുന്നത വൈദികരുടെ വിളനിലവുമായ സ്ഥാപനമാണ് തൃക്കോതമംഗലം ദയറാ.

പിന്നീടുള്ള കുറേക്കാലം മീഖായേൽ തിരുമേനിയോടൊപ്പം കഴിയുകയും പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ചെയ്തു. ഏറെ കഴിയും മുമ്പ് പ. പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ തൃക്കോതമംഗലം ദയറായിൽ എത്തി. ആ സന്ദർഭത്തിൽ ജോർജ്ജു ശെമ്മാശന് അടുത്ത പടിയായ കോറൂയോ സ്ഥാനം നൽകപ്പെട്ടു. ചിറപ്പുറത്തു സി. ഐ. ജീസസ് കോറെപ്പിസ്ക്കോപ്പാ, കാലം ചെയ്ത യാക്കൂബ് മാർ തീമോത്തിയോസ് എന്നിവർക്കും തദവസരത്തിലാണ് കോറൂയോ പട്ടം നൽകപ്പെട്ടത്.

പ. പാത്രിയർക്കീസ് ബാവായുടെ കൂടെ ആ കാലഘട്ടത്തിൽ താമസിക്കാനും സഞ്ചരിക്കാനും ജോർജ്ജു ശെമ്മാശന് കഴിഞ്ഞു.

1932-34 കാലയളവിൽ പഠിച്ച് ഇന്റർമീഡിയറ്റു പാസ്സായശേഷം ശെമ്മാശൻ വീണ്ടും വൈദികവിദ്യാഭ്യാസ രംഗത്തേക്കു തിരിഞ്ഞു. അങ്ങനെ അദ്ദേഹം ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനിയുടെ സവിധത്തിലെത്തി. അവിടെ ഇട്ടീര മല്പാന്റെ കീഴിൽ വൈദിക വിദ്യാഭ്യാസത്തിന്റെ ആദ്യ പാഠങ്ങൾ പഠിച്ചു. അവിടെ നടത്തിവരാറുണ്ടായിരുന്ന വേദശാസ്ത്ര ചർച്ചകളിലും ശെമ്മാശൻ ആ കാലയളവിൽ സജീവമായി പങ്കെടുത്തുപോന്നു. പുണ്യജീവിതം നയിച്ചിരുന്ന അത്താനാസിയോസ് തിരുമേനിയോടൊപ്പമുള്ള ജീവിതം അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. 'പിതാക്കന്മാരുടെ പറുദീസാ' (പാരഡൈസ് ഓഫ് ഹോളി ഫാദേഴ്സ്) എന്ന മഹത് ഗ്രന്ഥം വായിക്കുവാൻ ഇക്കാലഘട്ടത്തിൽ ശെമ്മാശനു സാധിച്ചു. അദ്ദേഹത്തിന്റെ പില്ക്കാല ജീവിതത്തെ ആ മഹത്ഗ്രന്ഥം വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

അക്കാലത്തെ സതീർത്ഥ്യരിൽ പ്രമുഖരാണ് വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ്, മുളയിരിക്കൽ പൗലൂസ് മാർ സേവേറിയോസ്, വയലാ മാർ ക്ലീമ്മിസ്, ഞാർത്താങ്കൽ കോരുതു മല്പാൻ എന്നിവർ.

തൃക്കുന്നത്തു സെമിനാരിയിലെ വൈദിക വിദ്യാഭ്യാസം ആ വർഷം നിർത്തലാക്കി. തുടർന്ന് ശെമ്മാശൻ മഞ്ഞനിക്കര ദയറായിൽ ചേർന്ന് പഠനം തുടർന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലാണ് അവിടെ പഠനം നടന്നത്. ബ. അബ്ദുൽ ആഹാദ് റമ്പാൻ (പിന്നീട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ) പ്രധാന മല്പാനായി അവിടെ സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടമാണത്. ശെമ്മാശൻ മൂന്നു വർഷം അവിടെ താമസിച്ചു.

മാടപ്പാട്ടു മാർ യൂലിയോസ് മെത്രാപ്പോലീത്താ, കുരിയയ്ക്കൽ യാക്കോബ് കത്തനാർ, ബ. വി. സി. സാമുവേലച്ചൻ, കോരുതു മല്പാൻ തുടങ്ങിയവർ അന്നത്തെ സഹപാഠികളാണ്. അവിടത്തെ പഠനം 1938-ൽ പൂർത്തിയാക്കി. പിന്നീടാണ് ബി.എ. യ്ക്കു പഠിക്കാനായി എസ്.ബി. കോളജിൽ ചേർന്നത്. സുറിയാനി ഉപഭാഷയായി പഠിച്ചു. ബി.എ. ജയിച്ചു. പിന്നീട് പാമ്പാക്കുട സുറിയാനി ലൈബ്രറിയിൽ ചേർന്ന് ബർസ്ലീബി, ബാർ എബ്രായ ആദിയായവരുടെ പുരാതന ഗ്രന്ഥങ്ങൾ വായിച്ച് ഗവേഷണം നടത്തുകയുണ്ടായി.

1943-ൽ മീഖായേൽ മാർ ദീവന്നാസിയോസിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ച അച്ചൻ അടുത്ത ദിവസം തന്റെ ഇടവകപ്പള്ളിയായ പുത്തൻചന്ത സെന്റ് മേരീസ് പള്ളിയിൽ നവപൂജാർപ്പണം നടത്തി.

1944-45 കാലഘട്ടത്തിൽ വാളകം യു.പി. സ്കൂളിൽ ഹെഡ്മാസ്റ്ററായും അതിനുശേഷം ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായും പിന്നീട് കുറിച്ചി മന്ദിരം ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായും അച്ചൻ സേവനമനുഷ്ഠിക്കുകയുണ്ടായി.

ഇതഃപര്യന്തം താൻ സഞ്ചരിച്ച മേഖലകളിലെല്ലാം വിദ്യാഭ്യാസം മുഖാന്തിരമായി ഉണ്ടായ പുരോഗതി മനസ്സിലാക്കിയ അച്ചൻ സ്വന്ത ഗ്രാമമായ വാകത്താനത്തെ ആ പന്ഥാവിലേക്കു നയിക്കത്തക്കവണ്ണം ഗൗരവമായി ചിന്തിച്ചു തുടങ്ങി.

ഒരു ദിവസം മന്ദിരം സ്കൂളിൽ നിന്ന് അച്ചൻ വീട്ടിലേക്കു മടങ്ങവേ വഴിമദ്ധ്യേ മാളികക്കടവിൽ വച്ച് കൊച്ചേരിൽ വർക്കി കുര്യനെ (കുട്ടച്ചൻ) കണ്ടുമുട്ടി. നാട്ടുവർത്തമാനങ്ങൾ പലതും പറഞ്ഞു. അക്കൂട്ടത്തിൽ വാകത്താനത്ത് ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിനുള്ള അച്ചന്റെ അദമ്യമായ ആഗ്രഹം പ്രകടിപ്പിച്ചു. അതു നല്ല ഒരാശയമായി വർക്കി കുര്യനു തോന്നി. "ആവശ്യമായ സ്ഥലം ഞാൻ തരാം അച്ചാ" എന്നു പറഞ്ഞ് അദ്ദേഹം അച്ചനെ പ്രോത്സാഹിപ്പിച്ചു.

സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായും ഓർത്തഡോക്സ് സഭയും

സി. വി. ജോർജ്ജ് ശെമ്മാശൻ മുതൽ കശ്ശീശാ വരെയുള്ള പൗരോഹിത്യ പദവികൾ, മലങ്കരസഭയും സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ബന്ധം നിലനിന്നതിനാൽ യാദൃച്ഛികമായി ആ ബന്ധത്തിൽ പെടാനും അവിടെ നിന്നു സ്വീകരിക്കുവാനും ഇടയായി. മാത്രവുമല്ല പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു പ്രമുഖ സ്ഥാനവും അദ്ദേഹത്തിനു ലഭിച്ചിരുന്നു. തന്മൂലം വാകത്താനത്തുള്ള ഇടത്ര അച്ചന്റെയും പാതിയപ്പള്ളിലച്ചന്റെയും പള്ളത്തെ കല്ലൂപ്പറമ്പിൽ വി. എം. ഗീവറുഗീസച്ചന്റെയും സൗഹൃദവും നേടിയിരുന്നു. അച്ചൻ ആ ഭാഗത്തെ ഒരു തീവ്രവാദിയുമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്.

1958-ലെ സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ പരസ്പര സ്വീകരണം, സഭാസമാധാനം എന്നിവയ്ക്കുശേഷം ഓർത്തഡോക്സ് വിഭാഗത്തിന്റെ കോട്ടയം ഭദ്രാസനത്തിലെ ഒരു പള്ളിയായി പുത്തൻചന്ത സെന്റ് മേരീസ് പള്ളി മാറി. വികാരിയായ ജോർജ്ജ് അച്ചനും ഇടവകയും അതിനുശേഷം കാതോലിക്കാപക്ഷത്തുള്ള അഭിവന്ദ്യ തിരുമേനിമാരെ പുത്തൻചന്ത പള്ളിയിൽ സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. തൽഫലമായി പ. സുന്നഹദോസ് പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ ഡയറക്ടർ ജനറലായി പ. കാതോലിക്കാ ബാവാ നിയമിച്ചു.

യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വം, സിംഹാസനം എന്നിവയെ ചില ദുഷ്ടലക്ഷ്യങ്ങളോടു കൂടി വെട്ടിനിരത്തിക്കൊണ്ട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1970-ൽ പുറപ്പെടുവിച്ച കല്പനയോടും ചില പാത്രിയർക്കീസന്മാരുടെ വഴിതെറ്റിയ ലക്ഷ്യങ്ങളോടും സഭാചരിത്രവും മറ്റും നല്ല നിശ്ചയമുള്ള സി. വി. ജോർജ്ജ് അച്ചന് ഒട്ടും പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. തന്നിമിത്തം ആ കല്പന സൃഷ്ടിച്ച സംഭവഗതികളുമായി അച്ചൻ അകന്നുനിന്നു. കൂടാതെ 1964-ൽ ഉണ്ടായ കാതോലിക്കാവാഴ്ച, സമാധാനം സംബന്ധിച്ച തുടർനടപടികൾ എന്നിവ നിലനിർത്താനും ഭിന്നിപ്പു വളർത്താതിരിക്കാനും അച്ചൻ വളരെ പരിശ്രമിച്ചു. എന്നാൽ ഇടത്ര യാക്കോബ് കത്തനാരും പാതിയപ്പള്ളി കുറിയാക്കോസ് അച്ചനും പള്ളം വി. എം. ഗീവറുഗീസ് അച്ചനും പാത്രിയർക്കീസിന്റെ നിലപാടാണു ശരിയെന്നു പറഞ്ഞുകൊണ്ടും അന്ധമായ അന്ത്യോക്യൻ പ്രേമം കൊണ്ടും പരസ്പര സ്വീകരണവും സമാധാനവും മറ്റും നിരാകരിച്ചുകൊണ്ടും മടങ്ങിപ്പോയി. പക്ഷേ, സി. വി.

ജോർജ്ജ് അച്ചൻ ഉത്തമ മനഃസാക്ഷിയോടും ബോധ്യത്തോടും ഐക്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഓർത്തഡോക്സ് പക്ഷത്ത് ഉറച്ചു നിന്നു. പരസ്പര സ്വീകരണത്തിന്റെ ഒരു ദൃക്സാക്ഷിയായ എനിക്കു കലഹത്തിലേക്കു മടങ്ങിപ്പോയവരുടെ ലക്ഷ്യം എന്തെന്നു മനസിലാക്കാൻ ഇന്നും കഴിയുന്നില്ല.

സി. എൻ. ജോർജ്ജ്

സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പായുടെ സഹോദരപുത്രനും മുൻ സഭാ വർക്കിംഗ് കമ്മറ്റി മെമ്പറുമായ സി. എൻ. ജോർജ്ജിന്റെ ജീവചരിത്രമായ 'സി.എൻ.ജി യുടെ പാദമുദ്രകൾ' എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു: ദൈവവിശ്വാസം ജീവിതത്തിന്റെ അന്തസത്തയാക്കിയ സി. എൻ. ജോർജ്ജ് - കക്ഷിഭേദമില്ലാതെ ദേവാലയങ്ങളിൽ പോയി. സഭയോടുള്ള വിധേയത്വവും, പട്ടക്കാരോടും, മെത്രാപ്പോലീത്താമാരോടുമുള്ള ആദരവും എല്ലായ്പ്പോഴും പുലർത്തുന്ന സി. എൻ. ജോർജ്ജ് സഭാതലത്തിലും ഏവരുടെയും സ്നേഹബഹുമാനങ്ങൾ നേടിയെടുത്തു. സഭയുടെയും പള്ളികളുടെയും ആവശ്യങ്ങളുമായി എത്തുന്നവരെ അദ്ദേഹം നിരാശപ്പെടുത്തിയില്ല. 1970-കളിൽ ഓർത്തഡോക്സ് - യാക്കോബായ സഭകൾ തമ്മിലുള്ള വൈരം ശക്തിപ്പെട്ടു. 1958-ലെ സുപ്രീംകോടതി വിധിയനുസരിച്ച് ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ വീണ്ടും ഒന്നിച്ചു. കോടതിവിധിയുടെ ആഘാതത്തിൽ ഉണ്ടായ മരവിപ്പ് മാത്രമായിരുന്നു ആ യോജിപ്പ്. യാക്കോബായ സഭയെ സംബന്ധിച്ച് കോടതിവിധിയുടെ ക്ഷീണത്തെ മറികടക്കാൻ ഒരു ഇടവേള - അതായിരുന്നു 1958-ന് ശേഷമുള്ള മൂന്നുനാലു വർഷങ്ങൾ.



സി. എൻ. ജോർജ്ജ്

ഇതിനിടയിൽ വാകത്താനത്ത് ശ്രദ്ധേയരായിരുന്ന യാക്കോബായ സഭയിലെ നാലു വൈദികർ ഒരു തീരുമാനം എടുത്തു. ഇനി യോജിപ്പിന്റെ പാതയിൽ. സി. എൻ. ജോർജ്ജിന്റെ പിതൃസഹോദരനായ സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പായായിരുന്നു മുൻകൈയെടുത്തത്. പക്ഷേ, സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ മറ്റു മൂന്നു വൈദിക ശ്രേഷ്ഠരും വീണ്ടും യാക്കോബായ സഭയുടേതായ ശ്രമങ്ങളിൽ കക്ഷി

ചേർന്നു. മുന്നോട്ടു നോക്കാതെ പിന്നോട്ടു നോക്കിയവർ ഉപ്പുതൂണാകുമെന്ന വേദപാഠത്തിൽ ഉറച്ചുനിന്ന സി. വി. ജോർജ് അച്ചൻ ഓർത്തഡോക്സ് സഭയുടെ മുഖ്യധാരാ പ്രവർത്തനത്തിലേക്ക് കടന്നു. സഭയുടെ സൺഡേസ്ക്കൂൾ ഡയറക്ടർ ജനറൽ സ്ഥാനം അദ്ദേഹത്തെ പ. കാതോലിക്കാ ബാവാ ഏല്പിച്ചു. തന്റെ ഇടയത്വത്തിൻകീഴിലുള്ള സെന്റ് മേരീസ് പള്ളിയംഗങ്ങളും ഒപ്പമുണ്ടാകുമെന്ന് അച്ചൻ ഉറച്ചു വിശ്വസിച്ചു. തന്നെയുമല്ല കൂടുതൽ ഇടവകക്കാരും കുടുംബക്കാർ. സി. എൻ. ജോർജും സി. വി. ജോർജച്ചന്റെ സഹോദരന്മാരും മക്കളും തുടങ്ങി കൂടുതൽ ഇടവകക്കാരും അച്ചന്റെ വഴി പിൻതുടർന്നെങ്കിലും കുറെ കുടുംബാംഗങ്ങൾ യാക്കോബായ സഭാവിശ്വാസം പിൻതുടർന്നു. അത് വാകത്താനം സെന്റ് മേരീസ് പള്ളിയിലും രണ്ടു സഭാവിഭാഗക്കാരെ സൃഷ്ടിക്കുകയും പ്രതിസന്ധി വളർത്തുകയും ചെയ്തു. അന്നൊക്കെ ശക്തമായി സഭാകാര്യങ്ങളിൽ സി. എൻ. ജോർജ് ഇടപെട്ടിരുന്നില്ല. ഒന്നുകൂടി ആഴത്തിൽ ഓർത്താൽ ദൈവവിശ്വാസമാർഗ്ഗത്തിൽ സഭാവൈരം ജോർജിന്റെ മനസ്സിനെ അത്രമേൽ സ്വാധീനിച്ചിരുന്നില്ല എന്നതായിരുന്നു സത്യം. സി. വി. ജോർജ് അച്ചൻ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉറച്ചുനില്ക്കുകയും നിലപാടുകളുടെ വിശദീകരണയോഗങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

സി. വി. ജോർജ് അച്ചന്റെ അന്ത്യനാളുകളിൽ അച്ചന്റെ പിൻഗാമിയായി മലങ്കര ഓർത്തഡോക്സ് സഭയിലെ അംഗമായി കുടുംബത്തിൽ നിന്ന് ഒരു വൈദികൻ ഉണ്ടാകണം എന്നത് അച്ചന്റെ അന്ത്യാഭിലാഷങ്ങളിൽ ഒന്നായിരുന്നു. അതനുസരിച്ച് വൈദികനെ വാഴിക്കുവാനുള്ള നടപടികളുമായി ബന്ധപ്പെട്ട് സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പായോടൊപ്പമാണ് സി. എൻ. ജോർജ് ദേവലോകം അരമനയിൽ എത്തുന്നത്. 1992-ൽ സ്ഥാനാഭിഷിക്തനായ പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായുമായുള്ള ഓരോ കൂടിക്കാഴ്ചയും സി. എൻ. ജോർജിനെ സഭാപ്രവർത്തനങ്ങളോടടുപ്പിച്ചു (സി. എൻ. ജി. യുടെ പാദമുദ്രകൾ, 2011, ഗ്രന്ഥകർത്താവ്: ജേക്കബ് കോച്ചേരി, പേജ് 63).

(2012 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സിറിയായിൽ ഉണ്ടായ രാഷ്ട്രീയ വിപ്ലവത്തിൽ ശതക്കണക്കിനാളുകൾ മരിച്ചു. പാത്രിയർക്കീസ് ബാവാ തന്റെ ആസ്ഥാനമായ ദമാസ്കസിൽ നിന്നു ജീവരക്ഷാർത്ഥം ജർമ്മനിയിൽ അഭയം തേടിയിരിക്കുകയാണ്. മലങ്കരയിലെ യാക്കോബായ വിഭാഗത്തിൽ നിന്നു മെത്രാൻമാരോ മെത്രാൻ സ്ഥാനമോഹികളോ മേലിൽ സിറിയായിൽ ചെല്ലരുതെന്നും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. വിപ്ലവത്തിൽ സിറിയായിലെ ഏതാനും പള്ളികൾ തകരുകയും ഒട്ടധികം സഭാംഗങ്ങൾ മരണമടയുകയും ചെയ്തു എന്നാണു പത്ര

റിപ്പോർട്ടുകളിൽ കാണുന്നത്. ഒരു മുസ്ലീം രാജ്യമായ സിറിയയിലെ ശുഷ്കിച്ച ഓർത്തഡോക്സ് സഭ തുടച്ചുമാറ്റപ്പെടാൻ വളരെ വർഷങ്ങൾ കാത്തിരിക്കേണ്ടി വരില്ലെന്നാണു നിരീക്ഷകരുടെ അഭിപ്രായം. മറ്റു മത ങ്ങളുടെ കൈയേറ്റം മൂലം പല സഭകളും നാമാവശേഷമായിട്ടുണ്ടെന്നു ള്ളത് ഒരു ചരിത്രസത്യം.)

തന്മൂലം ബ. അച്ചന്റെ ഇടവകപ്പള്ളിയിലെ സ്വന്തക്കാരായ ഏതാനും വ്യക്തികളുടെ ഇംഗിതത്തിനു ഒട്ടും വഴങ്ങിയില്ല. തുടർന്നും പുത്തൻചന്ത സെന്റ് മേരീസ് പള്ളിയുടെ ഒരു കേസിൽ പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ ഒന്നാം വാദിയായും ജോർജ് അച്ചൻ രണ്ടാം വാദിയായും ഒരു ഇടവകക്കാരൻ മൂന്നാം വാദിയായും കോട്ടയം സബ് കോടതിയിൽ 1992-ൽ ഒരു കേസ് ഫയൽ ചെയ്തു. കേസ് തുടരു മ്പോഴും സി. വി. ജോർജ് അച്ചനു മാത്രം പള്ളിയിൽ ശുശ്രൂഷകൾ അനു ഷ്ഠിക്കാൻ ഒരിടക്കാല തീർപ്പനുസരിച്ചു സാധിച്ചു. ആരോഗ്യം അനുവ ദിച്ച കാലത്തോളം ബ. അച്ചൻ ഈ പള്ളിയിൽ സേവനം തുടർന്നു. പിന്നീടും ജനങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി പുത്തൻചന്ത പള്ളിയുടെ തെക്കുവശത്തെ മതിലിനോട് ചേർന്ന് ഒരു കാതോലിക്കേറ്റ് സെന്റർ സ്വന്തം പുരയിടത്തിൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചതിനാൽ ബ. അച്ചന്റെ നിര്യാണശേഷവും വി. കുർബാനയും മറ്റു കാര്യങ്ങളും മുറപ്രകാരം നടന്നുവരുന്നു. പാത്രിയർക്കീസ് പക്ഷത്ത് നിലകൊണ്ട ജനപക്ഷം ഇത്തിത്താനത്ത് ഒരു പള്ളി പണിത് അവരുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നു. ബ. ജോർജ് അച്ചന്റെ കാലശേഷം പള്ളിക്കേസ് ഒത്തുതീർന്നു.

കോറെപ്പിസ്ക്കോപ്പാ സ്ഥാനം

സഭയിൽ കൈവന്ന സമാധാനത്തിനു ശേഷം ബ. ജോർജ് അച്ചന് യരുശലേമിലേക്ക് പോകുവാൻ ഒരവസരം കിട്ടി. അപ്പോൾ ഹോംസിൽ എത്തി പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ സന്ദർ ശിച്ചു. അന്ന് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ ഒരു ശുപാർശക്കത്ത് ബ. അച്ചന്റെ കൈവശം ഉണ്ടായിരുന്നതുകൊണ്ട് കോറെപ്പിസ്ക്കോപ്പാ സ്ഥാനം പ. പാത്രിയർക്കീസ് ബാവാ നൽകി ബഹു മാനിച്ചു. അപ്പോൾ പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ കല്പിച്ചതെന്താണെന്നു ജോർജ് അച്ചൻ പറഞ്ഞത് ഇപ്രകാര മാണ്. "പലരും എന്നെ ഈദൃശ കാര്യത്തിനായി സമീപിച്ചെങ്കിലും ഞാൻ ആ വക കാര്യങ്ങൾ പ. കാതോലിക്കാബാവായെ ഏല്പിച്ചതിനാൽ അവർക്ക് നൽകിയില്ല. എന്നാൽ പ. കാതോലിക്കാബാവായുടെ മുറപ്ര കാരമുള്ള ശുപാർശക്കത്ത് ഉള്ളതുകൊണ്ട് തനിക്കു സ്ഥാനം നൽകാം." ഇപ്രകാരമുള്ള ഒരു നിലപാട് എടുത്തിരുന്ന പാത്രിയർക്കീസ് ബാവായെ

ഇതിന് വിരുദ്ധമായ നിലപാട് എടുക്കാൻ ആര് ഏത് സാഹചര്യത്തി ലാണു പ്രേരിപ്പിച്ചത് എന്ന് അന്വേഷിക്കേണ്ടതാണ്.

ബ. ജോർജ് അച്ചൻ മാമ്മോദീസാ സ്വീകരിച്ച് വി. സഭയുടെ അംഗ മായി ജോർജ് എന്ന നാമം സ്വീകരിക്കാൻ ഇടയായത് വള്ളിക്കാട്ട് ദയറാ യിലായിരുന്നു. അവിടെ അന്നുണ്ടായിരുന്ന ഗീവറുഗീസ് റമ്പാച്ചന്റെ കുടും ബവും ചിറത്തലാട്ട് കുടുംബവും തമ്മിൽ ബന്ധമുണ്ടായിരുന്നതിനു പുറമെ അന്നത്തെ ഒരു പ്രധാന സ്ഥാപനമായിരുന്നു വള്ളിക്കാട്ട് ദയറാ.

അവിടുത്തെ റമ്പാച്ചൻ പിന്നീട് മെത്രാപ്പോലീത്തായായും മലങ്കര യിലെ രണ്ടാം കാതോലിക്കായായും ഉയർന്നു. അദ്ദേഹത്തിന്റെ നിര്യാ ണത്തിനുശേഷം വീട്ടുകാർ ഇടവക മെത്രാപ്പോലീത്തായായിരുന്ന പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവരുമായി നല്ല ബന്ധ ത്തിലായിരുന്നതിനാൽ വളരെക്കാലം വീട്ടുകാരുടെ മേൽനോട്ടത്തിലാ യിരുന്നു പ്രസ്തുത ദയറാ. അവരുടെ ഒരു പട്ടക്കാരൻ ഉണ്ടായിരുന്നെ ങ്കിലും വി. കർമ്മാദികൾ നടത്താൻ അദ്ദേഹത്തിന് വിലക്കു വന്നതിനാൽ അക്കാര്യവും നടന്നിരുന്നില്ല.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രസ്തുത വിലക്ക് നീക്കുകയും ദയറായുടെ പുനരുത്ഥാനത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. എന്നിരുന്നിട്ടും ദയറാ വസ്തുക്കൾ പൂർണ്ണമായും പ. സഭയുടെ നിയന്ത്രണത്തിലായില്ല. ബ. ജോർജ് കോറെ പ്പിസ്ക്കോപ്പാ പ്രസ്തുത കാര്യങ്ങളിൽ ഇടപെടുകയും മാന്യമായ ഒരു നിലയിൽ അക്കാര്യങ്ങൾ നിറവേറ്റുകയും ചെയ്തു. അങ്ങനെ ദയറാ മല ങ്കരസഭയുടെ പൂർണ്ണ നിയന്ത്രണങ്ങളിൽ ആക്കാൻ കഴിഞ്ഞു. ഈ വസ്തുത ഭാവിതലമുറ അറിയുകയില്ലല്ലോ എന്നുള്ളതുകൊണ്ട് ഇത്രയും ഇവിടെ പ്രസ്താവിച്ചു എന്നു മാത്രം.

ക്രിസ്ത്യൻ സെന്റർ

വാകത്താനം ഞാലിയാകുഴി കവലയ്ക്ക് പടിഞ്ഞാറുവശത്ത് ഉദ്ദേശം ഒരു കിലോമീറ്റർ ഉള്ളിൽ കോയമ്പത്തൂർ തടാകം ആശ്രമാംഗമായിരുന്ന ബ. കെ. വി. തോമസച്ചൻ ഒരു പൊതു സ്ഥാപനം ആരംഭിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹം ഉദ്ദേശിച്ചിരുന്നതുപോലെ വീട്ടുകാരുടെയും നാട്ടുകാ രുടെയും സഹായസഹകരണം ലഭ്യമല്ലാതെ വന്നതുകൊണ്ട് അവിടെ ഒരു മൊട്ടക്കുന്നിൻപുറത്തു പടുത്തുയർത്തിയ ഒരു കെട്ടിടവും മറ്റും വേണ്ടവണ്ണം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞില്ല. ആ സ്ഥാപനത്തിന് ക്രിസ്ത്യൻ സെന്റർ എന്ന പേരാണ് ബ. അച്ചൻ നൽകിയത്.

ഒരു വലിയ സഭാസ്നേഹിയായിരുന്ന കെ. വി. തോമസ്, വൈദിക നാകുന്നതിനു മുമ്പ് തടാകം ആശ്രമവുമായി ബന്ധപ്പെട്ട് തമിഴരുടെ ഇട യിലും അട്ടപ്പാടിയിലും സുവിശേഷ പ്രവർത്തനങ്ങൾ ചെയ്തിരുന്നു. തടാകം ആശ്രമത്തിനോടനുബന്ധിച്ച് കുറെ സ്ഥലവും സ്വന്തം പേരിൽ വാങ്ങിയിരുന്നു. തടാകത്തിൽ നിന്നു പോകുമ്പോൾ ഈ സ്ഥലം ആശ്ര മത്തിനു നൽകി. പിന്നീടു വൈദികനായ അദ്ദേഹം വലിയ ഉത്സാഹിയും സഭയുടെ ദൗത്യത്തെപ്പറ്റി നല്ല ഉൾക്കാഴ്ചയുള്ള ഒരുത്തമ വൈദികനു മായിരുന്നു. തടാകവുമായി 1956 മുതൽ ബന്ധമുള്ള എനിക്ക് അച്ചനെ നേരിട്ടറിയാനും അദ്ദേഹത്തിന്റെ സേവനാസക്തി മനസിലാക്കാനും സാധി ച്ചിട്ടുണ്ട്. അച്ചന്റെ മരണത്തെ തുടർന്ന് വിലാപയാത്രയിലും ശവ സംസ്ക്കാരത്തിലും പങ്കെടുത്ത് അദ്ദേഹത്തോടുള്ള ആദരം അറിയി ക്കാനും എനിക്കു സാധിച്ചു.

ക്രിസ്ത്യൻ സെന്റർ അനാഥമായി കിടന്നു നശിക്കാൻ അനുവദിക്ക രുതെന്ന് സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പാ ആഗ്രഹിക്കുകയും തുടർന്ന് ആ സ്ഥാപനം കോട്ടയം ഭദ്രാസനത്തിന്റെ ചുമതലയിൽ ഏറ്റെ ടുക്കാൻ മുൻകൈ എടുക്കുകയും ചെയ്തു. "ഈ സ്ഥാപനം ഏറ്റെടുത്ത് നേരെ ആക്കി കൊണ്ടുവന്നാൽ ഒരു മോതിരം നൽകാമെന്നാണ്" മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ സി. വി. ജോർജ് അച്ച നോട് പറഞ്ഞതെന്നും ഇവിടെ ഓർക്കേണ്ടതുണ്ട്. ബ. ജോർജ് അച്ചൻ ബ. കെ. വി. തോമസച്ചനെയും വീട്ടുകാരെയും കാര്യങ്ങൾ പറഞ്ഞ് മന സിലാക്കി. ബ. തോമസച്ചന് പാരിതോഷികമായി ഒരു തുക നൽകി പ്രസ്തുത സ്ഥലവും കെട്ടിടവും പ. സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ അധീനതയിൽ കൊണ്ടുവന്നു. ബ. ജോർജ് കോറെപ്പിസ്ക്കോപ്പായുടെ പരിശ്രമമാണ് അതിനു വഴിതെളിയിച്ചത്.

ബ. കെ. വി. തോമസച്ചൻ ഇടുക്കി ഭദ്രാസനത്തിലെ ഒരു പള്ളിയിൽ വികാരിയായി തുടർന്നു. അവിടെ ചില പരിപാടികളിൽ ഏർപ്പെട്ടു എങ്കിലും അനാരോഗ്യത്തെ തുടർന്ന് തിരിച്ച് വാകത്താനത്തു വന്ന് നിര്യാതനായി. ബ. അച്ചന്റെ സേവനത്തിൽ സഭയ്ക്കു വലിയ നന്ദിയും കടപ്പാടുമുണ്ട്.

വാകത്താനം പുത്തൻചന്ത സെന്റ് മേരീസ് പള്ളിക്കു സമീപം മിഷൻ പള്ളിയെന്ന പേരിൽ ഒരു പള്ളി ഉണ്ടായിരുന്നു. അത് എബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായുടെ അധീനതയിൽ ആയിരുന്നത് സഭാ സമാധാനത്തിനുശേഷം ബ. സി. വി. ജോർജ് അച്ചന്റെ ചുമതലയിൽ വന്നു. അവരുടെ ആത്മീയവും, വിദ്യാഭ്യാസപരവും സാമൂഹ്യവുമായ സ്ഥിതിയുമൊക്കെ മെച്ചപ്പെടുത്തുവാൻ ബ. സി. വി. ജോർജ് കോറെപ്പി സ്ക്കോപ്പായ്ക്കു കഴിഞ്ഞു. സഭാകേന്ദ്രത്തിൽ നിന്നു വിദ്യാഭ്യാസത്തി നുള്ള ഗ്രാന്റ് അവിടുത്തെ വിദ്യാർത്ഥികൾക്ക് കൃത്യമായി വർഷംതോറും

വാങ്ങിനൽകിയിരുന്നത് അവർ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ട്.

അങ്ങിനെ നാനാവിധത്തിൽ ബ. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ചെയ്ത സേവനങ്ങൾ വളരെ വിലപ്പെട്ടതാണെന്ന് നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതാണ്.

സഭാസമാധാനത്തിനായി ഒരാഹ്വാനം

യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസിന്റെ, മാർത്തോമ്മാശ്ലീഹായെപ്പറ്റിയുള്ള വേദവിപരീത പ്രധാനമായ കല്പനയും അന്ത്യോക്യൻ മൂവ്മെന്റിന്റെ ചിന്താരഹിതമായ നീക്കങ്ങളും ആരോപണ പ്രത്യാരോപണങ്ങളും മൂലം സംജാതമായ സ്ഥിതിവിശേഷത്തിന്റെ പശ്ചാത്തലത്തിൽ സഭയിൽ സമാധാനം സംജാതമാക്കുന്നതിനുവേണ്ടി മലയാള മനോരമയുടെ മുഖ്യ പത്രാധിപരായിരുന്ന കെ. എം. ചെറിയാൻ ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ മലയാള മനോരമ അങ്കണത്തിൽ ഏതാനും യോഗങ്ങൾ വിളിച്ചു കൂട്ടി. സഭയിലെ വിഭിന്ന ചിന്താഗതിക്കാരായ പലരും അതിൽ സംബന്ധിച്ചിരുന്നു. ഒരു യോഗത്തിൽ സമാധാന തല്പരനായിരുന്ന സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പാ ചെയ്ത പ്രസംഗം പിന്നീട് 1979 മെയ് 20-ലെ ചർച്ച് വീക്കിലിയിൽ പ്രസിദ്ധപ്പെടുത്തി. അതാണു ചുവടെ ചേർക്കുന്നത്.

ഈ ദൂഷിതവലയം എത്രനാളത്തേക്ക്?

ഈ അടുത്തകാലത്ത് റോമൻ കത്തോലിക്കാ സഭാപ്രതിനിധികളും ഓർത്തഡോക്സ് തുടങ്ങിയ മറ്റു സഭാപ്രതിനിധികളും വിയന്നായിൽ കൂടി പതിനഞ്ചു നൂറ്റാണ്ടുകൾക്കുമപ്പുറം നടന്ന കൽക്കദൂൻ സുന്നഹദോസിനേയും അതിൽ കൂടി നടന്ന അഖിലലോക ക്രൈസ്തവ സഭാവിഭജനത്തെയും കുറിച്ചു ചർച്ചകൾ നടത്തുകയും ആ പിളർപ്പിനു പരിഹാരം കാണാൻ ഇനിയും അവസരം ഉണ്ടോ എന്നു സഗൗരവം ചിന്തിക്കുകയും ചെയ്തതായി 'പൗരസ്ത്യതാരം' എന്ന വാരികയിൽ വായിച്ചു. എന്നാൽ അതു വായിക്കുമ്പോൾ യാതൊരു വിശ്വാസ വ്യത്യാസവുമില്ലാതെ, ഇന്നലെ നമ്മുടെ മൂക്കിന്റെ കീഴെ നടന്നതും അനേകം പേർക്കു പലവിധ യാതനകൾക്കു കാരണമാക്കിത്തീർത്തിരിക്കുന്നതുമായ നമ്മുടെ കൊച്ചുസഭയിലെ കുഴപ്പങ്ങൾ പരിഹരിക്കുവാൻ എന്തുകൊണ്ടു വേണ്ടപ്പെട്ടവർ ചിന്തിക്കുന്നില്ല എന്ന ചോദ്യചിഹ്നമാണ് നമ്മുടെ നേരെ നിൽക്കുന്നത്.

തമ്മിൽ പിരിഞ്ഞശേഷം അര നൂറ്റാണ്ടോളം വ്യത്യസ്ത ലക്ഷ്യങ്ങളോടെ നയിക്കപ്പെട്ടിരുന്ന സഭാംഗങ്ങൾ 1958-ൽ യോജിച്ചപ്പോൾ നിസ്സാര അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി എന്നുള്ളതു സ്വാഭാവികം മാത്രമാണ്. എന്നാൽ അങ്ങനെ ഉണ്ടാകുന്ന ഭിന്നാഭിപ്രായങ്ങൾ ചർച്ച ചെയ്തു പരിഹരിക്കാൻ സാധിക്കാഞ്ഞതു നമ്മുടെ കഴിവിലുള്ള അതിരു കടന്ന വിശ്വാസംകൊണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. വ്യവസ്ഥാപിതമായ ഒരു ലിയാസോൺ കമ്മിറ്റി ഉണ്ടായിരുന്നുവെങ്കിൽ അഭിപ്രായ

വ്യത്യാസങ്ങൾ അപ്പഴപ്പോൾ പരിഹരിച്ചു പോകാമായിരുന്നു എന്നു ചിന്തിച്ചുപോകുകയാണ്. അനേകം പട്ടക്കാരും ജനങ്ങളും ഒരുപിടി യാതനകൾ അനുഭവിച്ചു. മേല്പട്ടക്കാർ അപഹസിക്കപ്പെട്ടു. ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ച ക്രിസ്തുവിന്റെ അനുയായികളാണോ ഇവർ എന്നു ന്യായപീഠങ്ങളിൽ നിന്നു ചോദിച്ചു കഴിഞ്ഞു. എന്നാൽ ഈ വിപ്ലവത്തിൽ നിന്നു മുതലെടുത്തവരും ഇല്ലാതില്ല.

1. ഇനിയും എന്തു ചെയ്യേണ്ടു. ചർച്ച് വീക്കിലിയിൽക്കൂടെ ബ. കെ. സി. ജോസഫ് അച്ചൻ, തോമസ് ചെറിയാൻ, കെ. ഇ. മാമ്മൻ മുതലായവരുടെ അഭിപ്രായങ്ങൾ അറിയാൻ ഇടയായി. എന്നാൽ 1970-ൽ സഭ വീണ്ടും പിളരുന്നതിനുള്ള പ്രവണതകൾ കണ്ടു തുടങ്ങിയപ്പോൾ യശ്ശശരീരനായ കെ. എം. ചെറിയാൻ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി നല്ലവരും കഴിവുള്ളവരുമായ തീവ്രവാദികൾ ഉൾപ്പെടെ ഒട്ടധികം പേരെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും അടിസ്ഥാന തത്വങ്ങളിൽ എല്ലാവരും യോജിക്കുകയും വ്യവസ്ഥകൾ തയ്യാറാക്കുകയും ചെയ്തിരുന്നതാണ്. അന്നു രൂപവൽക്കരിച്ച സമിതിയുടെ കൺവീനറായി സേവനം അനുഷ്ഠിച്ച ബ. വി. എം. ഗീവറുഗീസ് അച്ചൻ വശം ആ വ്യവസ്ഥകൾ ഉണ്ട്. മനോരമയിൽ കെ. എം. ചെറിയാന്റെ പിൻഗാമിയായ കെ. എം. മാത്യുവും വി. എം. ഗീവറുഗീസ് അച്ചനും കൂടി അന്ന് ആ സമിതിയിൽ പങ്കുകൊണ്ടവരെയും ഇന്നു പ്രയോജനകരം എന്നു തോന്നുന്ന മറ്റു ചിലരെയും വിളിച്ചുകൂട്ടി അന്നത്തെ ചർച്ചകൾ തുടരണമെന്നു ഞാൻ അവരോട് അഭ്യർത്ഥിച്ചു. അനൗപചാരികമെങ്കിലും ഈ ആലോചനകൾ പുനരാരംഭിക്കുന്നതിനു രണ്ടു ഭാഗത്തെയും തിരുമേനിമാരുടെ അനുഗ്രഹാശിസ്സുകൾ വാങ്ങിയിരിക്കണം. അടിസ്ഥാനതത്വങ്ങൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞാൽ വിശദാംശങ്ങൾ ചർച്ച ചെയ്ത് ഡ്രാഫ്റ്റ് ചെയ്യുവാൻ ഒരു വിദഗ്ധ കമ്മിറ്റിക്കു വിട്ടുകൊടുത്ത് ആദ്യത്തെ സമ്മേളനം അവസാനിപ്പിക്കേണ്ടതാണ്.

2. ഈ ചർച്ചകൾ തുടർന്നുകൊണ്ടിരിക്കുന്ന കാലത്തേക്ക് ഒരു സീസ്ഫയർ (വെടിനിറുത്തൽ) രണ്ടു ഭാഗവും പ്രഖ്യാപിക്കണം. അക്കാലത്തു പഴയ വ്യവസ്ഥിതി (സ്റ്റാറ്റസ്കോ) പാലിക്കുകയും പരസ്പരം അപലപിച്ചത് മതിയെന്നു വയ്ക്കുകയും വേണം.

3. ഇങ്ങനെ ചർച്ചകൾ നടക്കുന്ന സന്ദർഭത്തിൽ ഓരോ ഭാഗത്തെയും സഭാതലവന്മാർ അവരവരുടെ പ്രവർത്തക സമിതിയുമായി ആലോചിച്ചും ഓരോ ലെയിസൺ കമ്മിറ്റിയെ നിയമിക്കണം. അതതു ഭാഗത്തെ പ്രശ്നങ്ങൾ ആ കമ്മിറ്റിയുടെ തീരുമാനത്തിനു നിരുപാധികം വിട്ടുകൊടുത്തു കുഴപ്പങ്ങൾ തീർക്കാൻ തയ്യാറാവണം.

4. സ്വൈരമായ അന്തരീക്ഷത്തിൽ ദൈവത്തെ ആരാധിക്കണമെന്നാഗ്രഹിക്കുന്ന അനേകം ആളുകൾ നമ്മുടെ ഇടയിലുണ്ട്. അവരുടെ ആത്മീയദാഹത്തിനു ശമനമുണ്ടാക്കുവാൻ നേതൃസ്ഥാനത്ത് ഇരിക്കുന്നവർക്കു ബാധ്യതയുണ്ടെന്ന് ഓർത്ത് ഈ ആഹ്വാനം ശ്രദ്ധിക്കണം.

ഓർത്തഡോക്സ് സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ

മലങ്കരസഭയിൽ സുപ്രീംകോടതി വിധിയെ തുടർന്ന് 1958-ൽ പരസ്പര സ്വീകരണവും സമ്പൂർണ്ണ സമാധാനവും ഉണ്ടാകുന്നതിന് മുമ്പ് കാതോലിക്കാ ഭാഗത്തിനു മലങ്കര സണ്ടേസ്കൂൾ സമാജവും പാത്രിയർക്കീസ് ഭാഗത്തിനു സണ്ടേസ്കൂൾ അസോസിയേഷനും നിലവിലിരുന്നു.

സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ പാത്രിയർക്കീസ് വിഭാഗമായി തുടരുന്നതിനുള്ള സാഹചര്യം ഇല്ലാതെവന്നു. അതിനാൽ ആ വിഭാഗത്തിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തന്മാർ ഏകകണ്ഠമായി അന്നത്തെ പാത്രിയർക്കീസ് ബാവായോട് അപേക്ഷിച്ചതിന്റെ ഫലമായി പാത്രിയർക്കീസും കാതോലിക്കോസും പരസ്പരം സ്വീകരിച്ച് സഭയിലുണ്ടായിരുന്ന വ്യവഹാരത്തിന് അന്ത്യം കുറിച്ചു. പിൽക്കാല സംഭവങ്ങൾ ശാശ്വത സമാധാനം നൽകിയില്ല. ഏതായാലും ഐക്യത്തിന്റെ ഫലമായി സണ്ടേസ്കൂൾ പ്രസ്ഥാനം, പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസിയേഷനായി 1964-ൽ രൂപംകൊണ്ടു. അതിനൊരു ഭരണഘടനയും അംഗീകരിക്കപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ ഭദ്രാസനാടിസ്ഥാനത്തിൽ ചുമതലക്കാരെ തെരഞ്ഞെടുത്ത് ഭദ്രാസന മെത്രാപ്പോലീത്താമാർ നിയമിച്ചു. അങ്ങനെ കോട്ടയം ഭദ്രാസനത്തിലെ ആദ്യത്തെ ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറായി ബ. സി. വി. ജോർജ്ജ് അച്ചനെ കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് നിയമിച്ചു. പിന്നീട് കേന്ദ്രതലത്തിൽ ഡയറക്ടർ ജനറലായിരുന്ന ബ. കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പാ പുതിയ ഭിന്നിപ്പിനെ തുടർന്ന് സണ്ടേസ്കൂൾ അസോസിയേഷൻ വിട്ടുപോയതിനാൽ അന്നത്തെ അസോസിയേഷന്റെ പബ്ലിക്കേഷൻ ആഫീസറായിരുന്ന ബ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പായെ ഡയറക്ടർ ജനറലായി നിയമിച്ചു എങ്കിലും ശരീരാസ്വാസ്ഥ്യം മൂലം ആ സ്ഥാനത്ത് അധികനാൾ തുടർന്നില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഡയറക്ടർ ജനറൽ സ്ഥാനത്തേക്ക് കണ്ടുപിടിച്ചത് ബ. സി. വി. ജോർജ് അച്ചനെയാണ്. അദ്ദേഹം അങ്ങനെ 1975-ൽ ആ സ്ഥാനത്ത് നിയമിക്കപ്പെട്ടു. തുടർച്ചയായി 18 വർഷക്കാലം ആ സ്ഥാനത്ത് മികച്ച സേവനം അനുഷ്ഠിച്ചതിന്റെ ഫലമായി സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് പുതിയ ഉണർവ്വും ചൈതന്യവും ഉണ്ടായി. പ്രസ്ഥാനം വളരെ അഭിവൃദ്ധിപ്പെട്ടു.

സഭയിൽ 1971-ൽ വീണ്ടും പിളർപ്പ് ഉണ്ടായതിനെ തുടർന്ന് ബ.

ജോർജ്ജച്ചന്റെ ഇടവകപ്പള്ളിയിലും കലഹത്തിന്റെ അലകൾ തലയുയർത്തി അടിച്ചു തുടങ്ങി. അതൊന്നും വകവെയ്ക്കാതെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിനുവേണ്ടി ഡയറക്ടർ ജനറൽ ആയിരുന്ന സി. വി. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പാ വിശ്രമരഹിതമായി അനുഷ്ഠിച്ച പ്രശസ്ത സേവനങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ പിൻഗാമിയായി 1993 ഓഗസ്റ്റിൽ ചുമതലയേറ്റ ഫാ. ഡോ. ടി. ജെ. ജോഷ്വാ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

"ഭിന്നിച്ചു നിന്ന സഭ യോജിച്ചപ്പോൾ പാത്രിയർക്കീസ് ഭാഗത്തുനിന്ന് വന്ന ചുമതലക്കാരെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടിവന്നു. അപ്പോൾ കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായെ സണ്ടേസ്കൂൾ അസോസിയേഷൻ ഡയറക്ടറായും ഡേവിഡച്ചനെ പബ്ലിക്കേഷൻ ഓഫീസറായും നിയോഗിച്ചു. മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീ ആയി എന്നു പറയുംപോലെ, വീണ്ടും കക്ഷിവഴക്ക് തല പൊക്കിയപ്പോൾ കണിയാമ്പറമ്പിലച്ചൻ തിരികെപ്പോയി. അപ്പോൾ സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ ഡയറക്ടർ ജനറലാവുകയായിരുന്നു. മുൻ പാത്രിയർക്കീസ് പക്ഷക്കാരനായിരുന്നെങ്കിലും, യോജിപ്പുണ്ടായശേഷം അദ്ദേഹം ഒരിക്കലും തിരിഞ്ഞുനോക്കിയിട്ടില്ല. മാത്രവുമല്ല സ്വന്തം വീട്ടുകാരിൽനിന്നു തന്നെ എതിർപ്പും വിമർശനവും ഏറ്റുകൊണ്ട് അദ്ദേഹം കാതോലിക്കാപക്ഷത്ത് പാറപോലെ ഉറച്ചുനിന്നു. സണ്ടേസ്കൂൾ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അവിശ്രാന്തം അദ്ദേഹം പ്രവർത്തിച്ചു. തനിക്കു ബാധിച്ച രോഗത്തെപ്പോലും അവഗണിച്ചുകൊണ്ട് മലങ്കരയുടെ എല്ലാ മേഖലകളിലും കടന്നെത്തുകയും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു."

അച്ചൻ തികച്ചും അവശനായി, ശയ്യാവലംബി ആയിരിക്കുന്ന അവസ്ഥയിലാണ് ഞാൻ അദ്ദേഹത്തിൽനിന്നു ചുമതല ഏല്ക്കുന്നത്. അനുയോജ്യനായ ഒരാളെയാണ് ദൗത്യം ഏല്പിക്കുന്നത് എന്നുള്ളതിൽ അദ്ദേഹം കൃതജ്ഞനാണെന്ന് എന്നോടു പറയുകയുണ്ടായി.

പൂർണ്ണ സമയവും ഇടവകയെ സംരക്ഷിക്കുന്നതിനു ശ്രദ്ധ പതിക്കേണ്ടിയിരുന്നെങ്കിലും പുത്രീനിർവിശേഷം സണ്ടേസ്കൂൾ അസ്സോസിയേഷനെ സ്നേഹിക്കുകയും, ഇടവകപ്പള്ളിയിലെ ഞായറാഴ്ചത്തെ വി. കുർബ്ബാനയും അനന്തര പരിപാടികളും, പത്തു മണിക്ക് മുമ്പ് തീർത്ത് വിവിധ ഭദ്രാസനങ്ങളിൽ നടത്തിയിരുന്ന അദ്ധ്യാപക യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും, മാതൃകാ ക്ലാസ്സുകളും, ബൈബിൾ ക്ലാസ്സുകളും, എടുക്കുന്നതിന് അതീവ താല്പര്യം കാണിക്കുകയും ചെയ്തതിന്റെ ഫലമായി ബ. അച്ചനു ഒരു നല്ല പ്രതിഛായ സൃഷ്ടിക്കുന്നതിനും സാധിച്ചു. തെക്കും, വടക്കും ഉള്ള ഒരു യോഗത്തിലും അച്ചൻ

സംബന്ധിക്കാതിരുന്നിട്ടില്ല. അവസാനം രോഗിയായിരുന്നപ്പോൾ പുത്ര നായ ഡോക്ടർ രാജു ജോർജ്ജിന്റെ വിലക്കുകളെ പരിഗണിക്കാതെ മലഇടുക്കുകളുടെ ഇടയിലൂടെ നാലു മണിക്കൂർ യാത്ര ചെയ്ത് ഇടുക്കി ഭദ്രാസന കേന്ദ്രമായ ചക്കുപള്ളത്തെ സണ്ടേസ്കൂൾ അദ്ധ്യാപക പരി ശീലനക്ലാസിൽ പോകാനും പങ്കെടുക്കാനും ധൈര്യം കാട്ടി. മടങ്ങി വന്ന പ്പോൾ തന്റെ ജീവിതത്തിന്റെ അന്ത്യം കുറിച്ചേക്കും എന്ന സ്ഥിതിയിൽ എത്തിയെങ്കിലും തുടർന്നു നാലു വർഷം കൂടി ഡയറക്ടർ സ്ഥാനത്ത് തുടർന്നു.

1966-ൽ വിദേശത്തു പോകുവാൻ അവസരം കിട്ടിയപ്പോൾ ഊർശ്ലേം സന്ദർശനത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി പ. ഔഗേൻ കാതോലിക്കാ ബാവായുടെ ശിപാർശ കല്പന വഴി ബ. ജോർജ്ജ് അച്ചന് പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. തന്റെ ആ യാത്ര മൂലം ശീമയിലെ ശോഷിച്ച സഭ യുടെ സ്ഥിതിയും നിലയും ശരിയായിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. തുടർന്നു നാട്ടിൽ വന്ന് സഭയിലെ തർക്കങ്ങളും വഴക്കുകളും അവസാ നിപ്പിക്കാൻ തീവ്ര പരിശ്രമം നടത്തി. ഒടുവിൽ സഭയിലെ വൈദികട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടാൽ ആ പരിശ്രമത്തിന് നല്ല പര്യവ സാനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും അതിന് ദൈവം അനുവദി ച്ചില്ല. ബ. ജോർജ്ജ് കോറെപ്പിസ്ക്കാപ്പാ ഏതു പ്രശ്നത്തേയും അഭിമു ഖീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ ലക്ഷ്യം "Thy will be done" എന്നതാ യിരുന്നു.

സണ്ടേസ്കൂൾ അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ വളരെ ദുഷ്ക്ക രമായിരുന്നു. ബ. അച്ചൻ ഡയറക്ടർ ജനറലായി ചുമതലപ്പെട്ടപ്പോൾ സാമ്പത്തികമായുള്ള ഞെരുക്കത്തിനും പുറമെ നൂതന ആശയങ്ങൾ നട പ്പിൽ വരുത്തുന്നതിന് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം നേടേണ്ടിയിരുന്നു. ആവശ്യമായ പുസ്തകങ്ങൾ അച്ചടിപ്പി ക്കണം, വിതരണം ചെയ്യണം. സഹപാഠ്യ മത്സരങ്ങളും മത്സര പരീക്ഷ കളും നടത്തണം, അസ്സോസിയേഷൻ വാർഷിക സമ്മേളനം കൃത്യമായി വർഷംതോറും മേയ് ഒന്നിനു തന്നെ നടത്തണം. ഇവയ്ക്കെല്ലാം ആവ ശ്യമായ ആഫീസ് സ്റ്റാഫ് ഉണ്ടായിരുന്നില്ല. എല്ലാ ദിവസവും ആഫീ സിൽ ഫുൾടൈം ജോലിക്ക് ആദ്യകാലത്ത് ഉണ്ടായിരുന്നത് ചന്ദനപ്പള്ളി സ്വദേശിയായ പി. എ. പീലിപ്പോസ് മാത്രമായിരുന്നു. അദ്ദേഹത്തെ ക്കൊണ്ട് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ നിർവിഘ്നം നടത്തുവാൻ പ്രയാസവുമായിരുന്നു.

പിന്നീട് ഫുൾടൈം ആഫീസ് സെക്രട്ടറിയും കൂടുതൽ ഓഫീസ് സ്റ്റാഫും നിയമിക്കപ്പെട്ടു. ഒരു ട്രഡൽ പ്രസും സ്ഥാപിച്ചു. പണി പൂർത്തി

യാക്കാതെ കിടന്നിരുന്ന അസോസിയേഷന്റെ കേന്ദ്ര ആഫീസിന് ഒരു നില കൂടി പണിത് പൂർത്തിയാക്കി. വെക്കേഷൻ കാലത്ത് നമ്മുടെ കുട്ടികളെ പ്രത്യേകമായി ബൈബിൾ പഠിപ്പിക്കുന്നതിനും (OVBS) സ്വന്തം പാഠപദ്ധതിയും, പുസ്തകങ്ങളും തയ്യാറാക്കി. ഇവയ്ക്ക് ആവശ്യമായ പണം സഭാകേന്ദ്രത്തിൽ നിന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ സ്വന്തം ജാമ്യത്തിൽ ഫെഡറൽ ബാങ്കിൽ നിന്ന് ഓവർ ഡ്രാഫ്റ്റായി പണം പലിശയ്ക്കെടുത്ത് പ്രസ്ഥാനത്തെ വളർത്തിയെന്നത് പലർക്കും അജ്ഞാതമാണ്.

മൂന്നു വർഷമാണ് അസ്സോസിയേഷൻ ഭാരവാഹികളുടെ കാലാവധിയെങ്കിലും ഡയറക്ടർ ജനറലിന്റെ സ്ഥാനത്തേക്ക് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു ബ. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായ്ക്ക് പകരം ഒരാളെ തേടിപ്പോകേണ്ടി വന്നില്ല. ഒടുവിൽ രോഗാതുരനായി തുടരാനാവില്ലെന്നു പ. കാതോലിക്കാ ബായയെ ധരിപ്പിച്ചതനുസരിച്ച് ബ. സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായ്ക്കു പകരം സഭാ വൈദികസെമിനാരി വൈസ്പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് വിരമിച്ച ബ. ടി. ജെ. ജോഷ്വാ അച്ചനെ ഡയറക്ടറായി 1993 ആഗസ്റ്റിൽ നിയമിച്ചതിനെ തുടർന്ന് അസോസിയേഷനോട് സന്തോഷപൂർവ്വം വിടവാങ്ങി സ്വഗൃഹത്തിൽ വിശ്രമജീവിതം നയിച്ചു. 1994 ഏപ്രിൽ 28-ന് തന്റെ ഉടയവന്റെ ഇഷ്ടപ്രകാരം ഇഹലോകവാസം വെടിഞ്ഞ് നിത്യതയിലേക്ക് പ്രവേശിച്ചു.

ബ. സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായുടെ സ്മരണ നിലനിർത്തുന്നതിനായി വർഷംതോറും സണ്ടേസ്കൂൾ പ്രവർത്തകരുടെ ക്ഷേമത്തിനായി ഒരു ലക്ഷം രൂപായുടെ എൻഡോവ്മെന്റ് ഫണ്ട് ഏർപ്പെടുത്തി. പ്രവർത്തകർക്കോ, ഉറ്റ മിത്രങ്ങൾക്കോ വിവാഹം, ചികിത്സ, പഠനം എന്നിവയ്ക്കായി ഇതിൽനിന്നു സഹായം നൽകി വരുന്നു.

പിൻഗാമി

അനാരോഗ്യം മൂലം പല പ്രാവശ്യവും ഡയറക്ടർ ജനറലിന്റെ സ്ഥാനത്തുനിന്ന് വിരമിക്കണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും ഒന്നു മുതൽ പന്ത്രണ്ടു ക്ലാസു വരെയുള്ളവർക്ക് മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പാഠപ്പുസ്തകങ്ങൾ പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്തുകയും OVBS നു മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പാഠപ്പുസ്തകങ്ങളും തയ്യാറാക്കിയും വളർന്നുവന്ന പ്രസ്ഥാനത്തിന് അനുയോജ്യനായ ഒരു പിൻഗാമിയെ കണ്ടെത്തുകയും ചെയ്തശേഷം വിരമിക്കണമെന്നുണ്ടായിരുന്നതിനാൽ അതിനായി ബ. അച്ചൻ കാത്തിരുന്നു. അങ്ങനെ ഉത്തമനായ ഒരു പിൻഗാമിയെ തന്റെ സ്ഥാനത്താക്കിയ ശേഷം വളരെ സംതൃപ്തനായി അച്ചൻ വിടപറഞ്ഞു. ബ. ടി. ജെ. ജോഷ്വാ അച്ചൻ പ. ബാവായുടെ കല്പന

പ്രകാരം 1993 ആഗസ്റ്റിൽ ഡയറക്ടറായി ചുമതലയേറ്റതു മുതൽ മുൻഗാമി ആഗ്രഹിച്ചതുപോലെ തന്നെ പടിപടിയായി നൂതന പരിപാടികൾ ആസൂത്രണം ചെയ്ത് ഏവരുടേയും അംഗീകാരം ലഭിക്കുംവിധം പ്രസ്ഥാനം പുരോഗമിച്ചു.

സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായുടെ ആത്മാവ് ഈ പുരോഗതി ദർശിച്ചു കൂടുതൽ ആനന്ദം അനുഭവിച്ചിട്ടുണ്ടാവണം.

വാകത്താനത്തിന്റെ പ്രിയ പുത്രൻ

ബ. അച്ചന്റെ ബാല്യകാലത്ത് വാകത്താനം ഒരു കാട്ടുപ്രദേശമായിരുന്നു. കടുവാക്കുഴിയും, പുലിക്കുഴിയും അടക്കം കാട്ടുമൃഗങ്ങളുടെ വാസസ്ഥലമായിരുന്നു എന്നു പറഞ്ഞാൽ ഇന്നത്തെ തലമുറ വിശ്വസിക്കുകയില്ല. പ്രദേശത്തെ ഇന്നത്തെ നിലയിൽ വളർത്തിയെടുക്കുന്നതിന് ബ. അച്ചൻ അത്യധികം ബദ്ധപ്പെട്ടു. നല്ല ദീർഘദൃഷ്ടിയും, മനസ്സും ഉണ്ടായിരുന്ന വ്യക്തിയായിരുന്നതു മൂലം നാട്ടുകാരുടെ സഹകരണം നേടുന്നതിൽ ബ. അച്ചനു നിഷ്പ്രയാസം സാധിച്ചു.

വാകത്താനത്തെ ആശുപത്രി സ്ഥാപനത്തിനും, ഹൈസ്ക്കൂൾ സ്ഥാപനത്തിനും, പുത്തൻചന്തയിൽ പോസ്റ്റാഫീസും, വായനശാലയും തുടങ്ങുന്നതിനും സ്വന്ത സ്ഥലം വിട്ടുകൊടുത്ത് ഈവക കാര്യങ്ങൾ നിഷ്പ്രയാസം നേടിയെടുത്തു. അവസാനം സ്വന്തം സ്ഥലത്തു തന്നെ ഒരു ആശുപത്രി കെട്ടിടം പണിയിച്ച് ചികിത്സ നടത്തിക്കുന്നതിനു പരിശ്രമിച്ചു. നാലു മക്കളിൽ മൂന്നു പേരെയും ഡോക്ടർമാരാക്കി. അവരുടെ സേവനം സ്വന്തം നാടിനു ലഭിക്കണമെന്നുള്ളതായിരുന്നു ബ. അച്ചന്റെ ആശ. വാകത്താനം പ്രദേശം അതിന്റെ പടിഞ്ഞാറു ഭാഗവുമായി ഒരു തോടു മൂലം ഒറ്റപ്പെട്ടു കിടന്നിരുന്നു. ആ പ്രശ്നം പരിഹരിക്കാനായിരുന്നു തന്റെ അവസാന പരിശ്രമം. അതിനാവശ്യമായ സ്ഥലം, പണം, അനുവാദം എന്തിനും അത്യന്താപേക്ഷിതമായിരുന്നു. അതിനുള്ള വഴികൾ ഊണിലും ഉറക്കത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധയിലുണ്ടായിരുന്നതു മൂലം അതും അവസാനം നടപ്പിൽ വരുത്തി. അതാണ് പ്രസിദ്ധമായ മാളികക്കടവു പാലം. വെറും പത്തു മിനിട്ടുകൊണ്ട് എം. സി. റോഡിന്റെ കുറിച്ചി കവലയിൽ നിന്നും വാകത്താനം നാലുന്നാക്കൽ കവലയിൽ എത്തിച്ചേരുന്നതിന് മാളികക്കടവു പാലം സഹായകമായിത്തീർന്നു. ഇതും നാട്ടുകാർക്ക് ഒരു വലിയ അനുഗ്രഹമായി. കോട്ടയവും കുമരകവും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആവശ്യമായ റോഡ് നിർമ്മിക്കുന്നതിന് കുമരകം ശങ്കുണ്ണി മേനോന്റെ പിതൃസഹോദരനായിരുന്ന നാരായണമേനോന്റെ പരിശ്രമത്തിനു തുല്യമായുള്ളതായിരുന്നു ബ. സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായുടെ മാളികക്കടവ് പാലം തീർക്കാൻ നടത്തിയ ശ്രമം.

അങ്ങനെ എല്ലാ വിധത്തിലും വാകത്താനം പ്രദേശത്തിന്റെ ഉയർച്ചയ്ക്ക് ബ. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ ചെയ്ത സേവനം അതുല്യമാണ്.

കൺവൻഷൻ

ആധുനിക രീതിയിലുള്ള എല്ലാ ഉയർച്ചയും വാകത്താനത്തിനുണ്ടായിരുന്നെങ്കിലും ഒരു കാര്യത്തിലെ കുറവ് കണ്ടുപിടിച്ചു. വാകത്താനം പ്രദേശത്ത് വിവിധ കുന്നുകളിലായി പത്തിലധികം ഓർത്തഡോക്സ് പള്ളികൾ ഉള്ളതാണെങ്കിലും രണ്ടാം കാതോലിക്കായുടെ ജന്മനാടായിരുന്നെങ്കിലും കൂദാശാപരമായ എല്ലാ കൃപകളും ജനങ്ങൾക്ക് ലഭ്യമായിരുന്നെങ്കിലും വി. വേദപുസ്തക പഠനത്തിനും വ്യാഖ്യാനത്തിനും അവസരം ഇല്ലാതിരുന്നത് ഒരു പോരായ്മയായി കണ്ടതിനാൽ അതിനായി ബ. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ ശ്രമിച്ചു. തൽഫലമായി വാകത്താനം യു. പി. സ്കൂൾ (വെട്ടിയിൽ സ്കൂൾ) എന്നറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ ബസേലിയോസ് യു. പി. സ്കൂളിന്റെ പിൻഭാഗത്തുള്ള സ്ഥലം നിരത്തി ഒരു സ്റ്റേജും പണിയിച്ച്, ഒരാഴ്ചത്തെ ഒരു ബൈബിൾ കൺവൻഷനും, ബൈബിൾ പഠനധ്യാനവും നടത്തുന്നതിന് ഒരു സ്ഥിരപദ്ധതി ആവിഷ്ക്കരിച്ച് അതിനാവശ്യമായ പണവും സംഘടിപ്പിക്കുന്നതിന് ഒരു സംവിധാനവും ഉണ്ടാക്കി. വാകത്താനത്തെ എല്ലാ ഓർത്തഡോക്സ് പള്ളികളും ഈ പരിപാടിയിൽ പങ്കെടുക്കത്തക്കവണ്ണമാണ് ക്രമീകരണം നടത്തിയത്.

ഒരു കാലത്ത് സഭയുടെ കല്പനകളെ ചോദ്യം ചെയ്യാതെ അനുസരിക്കുന്ന ജനമായിരുന്നെങ്കിൽ ആധുനിക ചിന്താഗതി അപ്രകാരമല്ലാത്തതിനാൽ നമ്മുടെ ജനങ്ങളെ ആധുനിക വെല്ലുവിളികളെ നേരിടുന്നതിന് സജ്ജമാക്കുക എന്നതാണ് ബ. സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായുടെ ലക്ഷ്യം. അതിനുള്ള പന്ഥാവ് അദ്ദേഹം വെട്ടിത്തെളിച്ചു. പിൻഗാമികൾ ആ ദീപം അണഞ്ഞുപോകാതിരിക്കാൻ പരിശ്രമിക്കുന്നു.

സെന്റ് മേരീസ് പള്ളി

പുത്തൻചന്ത സെന്റ് മേരീസ് പള്ളി *ചിറത്തലാട്ട് പള്ളി* എന്നാണ് അറിഞ്ഞിരുന്നത്. കാരണം അതിന്റെ സ്ഥാപനത്തിന് മുൻകൈ എടുത്ത പ്രധാനികൾ ഭൂരിപക്ഷവും ചിറത്തലാട്ട് വീട്ടുകാരായിരുന്നു. തൽഫലമായി ബ. ജോർജ്ജ് ശെമ്മാശൻ കശ്ശീശാപട്ടം സ്വീകരിച്ചതിനുശേഷം ആദ്യമായി നിയമിക്കപ്പെട്ടത് പുത്തൻചന്ത സെന്റ് മേരീസ് പള്ളിയിലായിരുന്നു. അതിനു മുമ്പ് ആ പ്രദേശത്തുള്ള വൈദികരായിരുന്നു അവിടെ ശുശ്രൂഷ ചെയ്തിരുന്നത്. ബ. ജോർജ്ജ് അച്ചൻ സുമാർ 51 വർഷം പുത്തൻചന്ത പള്ളിയിൽ ശുശ്രൂഷ നടത്തി. പള്ളി പുതുക്കിപ്പണിയിക്കുന്നതിനും,

അവസാനം സ്വന്തം സ്ഥലം വിട്ടുകൊടുത്ത് പ. പരുമലതിരുമേനിയുടെ നാമത്തിൽ ഒരു കാതോലിക്കേറ്റ് സെന്ററും ചാപ്പലും പണികഴിപ്പിക്കുകയും പിൻതുടർച്ചയ്ക്കായി പിതൃസഹോദര പുത്രന്മാരിൽ ഒരാളായ ഫാ. സി. ജോൺ ചിറത്തലാട്ടിനെ പുരോഹിതനാക്കുന്നതിനും പരിശ്രമിച്ചു. അതു നടപ്പിൽ വരികയും ചെയ്തു. അങ്ങനെ സംതൃപ്തനായാണ് താൻ ഇഹലോകവാസം വെടിഞ്ഞത്. പുത്തൻചന്ത സെന്റ് മേരീസ് ഇടവക അദ്ദേഹത്തെ സമുചിതമായി സ്മരിക്കുന്നുണ്ട്. തന്റെ സ്വന്ത ജനങ്ങളിൽ ഒരു വിഭാഗം സത്യം മനസിലാക്കുന്നതിന് വൈമുഖ്യം പ്രദർശിപ്പിച്ചതിനാലാണ് കാതോലിക്കേറ്റ് സെന്റർ പണികഴിപ്പിക്കാൻ ഇടയായതെന്നും ഓർക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങളെ ധാർമ്മിക നിലവാരം ഉള്ളവരാക്കി വളർത്തുക

(സണ്ടേസ്കൂൾ പ്രസ്ഥാനത്തെപ്പറ്റിയും കുട്ടികൾക്കു ധാർമ്മിക ജീവിതം പ്രദാനം ചെയ്ത് അവരെ സഭയ്ക്കും വീടിനും നാടിനും പ്രയോ ജനമുള്ളവരാക്കേണ്ടതിനെപ്പറ്റിയും സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ആയിരുന്ന കാലത്ത് 1990-ൽ സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പാ എഴുതിയ ശ്രദ്ധേയമായ ഒരു ലേഖനമാണു ചുവടെ ചേർക്കുന്നത്)

നമ്മുടെ സഭയിൽ ആദ്യകാലം മുതൽ നിലവിൽ ഉണ്ടായിരുന്ന മത ബോധനം ഇന്നത്തെ രീതിയിൽ ക്രമീകൃതമായി കെട്ടുറപ്പോടുകൂടി സണ്ടേസ്കൂൾ പ്രസ്ഥാനം ആയിത്തീർന്നിട്ട് വളരെക്കാലങ്ങൾ ആയി ട്ടില്ല.

ചെറുപ്രായത്തിൽ തന്നെ സഭാവിശ്വാസവും, സഭയുടെ പാരമ്പര്യവും, ചരിത്രവും, നടപടിക്രമങ്ങളും വി. വേദപുസ്തകപരിജ്ഞാനവും നമ്മുടെ കുഞ്ഞുങ്ങളെ മനസ്സിലാക്കി യേശുക്രിസ്തുവിനെ അവരുടെ രക്ഷിതാവും വഴികാട്ടിയുമായി സ്വീകരിക്കുന്നതിനു വേണ്ടിയാണല്ലോ വേദപഠനം നട ത്തുന്നത്. അതിന് ഏറ്റവും ഉപകരിക്കുന്നത് സണ്ടേസ്കൂൾ അഭ്യസന മാണ്. ആയതിനാൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് സഭ മുഖ്യസ്ഥാനം നൽകിയിട്ടുണ്ട്.

കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലം കൊണ്ട് സഭയുടെ എല്ലാ ഭാഗങ്ങ ളിലും സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ യൂണിറ്റുകൾ വളരെ വ്യവസ്ഥാ പിതമായി ആരംഭിച്ച് കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരിക യാണ്. കേരളത്തിൽ പതിനാലു ഭദ്രാസനങ്ങളിലായി 900 സ്കൂളുകൾ 88 ഡിസ്ട്രിക്ടുകളിലുൾപ്പെട്ട് പ്രവർത്തിക്കുന്നു. ഓരോ ഡിസ്ട്രിക്ടിനും ഒരു ഇൻസ്പെക്ടറും ഒരു പ്രതിനിധിയും ഉൾപ്പെടെ രണ്ടു പേർ പ്രവർത്ത നത്തിന് നേതൃത്വം കൊടുക്കുന്നു. കേന്ദ്രതലത്തിൽ ഓരോ ഭദ്രാസനത്തെ പ്രതിനിധീകരിച്ച് ഒരു ഡയറക്ടറും ഒരു അധ്യാപക പ്രതിനിധിയും ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയും ഉണ്ട്. തെരഞ്ഞെടുക്ക പ്പെടുന്ന അംഗങ്ങൾക്ക് പുറമെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹ ദോസ് നിശ്ചയിക്കുന്ന ഒരു മെത്രാപ്പോലീത്താ പ്രസിഡന്റും ഒരു ഡയറ ക്ടർ ജനറലും ഒരു പബ്ലിക്കേഷൻ ആഫീസറും ചേർന്ന ഒരു ഭരണസ മിതിയാണ് അസോസിയേഷനെ നിയന്ത്രിക്കുന്നത്.

ഭരണസംവിധാനം

ഇപ്പോൾ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നത്

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയാണ്. ഡയറക്ടർ ജനറൽ ഞാനും പബ്ലിക്കേഷൻ ആഫീസർ ബ. റ്റി. ജി. സഖറിയാ അച്ചനുമാണ്. ഞങ്ങൾ രണ്ടുപേരും ഈ രംഗത്ത് ഒന്നിച്ച് പ്രവർത്തിക്കാൻ ദൈവം അവസരം നൽകിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

വർഷത്തിലൊരിക്കൽ ഓരോ ഡിസ്ട്രിക്ട്കളിൽ നിന്നുള്ള പ്രതിനിധികളും, എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളും ഉൾക്കൊള്ളുന്ന ജനറൽ ബോഡി സമ്മേളിച്ച് വരവു ചിലവു കണക്കും, ബഡ്ജറ്റും വാർഷിക റിപ്പോർട്ടും അംഗീകരിക്കുന്നു. ദൈനംദിന ജോലികൾക്ക് നേതൃത്വം കൊടുക്കുവാൻ ഒരു കേന്ദ്ര ആഫീസ് ദേവലോകത്ത് കഴിഞ്ഞ 22 വർഷങ്ങളായി പ്രവർത്തനത്തിലുണ്ട്. ആഫീസ് കെട്ടിടത്തിന്റെ ഒന്നാംനിലയുടെ പണി ഇപ്പോൾ ജൂബിലി സ്മാരകമായി പണിതീർത്തിരിക്കുന്നു. ദീർഘകാലം നമ്മുടെ ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്ററായിരുന്നു റിട്ടയർ ചെയ്ത സി. യു. മാത്യു ആഫീസ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്നു. പി. എ. പീലിപ്പോസും, ചാണ്ടി സാമുവേലും ആഫീസ് അസിസ്റ്റന്റ്മാരാണ്.

കേന്ദ്രആഫീസിൽ സണ്ടേസ്കൂളിന്റെ കേന്ദ്ര ബുക്ക് ഡിപ്പോയും ഒരു ട്രഡൽ പ്രസ്സും ഉണ്ട്. പരീക്ഷകൾ, മത്സരങ്ങൾ എന്നിവ സംബന്ധിച്ച് കേന്ദ്രത്തിൽനിന്ന് യഥാവസരം സർക്കുലറുകൾ മുഖേന നിർദ്ദേശം നൽകുന്നു. കൂടാതെ പാഠ്യവിഷയങ്ങൾക്കുള്ള വാർഷിക പ്ലാൻ വർഷാരംഭത്തിൽ എല്ലാ യൂണിറ്റുകളിലും എത്തിക്കുന്നുണ്ട്.

മദ്ധ്യവേനൽ അവധിക്കാലം നമ്മുടെ കുട്ടികൾക്ക് പ്രയോജനപ്രദമായി ചിലവഴിക്കുന്നതിലേക്ക് ചുരുങ്ങിയ പാഠപദ്ധതിയോടുകൂടി ഓർത്ത ഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ക്ലാസ്സുകളും നടത്തുന്നു. കഴിവതും എല്ലാ പള്ളികളിലും അതിന്റെ യൂണിറ്റ് ആരംഭിച്ച് പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും അത് സാദ്ധ്യമായിട്ടില്ല. കഴിഞ്ഞ വർഷം 265-ൽപരം യൂണിറ്റുകൾ പ്രവർത്തിക്കുവാൻ സാധിച്ചു. ഈ പ്രവർത്തനത്തിൽ ബ. കെ. വി. തോമസച്ചൻ ഡയറക്ടറും, റ്റി. വി. കുര്യൻ സെക്രട്ടറിയുമായി ഒരു ഒ.വി.ബി.എസ്. കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായോടും അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയോടുമുള്ള കടപ്പാട് നിസ്സീമമാണ്.

21-ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുവാൻ പോകുന്ന നമ്മുടെ മക്കൾ

എങ്ങനെയുള്ളവരായിരിക്കണമെന്ന് നമുക്ക് ഒരു ദർശനം ഉണ്ടായിരിക്കേണ്ടതല്ലേ? നല്ല നാളേയ്ക്കുവേണ്ടി പ്രയത്നിക്കുന്ന നാം അതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കണം. തങ്ങൾ പഠിക്കുന്ന സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ തല്ലിത്തകർക്കുന്നവരും അദ്ധ്യാപകരെയും അധികാരികളെയും അധിക്ഷേപിക്കുകയും കല്ലെറിയുകയും ചെയ്യുന്നവരും സ്കൂൾ, കോളജ് കാമ്പസുകളിൽ സതീർത്ഥ്യരെ കുത്തിവീഴ്ത്തുന്നവരും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരും പള്ളിയെയും പള്ളി മേധാവികളെയും ദൈവത്തെയും തള്ളിപ്പറയുന്നവരും ഉൾക്കൊള്ളുന്ന ഒരു ഭാവിതലമുറയെ അല്ലല്ലോ നാം പ്രതീക്ഷിക്കുന്നത്. നേരെമറിച്ച് സമൂഹത്തിനും രാജ്യത്തിനും സഭയ്ക്കും വീടിനും മറ്റുള്ളവർക്കും പ്രയോജനമുള്ളവരായും മാതാപിതാക്കളെ അനുസരിക്കുന്നവരായും, സമൂഹത്തെ സ്നേഹിക്കുന്നവരായും ദൈവഭയത്തിൽ വളരുന്നവരായുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽത്തന്നെ നല്ല ധാർമ്മിക നിലവാരം ഉള്ളവരാക്കിത്തീർക്കുന്നതിനും അനുയോജ്യമായ വിദ്യാഭ്യാസവും മതപഠനവും നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ശാസ്ത്രത്തിനും കലയ്ക്കും ഇന്ന് നാം കൊടുക്കുന്ന പ്രാധാന്യംപോലെ മതപഠനത്തിനും പ്രാധാന്യം കൊടുത്തെങ്കിലേ നമ്മുടെ ഭാവിതലമുറ പ്രയോജനപ്രദമായിത്തീരൂ എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതിനു സഭയിലെ സണ്ടേസ്കൂൾ പ്രസ്ഥാനം വളരെ സഹായിക്കുമെന്നു പറഞ്ഞുകൊള്ളട്ടെ.

ക്രൈസ്തവസഭയുടെ ആരംഭകാലത്ത് യേശുക്രിസ്തു വിശ്വാസികളോടു കൂടെ ഉണ്ടായിരുന്നു. യേശു അവരുടെ ജീവനും വഴികാട്ടിയും എല്ലാം ആയിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണശേഷവും യേശു അവരുടെ കൂടെ ഉണ്ടായിരുന്നു. എല്ലാ കാര്യങ്ങളിലും അവരെ വഴിനടത്തിയ അനുഭവമാണ് അവർക്കുണ്ടായിരുന്നത്. നൂറ്റാണ്ടുകൾക്കുശേഷം യേശുക്രിസ്തുവിനെ ലോകം ജൂലിയസ് സീസർ, അലക്സാണ്ടർ തുടങ്ങിയവരെപ്പോലെ ഒരു ചരിത്രപുരുഷനായി മാത്രം പരിഗണിക്കാനിടയായി. എന്നാൽ ഇന്ന് യേശുവിനെ ഒരു കഥാപാത്രമായിട്ടാണ് ലോകം പരിഗണിക്കുന്നത്. ഒരു സംഭവം ഞാൻ ഓർക്കുകയാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് ഞാൻ അമേരിക്കയിൽ ഒരു പര്യടനം നടത്തി. അതു ക്രിസ്തുമസ്സ് കാലത്തായിരുന്നു. എന്റെ ഒരു സുഹൃത്തിന്റെ വീട്ടിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ ഞാൻ സംബന്ധിച്ചു. പരിപാടികൾ കേമമായി നടക്കുന്നു. നല്ല ഒരു ക്രിസ്തുമസ്സ് ഫാദറും മനോഹരമായ ക്രിസ്തുമസ്സ് ട്രീയുമെല്ലാം അവിടെ ഉണ്ട്. വിവിധ വർണ്ണലൈറ്റുകൾ മിന്നിത്തിളങ്ങി നിന്ന അവസരത്തിൽ ആ വീട്ടിലെ കൊച്ചുകുട്ടി അവന്റെ അമ്മയോടു ചോദിക്കുന്നു. “What is this mummy?” മമ്മിയുടെ മറുപടി “My

dear child I shall tell you an old old story" എന്നു പറഞ്ഞു. യേശുവിനെ അവർ ഒരു കഥാപാത്രമായി ചിത്രീകരിച്ചു. ഇന്ന് യേശു ഒരു കഥാപുരുഷനായി മാറിയിരിക്കുകയാണ്. ഈ സ്ഥിതി മാറി ആദിമ ക്രൈസ്തവ സഭയിലെപ്പോലെ യേശുക്രിസ്തുവുമായി ദൈനംദിന ജീവിതത്തിൽ സജീവബന്ധം പുലർത്തുന്ന ഒരു പുതിയ തലമുറയ്ക്കു രൂപംകൊടുക്കുന്നതിനാണ് സണ്ടേസ്കൂൾ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. "യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെ"യെന്നുള്ള ചോദ്യത്തിന് "അവൻ ഇവിടെ", "എന്നിലും എന്റെ കുടുംബത്തിലും എന്റെ പ്രവർത്തനങ്ങളിലും ജീവിക്കുന്നു" എന്നു പറയുവാൻ കഴിയുന്ന ഒരു തലമുറ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിലൂടെ രൂപംകൊള്ളട്ടെ എന്നാശംസിക്കുന്നു.

വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ

സ്വന്തനാട്ടിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി അച്ചൻ ആഫീസുകൾ കയറിയിറങ്ങി. അതിനിടെ വർക്കി കുര്യന്റെയും അദ്ദേഹത്തിന്റെ സഹോദരൻ വർക്കി ജോണിന്റെയും വക സ്ഥലത്തിന്റെ ആധാരം എഴുതി വാങ്ങിയിരുന്നു. കൈതയിൽ കെ. കെ. ജോർജ്ജ്, വെട്ടിയിൽ വി. സി. ജോൺ, മുക്കട തോമ്മാ ചാക്കോ, ഇടത്തറ ദിവ്യശ്രീ യാക്കൂബ് കത്തനാർ, കൈതയിൽ കെ. സി. കോര, ചിറത്തലാട്ട് സി. വി. പുന്നൻ എന്നിവരുൾപ്പെട്ട ഒൻപതംഗ മാനേജ്മെന്റ് ബോർഡ് രൂപവൽക്കരിച്ചു.

1949-ൽ സ്കൂൾ അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടർ ടി. കെ. കോശി ഉത്തരവു പുറപ്പെടുവിച്ചു. അപ്രകാരം അനുവാദം ലഭിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്ത മാളിയേക്കൽ എം. സി. മാത്യു എം.എൽ.എ. യെ അച്ചൻ പലപ്പോഴും നന്ദിയോടെ സ്മരിക്കുമായിരുന്നു.

സ്കൂളിന് അനുമതി ലഭിച്ചെങ്കിലും ക്ലാസ്സ് ആരംഭിക്കുവാൻ വൈകി. സ്വന്തം കെട്ടിടം പൂർത്തിയാകാഞ്ഞതാണിതിനു കാരണം. അങ്ങനെ വിഷമിക്കുമ്പോഴാണ് പരിശുദ്ധ ഗീവറുഗീസ് ദിതീയൻ കാതോലിക്കാ ബാവാ കല്പിച്ചനുവദിച്ചതനുസരിച്ച് വാകത്താനം ജറുസലേം സെന്റ് മേരീസ് പള്ളിമേടയിൽ ക്ലാസ്സുകൾ ആരംഭിക്കുവാനിടയായത്. താൽക്കാലിക കെട്ടിടത്തിൽ ക്ലാസ് തുടങ്ങുന്നതിന് അനുവാദം കിട്ടാൻ സഹായിച്ച എസ്.ബി. കോളജ് പ്രിൻസിപ്പൽ ബ. വില്യം അച്ചനെ ജോർജ്ജച്ചൻ കൃതജ്ഞതാപൂർവ്വം സ്മരിച്ചിരുന്നു.

പ. ബാവാ വിശുദ്ധ നാടുകൾ സന്ദർശിച്ചശേഷം മലങ്കരയിൽ തിരിച്ചെഴുന്നള്ളി ആദ്യമായി കൂദാശ ചെയ്ത ദേവാലയമാണ് വാകത്താനം സെന്റ് മേരീസ് പള്ളി. തന്റെ യാത്രയുടെ സ്മരണ നിലനില്ക്കത്തക്കവണ്ണം പ. ബാവാ തിരുമേനി ആ പള്ളിക്ക് ജെറുസലേംപള്ളി എന്ന് നാമകരണം ചെയ്തു. ആ പള്ളിമേടയിൽ പ. ബാവാ തിരുമേനിയുടെ അനുമതിയോടെ ആരംഭിച്ച സ്കൂളിന് ആ പുണ്യപിതാവ് നിർദ്ദേശിച്ചതനുസരിച്ച് ജെറുശലേം മൗണ്ട് ഹൈസ്ക്കൂൾ എന്ന പേരും നൽകി.

1949 ജൂൺ ആദ്യവാരത്തിൽ ഫോർത്തുഫോമിൽ രണ്ടു ഡിവിഷനുകളോടുകൂടെ സ്കൂൾ ഔപചാരികമായി ആരംഭിച്ചു. അച്ചൻ ഹെഡ്മാസ്റ്ററും കെ. ജെ. ചാക്കോ കോച്ചേരിൽ ഇത്തിത്താനം, പി. സി. തോമസ് പുത്തൻപുരയ്ക്കൽ, തോട്ടയ്ക്കാട്, ഇ. ജെ. ജോൺ ഇടത്തറ എന്നിവർ അന്നത്തെ സഹാദ്ധ്യാപകരുമായിരുന്നു.

രാവിലെ 8.30-ന് സ്കൂളിലെത്തുന്ന അച്ചൻ വൈകുന്നേരം 5.30-നു മുമ്പ് വീട്ടിലേക്കു മടങ്ങാറില്ലായിരുന്നു. സ്കൂളും പരിസരവുമാകെ നിറഞ്ഞു നിന്നിരുന്ന ഒരു ഹെഡ്മാസ്റ്ററായിരുന്നു. ഏതു നേരത്തും കുട്ടികളുടെ സംശയങ്ങൾ ദുരീകരിക്കാൻ സന്നദ്ധരായിരുന്ന സഹപ്രവർത്തകരുമൊത്ത് ആത്മാർത്ഥമായി പ്രവർത്തിച്ചതിന്റെ ഫലമായി എസ്. എസ്. എൽ. സി. ക്ക് ആദ്യ ബാച്ചിൽതന്നെ ഉന്നത വിജയം ലഭിച്ചു. 98.5 ശതമാനം വരെ അതുയർന്നു. വാകത്താനം പോലുള്ള ഒരു ഗ്രാമത്തിൽ ഇതു വലിയ ഒരു സംഭവം തന്നെയായിരുന്നു.

അവധി ദിവസങ്ങളെക്കൂടി പ്രവൃത്തി ദിവസങ്ങളാക്കി മാറ്റിക്കൊണ്ട് വിദ്യാർത്ഥികൾക്ക് ശരിക്കും പ്രോത്സാഹനം നൽകുന്നതിൽ അച്ചനും സഹാദ്ധ്യാപകരും ശ്രദ്ധാലുക്കളായിരുന്നു. പാഠ്യവിഷയങ്ങളിലെന്നപോലെ പാഠ്യേതര വിഷയങ്ങളിലും അച്ചൻ പ്രത്യേകമായി ശ്രദ്ധിച്ചിരുന്നു.

സ്കൂളും പരിസരവും ഭംഗിയാക്കാനും കളിക്കളങ്ങൾ മെച്ചപ്പെടുത്താനും അച്ചൻ അഹോരാത്രം ഉത്സാഹിച്ചു. സ്കൂളിനോടു ചേർന്ന് വിശാലമായ ഒരു ആഡിറ്റോറിയവും നിർമ്മിക്കപ്പെട്ടു.

മുപ്പത്താറാമത്തെ വയസ്സിൽ ജെറുശലേം മൗണ്ട് ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്ററായതു മുതൽ അറുപതാം വയസ്സിൽ വിരമിക്കുന്നതുവരെയും ചുറുചുറുക്കുള്ള ചെറുപ്പക്കാരനായി ഓടിനടന്നു.

കാലം കടന്നുപോയി. കർമ്മനിരതമായ വർഷങ്ങൾ പിന്നിട്ടപ്പോൾ വൈദികരിൽ വച്ച് ഒരു നല്ല ഹെഡ്മാസ്റ്ററും ഹെഡ്മാസ്റ്റർമാരിൽ വച്ച് ഒരു നല്ല വൈദികനും എന്ന ബഹുമതി ജില്ലയിലും സംസ്ഥാനത്തും അച്ചൻ നേടി. അതോടെ അദ്ധ്യാപകർക്കുള്ള അവാർഡ് അദ്ദേഹത്തിനു നൽകപ്പെട്ടു. വിദ്യാഭ്യാസ രംഗത്തും സാമൂഹിക രംഗത്തും അച്ചൻ നൽകിയ വിലപ്പെട്ട സേവനങ്ങളുടെ അംഗീകാരമെന്ന നിലയിലാണ് സംസ്ഥാന ഗവണ്മെന്റ് ഈ അവാർഡ് നൽകിയത്. ഇക്കാലത്ത് അവാർഡുകൾ ധാരാളമാണെങ്കിലും അന്ന് അതൊരപൂർവ്വ ബഹുമതിയായിരുന്നു. ഗ്രാമം മുഴുവൻ ആഹ്ലാദിച്ചു. അച്ചനെ സ്വീകരണങ്ങൾ നൽകി ആദരിച്ചു.

കേവലം രണ്ടു ക്ലാസ്സുകളും മൂന്നു സഹാദ്ധ്യാപകരുമായി ആരംഭിച്ച സ്കൂൾ ഏറെത്താമസിയാതെ മുപ്പതു ഡിവിഷനുകളും അൻപതു സഹപ്രവർത്തകരും 1200-നു മേൽ വിദ്യാർത്ഥികളുമുള്ള ഒരു വലിയ സ്ഥാപനമായി ഉയർച്ച പ്രാപിച്ചു. ആ വളർച്ച ഇന്നും അന്യൂനമായി തുടരുന്നു.

തന്റെ സഹപ്രവർത്തകർ മികച്ച ധാർമ്മിക നിലവാരമുള്ളവരായിരി

ക്കണമെന്ന അതിയായ താല്പര്യം ബ. അച്ചനുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടും മൂന്നും ദിവസം നീണ്ടുനില്ക്കുന്ന ധ്യാനയോഗങ്ങൾ സ്കൂളിൽവച്ച് ആണ്ടുതോറും നടത്തുമായിരുന്നു. അന്നത്തെ ധ്യാനഗുരുക്കളിൽ പ്രധാനി റവ. ഫാ. എം. വി. ജോർജ്ജ് (പിന്നീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) ആയിരുന്നു. റോമൻ കത്തോലിക്കാസഭയിലെ ബ. തോട്ടിലച്ചൻ, പെരുനാട് ബഥനി ആശ്രമം സുപ്പീരിയർ ആബോ യൂഹാനോൻ (പിന്നീട് യൂഹാനോൻ മാർ അത്താനാസിയോസ്) എന്നിവരുടെ നാമധേയങ്ങളും എടുത്തുപറയേണ്ടിയിരിക്കുന്നു.

ഇതു മാത്രമല്ല, തിങ്കളാഴ്ച രാവിലെ ക്ലാസ് തുടങ്ങുന്നതിനു മുമ്പ് സ്റ്റാഫ് റൂമിൽ എല്ലാവരും കൂടിയശേഷം പാട്ടും വേദവായനയും പ്രാർത്ഥനയും നടത്തുക പതിവായിരുന്നു. "One step enough for me," "Take me use me, here I am" എന്നീ മഹദ്വാക്യങ്ങൾ ഉരുവിട്ടു നടത്തുമായിരുന്ന പ്രാർത്ഥന യഥാർത്ഥത്തിൽ ഹൃദയത്തിന്റെ ഭാഷയിലുള്ളതായിരുന്നു.

ആദ്ധ്യാത്മിക രംഗത്ത്

ബ. അച്ചന്റെ പിതാവ് നൈനാൻ വറുഗീസ് ദാനമായി നൽകിയ സ്ഥലത്ത് കുടുംബാംഗങ്ങളുടെയും സമീപവാസികളുടെയും സഹകരണത്തോടെ സ്ഥാപിക്കപ്പെട്ട പുത്തൻചന്ത സെന്റ് മേരീസ് പള്ളിയിൽ 1943 മുതൽ അദ്ദേഹം വികാരിയായി സേവനമനുഷ്ഠിച്ചു വന്നു. ഇന്നു നാം കാണുന്ന രീതിയിൽ പ്രസ്തുത പള്ളി പുതുക്കിപ്പണിയുന്നതിന് മുഖ്യ നേതൃത്വം വഹിച്ചതും അച്ചൻ തന്നെ. പുതുക്കിപ്പണിത പള്ളിയുടെ കൂദാശാകർമ്മത്തിനെത്തിയ പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായ്ക്കും ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാർക്കും ഇടവകയുടെ വകയായി അച്ചന്റെ നേതൃത്വത്തിൽ ഗംഭീര സ്വീകരണമാണ് നൽകപ്പെട്ടത്.

1958-ൽ കൈവന്ന സഭാസമാധാനം ഒരു യാഥാർത്ഥ്യമായി അംഗീകരിച്ച അച്ചൻ മരണംവരെ അതിൽ ഉറച്ചു നിന്നു.

ഒരു നല്ല സുവിശേഷ പ്രസംഗകൻ, ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയംഗം, സഭാ പ്ലാനിംഗ് കമ്മറ്റിയംഗം, കോട്ടയം ഭദ്രാസന സെക്രട്ടറി, പാമ്പാടി എം.ജി.എം. അഭയഭവൻ ഗവേണിംഗ് ബോർഡംഗം, മുണ്ടകപ്പാടം മന്ദിരം ആശുപത്രിയുടെ അഡൈസറി ബോർഡംഗം, വാകത്താനം ക്രിസ്ത്യൻ സെന്ററിന്റെ ചുമതലക്കാരൻ, വള്ളിക്കാട്ടുപള്ളി പുനർ നിർമ്മാണ കമ്മറ്റിയംഗം എന്നീ നിലകളിലെല്ലാം അച്ചൻ പ്രശോഭിച്ചു.

ചിങ്ങവനം സെന്റ് ജോൺസ്, ജെറുശലേം സെന്റ് മേരീസ്, പുത്തൻ ചന്ത സെന്റ് പോൾസ് ആൻഡ് സെന്റ് പീറ്റേഴ്സ് എന്നീ പള്ളികളിലും വികാരിയായി സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം അച്ചനു ലഭിച്ചിട്ടുണ്ട്. കുഴിമറ്റം ബഥനി ആശ്രമം സ്ഥിതിചെയ്യുന്ന സ്ഥലവും അവിടെയുള്ള ചാപ്പലും ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി സമ്പാദിക്കുന്നതിൽ അച്ചൻ വഹിച്ചിട്ടുള്ള സേവനം ശ്ലാഘനീയമാണ്.

കോറെപ്പിസ്കോപ്പാ

1966-ൽ ബ. അച്ചൻ വിശുദ്ധ നാടുകൾ സന്ദർശിച്ചു. കുവൈറ്റിലെ പള്ളിക്കാരുടെ ക്ഷണം സ്വീകരിച്ച് അവിടെയെത്തിയ അദ്ദേഹം ബ്രിട്ടീഷ് ഓയിൽ കമ്പനിയുടെ പ്രത്യേക അതിഥിയായിട്ടാണ് അവിടെ താമസിച്ചത്. അവിടെനിന്ന് അച്ചൻ ദമസ്കോസിലേക്ക് പോയി. പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ കല്പനയുമായാണ് അവിടെയെത്തിയത്. പ്രസ്തുത കല്പനയിൽ പ്രകടിപ്പിച്ചിരുന്ന ആഗ്രഹപ്രകാരം പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ അച്ചന് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി.

യേശുക്രിസ്തുവിന്റെ കബറിടം, സെഹിയോൻ മാളിക, യെറുശലേം ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം ആദിയായവ സന്ദർശിച്ചശേഷം സ്വദേശത്തേക്കു മടങ്ങി.

1980-ൽ അഖില മലങ്കരാടിസ്ഥാനത്തിൽ കോറെപ്പിസ്കോപ്പാമാരുടെ ഒരു സംഘടന രൂപംകൊള്ളുകയുണ്ടായി. അതിന്റെ സ്ഥാപക പ്രസിഡന്റ് സി. വി. ജോർജ്ജ് കോറെപ്പിസ്കോപ്പായാണ്.

പൊതുപ്രവർത്തനങ്ങൾ

ഒരു സ്കൂൾ സ്ഥാപിച്ചു നടത്തുന്നതിൽ മാത്രമായി ബ. അച്ചന്റെ സേവനതൃഷ്ണ ഒതുങ്ങി നിന്നില്ല. പിറന്ന നാടിന്റെ നാനാവിധമായ വികസനം ആഗ്രഹിച്ച അദ്ദേഹം ഒരു ആശുപത്രി സ്ഥാപിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. കൊച്ചുപ്ലാപ്പറമ്പിൽ പുന്നൂസ് കുര്യൻ, കരപ്പാറ വി. ജെ. സഖറിയാ, വെട്ടിയിൽ കുഞ്ഞൂഞ്ഞ്, നല്ലൂർ മാധവൻപിള്ള ആദിയായവരടങ്ങുന്ന കമ്മിറ്റിയുടെ പ്രസിഡണ്ടായി പ്രവർത്തിച്ചുകൊണ്ട് ആശുപത്രിക്കാവശ്യമായ സ്ഥലം സമ്പാദിച്ചു (ഈ സ്ഥലം വെട്ടിയിൽ കുഞ്ഞൂഞ്ഞ് ദാനമായി നൽകിയതാണ്). തല്ക്കാലാവശ്യത്തിനു മതിയാകുന്ന ഒരു കെട്ടിടവും അവിടെ തീർത്തു.

കെട്ടിട നിർമ്മാണം നടന്നുവരവെ, ഒരു ഘട്ടത്തിൽ പണി നിന്നുപോയി. സാമ്പത്തിക കുഴപ്പമായിരുന്നു കാരണം. ബ. അച്ചൻ ജെ.എം.എച്ച്. എസ്സിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംഘടിപ്പിച്ച്

പണപ്പിരിവും ഉല്പന്നപ്പിരിവും നടത്തി പണി പൂർത്തിയാക്കാനുള്ള പണം സ്വരൂപിച്ചു എന്നത് ഇക്കാര്യത്തിൽ അദ്ദേഹത്തിന് എന്തുമാത്രം താല്പര്യമുണ്ടായിരുന്നു എന്നത് വ്യക്തമാക്കുന്നു. അന്നത്തെ ആരോഗ്യമന്ത്രി പി. കെ. കുഞ്ഞിന്റെ കൈവശം കെട്ടിടത്തിന്റെ താക്കോൽ ഏല്പിക്കുന്നതുവരെയും അതിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം തുടർന്നു കൊണ്ടിരുന്നു.

സ്കൂളിലും പരിസരത്തും ഉണ്ടായിരുന്ന ജലക്ഷാമം നേരിട്ടനുഭവിച്ച അച്ചന്റെ സജീവശ്രദ്ധ അടുത്തതായി പതിഞ്ഞത് ജെറുശലേം മൗണ്ടിൽ ഒരു വാട്ടർസപ്ലൈ സ്കീം ഗവണ്മെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്നതിലായിരുന്നു. അഞ്ചു വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി അതും സാധിച്ചു. ഈ സ്കീമിന്റെ പ്രയോജനം ജെറുശലേം മൗണ്ടിൽ എന്നപോലെ സമീപ പ്രദേശങ്ങളായ പുത്തൻചന്ത, കണ്ണഞ്ചിറ, പുല്ലുകാട്ടുപടി, ചൊരിക്കൽപാറ, പഴഞ്ചിറ എന്നിവിടങ്ങളിലെ ജനങ്ങൾക്കും ലഭിക്കുന്നുണ്ട്.

അച്ചന്റെ ശ്രമഫലമായിട്ടാണു ഈ സ്കീമിനാവശ്യമായ കുളം നിർമ്മിക്കുന്നതിന് സ്ഥലം പഴഞ്ചിറ മൂലയിൽ വർക്കി തൊമ്മി ദാനം ചെയ്തത്. ടാങ്ക് നിർമ്മിക്കുവാൻ വേണ്ടി ജെറുശലേം പള്ളിവക സ്ഥലം പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനി നൽകി.

പുത്തൻചന്തയിൽ പ്രവർത്തിക്കുന്ന വായനശാലയും പോസ്റ്റാഫീസും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ദാനം ചെയ്തതും അച്ചനാണ്.

നാട്ടുകാരുടെ ചിരകാലാഭിലാഷമായിരുന്ന മാളികക്കടവുപാലം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ അച്ചൻ സഹിച്ച കഷ്ടനഷ്ടങ്ങൾ വളരെയാണ്. 40000 രൂപയോളം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്ത് സ്ഥലവും നിലവും വാങ്ങി ഗവണ്മെന്റിലേക്കു സറണ്ടർ ചെയ്തു. ഇതിനുവേണ്ടി പ്രവർത്തിച്ച കമ്മിറ്റിയുടെ രക്ഷാധികാരി എന്ന നിലയിൽ അദ്ദേഹം നൽകിയ നേതൃത്വം മറക്കാനാവില്ല.

സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായുടെ പിൻഗാമി ഫാ. സി. ജോൺ ചിറത്തിലാട്ടും (വലത്ത്) മകൻ ഫാ. സഖറിയാ നൈനാനും

“ആരോടും വിദ്വേഷമില്ലാതെ, എല്ലാവരോടും ഉദാരസ്നേഹത്തോടെ”

ഫാ. ഡോ. കെ. എം. ജോർജ്

നമുക്കെല്ലാം ആദരണീയ ഗുരുവും പിതാവുമായിരുന്ന ചിറത്തലാട്ട് വെരി. റവ. സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പായുടെ ജീവിതത്തെയും ദർശനത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് വരുംതലമുറയ്ക്കുവേണ്ടി സാക്ഷ്യം നൽകാൻ നമുക്ക് വലിയ ചുമതലയുണ്ട്. പുതിയ തലമുറ അറിയാതെ വിസ്മരിക്കുന്ന മഹൽവ്യക്തികളെ നമ്മുടെ സമകാലിക ചരിത്രബോധത്തിലേക്കും സാമൂഹികാവബോധത്തിലേക്കും തിരിച്ചു കൊണ്ടുവരുവാൻ കെ. വി. മാമ്മൻ കോട്ടയ്ക്കൽ നടത്തുന്ന അക്ഷീണയത്നം കൊണ്ടാണ്, ഇപ്പോൾ എനിക്കും ഒരു എളിയ സാക്ഷ്യം നൽകാൻ അവസരം ലഭിച്ചിരിക്കുന്നത്.

ഇവിടെ പറയുന്ന കാര്യങ്ങൾ വ്യക്തിപരമായി എന്റെ നേരിട്ടുള്ള അനുഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പക്ഷേ, അവ പറയുന്നതിന്റെ ഉദ്ദേശ്യം വ്യക്തിഗതമല്ല, നേരെമറിച്ച്, സി. വി. ജോർജ്ജച്ചന്റെ ദർശനവും പ്രവർത്തനശൈലിയും എങ്ങനെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയും സഭയുടെ ഐക്യത്തിനുവേണ്ടിയും നാടിന്റെ പുരോഗതിക്കുവേണ്ടിയും സമർപ്പിതമായിരുന്നു എന്ന് സൂചിപ്പിക്കാനാണ്.

വാകത്താനത്തും സമീപപ്രദേശങ്ങളിലുമുള്ള ആളുകൾ അച്ചനെ കണ്ടിരുന്നത് പ്രധാനമായും ജറുസലേം മൗണ്ട് ഹൈസ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്ററും ജനങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു നേതാവുമായിട്ടായിരുന്നു. പുതുപ്പള്ളിക്കും ചങ്ങനാശ്ശേരിക്കും ഇടയിൽ തീർത്തും ഗ്രാമീണ-കാർഷിക വ്യവസ്ഥയിൽ ഒതുങ്ങിക്കൂടിയിരുന്ന ഒരു കൂട്ടം ജനങ്ങളെ ആധുനിക വിദ്യാഭ്യാസത്തിന്റെയും സാംസ്ക്കാരിക നവോത്ഥാനത്തിന്റെയും പാതയിലേക്ക് നയിച്ചത് ഈ വിദ്യാലയമായിരുന്നു. വാകത്താനം പ്രദേശത്ത് പ്രബുദ്ധരും സമാനചിന്താഗതിക്കാരുമായിരുന്ന ചില മാന്യ വ്യക്തികളുമായി ചേർന്നാണ്, വിദ്യാസമ്പന്നനായ ജോർജച്ചൻ വിദ്യയുടെ വെളിച്ചം നൽകാൻ പ്രയത്നിച്ചത്. ഇന്നു ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നാലും ജറുസലേം മൗണ്ട് സ്കൂളിൽ പഠിച്ചതിനെക്കുറിച്ചും അതിന്റെ മേധാവിയായിരുന്ന ചിറത്തലാട്ട് ജോർജച്ചനെക്കുറിച്ചും വളരെ അഭിമാനത്തോടെ സംസാരിക്കുന്ന ധാരാളം വ്യക്തികളെ കാണാം. അന്നൊക്കെ സ്കൂളുകൾ ആരംഭിക്കുന്നത് ഇന്നത്തെപ്പോലെ സാമ്പത്തികലാഭം മോഹിച്ചല്ലല്ലോ. ജനങ്ങൾക്ക് ഉൾവെളിച്ചം

നൽകണം എന്ന ശക്തമായ ക്രിസ്തീയ പ്രബോധനത്തിന്റെ ഫലമായി ഉണ്ടായ ദൗത്യബോധം കൊണ്ടാണ് പഴയകാലത്ത് സഭകളും ക്രൈസ്തവ നേതാക്കളും വിദ്യാലയങ്ങൾ ആരംഭിച്ചത്.

സ്കൂൾ ആരംഭിക്കാനാണെങ്കിലും നാട്ടിൽ പൊതുസ്ഥാപനങ്ങളായ പോസ്റ്റ് ഓഫീസ്, വായനശാല, ആശുപത്രി തുടങ്ങിയവ സ്ഥാപിക്കാനാണെങ്കിലും വികസനപരമായ പ്രവർത്തനങ്ങൾക്കു വേണ്ടി പാലങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കാനാണെങ്കിലും സി. വി. ജോർജച്ചന്റെ നേതൃത്വവും സ്വാധീനശേഷിയും അനുപേക്ഷണീയമായിരുന്നു. ഇതിനെല്ലാം പ്രേരകമായി അച്ചനിൽ കണ്ട പ്രബുദ്ധത (Enlightenment) പ്രത്യേകം ശ്രദ്ധേയമായിരുന്നു.

കുട്ടികളായിരുന്ന ഞങ്ങളുടെ കൊച്ചുകൊച്ചു കഴിവുകൾ കണ്ടെത്താനും അവയെ പ്രോത്സാഹിപ്പിക്കാനും അച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഉള്ളത് തുറന്നു പറയുന്ന രീതിയും അച്ചന്റെ കൂടപ്പിറപ്പായിരുന്നു. അച്ചൻ നിലനിർത്തിയ നിലവാരത്തിന് താഴ്ന്ന എന്തെങ്കിലും അഹിതമായി കുട്ടികളിലാണെങ്കിലും പ്രായമുള്ളവരിലാണെങ്കിലും കണ്ടാൽ അച്ചൻ ഉടൻ കോപിക്കയും വിമർശിക്കയും ചെയ്യും. അതുപോലെതന്നെ നല്ല കാര്യങ്ങൾ കണ്ടാൽ തുറന്ന് അഭിനന്ദിക്കയും ചെയ്യും. അല്ലാതെ ഇഷ്ടാനിഷ്ടങ്ങൾ മൂടിവച്ചും, കപടമായിട്ടും കൊണ്ടുനടക്കാറില്ലായിരുന്നു. ഒരു വീട്ടിൽ ചെന്നാൽ, നല്ല ഭക്ഷണം ഒരുക്കിയ സ്ത്രീകളെ വിളിച്ച് അഭിനന്ദനം പറയുന്നത് എന്റെ ബാല്യകാല സ്മരണകളിലൊന്നാണ്. അന്നൊന്നും ആരും പൊതുവെ അങ്ങനെ ചെയ്യാറില്ലായിരുന്നു. സ്ത്രീകൾ വളരെയേറെ ബുദ്ധിമുട്ടി വീട്ടുകാർക്കും അതിഥികൾക്കും വേണ്ടി പാചകം ചെയ്താൽ പുരുഷന്മാരൊക്കെ സുഖമായിട്ടു കഴിച്ചിട്ടു പോകും. എന്തെങ്കിലും അൽപ്പം ഉപ്പു കുറഞ്ഞാലോ എരിവ് കൂടിയാലോ കടുത്ത വിമർശനവും ഉണ്ടാവും. എന്നാൽ അച്ചൻ അവരെ വിളിച്ച് ഒരു നല്ല വാക്കു പറയുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം എത്ര വലുതാണ് എന്ന് കണ്ടിട്ടുണ്ട്. ഈ മനോഭാവം നാട്ടിൽ പൊതുവെ നല്ല കാര്യങ്ങൾ ചെയ്യുന്ന ചെറുപ്പക്കാർ, നന്നായി പഠിക്കുന്ന കുട്ടികൾ എന്നിവരോടൊക്കെ പ്രകടിപ്പിക്കുന്നതു കണ്ടിട്ടുണ്ട്. അച്ചന്റെ പ്രോത്സാഹനവും അഭിനന്ദനവും ലഭിച്ച അനേകം കുട്ടികൾ പിന്നീട് സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ എത്തിയിട്ടുമുണ്ട്. എന്നാൽ അച്ചന്റെ അത്മാർത്ഥമായ വിമർശനത്തിനും കോപത്തിനും ഇരയായവരും ഉണ്ട്. അവരുടെ നന്മയ്ക്കും നല്ല മാറ്റത്തിനും വേണ്ടിയാണ് അത് പറയുന്നത് എന്ന് മനസ്സിലാക്കാതെ അകന്നുപോയവരുമുണ്ട്.

പൊതുപ്രവർത്തനങ്ങളിലാണെങ്കിലും വ്യക്തിപരമായ ബന്ധങ്ങളിലാണെങ്കിലും, അച്ചൻ എപ്പോഴും ഉദ്ധരിച്ചിരുന്ന ഒരു ഇംഗ്ലീഷ് പ്രയോഗമുണ്ട്: “with malice to none, with charity to all.”

അഞ്ചാം ക്ലാസ്സിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ കഷ്ടിച്ചു പഠിച്ചു തുടങ്ങിയ കാലത്തും ഞാൻ ഇത് അച്ചനിൽ നിന്നു കേട്ടിട്ടുണ്ട്. പക്ഷേ, അത് സുറിയാനിയാണോ ഇംഗ്ലീഷാണോ എന്നുപോലും തിരിച്ചറിയാൻ കഴിയാതിരുന്ന ആ സമയത്ത് ഏതാണ്ടൊരു മന്ത്രം പോലെ അച്ചൻ ഉരുവിട്ടിരുന്ന ഈ വാക്കുകൾ അർത്ഥമറിയാതെ, എന്റെ ബാലമനസ്സിന്റെ കോണുകളിലെവിടെയോ ഉടക്കിക്കിടന്നു. വളരെ വർഷങ്ങൾക്കുശേഷം ചരിത്രവും മറ്റും പഠിച്ചുതുടങ്ങിയപ്പോഴാണ്, ഇത് ഏബ്രഹാം ലിങ്കൺ പറഞ്ഞതാണെന്നും, അമേരിക്കൻ പ്രസിഡണ്ടായി ചുമതലയേറ്റപ്പോൾ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ ഉള്ളതാണെന്നും മനസ്സിലായത് (With malice toward none, with charity for all, with firmness in the right as God gives us to see the right, let us strive on to finish the work we are in ....).

വാസ്തവത്തിൽ ഇതായിരുന്നു അച്ചന്റെ ജീവിത മുദ്രാവാക്യം - 'ആരോടും ദ്രോഹമനോഭാവം കാണിക്കാതെ എല്ലാവരോടും ഏറ്റവും ഉദാരമായി പെരുമാറുക. നേര് എന്താണെന്ന് ദൈവം കാണിച്ചുതരുന്നതനുസരിച്ച്, നേരിൽ ഉറച്ചു നിൽക്കുക. നമ്മെ ഏല്പിച്ചിരിക്കുന്ന ജോലി നന്നായി പൂർത്തീകരിക്കാൻ നന്നായി പ്രയത്നിക്കുക.' അച്ചന്റെ ജീവിതത്തെ അതിന്റെ ആകെത്തുകയിൽ മനസ്സിലാക്കാൻ ഈ മുദ്രാവാക്യം സഹായിക്കും.

ആദ്യം സൂചിപ്പിച്ച പ്രകാശപൂർണ്ണമായ പ്രബുദ്ധതയും, ഇപ്പോൾ സൂചിപ്പിച്ച സത്യസന്ധതയും ഉദാരപൂർണ്ണവും വിദ്വേഷരഹിതവുമായ മനോഭാവവും അച്ചനെ അടുത്തറിഞ്ഞവർക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. സെമിനാരിയിൽ എന്റെ ഗുരുവായിരുന്ന ഞാർത്താങ്കൽ കോരതു മല്പാൻ അച്ചനെയും, എനിക്ക് ഗുരുസ്ഥാനീയനായിരുന്ന മലങ്കരയുടെ പ്രശസ്ത പണ്ഡിതൻ വി. സി. സാമുവൽ അച്ചനെയും പിൽക്കാലത്ത് അടുത്തറിഞ്ഞപ്പോൾ, അവരിലും സമാനമായ ഗുണങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. ക്രമേണ മനസ്സിലായി അവർ മഞ്ഞനിക്കര ദയറായിൽ സഹപാഠികളും, സമാനമായ ദർശനം പങ്കിട്ട സ്നേഹിതരുമായിരുന്നു എന്ന്. മൂന്നുപേരോടും അവരുടെ മഞ്ഞനിക്കര അനുഭവങ്ങളെക്കുറിച്ചും അവരുടെ നിലപാടുകളെപ്പറ്റിയും താൽപര്യപൂർവ്വം ചോദിച്ച് മനസ്സിലാക്കാൻ എനിക്ക് അവസരം ധാരാളം ലഭിച്ചിട്ടുണ്ട്. ഇതൊരു ചരിത്രസാക്ഷ്യം കൂടിയായതുകൊണ്ട്, ഒന്നുരണ്ടു കാര്യങ്ങൾ ചുരുക്കമായി പറയേണ്ടതുണ്ട്.

* മൂന്നുപേരും പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസായിത്തീർന്ന യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ ശിഷ്യന്മാരായിരുന്നു. സാമുവൽ അച്ചൻ പാത്രിയർക്കീസിന്റെ ഗുരുവുമായിരുന്നു ഒരളവിൽ. കാരണം അദ്ദേഹത്തെ അച്ചൻ ഇംഗ്ലീഷ് പഠിപ്പിക്കുമായിരുന്നു.

* ഈ മൂന്നു സ്നേഹിതരും വളരെ സത്യസന്ധരായിരുന്നു. സഭയോടും അവരോടു തന്നെയും അവസാനംവരെ വിശ്വസ്തത പുലർത്തിയവരാണ്.

* മൂന്നുപേരും അവരുടെ ഉൾബോധവും പ്രകാശിതമായ മനസ്സും മൂലം അന്ന് സഭയിലുണ്ടായിരുന്ന അനുഷ്ഠാന പ്രധാനമായ മതശൈലിയെക്കുറിച്ച് ഗൗരവമായി പുനർവിചിന്തനം ചെയ്തിരുന്നവരാണ്. അർത്ഥമറിയാത്ത വെറും അനുഷ്ഠാനങ്ങളിൽ ക്രിസ്തീയ വിശ്വാസത്തെ തളച്ചിടാനുള്ള മേലദ്ധ്യക്ഷന്മാരുടെയും മിക്ക പട്ടക്കാരുടെയും ശൈലിയോടും അവർക്ക് വിയോജിപ്പുണ്ടായിരുന്നു. ദൈവവചനം പഠിക്കുന്നതും സാമൂഹ്യ പ്രശ്നങ്ങളിൽ ക്രിസ്തീയമായ ഉത്തരവാദിത്വബോധം സഭ പ്രകടിപ്പിക്കുന്നതും അനുപേക്ഷണീയമായി അവർ കരുതി.

* മൂന്നുപേരും ആത്മാർത്ഥമായി സഭയിൽ സമാധാനവും ഐക്യവും ആഗ്രഹിച്ചവരായിരുന്നു. അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിൽ നേത്യനിരയിൽ നിൽക്കുന്നവരായിരുന്നെങ്കിലും സഭാ ഐക്യം സംബന്ധിച്ച് ആ കക്ഷിയുടെ നിലപാട് ക്രിസ്തീയ പാരമ്പര്യത്തിനും ഇന്ത്യയിലെ സഭയുടെ പുരോഗതിക്കും ക്രിസ്തീയ സാക്ഷ്യത്തിനും യോജിക്കുന്നതല്ല എന്ന് അവർക്ക് ബോദ്ധ്യമായിരുന്നു. മലങ്കരസഭയിൽ സമാധാനം കൈവന്നപ്പോൾ മൂന്നുപേരും വളരെ സന്തോഷിക്കയും, ഒന്നായിത്തീർന്ന മലങ്കരസഭയുടെ സുപ്രധാന രംഗങ്ങളിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു.

തന്റെ സ്വന്തം കുടുംബത്തിലും സ്വന്തം പള്ളിയിലും പിളർപ്പിന് സഭാ പ്രശ്നം കാരണമായേക്കുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും, സത്യവും നീതിയും സമാധാനവും മുൻനിർത്തി സി. വി. ജോർജച്ചൻ സുദൃഢമായ നിലപാടെടുത്തു. സ്വന്തം ഗുരുവായ യാക്കോബ് തൃതീയൻ ബാവാതന്നെയാണ് 1958-ലെ സഭാ സമാധാനത്തിന് സമ്മതിച്ചതും 1964-ൽ ഇന്ത്യയിൽ ഏകസഭയുടെ ക്ഷണമനുസരിച്ച് വരികയും, ഏക മലങ്കര സഭയുടെ ഏക സിനഡ് കാതോലിക്കായായി തിരഞ്ഞെടുത്ത ഔഗേൻ ബാവായുടെ വാഴ്ചയിൽ ഭരണഘടനാനുസൃതമായി നേതൃത്വം കൊടുത്തതും. ഇക്കാര്യങ്ങളിൽ അച്ചൻ വളരെ സന്തോഷിക്കയും, ഏകസഭയിൽ കോട്ടയം ഭദ്രാസന സെക്രട്ടറിയായും, പിന്നീട് മലങ്കരസഭയുടെ സണ്ടേസ്കൂൾ ഡയറക്ടർ ജനറലായും പ്രശസ്ത സേവനം അനുഷ്ഠിക്കയും ചെയ്തു.

1972-നു ശേഷം സഭ വീണ്ടും ദുഃഖകരമായ പിളർപ്പിലേക്ക് പോകുന്നമട്ടുകണ്ടപ്പോൾ അച്ചൻ ധൈര്യപൂർവ്വം സമാധാനത്തിന്റെയും ഐക്യത്തിന്റെയും നിലപാടിൽ ഉറച്ചുനിന്നു. ഗുരുവായ യാക്കോബ് തൃതീയൻ

ബാവാ 1964-ൽ ഇന്ത്യയിൽ വന്നപ്പോൾ പരസ്യമായി പറഞ്ഞു: 'സമാധാനത്തിൽ നിന്ന് പിൻതിരിയുന്നവർ ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണായിപ്പോകുമെന്ന്.' അച്ചൻ എപ്പോഴും ഇത് ഉദ്ധരിക്കുമായിരുന്നു. തന്റെ ഗുരുവിന്റെ ശാസനപ്രകാരവും സ്വന്തബോദ്ധ്യമനുസരിച്ചും ഏക സഭയുടെ പുരോഗതിക്കുവേണ്ടി നിലകൊണ്ട ജോർജച്ചന് സ്വന്തം പള്ളിയിലും വിശാല കുടുംബത്തിലുമുണ്ടായ തിക്താനുഭവങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്.

സഹപാഠിയായിരുന്ന ഞാർത്താങ്കൽ കോരതു മൽപാനും സമാനമായ ദുഃഖാനുഭവം സ്വന്തം പള്ളിയിലുണ്ടായി. എങ്കിലും അവർ സത്യത്തിന്റെയും സമാധാനത്തിന്റെയും സഹനപാതയിൽ അവസാനംവരെ സഞ്ചരിച്ച്, ആദ്ധ്യാത്മികമായ കുലീനത പുലർത്തി. വളരെ നിർബന്ധിച്ച് ചോദിച്ചാൽ പഴയ ചില അനുഭവങ്ങൾ പറയുമായിരുന്നു. അല്ലെങ്കിൽ പൊതുവെ അക്കാര്യങ്ങളെക്കുറിച്ച് നിശ്ശബ്ദത പാലിക്കുന്നത് ഈ കുലീനതയുടെ ഭാഗമായിരുന്നു.

1912-ൽ സ്ഥാപിതമായ ഇന്ത്യയിലെ കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ച് മറ്റാരെക്കാളും ബോദ്ധ്യമുണ്ടായിരുന്ന ആളായിരുന്നു വി. സി. സാമുവൽ അച്ചൻ. ആ ബോദ്ധ്യം ഉരുത്തിരിഞ്ഞത് വെറും വൈകാരിക തലത്തിലല്ല, തന്റെ ആഴമായ വേദശാസ്ത്ര പഠനങ്ങൾകൊണ്ടും, സുറിയാനിക്കാരുടെ തന്നെ ഗ്രന്ഥങ്ങളും ചരിത്രവും കാനോനാകളും നന്നായി മനസ്സിലാക്കിയിട്ടുമാണ്. മെത്രാന്മാർ കള്ളം പറയുന്നത് അദ്ദേഹത്തിന് ഒരിക്കലും സഹിക്കാനാവുമായിരുന്നില്ല. കോടതിയിൽ സുറിയാനിക്കാരനായ ഒരു മെത്രാച്ചൻ കൊടുക്കുന്ന മൊഴി തർജ്ജമ ചെയ്തു പറയാൻ അച്ചൻ നിയോഗിതനായിരുന്നു. അക്ഷരാർത്ഥത്തിൽ എപ്പിസ്കോപ്പൽ കള്ളങ്ങൾ തർജ്ജമ ചെയ്യേണ്ടി വന്നതിലെ ലജ്ജയും ദുഃഖവും അച്ചൻ സ്വകാര്യ സംഭാഷണങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇവർ മൂന്നുപേരും ഇന്നില്ലെങ്കിലും, ഇപ്പോൾ മലങ്കരസഭയിൽ സമാധാനം ഉണ്ടായാൽ, അതിൽ ഏറ്റവുമധികം ആഹ്ളാദിക്കുന്നവരുടെ മുൻനിരയിൽ കാണും ഇവർ. ആരൊക്കെയാണ് സമാധാനം നശിപ്പിച്ച് സഭയെ പിളർത്തുന്നവർ എന്ന് ഇവർക്കറിയാം. സങ്കുചിതമായ സാമുദായിക വീക്ഷണമോ, ദേശസ്നേഹമോ, സ്ഥാനമോഹമോ, കുടുംബബന്ധങ്ങളോ അല്ല ഇവരെ സഭാസമാധാനത്തിന്റെ വക്താക്കളാക്കിയത്. ക്രിസ്തുവിന്റെ സഭയുടെ തനിമയും ദൗത്യവും എന്താണെന്നുള്ള ആഴമായ അറിവും, ഉന്നതമായ ആത്മിക ദർശനവുമാണ്.

എന്റെ അമ്മയിൽ നിന്നാണ് തന്റെ ഇളയ സഹോദരനായ സി. വി. ജോർജച്ചന്റെ ബാല്യകാലത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുള്ളത്. വള്ളിക്കാട്ടു

ദയറായിൽ താപസ്സനായി കഴിഞ്ഞിരുന്ന കാതോലിക്കാ ബാവായെ വളരെയേറെ ആദരിച്ചിരുന്ന ഒരു കുടുംബത്തിൽനിന്ന് ഞായറാഴ്ചകളിലും മറ്റും ദയറായിലെ കുർബ്ബാനയ്ക്ക് അതിരാവിലെ ഈ കൊച്ചു സഹോദരങ്ങൾ എത്തുമായിരുന്നു. ആത്മീയ കാര്യങ്ങളിലെ ശ്രദ്ധയും സത്യം പറയുന്നതിലുള്ള നിഷ്ഠയും അന്നേ അച്ചനിൽ ശക്തമായിരുന്നു എന്ന് സഹോദരി സാക്ഷിച്ചിരുന്നു.

അച്ചന്റെ ആൺമക്കൾ ഇപ്പോൾ ലണ്ടനിലുള്ള ബാബുവും (ഡോ. ജോർജ് വർഗീസ്), കേരളത്തിലുള്ള രാജുവും (ഡോ. രാജു വർഗീസ്) എന്റെ ഏതാണ്ട് സമപ്രായക്കാരായതുകൊണ്ട്, അവധിക്കാലങ്ങളിൽ അവരോടൊപ്പം താമസിച്ച് അച്ചന്റെ ശിക്ഷണം അൽപ്പമൊക്കെ സ്വീകരിക്കാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. പഠിക്കാൻ താൽപര്യമുള്ളവർക്ക് അച്ചൻ തീരാത്ത പ്രചോദനവും മനപ്പൂർവ്വം ഉഴപ്പുന്നവർക്ക് പേടിസ്വപ്നവുമായിരുന്നു. മടികൂടാതെ പുതിയ സംരംഭങ്ങളിലേക്കും പൊതുസമൂഹത്തിന് പ്രയോജനം ചെയ്യുന്ന കാര്യങ്ങളിലേക്കും ശ്രദ്ധ വയ്ക്കുന്നവരെ അച്ചൻ എപ്പോഴും പ്രോൽസാഹിപ്പിച്ചു.

ബാല്യകാലത്ത് എനിക്ക് രസകരമായ ഒരു താരതമ്യചിന്ത ഉണ്ടാകുമായിരുന്നു. എന്റെ പിതൃസഹോദരനായ പുറകുളത്ത് ഈപ്പൻ കോർ എപ്പിസ്ക്കോപ്പാ മഹാസാത്വികനും, അതിശാന്തനും ജീവൻ പോയാലും ആരെയും കുറ്റം പറയാതെ ജീവിച്ചയാളും ആയിരുന്നു. മലയാളം, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ നല്ല വ്യുൽപ്പത്തി ഉണ്ടായിരുന്നിട്ടും, ചെറിയമഠത്തിൽ മൽപ്പാനച്ചന്റെ ഏറ്റം പ്രിയ ശിഷ്യനായിട്ടും, കോളജിൽ അതിസമർത്ഥനായ വിദ്യാർത്ഥി ആയി അറിയപ്പെട്ടിട്ടും, ഇതൊന്നും പിന്നീട് ആരും അറിയരുതെന്ന മട്ടിലുള്ള ഒരു വിനയശീലത്തിനുള്ളിൽ കഴിയുമായിരുന്നു. എന്നാൽ മാതൃസഹോദരനായ ജോർജച്ചൻ പെട്ടെന്ന് കോപിക്കുകയും അതുപോലെ തണുക്കുകയും അഭിനന്ദനങ്ങളും വിമർശനങ്ങളും തുറന്നു പറയുകയും തമാശകൾ പറഞ്ഞും കേട്ടും പൊട്ടിച്ചിരിക്കയും, വിദ്യാർത്ഥികളെ തല്ലുകയും തലോടുകയും വേണ്ടിവന്നാൽ വരച്ച വരയിൽ നിർത്തുകയും ചെയ്യുന്ന ആളായിരുന്നു. അച്ചൻ പൊതുകാര്യങ്ങളിലേക്ക് പ്രവേശിച്ച് നേതൃത്വം കൊടുക്കുമായിരുന്നു. എന്നാൽ എന്റെ ബാലമനസ്സിൽ ഇതൊരു വൈരുദ്ധ്യമോ പ്രശ്നമോ ആയി ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. രണ്ടു വ്യത്യസ്ത വഴികളും ശൈലികളും ഒരേ ലക്ഷ്യവും എന്നേ തോന്നിയിട്ടുള്ളു. രണ്ടുപേരും മഹത്വത്തിന്റെ മാർഗ്ഗത്തിലാണ് സഞ്ചരിക്കുന്നതെന്ന് എനിക്ക് പിൽക്കാലത്ത് ബോദ്ധ്യപ്പെട്ടു. ബാഹ്യമായ ശൈലിവ്യത്യാസങ്ങൾക്കു പുറകിൽ, അങ്ങേയറ്റം ആർദ്രമായ ഹൃദയമാണ് രണ്ടുപേർക്കും ഉണ്ടായിരുന്നത്. എല്ലാറ്റിനുമുപരി, സത്യം, സമാധാനം എന്നീ വലിയ മൂല്യങ്ങൾ സഭയുടെ

കാര്യത്തിൽ രണ്ടുപേരും ഉയർത്തിപ്പിടിച്ചു. ഏക മലങ്കരസഭയ്ക്കു വേണ്ടി ഇരുവരും നിലകൊണ്ടു.

പൊതുനന്മ (Common good) എന്ന ഏകമാനദണ്ഡത്തിന് മറ്റെല്ലാം അടിയറ വയ്ക്കാൻ ജോർജ് അച്ചൻ എപ്പോഴും തയ്യാറാകുമായിരുന്നു. വിദ്യാഭ്യാസ വിചക്ഷണനായ അച്ചന് ഇക്കാര്യത്തിലും വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രധാന മൂല്യവും ലക്ഷ്യവുമായി നാം ഇതേറ്റെടുക്കേണ്ടതാണ്. സണ്ടേസ്കൂളാണെങ്കിലും പൊതു വിദ്യാഭ്യാസമാണെങ്കിലും, സങ്കുചിതമായ ലക്ഷ്യങ്ങളിലേക്ക് കുരുന്നു മനസ്സുകളെ ഒതുക്കുന്ന പ്രവണതയാണ് സഭാ സ്നേഹത്തിന്റെയോ ദേശസ്നേഹത്തിന്റെയോ ഒക്കെ പേരിൽ എല്ലായിടത്തും കാണുന്നത്. ദൈവത്തിന്റെ അതിവിശാലമായ സൃഷ്ടിയെക്കുറിച്ചുള്ള കരുതലും സ്നേഹവും നിറഞ്ഞ പ്രകാശവലയത്തിനുള്ളിലാവണം മറ്റെല്ലാത്തരം കൂറും കൂട്ടായ്മയും എന്ന് നാമോർത്താൽ നന്നായിരുന്നു.

വലിയ ആദർശബോധത്തോടെ ജീവിച്ച് വൻ കാര്യങ്ങൾ സ്വപ്നം കണ്ട്, നമുക്ക് നേതൃത്വവും പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകിയിരുന്ന സി. വി. ജോർജച്ചന്റെ ഓർമ്മ നമുക്ക് അനുഗ്രഹകാരണമായിത്തീരട്ടെ.



സണ്ടേസ്കൂൾ പ്രസ്ഥാനം ആധുനിക കാലത്തു കൈവരിച്ച നേട്ടങ്ങൾ

(ഫാ. ഡോ. ടി. ജെ. ജോഷ്വാ സണ്ടേസ്കൂൾ ഡയറക്ടർ ജനറലായി 1993 ഓഗസ്റ്റിൽ ചാർജ്ജെടുത്തു. അദ്ദേഹം 14 വർഷം സണ്ടേസ്കൂൾ പ്രസ്ഥാനത്തിനു കാര്യക്ഷമമായ നേതൃത്വം നൽകി. അക്കാലഘട്ടത്തിൽ ഉണ്ടായ നേട്ടങ്ങളെപ്പറ്റി അദ്ദേഹം തന്റെ ആത്മകഥയായ 'ഓർമ്മകളുടെ ചെപ്പിൽ' പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉദ്ധരിക്കുന്നു. ഇക്കാര്യങ്ങളുടെ ആധികാരിക സ്വഭാവത്തെ ആർക്കും ചോദ്യം ചെയ്യാനാവില്ലല്ലോ.)

സണ്ടേസ്കൂളിന്റെ അമരത്ത്

ഒരു യൂണിവേഴ്സിറ്റി പ്രൊഫസർ തന്റെ ഉന്നതസ്ഥാനവും, സാമ്പത്തികഭദ്രതയും കൈവെടിഞ്ഞ് കൊച്ചുകുട്ടികളുടെ ആത്മികവും ധാർമ്മികവുമായ ഉന്നമനത്തിനായി സ്വയം സമർപ്പിച്ചു പ്രവർത്തിച്ചു. തന്റെ പുതിയ ദൗത്യത്തിൽ സംതൃപ്തിയും കൃതാർത്ഥതയും കണ്ടെത്തി. അദ്ദേഹത്തിന്റെ ഒരു പൂർവ്വ വിദ്യാർത്ഥി ചോദിച്ചു: സാറിനെന്തു പറ്റി? ഉന്നതസ്ഥാനവും നല്ല വരുമാനവും ഉപേക്ഷിച്ചിട്ട് കൊച്ചുപിള്ളേരെ കഥയും പാട്ടുമൊക്കെ പഠിപ്പിക്കാൻ മെനക്കെടുന്നത് എന്തുകൊണ്ടാണ്? അദ്ദേഹത്തിന്റെ മറുപടി: പുര മേയുന്ന ഓടുകളും തറയിൽ പാകുന്ന തറയോടുകളും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അവയിൽ ചില ചിത്രങ്ങളും ചില വാക്കുകളും അക്ഷരങ്ങളും ഒക്കെ കാണുന്നുണ്ടല്ലോ. അവയൊക്കെ എപ്പോഴാണ് ഓടുകളിൽ പതിപ്പിക്കുവാൻ നിർമ്മാതാക്കൾ ശ്രദ്ധിക്കുന്നത്? കളിമണ്ണായി കുഴഞ്ഞിരിക്കുമ്പോഴോ, അതോ ചൂളയിൽ ഇട്ട് ചുട്ടെടുത്തശേഷമോ? ഉത്തരം പറഞ്ഞു: നിശ്ചയമായും ചൂളയിൽ ഇടുന്നതിനു മുമ്പ് കളിമണ്ണായി കുഴഞ്ഞിരിക്കുന്ന അവസ്ഥയിലാണ്. പ്രൊഫസർ പറഞ്ഞു: അതുകൊണ്ടുതന്നെ യൂണിവേഴ്സിറ്റിയിൽ പഠനത്തിന് എത്തുന്നതിനു മുമ്പ്, ബാല്യകാലാവസ്ഥയിൽ സ്ഥായിയായ ചില സ്വാധീനങ്ങൾ വരുത്തുകയാണ് എന്റെ ലക്ഷ്യം.

ദീർഘകാലം സെമിനാരിയിൽ അദ്ധ്യാപകനായി പ്രവർത്തിച്ചിട്ടുള്ള എനിക്ക് സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ അമരത്ത് എത്തുന്നത് ഒരു പുതിയ അനുഭവമായിരുന്നു. അത് ദൈവനിയോഗത്താൽ മാത്രമെന്ന് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. എന്റെ പഠനകാലത്തു തന്നെ ഞാൻ സണ്ടേസ്കൂൾ പഠിപ്പിച്ചു. ആലുവാ യു. സി. കോളജിൽ പഠിക്കുമ്പോഴും, കൽക്കട്ടായിൽ ബി. ഡി. ക്കു പഠിക്കുമ്പോഴും സണ്ടേസ്കൂൾ അദ്ധ്യാപ

സൺഡേസ്കൂൾ പ്രസിഡന്റുമാർ

ഗീവറുഗീസ് മാർ പീലക്സിനോസ്,
പുത്തൻകാവ് (1930 – 1951)

തോമാ മാർ ദീവന്നാസിയോസ്
(1951 – 1964)

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്,
വയലിപറമ്പിൽ (1964 – 1966)

പൗലൂസ് മാർ പീലക്സിനോസ്,
കണ്ടനാട് (1966 – 1974)

മാത്യൂസ് മാർ കുറിലോസ്
(ബസേലിയോസ് മാർത്തോമാ മാത്യൂസ് II
(1974 – 1991)

മാത്യൂസ് മാർ എപിഫാനിയോസ്
(1991 – 2002)

പൗലൂസ് മാർ മിലിത്തിയോസ്
(2002 – 2007)

യാക്കോബ് മാർ ഐറേനിയോസ്
(2007 –

ഡയറക്ടർ ജനറൽമാർ

കണിയാൻപറമ്പിൽ കുര്യൻ
കോർ എപിസ്കോപ്പാ
(1964 – 1974)

കെ. ഡേവിഡ്
കോർ എപിസ്കോപ്പാ
(1974 – 1975)

സി. വി. ജോർജ്
കോർ എപിസ്കോപ്പാ
(1975 – 1993)

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ
(1993 – 2007)

ഫാ. ഡോ. ഐ. തോമസ്
(2007 –

പബ്ലിക്കേഷൻ ഓഫീസർമാർ

ഫാ. കെ. ഡേവിഡ്
കോർ എപിസ്കോപ്പാ
ചന്നപ്പള്ളി
(1964 – 1974)

ഫാ. റ്റി. ജി. സഖറിയ
തോട്ടത്തിൽ, ഉദയഗിരി
(1974 – 1993)

ശ്രീ. റ്റി. റ്റി. ചാക്കോ
ചെല്ലേട്ട്, തോട്ടയ്ക്കാട്
(1993 – 1997)

ഫാ. കെ. വി. തോമസ്
കല്ലുപാറ
(1998 –)

കനായിരുന്നു. ആലുവായിലെ വിദ്യാർത്ഥികളിൽ ഒരാളാണ് ഇന്ന് ലോക പ്രശസ്തനായ വൈറോളജിസ്റ്റ് ഡോ. ജേക്കബ് ജോൺ (വെല്ലൂർ). പിന്നീട് സെമിനാരി അദ്ധ്യാപകനായി എം. ഡി. സെമിനാരിയിൽ ആയിരുന്നപ്പോൾ ഏലിയാ കത്തീഡ്രൽ സണ്ടേസ്കൂളിലെ പത്താം ക്ലാസ്സിൽ പഠിപ്പിച്ചു. മൂന്നു വിദ്യാർത്ഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

അദ്ധ്യാപക പരിശീലനക്ലാസ്സ് അക്കാലത്ത് ഒരാഴ്ചത്തേക്കായിരുന്നു. എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമായി എത്തുന്നവർക്ക് ഒരു ക്യാമ്പു മാത്രമേ ഉണ്ടായിരുന്നുള്ളു. ഫാ. കെ. ഡേവിഡ് സണ്ടേസ്കൂളിന്റെ ചുക്കാൻ പിടിച്ചിരുന്ന അക്കാലത്ത് ക്ലാസ്സുകൾ എടുക്കുവാൻ എല്ലാ വർഷവും ഞാൻ ക്ഷണിക്കപ്പെടുമായിരുന്നു. ബഹുമാനപ്പെട്ട ഡേവിഡച്ചന്റെ പൈതൃക മായ സ്നേഹവും കരുതലും ഹൃദ്യമായ സൽക്കാരവും എല്ലാം മധുര സ്മരണകൾ ഉണർത്തുന്നു.

പാഠപുസ്തകത്തിൽ രണ്ടു ഭാഗങ്ങൾ എഴുതുവാനും എനിക്കവസര മുണ്ടായി. പൗലോസിന്റെ ജീവചരിത്രവും, യേശുവിന്റെ ഉപദേശങ്ങളു മാണ് ഞാൻ എഴുതിയ വിഷയങ്ങൾ. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന തിലും, അവരുടെ കഴിവുകളെ ആദരിക്കുന്നതിലും ഡേവിഡച്ചൻ മുമ്പി ലായിരുന്നു. ആക്ഷരികാർത്ഥത്തിൽ ഒന്നുമില്ലായ്മയിൽ നിന്നാണ് ബഹു മാനപ്പെട്ട അച്ചൻ സണ്ടേസ്കൂൾ പ്രസ്ഥാനത്തെ വളർത്തിയെടുത്തത്. പാഠപുസ്തകങ്ങൾ പലതും അച്ചൻ തന്നെ എഴുതുകയായിരുന്നു. ജീവി തത്തിന്റെ ഒരു വലിയ 'മിഷൻ' ആയി സണ്ടേസ്കൂളിനെ അദ്ദേഹം കണ ക്കാക്കി പ്രവർത്തിച്ചു. സാമ്പത്തിക പരാധീനതകളും യാത്രാസൗകര്യ ങ്ങളുടെ അപര്യാപ്തതയും എല്ലാം അതിജീവിക്കാൻ അദ്ദേഹത്തിനു സാധിച്ചു. സണ്ടേസ്കൂളിന് ഒരു ആസ്ഥാനമുണ്ടാക്കുവാനും അച്ചനു കഴിഞ്ഞു. അദ്ദേഹം അർഹിക്കുന്ന ആദരവും അംഗീകാരവും സഭാനേതൃ ത്വത്തിൽ നിന്ന് ലഭിച്ചിട്ടില്ല എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. മാത്ര മല്ല അന്ത്യകാലത്ത് സന്തോഷകരമല്ലാത്ത ചില അനുഭവങ്ങളും അദ്ദേ ഹത്തിനുണ്ടായതായി ഓർക്കുന്നു.

ഭിന്നിച്ചുനിന്ന സഭ യോജിച്ചപ്പോൾ പാത്രിയർക്കീസ് ഭാഗത്തു നിന്ന് വന്ന ചുമതലക്കാരെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യേ ണ്ടിവന്നു. അപ്പോൾ കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായെ സണ്ടേസ്കൂൾ അസോസിയേഷൻ ഡയറക്ടറായും ഡേവിഡച്ചനെ പബ്ലി ക്കേഷൻ ഓഫീസറായും നിയോഗിച്ചു. മൂഷികസ്ത്രീ പിന്നെയും മൂഷി കസ്ത്രീ ആയി എന്നു പറയുംപോലെ, വീണ്ടും കക്ഷിവഴക്ക് തലപൊ ക്കിയപ്പോൾ കണിയാമ്പറമ്പിലച്ചൻ തിരികെപ്പോയി. അപ്പോൾ സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പാ ഡയറക്ടർ ജനറലാവുകയായിരുന്നു. മുൻ പാത്രിയർക്കീസ് പക്ഷക്കാരനായിരുന്നെങ്കിലും, യോജിപ്പുണ്ടായശേഷം

അദ്ദേഹം ഒരിക്കലും തിരിഞ്ഞുനോക്കിയിട്ടില്ല. മാത്രവുമല്ല സ്വന്തം വീട്ടുകാരിൽ നിന്നുതന്നെ എതിർപ്പും വിമർശനവും ഏറ്റുകൊണ്ട് അദ്ദേഹം കാതോലിക്കാ ഭാഗത്ത് പാറപോലെ ഉറച്ചു നിന്നു. സണ്ടേസ്കൂൾ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ അവിശ്രാന്തം അദ്ദേഹം പ്രവർത്തിച്ചു. തനിക്കു ബാധിച്ച രോഗത്തെപ്പോലും അവഗണിച്ചുകൊണ്ട് മലങ്കരയുടെ എല്ലാ മേഖലകളിലും കടന്നെത്തുകയും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു.

അച്ചൻ തികച്ചും അവശനായി, ശയ്യാവലംബി ആയിരിക്കുന്ന അവസ്ഥയിലാണ് ഞാൻ അദ്ദേഹത്തിൽനിന്നു ചുമതല ഏല്ക്കുന്നത്. അനുയോജ്യനായ ഒരാളെയാണ് ദൗത്യം ഏൽപ്പിക്കുന്നത് എന്നുള്ളതിൽ അദ്ദേഹം കൃതജ്ഞനാണെന്ന് എന്നോടു പറയുകയുണ്ടായി. 1993 ഓഗസ്റ്റിലാണ് ഞാൻ സ്ഥാനമേൽക്കുന്നത്. പതിനാലു വർഷം പ്രസ്ഥാനത്തിന്റെ പ്രധാന കാര്യദർശിയായി വർത്തിക്കുവാൻ കഴിഞ്ഞു. ഇക്കാലയളവിൽ സണ്ടേസ്കൂളിന് അഭിമാനാർഹമായ പല നേട്ടങ്ങളും വളർച്ചയും കൈവരിക്കുവാൻ കഴിഞ്ഞു എന്ന് കൃതജ്ഞതയോടെ ഓർക്കുന്നു. ഒരാളുടെ വ്യക്തിപ്രഭാവംകൊണ്ടോ, സംഘടനാപാടവം കൊണ്ടോ, ഒന്നും വരിച്ച നേട്ടമല്ല. കൂട്ടായ ചിന്തയുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമെന്നു മാത്രമേ പറയാനാവൂ. ഞാൻ പ്രസ്ഥാനത്തിന്റെ തലപ്പത്തുണ്ടായിരുന്നത് പല കാര്യങ്ങളിലും പ്രയോജനപ്പെട്ടിട്ടുണ്ട് എന്നു പറയാം.

എനിക്കു പരിമിതികൾ ഏറെയുണ്ടായിരുന്നു. സെമിനാരിയിലെ അദ്ധ്യാപനം, ഇടവകച്ചുമതല, ആദ്ധ്യാത്മിക സംഘടനകളിൽ നേതൃത്വം നൽകുക ഇങ്ങനെ ഭാരിച്ച കർത്തവ്യങ്ങളോടൊപ്പമാണ് സണ്ടേസ്കൂളിന്റെ ചുമതലകൾ നിർവ്വഹിച്ചത്. ഫുൾടൈം പ്രവർത്തനം ആവശ്യപ്പെടുന്ന ഒന്നാണ് സണ്ടേസ്കൂൾ. അവിടെ ആഴ്ചയിൽ ഏതാനും മണിക്കൂറുകൾ മാത്രമേ എന്റെ സേവനം ഉണ്ടായിരുന്നുള്ളു. എന്നാൽ ഓഫീസ് കാര്യങ്ങൾ ഒരു വീഴ്ചയും കൂടാതെ യഥാസമയം നിർവ്വഹിക്കപ്പെടാൻ സാധിച്ചത് ഓഫീസ് മാനേജരായി ഇരുപത്തഞ്ചു വർഷക്കാലം പ്രശസ്ത സേവനം അനുഷ്ഠിച്ച സി. യു. മാത്യു സാറിന്റെയും, പബ്ലിക്കേഷൻ ഓഫീസറായി മാത്രമല്ല, സണ്ടേസ്കൂളിന്റെ സമസ്ത മേഖലകളിലും പരിചയസമ്പന്നത നേടിയ കെ. വി. തോമസച്ചന്റെയും ജാഗ്രതയോടെയുള്ള പ്രവർത്തനത്താലാണ്. ഓഫീസിലെ മറ്റു സ്റ്റാഫ് അംഗങ്ങളും ആത്മാർത്ഥമായ സഹകരണവും കാര്യക്ഷമമായ സേവനവും നൽകി.

എന്റെ പ്രവർത്തനകാലത്ത് അസോസിയേഷനുണ്ടായ ചില നേട്ടങ്ങളെക്കുറിച്ച് അനുസ്മരിക്കുന്നത് സംഗതമെന്നു കരുതുന്നു. അവ അക്കമിട്ടു രേഖപ്പെടുത്തുന്നത് പിൻതലമുറയ്ക്ക് പ്രചോദനപ്രദമാകാതിരിക്കുകയില്ല.

1. പാഠപുസ്തക പരിഷ്കരണം

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ സംയുക്തമായി ഉണ്ടാക്കിയ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെത്തന്നെ ഇംഗ്ലീഷിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷയാണ് ഉപയോഗിച്ചു കൊണ്ടിരുന്നത്. അതിനു പല പോരായ്മകളും ചൂണ്ടിക്കാണിക്കുവാനുണ്ടായിരുന്നു. അതുകൊണ്ട് ഘട്ടംഘട്ടമായി പന്ത്രണ്ടു ക്ലാസ്സു വരെയുമുള്ള പാഠപുസ്തകങ്ങൾ നമ്മുടെ കുഞ്ഞുങ്ങളുടെ നിലവാരവും ആവശ്യവും മുഖ്യമായി കണക്കിലെടുത്ത് പരിഷ്കരിക്കുവാൻ കഴിഞ്ഞു. ഇക്കാര്യത്തിൽ വൈദികസെമിനാരിയിലെ അദ്ധ്യാപകരുടെ സേവനം ലഭിച്ചത് കൃതജ്ഞതയോടെ ഓർക്കുന്നു. പുതിയ പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷയും മിക്കവാറും പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പ്രൂഫ് റീഡിംഗിലും മറ്റും വന്നിട്ടുള്ള പോരായ്മകൾ ഇപ്പോഴും അങ്ങിങ്ങായി അവശേഷിക്കുന്നുണ്ട്. ഇതര സഭകളുടെ പാഠപുസ്തകങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അഭിമാനാർഹമായ ഒരു സ്ഥാനം നമ്മുടെ പുസ്തകങ്ങൾക്കുണ്ട്.

2. ജനറൽ ക്ലാസ്സിന് ടെക്സ്റ്റ് ബുക്ക്

സണ്ടേസ്കൂൾ തുടങ്ങുന്നതിനു മുമ്പുള്ള ജനറൽ ക്ലാസ്സ് പലപ്പോഴും ഹെഡ്മാസ്റ്ററുടെ 'സമയംകൊല്ലി' പരിപാടിയായി വിമർശിക്കപ്പെട്ടിരുന്നു. അതുകൊണ്ട് ആദ്യത്തെ പതിനഞ്ചു മിനിറ്റ് കൂടുതൽ ഫലപ്രദമായും മറ്റ് അദ്ധ്യാപകരുടെ പങ്കാളിത്തത്തോടും നടത്തത്തക്കവണ്ണം 'മാർഗ്ഗദീപം' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ആ പുസ്തകത്തിന്റെ മേന്മ കണ്ടിട്ട് നമ്മുടെ മാനേജ്മെന്റ് വക സെക്കുലർ സ്കൂളിലെ മോറൽ ക്ലാസ്സിന് ഉപയോഗിക്കാൻ അന്നത്തെ കോർപ്പറേറ്റ് മാനേജർ തോമസ് മാർ അത്താനാസ്യോസ് തിരുമേനി ആ പുസ്തകം തെരഞ്ഞെടുത്തു. എന്നാൽ അങ്ങനെ ഒരു പുസ്തകം ഉണ്ടെന്നും, ജനറൽ ക്ലാസ്സിന് വളരെ ഉത്തമമെന്നും അറിയാവുന്ന സണ്ടേസ്കൂൾ അദ്ധ്യാപകർ ഇന്നു ചുരുക്കമാണ്. ആ പുസ്തകം ബാലസാഹിത്യശാഖയിൽ ഉൾപ്പെടുത്താവുന്ന ഒന്നാണെന്നു പറയാം. അതു രചിക്കുന്നതിന് സഭയിലെ കഴിവുള്ള പല വൈദികരെയും അവൈദികരെയും ഉപയോഗപ്പെടുത്തി.

3. വേൾഡ് മാപ്പ്

സണ്ടേസ്കൂളിൽ മുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്നത് പ്രൊട്ടസ്റ്റന്റ് സംഘടനകൾ പ്രസിദ്ധീകരിച്ച മാപ്പുകളായിരുന്നു. അവ ലഭ്യമല്ലാതെ വന്നപ്പോൾ നമ്മുടേതായ മാപ്പുകൾ നാം വരച്ചുണ്ടാക്കി പ്രിന്റു ചെയ്തു. ഒന്ന് ഭൂലോകത്തിന്റെയും, മറ്റത് പാലസ്തീന്റേതുമായി രണ്ടു ഭൂപടങ്ങൾ നാം പ്രസിദ്ധീകരിച്ച് എല്ലാ സണ്ടേസ്കൂളുകൾക്കും ലഭ്യമാക്കി. അവയുടെ വളരെ കുറച്ചു കോപ്പികൾ മാത്രമേ അവശേഷിക്കുന്നുള്ളു.

4. സ്ഥിതിവിവരക്കണക്ക്

കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലും സണ്ടേസ്കൂളിന്റെ ഒരു സെൻസസ് എടുത്തത് ഒരു പുതിയ സംരംഭമായിരുന്നു. ഓരോ ഇടവകയിലും, എല്ലാ ഭവനങ്ങളും സന്ദർശിച്ച് കുട്ടികളുടെ സ്ഥിതിവിവരക്കണക്കാണ് ശേഖരിച്ചത്. സണ്ടേസ്കൂൾ പഠിക്കുന്ന കുട്ടികൾ, പഠിക്കാത്തവർ, പഠനം പൂർത്തിയാക്കാത്തവർ, ഇങ്ങനെ വിവരം തിരിച്ച് ഒരു കണക്കെടുപ്പായിരുന്നു. കേന്ദ്രത്തിൽ നിന്ന് അതിന് നിർദ്ദിഷ്ട ഫോറങ്ങൾ ഓരോ യൂണിറ്റിലും എത്തിച്ചു. ഒരു വർഷം കൊണ്ട് പൂർത്തിയാക്കണമെന്ന് ലക്ഷ്യമിട്ടെങ്കിലും ചില ഭദ്രാസനങ്ങൾ അലംഭാവം കാട്ടിയതുകൊണ്ട് പിറ്റേ വർഷമാണ് പൂർത്തിയായത്. മുതിർന്ന ക്ലാസ്സിലേക്ക് വരുമ്പോൾ സണ്ടേസ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇപ്പോൾ അധികമായും വ്യാപകമായും തീർന്നിട്ടുണ്ട്. കോച്ചിങ്ങ് ക്ലാസ്സുകളെപ്പോലുള്ള പരിപാടികളാണ് അതിനു മുഖ്യ കാരണം. മാതാപിതാക്കൾ ഇതിൽ ഒരു വലിയ പങ്കു വഹിക്കുന്നു.

5. ഓരോ സണ്ടേസ്കൂളിനും ഒരു ലൈബ്രറി

ഓരോ സണ്ടേസ്കൂളിനും ഒരു ലൈബ്രറി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. കമന്ററികൾ, ഡിക്ഷ്ണറി പോലുള്ള റഫറൻസു പുസ്തകങ്ങളും, സഭാചരിത്രം, സഭാവിശ്വാസം മുതലായ വിഷയങ്ങളെ അടിസ്ഥാനമാക്കിയ പുസ്തകങ്ങളും ഉണ്ടെങ്കിൽ അദ്ധ്യാപകർക്ക് അവ പ്രയോജനപ്പെടുത്താനും സംശയങ്ങൾ ദുരീകരിക്കുവാനും മറ്റും കഴിയും. ഒരു വർഷം ഇക്കാര്യം എല്ലാ യൂണിറ്റുകളെയും അറിയിച്ച് അതിനുള്ള തീവ്രശ്രമം നടത്താൻ പ്രേരണ നൽകി. എം.ഒ.സി., ദിവ്യബോധനം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലെ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കാൻ ക്രമീകരിച്ചു. കേന്ദ്രത്തിൽനിന്ന് ഒരു സബ്സിഡി നൽകുകയും ചെയ്തു. ആ വർഷത്തിൽ 90 സണ്ടേസ്കൂളുകൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയെന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്.

6. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ എൻഡോവ്മെന്റ്

എന്റെ മുൻഗാമി സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായുടെ സ്മരണ നിലനിർത്തുവാൻവേണ്ടി ഒരു ലക്ഷം രൂപാ സമാഹരിച്ച് ഒരു എൻഡോവ്മെന്റ് സ്ഥാപിച്ചു. ആദ്യ വർഷങ്ങളിലൊക്കെ ഒരു വർഷം 14000 രൂപാ പലിശ ലഭിക്കുമായിരുന്നു. ഇപ്പോൾ അതു കുറഞ്ഞ് ഒൻപതിനായിരമായിത്തീർന്നിരിക്കുന്നു. ഇതിൽനിന്നു ലഭിക്കുന്ന പലിശ സണ്ടേസ്കൂൾ അദ്ധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സഹായത്തിനായി നൽകപ്പെടുന്നു. വിവാഹം, ചികിത്സ, വിദ്യാഭ്യാസം എന്നീ മൂന്നു കാര്യങ്ങൾക്കാണ്. വലിയ തുകയൊന്നുമില്ലെങ്കിലും ഒരു ചെറിയ സഹായം, പ്രസ്ഥാ

നത്തിൽ പ്രവർത്തിച്ചതിന്റെ (പ്രവർത്തിക്കുന്നതിന്റെ) കൃതജ്ഞത യ്ക്കായി നൽകപ്പെടുന്നു. സഭയിലെ മറ്റൊരു ആത്മീയ പ്രസ്ഥാനവും ഇപ്രകാരം ചെയ്യുന്നതായി അറിയുന്നില്ല.

പുതിയ കാൽവയ്പുകൾ

7. ജീവകാരുണ്യദിനം

ഞാൻ ചുമതലയേറ്റശേഷം സണ്ടേസ്കൂൾ പ്രവർത്തനത്തിൽ വരുത്തിയ ചില പദ്ധതികളെപ്പറ്റി പരാമർശിച്ചു. മറ്റു ചില കാര്യങ്ങളെക്കുറിച്ചാണ് ഇനിയും പ്രസ്താവിക്കുന്നത്. വളരെപ്പേരുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയ ഒരു പദ്ധതിയാണ് ജീവകാരുണ്യദിനാചരണം. ഓരോ വർഷവും ജനുവരി മാസത്തിലെ മൂന്നാം ഞായറാഴ്ച ജീവകാരുണ്യദിനമായി വേർതിരിച്ചിരിക്കുന്നു. അതിന്റെ തലേ ഞായറാഴ്ചകളിൽ ആ ദിനത്തെപ്പറ്റിയും, ആ വർഷം സഹായധനം നൽകുന്ന സ്ഥാപനത്തെപ്പറ്റിയും ആവശ്യമായ ബോധവൽക്കരണം നടത്തുന്നു. ഒരു വർഷം, കേരളത്തിൽ സഭ നടത്തുന്ന ഏതെങ്കിലും ജീവകാരുണ്യ സ്ഥാപനത്തിനാണെങ്കിൽ പിറ്റേവർഷം കേരളത്തിനു വെളിയിലുള്ള സ്ഥാപനത്തിനോ പ്രസ്ഥാനത്തിനോ ആയിരിക്കും സംഭാവന നൽകുന്നത്.

ജീവകാരുണ്യദിനാചരണം വഴി പല കാര്യങ്ങൾ ലക്ഷ്യമിടുന്നു. നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ ഭാരതത്തിലെങ്ങും നടത്തപ്പെടുന്ന മിഷൻ പ്രവർത്തനത്തെക്കുറിച്ചും, ജീവകാരുണ്യസ്ഥാപനങ്ങളെക്കുറിച്ചും നമ്മുടെ കുഞ്ഞുങ്ങളെ ബോധവൽക്കരിക്കുക, തങ്ങൾക്കുള്ളതിൽ നിന്ന് മറ്റുള്ളവരെ സഹായിക്കുവാനും, അവരുമായി പങ്കുവയ്ക്കുവാനും പ്രേരിപ്പിക്കുക; പ്രാർത്ഥനകൾ നയിക്കുന്നതിനും ആരാധനകൾക്ക് നേതൃത്വം നൽകുന്നതിനും പരിശീലിപ്പിക്കുക ഇങ്ങനെ പല കാര്യങ്ങളുണ്ട്. നിശ്ചയമായും അവ ഉന്നതമായ ലക്ഷ്യങ്ങൾ തന്നെയാണ്. അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനി ഈ പരിപാടിയെപ്പറ്റി വളരെ അഭിനന്ദിച്ചും പ്രശംസിച്ചും പറഞ്ഞിട്ടുള്ളത് ഓർക്കുന്നു.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലംകൊണ്ട് ഇരുപതു ലക്ഷത്തോളം രൂപാ ഈ പ്രോജക്ടിൽക്കൂടി സമാഹരിക്കാനും സഭയിലെ വിവിധ മിഷനുകൾക്കും ജീവകാരുണ്യ സ്ഥാപനങ്ങൾക്കും നൽകാനും കഴിഞ്ഞത് ഒരു വലിയ നേട്ടം തന്നെയാണ്. സുനാമിദുരന്തം സംഭവിച്ചപ്പോൾ നമ്മുടെ സഭ വകയായി സഹായം നൽകുന്നതിനു മുമ്പേതന്നെ സണ്ടേസ്കൂളിൽ നിന്ന് സഹായം നൽകാൻ കഴിഞ്ഞത് ഈ ഫണ്ടിൽ നിന്നാണ്. കഴിഞ്ഞ രണ്ടു വർഷമായി ഈ ഫണ്ടിന്റെ ഇരുപതു ശതമാനം, സാമ്പ

ത്തികമായി പിന്നോക്കം നിൽക്കുന്ന സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളുടെ പഠനസഹായമായി നൽകുന്നു. ഗൾഫ് മേഖലയിലെ സണ്ടേസ്കൂളുകൾ ഈ പദ്ധതിയിൽ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ സണ്ടേസ്കൂളുകളിൽ പലതും വേണ്ടവിധം പ്രവർത്തിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു.

8. വികാരിമാർക്കുള്ള കത്ത്

എന്റെ മുൻഗാമികൾക്കില്ലാത്ത ഒരു പദവിയും സ്ഥാനവും എനിക്കുണ്ട്. നമ്മുടെ സഭയിലെ ഏതാണ്ട് തൊണ്ണൂറു ശതമാനം വൈദികരെയും ഞാൻ സെമിനാരിയിൽ പഠിപ്പിച്ചിട്ടുള്ളതാണ്. അവരെല്ലാവരുമായി ഒരു നല്ല ആത്മീയബന്ധം നിലനിർത്താൻ എനിക്കു സാധിച്ചിട്ടുണ്ട്. സെമിനാരിയിലെ അൻപത്തിമൂന്ന് വർഷത്തെ സേവനചരിത്രം എന്നെ സംബന്ധിച്ചിടത്തോളം വലിയ സമ്പത്താണ്.

മിക്ക പള്ളികളിലും ആദ്ധ്യാത്മിക പരിപാടികൾക്കായി ഞാൻ ചെല്ലുമ്പോൾ അച്ചന്മാരുമായുള്ള സൗഹൃദവും ആത്മീയബന്ധവും പുതുക്കപ്പെടുന്നു. ക്രിസ്മസിന് ആശംസകൾ നേർന്നുകൊണ്ടും ഇടവകയിലെ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് അച്ചൻ നൽകേണ്ട നേതൃത്വത്തെക്കുറിച്ചും മറ്റും ഓർമ്മിപ്പിച്ചുകൊണ്ടും ഞാൻ കത്തുകൾ അയയ്ക്കുന്നു. അച്ചന്മാർ കർത്തവ്യബോധമുള്ളവരാണെങ്കിലും, അവരെ ഒന്ന് അനുസ്മരിപ്പിക്കുന്നത് അസ്ഥാനത്തല്ല. എന്റെ കത്തിനു മറുപടി അയയ്ക്കുന്നവരുണ്ട്; തമ്മിൽ കാണുമ്പോൾ കത്തു ലഭിച്ചതിനെപ്പറ്റി പരാമർശിക്കുന്നവരുമുണ്ട്. വികാരിയുടെ നേതൃത്വവും നിയന്ത്രണവും സണ്ടേസ്കൂളുകൾക്ക് ആവശ്യമാണ്. എവിടെ അവർ ശരിയായ പങ്കുവഹിക്കുന്നുണ്ടോ അവിടെ പ്രവർത്തനം കാര്യക്ഷമമായിരിക്കും.

9. സണ്ടേസ്കൂൾ വാർത്ത

ഓരോ യൂണിറ്റും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് വർഷത്തിൽ ആറേഴ് വിജ്ഞാപനങ്ങൾ എങ്കിലും കേന്ദ്രത്തിൽ നിന്ന് അയയ്ക്കാറുണ്ട്. പ്രവർത്തനസംബന്ധമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ആവശ്യമായ നിർദ്ദേശങ്ങളും അവയിൽ ഉണ്ടാകും. എന്നാൽ സഭാജനങ്ങൾ എല്ലാവരും തന്നെ സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾ അറിയാൻ താൽപര്യമുള്ളവരാണ്. അവരുടെ അറിവിലേക്ക് എല്ലാ മാസവും സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മലങ്കരസഭാ' മാസികയിൽ 'സണ്ടേസ്കൂൾ വാർത്ത' ഞാൻ പ്രസിദ്ധപ്പെടുത്തി വന്നു. പ്രസ്ഥാനത്തിന്റെ സ്പന്ദനങ്ങൾ വെളിപ്പെടുത്തുന്നതാണ് ഈ 'വാർത്ത.' സണ്ടേസ്കൂളിനു സ്വന്തമായ ഒരു വാർത്താബുള്ളറ്റിൻ ഇല്ലാത്ത സാഹചര്യത്തിൽ 'മലങ്കരസഭ'യിലെ ഒരു പേജ് നാം പ്രയോജനപ്പെടുത്തുകയാണ്.

10. ഓഫീസ് പ്രവർത്തനം പ്രാർത്ഥനയോടെ

സെക്കുലർ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ നിന്നു വ്യത്യസ്തമാണല്ലോ സഭാസ്ഥാപനങ്ങളുടെ ഓഫീസുകൾ. അവയെ വ്യത്യസ്തമാക്കുന്നത് അവിടുത്തെ ആത്മീയാന്തരീക്ഷവും അവിടെ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമാണ്. മാർത്തോമ്മാ, സി.എസ്.ഐ. തുടങ്ങിയ സഭകളുടെ ഓഫീസുകളെപ്പറ്റി എനിക്കറിയാം. അവിടെ ഞാൻ പോയിട്ടുണ്ട്. അവിടെ ഓരോ ദിവസത്തെയും പ്രവർത്തനം ആരംഭിക്കുന്നത്, പാട്ടുപാടി, വേദപുസ്തകം വായിച്ച് പ്രാർത്ഥന നടത്തിയാണ്. ദൈവ സാന്നിദ്ധ്യം അനുസ്മരിച്ചും അനുഭവിച്ചും, ദൈവകൃപ യാചിച്ചു കൊണ്ടുള്ള തുടക്കം എത്ര അനുഗൃഹീതമാണ്.

പക്ഷേ, നമ്മുടെ സഭ വകയായുള്ള ഒരു ഓഫീസിലും അപ്രകാരമില്ല എന്നു ഖേദത്തോടെ പ്രസ്താവിക്കട്ടെ. കോട്ടയത്തെ ഒരു ബിസിനസ് ഓഫീസാണ് പടിഞ്ഞാറേക്കര ഏജൻസീസ്. അവിടെ എല്ലാ ദിവസവും സ്റ്റാഫ് ഒരുമിച്ച് പ്രാർത്ഥന നടത്തിയശേഷമാണ് പ്രവർത്തനങ്ങൾ തുടങ്ങുന്നത്. ഓർത്തഡോക്സ് സഭയുടെ കേന്ദ്രഓഫീസിൽ ആ അവസ്ഥ ഇനി എന്നാണോ ഉണ്ടാവുക? ഏതായാലും നാലു വർഷങ്ങൾക്കു മുമ്പ് ഞങ്ങൾ സണ്ടേസ്കൂൾ ഓഫീസിൽ ഇക്കാര്യം പ്രാവർത്തികമാക്കി. അഞ്ചോ ആറോ പേര് മാത്രമേ സ്റ്റാഫായിട്ടുള്ളു എങ്കിലും അവർ നിഷ്കർഷമായി പ്രാർത്ഥന നിർവ്വഹിക്കുന്നു.

11. കേന്ദ്രീകൃത മൂല്യനിർണ്ണയം

സണ്ടേസ്കൂൾ അഞ്ചു മുതൽ ഒൻപതു വരെയുള്ള ക്ലാസ്സുകളിലെ മത്സരപ്പരീക്ഷയും, പത്തും പന്ത്രണ്ടും ക്ലാസ്സിലെ വാർഷികപ്പരീക്ഷയും പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളാണ്. അദ്ധ്യാപകർക്കും വിദ്യാർത്ഥി

സി. യു. മാത്യു



പി. എ. ഫീലിപ്പോസ്

ചാണ്ടി സാമുവൽ (ബാബു)

കൾക്കും വളരെ സമ്മർദ്ദങ്ങളും സംഘർഷങ്ങളും ഉയരുന്ന അവസരവുമാണ്. കുറ്റമറ്റതായി പരീക്ഷ നടത്തി, യഥാസമയം പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തിയാൽ കൃത്യതയ്ക്കും കാര്യക്ഷമതയ്ക്കും സഹായമാവും എന്ന നിർദ്ദേശത്തെ അംഗീകരിച്ച് കഴിഞ്ഞ നാലു വർഷമായി അങ്ങനെ ചെയ്തുവരുന്നു. ഡിസംബർ അവസാനത്തിൽ നടക്കുന്ന പരീക്ഷകളുടെ ഫലം അടുത്ത ഫെബ്രുവരി പകുതിയോടുകൂടി പ്രസിദ്ധപ്പെടുത്തുവാൻ കഴിയുന്നു. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെയും ചില ഭദ്രാസന ഡയറക്ടർമാരുടെയും ഉത്സാഹവും പരിശ്രമവും പങ്കാളിത്തവും അഭിനന്ദനത്തോടെ അനുസ്മരിക്കേണ്ടതാണ്. റാങ്കുജേതാക്കളെ ഞാൻ നേരിട്ട് അനുമോദിക്കുകയും, അവർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

12. കമ്പ്യൂട്ടറൈസേഷൻ

നാമിന്നു ജീവിക്കുന്നത് കമ്പ്യൂട്ടറിന്റെ യുഗത്തിലാണ്. ലോകത്തുള്ള സമസ്ത വിജ്ഞാനവും നമ്മുടെ മുമ്പിലുള്ള കമ്പ്യൂട്ടർ സ്ക്രീനിൽ അണിനിരത്തുവാൻ സാധിക്കുന്ന സാഹചര്യമാണ്. ആശയസംവേദനവും ആശയവിനിമയവും ഇന്ന് സുഗമവും ക്ഷിപ്രവുമാക്കിത്തീർത്തിട്ടുണ്ട്. ലോകത്തോടൊത്തു നീങ്ങേണ്ടത് നമ്മുടെ ആവശ്യമാണ്. അതുകൊണ്ട് സണ്ടേസ്കൂൾ ഓഫീസ് സമ്പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ചു. ഒരു ബട്ടൺ ഞെക്കിയാൽ ഏതു വിവരവും ഏതു നിമിഷത്തിലും ലഭിക്കുവാൻ തക്ക സൗകര്യത്തിൽ ഓഫീസ് താമസംവിനാ എത്തിച്ചേരുമെന്നാണ് എന്റെ പ്രതീക്ഷ. ഓഫീസ് മാനേജരായി ഇപ്പോൾ പ്രവർത്തിക്കുന്ന ചെറിയാൻ മാത്യു ഈ രംഗത്ത് വളരെ അറിവും പരിചയവും താല്പര്യവും ഉള്ള ആളാണ്.

13. പി. എം. ജി. സെന്റർ

പരുമല മാർ ഗ്രീഗോറിയോസ് സെന്റർ എന്ന സ്ഥാപനത്തെപ്പറ്റിയുള്ള പരാമർശത്തോടെ സണ്ടേസ്കൂൾ അസോസിയേഷനുമായുള്ള എന്റെ പുരാവൃത്തം പര്യവസാനിപ്പിക്കുന്നു. ആ സ്ഥാപനം എന്റെ സ്വപ്ന സാക്ഷാത്ക്കാരമെന്നു പറയാം. മാർത്തോമ്മാ സഭ വകയായുള്ള ചരൽക്കുന്ന് കോൺഫറൻസ് സെന്റർ ആ സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ഒരു സ്ഥാപനമായിട്ടാണ് തുടക്കം. അതിനു മുൻകൈ എടുത്തത് മാർത്തോമ്മാ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ദീർഘകാല സെക്രട്ടറി ആയിരുന്ന കെ. കെ. ജോർജച്ചനാണ്. ഇന്ന് അത് വളർന്ന് മദ്ധ്യകേരളത്തിലെ അതുല്യമായ ഒരു സ്ഥാപനമായി വികസിച്ചിരിക്കുന്നു.

അതുപോലെ നമ്മുടെ സണ്ടേസ്കൂളിന്റെ വകയായി ഒരു കോൺഫ

റൻസ് സെന്റർ സ്ഥാപിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ഇക്കാര്യം സണ്ടേസ്കൂൾ അസോസിയേഷന്റെ എക്സിക്യൂട്ടീവിലും, പൊതുസമ്മേളനത്തിലും അവതരിപ്പിച്ച് അംഗീകാരം നേടി. അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തുന്നതിനായി നിയുക്തമായ കമ്മറ്റി പല സ്ഥലങ്ങൾ പരിശോധിച്ച ശേഷമാണ് വാകത്താനത്ത് ഞാലിയാകുഴിയിൽ മാർ ബസേലിയോസ് ദയറായുടെ സ്ഥലം തെരഞ്ഞെടുത്തത്. ഞാൻ മുൻകൈ എടുത്തു നടത്തുന്ന ഒരു സംരംഭമായതുകൊണ്ട് ദയറായുടെ പടിഞ്ഞാറുവശത്ത് ആവശ്യമായ സ്ഥലം വിലയ്ക്കു നൽകാമെന്ന് കോട്ടയം ഭദ്രാസനാധിപൻ മാർ ഈവാനിയോസ് തിരുമേനി സമ്മതിക്കുകയായിരുന്നു. പ്രകൃതിമനോഹരമായ സ്ഥലം; ഉയർന്ന കുന്നിൻമുകളിൽ നിന്ന് ചുറ്റിലേക്കു നോക്കിയാൽ ഹൃദ്യമായ ഒരു ദൃശ്യമാണ്. പടിഞ്ഞാറു വേമ്പനാട്ടു കായലിൽനിന്നുള്ള കാറ്റ് തഴുകിത്തലോടുന്ന സ്ഥലം. പ്രശാന്തമായ ഒരു ചുറ്റുപാടിലെത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം.

ഏതാണ്ട് അറുപതു പേർക്ക് താമസിക്കുവാൻ തക്കവണ്ണം സൗകര്യപ്രദമായ മുറികൾ, കോൺഫറൻസുഹാൾ, ഡൈനിങ്ങ്ഹാൾ ഇങ്ങനെ എല്ലാമുള്ള ഒരു മന്ദിരസമുച്ചയമാണ് അവിടെ ഉയർന്നിട്ടുള്ളത്. ഇതിനോടകമായി ഒന്നരക്കോടി രൂപയോളം ചെലവായിട്ടുണ്ട്. സഭാകേന്ദ്രത്തിൽ നിന്ന് കാര്യമായ സഹായമൊന്നും ലഭിച്ചിട്ടില്ല. സണ്ടേസ്കൂൾ കുട്ടികൾ ഉത്സാഹപൂർവ്വം കാർഡുകൾ കൊണ്ടുപോയി പണം പിരിച്ചു. ഇനിയും അത് പ്രവർത്തനക്ഷമമാക്കാൻ നാലു ലക്ഷം രൂപാ കൂടി ഉണ്ടാകണം. ബാങ്കിന്റെ ലോൺ മാസംതോറും ക്രമമായി അടച്ചുകൊണ്ടിരിക്കുന്നു.

ഞാൻ സണ്ടേസ്കൂൾ പ്രസ്ഥാനത്തോടു യാത്ര പറയുമ്പോൾ ഈ കോൺഫറൻസ് സെന്റർ പൂർത്തീകരിച്ച് അത് ഉപയോഗിക്കുന്ന ഒരു അവസ്ഥ കൈവന്നിട്ടില്ലല്ലോ എന്ന ഒരു കുണ്ഠിതമുണ്ട്. അതിന്റെ പൂർത്തീകരണവും മറ്റു കാര്യങ്ങളും എന്റെ പിൻഗാമിക്ക് ഞാൻ അവശേഷിപ്പിക്കുന്നു.

കുറെ കാര്യങ്ങൾ അക്കമിട്ട് ഞാൻ രേഖപ്പെടുത്തിയത് അവയെല്ലാം എന്റെ നേട്ടങ്ങളാണെന്ന അവകാശത്തിലല്ല. ഞാൻ നേതൃത്വത്തിലായിരുന്ന കാലത്ത് സാദ്ധ്യമായ കാര്യങ്ങൾ എന്നു മാത്രമേ പറയാനാവൂ. നേട്ടങ്ങളുടെയും വളർച്ചയുടെയും അവകാശം പ്രസ്ഥാനത്തോട് ഓരോ വിധത്തിൽ സഹകരിച്ച് പ്രവർത്തിച്ചിട്ടുള്ള എല്ലാവരുടേതുമാണ്. എല്ലാവർക്കും നന്ദി; ദൈവത്തിനു സ്തുതി.

കോട്ടയം സെൻട്രൽ ഭദ്രാസനം

പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ 1983-ലെ 36-ാം നമ്പർ കല്പനപ്രകാരം (36/83) കോട്ടയം സെൻട്രൽ ഭദ്രാസനം നിലവിൽ വന്നു. പ. ബാവായുടെ ആസ്ഥാനം കോട്ടയം ആയതുകൊണ്ട് നഗരത്തിലും അടുത്ത പ്രദേശങ്ങളിലുമുള്ള പള്ളികളെ ഉൾപ്പെടുത്തി കോട്ടയം സെൻട്രൽ ഭദ്രാസനം രൂപവൽക്കരിച്ചു. എല്ലാ ആദ്ധ്യാത്മികപ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തിക്കണമെന്നുള്ള പ. ബാവായുടെ നിർദ്ദേശപ്രകാരമാണ് ഇതു നടപ്പിലായത്.

എന്നാൽ 23-9-1992 വരെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിനു ഭദ്രാസന ഡയറക്ടർ എന്ന നിലയിൽ ആരെയും തെരഞ്ഞെടുക്കാതിരുന്നതിനാൽ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ തന്നെയാണു ഭദ്രാസന ഡയറക്ടറുടെ ചുമതല നിർവ്വഹിച്ചു വന്നത്.

1992 മാർച്ച് 29-ന് കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിൽ കൂടിയ ഭദ്രാസന അധ്യാപകരുടെ വാർഷികയോഗത്തിൽ കൊച്ചേട്ട് സി. ജെ. പുന്നൂസ് കത്തനാരെ ഭദ്രാസന ഡയറക്ടറായും കൂടത്തുംമുറിയിൽ ജോർജ് വറുഗീസിനെ ഭദ്രാസന പ്രതിനിധിയായും തെരഞ്ഞെടുത്തു. അന്നത്തെ യോഗത്തിൽ സന്നിഹിതനായിരുന്ന സണ്ടേസ്കൂളിന്റെ പബ്ലിക്കേഷൻ ഓഫീസർ ഫാ. റ്റി. ജി. സഖറിയായുടെ അഭിപ്രായവും പ. ബാവായുടെ പ്രത്യേക നിർദ്ദേശവും അനുസരിച്ചാണ് സെൻട്രൽ ഭദ്രാസനത്തിലും മറ്റു ഭദ്രാസനങ്ങളിലെപ്പോലെ ഭദ്രാസന ഡയറക്ടർ ഉണ്ടാകുവാൻ ഇടയായത്.

1995 ജൂൺ 9-ലെ 161-ാം നമ്പർ കല്പനപ്രകാരം മാണി പി. ചെറിയാൻ (പാലത്ര, കോട്ടയം) ഭദ്രാസന ഡയറക്ടറായും തൈക്കടവിൽ പ്രൊഫ. റ്റി. എം. മാത്യു ഭദ്രാസന പ്രതിനിധിയായും ചുമതലയേറ്റു.

1997-ൽ അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തപ്പെട്ട മത്സരങ്ങളിൽ അഞ്ചു സമ്മാനങ്ങളും 1997-ൽ ആറു സമ്മാനങ്ങളും ഈ ഭദ്രാസനം നേടി.

പത്താം ക്ലാസ്സിൽ ചെറിയപള്ളി സണ്ടേസ്കൂളിലെ മനോജ് വറുഗീസ് (പ്രൊഫ. പി. സി. വറുഗീസിന്റെ മകൻ) അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തപ്പെട്ട മത്സരത്തിൽ ഒന്നാം റാങ്കു വാങ്ങി സ്വർണ്ണമെഡൽ നേടി. അതുപോലെ 5, 6, 7, 8 എന്നീ ക്ലാസ്സുകളിലെ കുട്ടികളും ഈ ഭദ്രാസനത്തിൽ തുടർച്ചയായി അഖിലമലങ്കര മത്സരങ്ങളിൽ നേട്ടം കൊയ്തിട്ടുണ്ട്.

2010 ജൂൺ മാസം വരെ തുടർച്ചയായി പതിനഞ്ചു വർഷം മാണി പി.

ചെറിയാൻ ഭദ്രാസന ഡയറക്ടറായി ചുമതല നിർവ്വഹിച്ചു. ഇക്കാലത്ത് പ്രൊഫ. കെ. വി. ജോർജ്, പ്രൊഫ. റ്റി. എം. മാത്യു എന്നിവർ ഭദ്രാസന പ്രതിനിധികളായിരുന്നിട്ടുണ്ട്.

അടുത്തകാലത്ത് വാകത്താനത്തു പണിതുയർത്തിയ പരുമല മാർ ഗ്രീഗോറിയോസ് ധ്യാനപഠന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ഭദ്രാ സനത്തിൽ നിന്നു 78778 രൂപാ പിരിച്ചു നൽകിയതിനെ കേന്ദ്രകമ്മറ്റി പ്രത്യേകം പ്രശംസിച്ചു.

പഴയ തലമുറയിലെ ജോർജ് വറുഗീസ്, സി. മത്തായി, കെ. സി. ഈനോസ്, പി. യു. ജോർജ്, അലക്സാണ്ടർ ഉമ്മൻ, എം. വി. കുര്യാ ക്കോസ്, വറുഗീസ് വർക്കി, പി. സി. സാമുവേൽ, എം. പി. സ്കറിയാ, പി. ജെ. വറുഗീസ്, അച്ചാമ്മ മാത്യു, എം. സി. മത്തായി, കെ. വി. കുര്യാ ക്കോസ്, സി. വി. ജേക്കബ്, ഐവാൻ പി. പുന്നൻ, സി. എം. പ്രഭു, ഏ. കെ. ജോസഫ്, സി. കെ. ഐപ്പ്, ബേബി. കെ. മാണി, കെ. വി. കുര്യാ ക്കോസ് എന്നിവരേയും ഇ. ജെ. തോമസ് കോറെപ്പിസ്ക്കോപ്പാ, ഫാ. പി. വി. വറുഗീസ്, ഫാ. സി. ഒ. ജോർജ്, ഫാ. സി. ജെ. പുന്നൂസ്, സി. കെ. ജോസഫ് റമ്പാൻ എന്നിവരേയും കോട്ടയം ഭദ്രാസനത്തിലെ സണ്ടേ സ്കൂൾ പ്രവർത്തകരായ റ്റി. റ്റി, ചാക്കോ, ചെറിയാൻ ആൻഡ്രൂസ്, സി. എ. ഏബ്രഹാം തുടങ്ങിയവരും ഈ ഭദ്രാസനത്തിലെ പ്രവർത്തനങ്ങ ളുടെ വിജയത്തിന് വേണ്ട സഹായസഹകരണങ്ങൾ നൽകിയിട്ടുണ്ടെന്ന വസ്തുതയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

പഴഞ്ഞിയിലെ
സെന്റ് മേരീസ് സണ്ടേസ്കൂൾ
(മലങ്കരസഭയിലെ പ്രാചീനതമമായ സണ്ടേസ്കൂൾ)

ഫാ. ഡോ. ജോസഫ് ചീരൻ

മലങ്കര ഓർത്തഡോക്സ് സഭയിൽ ഏറ്റവും പഴക്കമേറിയ പഴഞ്ഞി സെന്റ് മേരീസ് സണ്ടേസ്കൂളിനെപ്പറ്റി ഒരു ലേഖനമെഴുതുവാൻ എന്റെ ജ്യേഷ്ഠ സുഹൃത്തായ കെ. വി. മാമ്മൻ ആവശ്യപ്പെട്ടപ്പോൾ ആ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയും അതിന്റെ ശതവത്സരാഘോഷത്തോടനുബന്ധിച്ച് 1971-ൽ പ്രസിദ്ധപ്പെടുത്തിയ സ്മാരക ഗ്രന്ഥത്തിന്റെ ചീഫ് എഡിറ്ററുമായ ഈ ലേഖകന് അനല്പമായ അഭിമാനവും സന്തോഷവും അനുഭവപ്പെട്ടു. ഞങ്ങളുടെ സണ്ടേസ്കൂളിന്റെ പഴക്കം മറ്റൊരു സണ്ടേസ്കൂളിനുമില്ല എന്ന അറിവ് ഞങ്ങൾക്ക് വിലപ്പെട്ടതായി തോന്നി.

"ഒരു സണ്ടേസ്കൂളിന്റെ ശതവാർഷികം ആഘോഷിക്കുക എന്നത് മലങ്കരസഭയിലെ ഒരു പള്ളിക്കും ലഭിക്കാത്ത അനന്യസാധാരണമായ ഒരു പദവിയായി കണക്കാക്കുന്നതിൽ തെറ്റില്ല" എന്ന് മലങ്കരയുടെ മഹാമല്പാൻ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായും "ഒരു സണ്ടേസ്കൂളിന്റെ ശതവാർഷികം ആഘോഷിക്കുന്നത് ഒരു അപൂർവ സംഭവമായിട്ടാണ് നാം കാണുന്നത്" എന്ന് ഇന്നത്തെ വലിയ കാതോലിക്കാബാവാ ആയിത്തീർന്ന തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും "പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ (അന്നദ്ദേഹത്തിന് മലങ്കരസഭ 'യാക്കോബായസഭ' ആയിരുന്നില്ല, ഓർത്തഡോക്സ് സഭ തന്നെ ആയിരുന്നു!!) ഇത്രയും പഴക്കവും പാരമ്പര്യവുമുള്ള മറ്റൊരു സണ്ടേസ്കൂൾ ഉള്ളതായി രേഖയില്ല" എന്ന് അന്നത്തെ ഡയറക്ടർ ജനറൽ വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പായും സന്ദേശങ്ങളിൽ ആധികാരികമായി രേഖപ്പെടുത്തുകയും ആ ചരിത്രവസ്തുത സുവർണ്ണ ജൂബിലി സുവനീറിൽ കേന്ദ്ര സണ്ടേസ്കൂൾ പ്രസ്ഥാനം അംഗീകരിച്ച് രേഖപ്പെടുത്തുകയും ചെയ്തതോടെ പഴഞ്ഞി ഇടവകയുടെ സംരംഭകശേഷിയും പൗരാണികത്വവും സുവർണ്ണ ലിപികളിൽ സാർവത്രിക ആദരത്തിനും ഔദ്യോഗിക സ്ഥിരീകരണത്തിനും വിധേയമായി.

1871 മലങ്കരസഭ ഗുരുതരമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ച കാലഘട്ടമായിരുന്നു. ഭരണീയരുടെ തെരഞ്ഞെടുപ്പോ സ്ഥാനാഭിഷേക ശുശ്രൂഷവേളയിലെ പ്രഖ്യാപനമോ കൂടാതെ ചരിത്രത്തിലാദ്യമായി

ഒരാൾ രാജകീയാംഗീകാരത്തിന്റെ മാത്രം പിൻബലത്തിൽ മലങ്കര മെത്രാപ്പോലീത്താ ആയി രംഗപ്രവേശം ചെയ്ത കാലഘട്ടം. രാജഭരണം നിലനിന്ന കാലമായതിനാൽ രാജകീയ വിളംബരം നേടിയ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ തിരസ്ക്കരിക്കുക അസാധ്യമായിരുന്നു. എന്നാൽ സാധുവായ സ്ഥാനപത്രം കൂടാതെയും സഭയുടെ അടിസ്ഥാന വിശ്വാസങ്ങളോട് ആദരം പുലർത്താതെയും സഭാഭരണം ആരംഭിച്ച മലങ്കര മെത്രാനെ സ്വീകരിക്കുക ദുഷ്ക്കരവും ആയിരുന്നു. മെത്രാപ്പോലീത്തായുടെ നവീകരണശ്രമങ്ങളെ അടയാളപ്പെടുത്തുവാൻ അദ്ദേഹം കോട്ടയം സെമിനാരിയിൽ നിന്ന് 1856-ൽ പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാരക്രമത്തെ ചരിത്രകാരന്മാർ അവലംബമാക്കിയിട്ടുണ്ട്. പാലക്കുന്നത്തു മെത്രാച്ചന്റെ കാലംശേഷം നൂറ്റിമുപ്പത്തിയഞ്ച് വർഷം കഴിഞ്ഞ് ഡോ. കുര്യൻ തോമസിനെപ്പോലുള്ള ചരിത്രപണ്ഡിതന്മാർ അങ്ങനെ ഒരു നമസ്ക്കാരക്രമം മലയാളത്തിൽ ഇറങ്ങിയിട്ടില്ലെന്നും അപ്രകാരം ചിലർ പ്രചരിപ്പിക്കുന്നത് പാലക്കുന്നത്ത് മെത്രാച്ചനെ നവീകരണ നേതാവെന്ന് മുദ്രകുത്തി അപകീർത്തിപ്പെടുത്താനാണെന്നും ആണയിട്ട് പറയുന്നുണ്ടെങ്കിലും (പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ, പ്രസാധനം: മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണവകുപ്പ്) ആധികാരികമായ സമകാല പ്രസ്താവനകൾ ചരിത്രത്തിൽ സുലഭമായിരിക്കേ അതൊന്നും ചരിത്ര വിദ്യാർത്ഥികൾക്ക് അംഗീകരിക്കാനാവില്ല. പ്രസിദ്ധ ചരിത്രകാരനായ എം. പി. വർക്കി രേഖപ്പെടുത്തിയ സമകാല പ്രസ്താവന കാണുക: "... ആദ്യമേ തന്നെ ഇദ്ദേഹം കോട്ടയത്ത് സെമിനാരിയിൽ ഒരു അച്ചുകൂടം സ്ഥാപിച്ച്, ഈ അച്ചുകൂടത്തിൽ നിന്ന് 1031-ൽ മലയാളത്തിൽ ഒരു പുതിയ നമസ്ക്കാര പ്പുസ്തകം അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി. ഇതിലെ പ്രാർത്ഥനകൾ മിക്കതും ഇവിടെ പൂർവികമായി ഉപയോഗിച്ചു വന്നവ തന്നെ ആയിരുന്നു എങ്കിലും 'നന്മ നിറഞ്ഞ മറിയമേ' എന്ന് തുടങ്ങുന്നതായ പ്രാർത്ഥന ഇല്ലായിരുന്നു" (മാർ ദീവന്നാസ്യോസ്, സുവർണ്ണയുഗശില്പി, ഫാ. ഡോ. ജോസഫ് ചീരൻ (എഡി), കുന്നംകുളം എം.ജെ.ഡി. പബ്ലിഷേഴ്സ്, പുറം 62).

പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഉത്തമ സുഹൃത്തും കോട്ടയം സെമിനാരിക്കുവേണ്ടി അദ്ദേഹം സംഘടിപ്പിച്ച പ്രവർത്തക സമിതിയിലെ പ്രമുഖാംഗവും പിന്നീട് കാര്യങ്ങൾ തിരിച്ചറിഞ്ഞ് നവീകരണ ക്യാമ്പിനോട് യാത്രപറഞ്ഞ് പത്രോസ് പാത്രിയർക്കീസിൽ നിന്ന് കൊച്ചി മെത്രാസനത്തിന് വേണ്ടി ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനാവുകയും *കണ്ടനാട് ഗ്രന്ഥവരി* എന്ന് പില്ക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട മലങ്കരസഭാ ചരിത്രം രചിക്കുകയും ചെയ്ത കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് നവീകരണ മെത്രാന്റെ ദേഹ

വിയോഗത്തിൽ അനുസ്മരിക്കുന്ന സമകാല നിരീക്ഷണം താഴെ ചേർക്കുന്നു:

"... ദീനം കൂടുതലായി വരികയാൽ അനന്തരവൻ തോമ്മാ ബലയാറും അഞ്ഞൂർ നിന്ന് കൈവാഴ്ചക്കാരൻ ബലയാറും മാരാമണ്ണ് എത്തുകയും ദീനം സുഖമില്ല എന്ന് കണ്ടതിനാൽ സുറിയാനിക്കാരുടെ ക്രമപ്രകാരം 'ഉപ്പ്റൂശ്മാ' എന്ന് സാധാരണമായി പറഞ്ഞുവരുന്ന 'തൈലംപൂശൽ' മുതലായത് കഴിക്കയും ചെയ്തതിന്റെ ശേഷം കൊല്ലം 1052-ാമാണ്ട് കർക്കിടക മാസം 4-ാം തീയതി തിങ്കളാഴ്ച ഈ മാർഗവിരോധിയും അനുസരണക്കേടുകാരനുമായ അത്താനാസ്യോസ് എന്ന് പറഞ്ഞുവന്ന മത്തിയാസ് ബലയാർ ഈ ലോകംവിട്ട് മരണം പ്രാപിക്കുകയും ചെയ്തു. ... ഇന്ന് സുറിയാനിക്കാരുടെ മാർഗ്ഗവിരോധവും അനുസരണക്കേടും ആത്മീയ ഭക്തിക്കുറവും അല്ലാതെ യാതൊരു കുറവും പറയാനില്ല. ... സുറിയാനിക്കാരുടെ കാനോനാകൾക്കും ചട്ടത്തിനും വിശ്വാസത്തിനും വിരോധമായി തമ്പുരാനെപ്പെറ്റ മാതാവിനോടും പരിശുദ്ധന്മാരോടും പ്രാർത്ഥിക്കേണ്ട എന്നും മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥന വേണ്ട എന്നും ഇവകൾ കൊണ്ട് യാതൊരു ഉപകാരവും ഗുണവും ഇല്ലെന്നത്രേ ഈ ആളിന്റെ വിശ്വാസവും പ്രവൃത്തിയും. ... അത് എന്തെന്നാൽ ശുദ്ധിമാന്മാരോടുള്ള പ്രാർത്ഥനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും നീക്കി സുറിയാനിക്കാരുടെ പല നമസ്ക്കാരപ്പുസ്തകങ്ങളും അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്തു (കണ്ടനാട് ഗ്രന്ഥവരി, പ്രസാധകൻ: ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, 2008, പുറം 404, 405). ആധികാരികവും സമകാലികവുമായ ഈ രണ്ടു സാക്ഷ്യങ്ങൾ നമ്മുടെ മുമ്പിലുണ്ടായിരിക്കേ താഴെ പറയുംപ്രകാരമുള്ള ഡോ. കുര്യൻ തോമസിന്റെ നിഗമനങ്ങൾ ചരിത്രവിദ്യാർത്ഥികൾക്ക് അസ്വീകാര്യം തന്നെയാണ്. അദ്ദേഹം എഴുതുന്നു: "ലേഖകന്റെ അനുമാനത്തിൽ 1031-ലെ നമസ്ക്കാരക്രമത്തെപ്പറ്റിയുള്ള പരാമർശത്തിൽ എന്തോ ഒരു ദുരൂഹത ഉണ്ട്. ഒന്നുകിൽ ആ കൃതി മാർ അത്താനാസ്യോസിനെ നവീകരണ പക്ഷപാതിയാക്കാൻ പിൽക്കാലത്ത് കെട്ടിച്ചമച്ചതാണ്. അല്ലെങ്കിൽ ആ കൃതി സുറിയാനിയിൽ തന്നെയാണ്. അതുമല്ലെങ്കിൽ അപ്രകാരം ഒരു കൃതി നിലവിലില്ല." "കൊല്ലവർഷം 1031-ൽ (1856) കോട്ടയം സുറിയാനി സെമിനാരി പ്രസിൽ ഒരു പ്രാർത്ഥനപ്പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്. ഈ പുസ്തകത്തിൽ 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഇല്ലായിരുന്നത്രേ. ഈ പുസ്തകം മലയാളത്തിലാണെങ്കിൽ അതായിരിക്കണം മലങ്കരസഭയിലെ മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യ പ്രാർത്ഥനാ പുസ്തകം. പക്ഷേ, ഈ പുസ്തകം ഇന്ന് ലഭ്യമല്ല" (പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ, എം.ഒ.സി. പ്രസിദ്ധീകരണം, 2011, പുറം 286, 284).

മലയാളത്തിൽ നാളിതുവരെ പ്രസിദ്ധീകരിക്കപ്പെട്ട എല്ലാ പ്രാർത്ഥന ക്രമങ്ങളും ഗവേഷണ പഠനത്തിന് വിധേയമാക്കി എന്ന ധാർഷ്ട്യം ധ്വനിപ്പിക്കുന്ന ഈ സിദ്ധാന്തം അവതരിപ്പിച്ച ലേഖകനും അത് അതേപടി പ്രസാധനം ചെയ്ത സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പുകാരും ഒരു സത്യം അറിയണം. 1856-ൽ പാലക്കുന്നത്ത് വലിയ മെത്രാച്ചൻ പ്രസിദ്ധീകരിച്ച നമസ്ക്കാരത്തിന്റെ മൂന്നാം പതിപ്പ് (1865) ഈ ലേഖകന്റെ കൈവശം ഉണ്ട്. അതിൽ എം.പി. വർക്കിയും കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നൽകിയ സമകാല നിരീക്ഷണം സാക്ഷ്യപ്പെടുത്തുംപ്രകാരം 'കൃപ നിറഞ്ഞ മറിയമേ' എന്ന മദ്ധ്യസ്ഥ പ്രാർത്ഥനയും മരിച്ചവർക്ക് വേണ്ടിയുള്ള മാർ ബാലായിയുടെ അപേക്ഷയും നീക്കം ചെയ്തതായി കാണുന്നു (ഈ അടുത്ത ഏതാനും വർഷങ്ങളായി ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മുദ്ര ചാർത്തി പ്രസിദ്ധീകരിക്കുന്ന പല മാസികകളിലും ഗ്രന്ഥങ്ങളിലും ഗവേഷണമെന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന പല രചനകളിലും ബാലിശവും ഉപരിപ്ലവവുമായ നിരീക്ഷണങ്ങളും അസത്യങ്ങളും അർദ്ധസത്യങ്ങളും നിറഞ്ഞ ഔദ്ധത്യങ്ങളും ധാർഷ്ട്യങ്ങളും ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നതായി സഭാചരിത്ര വിദ്യാർത്ഥികൾ നിരീക്ഷിച്ചിട്ടുണ്ട്).

രാജകീയ വിളംബരം കിട്ടിയതിന്ശേഷം 1853-ൽ നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് കുന്നംകുളം-പഴഞ്ഞി പ്രദേശങ്ങളിൽ വലിയനോമ്പിന്റെ മദ്ധ്യം മുതൽ പെന്തിക്കോസ്തിപ്പെരുന്നാൾ വരെ താമസിച്ചു. അക്കൊല്ലത്തെ പെന്തിക്കോസ്തി പെരുനാളിൽ മാർ അത്താനാസ്യോസ് കോട്ടയം പുന്നത്ര താഴത്ത് ചാണ്ടപ്പിള്ള കത്തനാർക്ക് (അലക്സാണ്ടർ) ആദ്യപട്ടം നൽകിയതായി പുന്നത്ര കുടുംബചരിത്രത്തിൽ രേഖയുണ്ട്. അക്കാലത്ത് നവീകരണത്തിനനുകൂലമായ ഒരു കാലാവസ്ഥ കുന്നംകുളം, തൊഴിയൂർ, പഴഞ്ഞി പ്രദേശങ്ങളിൽ അദ്ദേഹം പുഷ്ടിപ്പെടുത്തി. പഴഞ്ഞി പള്ളിയിലെ ചുമർ ചിത്രങ്ങൾ ഇക്കാലത്താണ് നവീകരണ മെത്രാൻ വെള്ളപൂശി അപ്രത്യക്ഷമാക്കിയത്. കലകളോട് നവീകരണക്കാർക്ക് ആദ്യകാലങ്ങളിൽ തീരെ ആഭിമുഖ്യമുണ്ടായിരുന്നില്ല. പഴഞ്ഞിയിൽ ഏതാനും യുവാക്കൾ ആത്മീയഭക്തിയുടെ പേരിൽ ചെറിയ കൂട്ടായ്മകൾ സംഘടിപ്പിച്ചു. പഴഞ്ഞി പള്ളിയിൽ ഈ കൂട്ടായ്മക്കാർ സമ്മേളിച്ചിരുന്നത് പഴഞ്ഞി പള്ളിയുടെ വടക്കേ പടിപ്പുര കെട്ടിടത്തിന്റെ വരാന്തയിലാണ്. താൻ കശ്ശീശാപട്ടമേറ്റ് ആദ്യം ശുശ്രൂഷ ചെയ്ത പഴഞ്ഞി പഴയപള്ളിയിൽ നവീകരണത്തിന്റെ വിളകൾ വളരുന്നത് 1865-ൽ മേല്പട്ടം ഏറ്റ പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് ജാഗ്രതയോടെ ശ്രദ്ധിച്ചു. നവീകരണത്തെ ഫലപ്രദമായി ചെറുക്കുവാൻ ഏതാനും വൈദികരെ അദ്ദേഹം പട്ടംകെട്ടി നിയോഗിച്ചു. 1868 ഡിസംബർ 1-ന് ചീരൻ ഇട്ടൂപ്പ് (ജോസഫ്),

പുലിക്കോട്ടിൽ (വടക്കൂട്ട്) സ്കറിയ എന്നിവരെയും പുലിക്കോട്ടിൽ ഇസ ഹാക്ക്, പുലിക്കോട്ടിൽ ഗീവറുഗീസ്, ചീരൻ യാക്കോബ് എന്നിവരെയും കശ്ശീശന്മാരായി അദ്ദേഹം നിയമിച്ചു. പുതിയ സംഘം വൈദികരുടെ നേതാവായ ചീരൻ ഇട്ടൂപ്പ് കത്തനാർ നവീകരണത്തിനെതിരായ ഫല പ്രദമായ പ്രബോധനങ്ങൾ ആരംഭിച്ചു. അപ്രകാരമാണ് 1870-ൽ സണ്ടേ സ്കൂൾ പഴഞ്ഞി പഴയപള്ളിയിൽ ആരംഭിക്കുന്നത്. 1971-ൽ പ്രസിദ്ധീക രിച്ച ശതവാർഷിക സുവനിറിന്റെ പത്രാധിപക്കുറിപ്പിൽ ഈ സാഹചര്യം താഴെപറയുംപ്രകാരം വിവരിച്ചിരിക്കുന്നു:

"നവീകരണ ചിന്തകൾ ഏകസഭയിൽ ശിഥിലീകരണ പ്രവണതകൾ അഴിച്ചുവിട്ടപ്പോൾ, പൈതൽപ്രായത്തിൽ തന്നെ സഭാംഗങ്ങളെ സത്യവി ശ്വാസം ഗ്രഹിപ്പിക്കുവാനും ക്രമേണ നവീന ഉപദേശങ്ങളെ ചെറുത്തു നില്ക്കുവാൻ പ്രാപ്തരാക്കുവാനുമായിട്ടാണ് ഈ അസംഘടിത വിദ്യാ ഭ്യാസത്തിന് ഒരു പ്രസ്ഥാനത്തിന്റെ കീഴിൽ സംഘടിത രൂപം നൽകി യത്. ആരംഭദശയിൽ തന്നെ ഈ പ്രസ്ഥാനത്തെ ദീർഘവീക്ഷണ ത്തോടെ കാണാനും ആദരിക്കാനും ഈ ഇടവക സന്നദ്ധമായതുകൊ ണ്ടാണ് ഇന്ന് ഈ ഇടവകയ്ക്ക് ഈ മഹാഭാഗ്യം കൈവന്നത്." പുലി ക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാ പ്പോലീത്താ നവീകരണത്തെ ചെറുക്കുവാനായി 1865-ൽ സഭയിലാകെ ആരംഭിച്ച സണ്ടേസ്കൂൾ പ്രസ്ഥാനം 'രവിവാര പാഠശാല' എന്ന പേരിൽ 1871-ൽ പഴഞ്ഞിയിലാരംഭിക്കുവാൻ അന്നത്തെ വികാരി ചീരൻ ഇട്ടൂപ്പ് കത്തനാർക്ക് സാധിച്ചു. ധീരസാഹസികനായ ഈ ചീരൻ ഇട്ടൂപ്പ് കത്ത നാർ മലങ്കരസഭയുടെ ഏറ്റവും വടക്കു പടിഞ്ഞാറെ അറ്റത്ത് സ്ഥിതി ചെയ്യുന്ന പഴഞ്ഞിയേയും ചാലശ്ശേരിയേയും പ്രതിനിധീകരിച്ച് 1873-ലെ പരുമല സുന്നഹദോസിലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിലും പങ്കെടുക്കുകയും കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ രൂപീകരണത്തിന് സാക്ഷിയാവുകയും ചെയ്തു (നസ്രാണി അസോസിയേഷൻ എന്നല്ല ക്രിസ്ത്യാനി അസോസിയേഷൻ എന്നാണ് നമ്മുടെ സമുദായ സംഘട നയുടെ പേർ എന്നത് 'നസ്രാണി' നാമവക്താക്കൾ ഗ്രഹിച്ചിരിക്കേണ്ട താണ്. നസ്രാണികൾ, പുത്തൻകൂറ്റുകാർ, യാക്കോബായക്കാർ എന്നി ങ്ങനെ നമ്മുടെ മതത്തിന്റെയും സമുദായത്തിന്റെയും എതിരാളികൾ നമ്മെ പരിഹാസപൂർവ്വം വിശേഷിപ്പിച്ച പേരുകൾ അവജ്ഞയോടെ ഉപേ ക്ഷിക്കുന്നതിനു പകരം അഭിമാനപൂർവ്വം നെഞ്ചേറ്റി ലാളിക്കുവാൻ ചിലർ ശ്രമിച്ചിട്ടുള്ളത് 'കഥകൾ' അറിയാതെയാകാം).

ചീരൻ ഇട്ടൂപ്പ് കത്തനാർ ആരംഭിച്ച ഈ വിദ്യാലയം ഫലപ്രദമായി പ്രവർത്തിച്ചു. പത്തിരുപത് കൊല്ലം കൊണ്ട് നവീകരണത്തെ ചെറുക്കുന്ന

ഒരു തലമുറ പഴഞ്ഞിയിൽ രൂപപ്പെട്ടു. പിന്നീട് ഇടവക ശുശ്രൂഷയിൽ പ്രവേശിച്ച വൈദികരിൽ ചീരൻ യാക്കോബ് കശ്ശീശാ, പുലിക്കോട്ടിൽ ശീമോൻ കശ്ശീശാ എന്നിവർ നവീകരണത്തെ പിന്തുണച്ചു. ചീരൻ ഇട്ടൂപ്പ് കത്തനാർ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മാവുള്ള പുലിക്കോട്ടിൽ ഇസഹാക്ക് കശ്ശീശ രംഗപ്രവേശം ചെയ്തു. "ഇക്കാലത്ത് 18 ആളുകൾ കർമ്മഭക്തിയിൽ നിന്ന് പിൻവാങ്ങി. രക്ഷ ക്രിസ്തുവിൽ നിവർത്തിച്ചിരിക്കുന്നതായി വിശ്വസിക്കയും ഞായറാഴ്ചതോറും ഉച്ച കഴിഞ്ഞ് പഴഞ്ഞി പള്ളിയുടെ വടക്കേ പടിപ്പുര മുകളിൽ വായനക്കായി കൂടിവരികയും ചെയ്തു. 'നന്മ നിറഞ്ഞ മറിയമേ' മുതലായ പ്രാർത്ഥനകൾ ചൊല്ലുന്നതിൽ ഈ വായനക്കാർ വൈമനസ്യം കാണിച്ചതിൽ ഇടവക ജനങ്ങളിൽ ബഹുഭൂരിപക്ഷം വല്ലാതെ ക്ഷോഭിക്കുകയും അവരെ പടിപ്പുരയിൽ നിന്ന് നിഷ്ക്കാസനം ചെയ്യുകയും ഉണ്ടായി. പടിപ്പുരയിലെ യോഗം വായനക്കാരിൽ മുമ്പനായ കൂത്തൂർ ഇട്ടൂപ്പ് കുരിയൻ അവർകളുടെ ഉമ്മറത്ത് തുടങ്ങി...." (പഴഞ്ഞി മാർത്തോമ്മാ ഇമ്മാനുവേൽ പള്ളി ഇടവക ചരിത്ര സംഗ്രഹം, പു. 13, 14). നവീകരണാനുകൂലികളായ മൂന്ന് വൈദികരെയും പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സസ്പെൻഡ് ചെയ്തതോടെ നവീകരണക്കാർ വ്യവഹാരം ആരംഭിച്ചു. ഇതിനോടകം പുലിക്കോട്ടിൽ ഇസഹാക്കു കത്തനാർ അന്തരിച്ചിരുന്നു. വ്യവഹാരത്തിൽ അന്തിമ പരാജയം ഏറ്റുവാങ്ങി നവീകരണ വൈദികരും അനുയായികളും പൂർവിക ഇടവകയെ വിട്ട് പുതിയ പള്ളി സ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. പിന്നീട് ചീരൻ ഗീവറുഗീസ് കശ്ശീശാ 1893 മുതൽ പഴഞ്ഞിപള്ളിയുടെ വികാരിയായി.

ഇടവകയിലെ പ്രധാനികളായ പുലിക്കോട്ടിൽ ചുമ്മാർ ചുമ്മാർ, മണ്ടുമ്പാൻ വറീയത്, മച്ചിട്ടിൽ പുലിക്കോട്ടിൽ മാത്തു തുടങ്ങിയവരുടെ കലവറ കൂടാത്ത പിന്തുണ ചീരൻ ഗീവറുഗീസ് കശ്ശീശായ്ക്കും ലഭിച്ചതോടെ നവീകരണക്കാരുടെ കൊഴിഞ്ഞുപോക്കു മൂലം ഉണ്ടായ നഷ്ടം നികത്തുവാൻ സാധിക്കുകയും സണ്ടേസ്കൂൾ പൂർവാധികം കാര്യക്ഷമമായി നടത്തുകയും ചെയ്തു. പിന്നീട് അദ്ദേഹം സ്വഗുരുനാഥനായ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസിന്റെയും ആത്മീയ പിതാവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെയും പ്രേരണയോടെ കാട്ടകാമ്പാൽ, പെങ്ങാമുക്ക്, മങ്ങാട്, പഴഞ്ഞി, കരിക്കാട് എന്നീ സമീപ പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങളും വായനായോഗങ്ങളും സണ്ടേസ്കൂളുകളും ആരംഭിച്ചു. നവീകരണക്കാർ കൂടുതൽ താമസിക്കുന്ന യെരുശലേം (പഴഞ്ഞി) അങ്ങാടിയിൽ ഒരു ചാപ്പലും ഹോളും നിർമ്മിച്ച് അവിടെ പതിവായി സണ്ടേസ്കൂൾ ക്ലാസുകളും വായനായോഗവും നടത്തുവാൻ ചീരൻ ഗീവറുഗീസ് കശ്ശീശാ നേതൃത്വം നൽകി. തെക്കേ അങ്ങാടിയിൽ

(പഴഞ്ഞി) ഒരു അനാഥശാല പണിയുകയും അതിന്റെ ചിലവുകൾ നേരിടാൻ മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ ഒരു കുരിശുപള്ളി സ്ഥാപിക്കുകയും ചെയ്തതോടെ ഇടവക സജീവമായി. പുലാക്കൽ ചേറുകാക്കു, തോലത്ത് ചാക്കോരു ഇട്ടൂപ്പ്, അരിമ്പൂർ ഐപ്പൂരു, അയ്യാംകുളങ്ങര ഉതുപ്പൂരു വർഗ്ഗീസ്, ചീരൻ മത്തായി ഔസേഫ് എന്നിവർ ചീരൻ ഗീവറുഗ്ഗീസ് കശ്ശീശായുടെ പ്രവർത്തനത്തെ ഹൃദയപൂർവ്വം പിന്തുണച്ചു. പിന്നീട് പുലിക്കോട്ടിൽ മത്തായി കത്തനാരും കുറേക്കൂടി കഴിഞ്ഞ് കൊള്ളന്നൂർ യാക്കോബ് കത്തനാരും ഇടവക ശുശ്രൂഷയിൽ പങ്കാളികളായതോടെ സണ്ടേസ്കൂൾ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി. കൂത്തൂർ ചാക്കു ഇയ്യുകുട്ടി, മണ്ടുമ്പാൽ വറീയതു ഉതുപ്പ്, ചീരൻ ഇയ്യുണ്ണി ഉക്കുറുകുട്ടി എന്നിവർ ആയിരുന്നു ആദ്യകാല ഹെഡ്മാസ്റ്റർമാർ. ഇവരോടൊപ്പം പി. റ്റി. ശമുവേൽ, കെ. ജെ. പോൾ, സി. ഐ. താരു മാസ്റ്റർ, പുലിക്കോട്ടിൽ കൊച്ചാപ്പി മാസ്റ്റർ, അരിമ്പൂർ ഇട്ടിക്കുരു, ചെറുവത്തൂർ ഇട്ടിക്കുരു തുടങ്ങിയവരും രംഗത്തെത്തിയതോടെ സണ്ടേസ്കൂൾ അതിന്റെ സുവർണ്ണ ദശയിലേക്ക് പ്രവേശിക്കുകയായി. 85-ഓളം അദ്ധ്യേതാക്കളും പത്തോളം അധ്യാപകരുമായി പ്രവർത്തനം ആരംഭിച്ച സണ്ടേസ്കൂൾ 1934 ആകുമ്പോഴേക്കും 97 വിദ്യാർത്ഥിനികളും 78 ആൺകുട്ടികളും ഉൾപ്പെടെ 175 അധ്യേതാക്കളും 14 അദ്ധ്യാപകരുമായി വളർന്നു. ഏഴ് ക്ലാസുകൾ ആൺകുട്ടികൾക്കും വേറെ വേറെ നടത്തുകയായിരുന്നു. പള്ളിയുടെ വടക്കുപടിഞ്ഞാറു ഭാഗത്തായി 'എൽ' ആകൃതിയിൽ നിർമ്മിച്ച സണ്ടേസ്കൂൾ കെട്ടിടത്തിൽ തെക്കുവടക്ക് കെട്ടിടത്തിൽ പെൺകുട്ടികൾക്കും കിഴക്കു പടിഞ്ഞാറ് ഭാഗത്ത് ആൺകുട്ടികൾക്കുമായി ക്ലാസുകൾ ക്രമീകരിക്കുവാൻ ചീരൻ ഗീവറുഗീസ് കശ്ശീശായ്ക്ക് കഴിഞ്ഞു. പില്ക്കാലത്തുണ്ടായ കൊടുങ്കാറ്റിൽ (1941) കിഴക്കു പടിഞ്ഞാറെ ഭാഗം നിലംപൊത്തിയപ്പോൾ ആൺകുട്ടികളുടെ ക്ലാസുകൾ പള്ളിവരാന്തകളിലും മറ്റുമായാണ് നടത്തിയിരുന്നത്.

നാലാത്ര ഡീക്കൻ എൻ. ഐ. പോത്തന്റെ നേതൃത്വത്തിൽ തയാറാക്കപ്പെട്ട പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പിന്നീട് കെ. ദാവീദച്ചന്റെ പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളും ഇവിടെ സ്വീകരിച്ചത് ചീരൻ ഗീവറുഗീസ് കശ്ശീശായുടെ കാലത്താണ്. അക്കാലത്ത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഗീവറുഗീസ് കശ്ശീശായുടെ സഹപാഠിയായ കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ് തുടങ്ങിയ പിതാക്കന്മാർ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്. 1931-ൽ വികാരി രോഗശയ്യയിലാവുകയും 34-35 വർഷങ്ങളിൽ യഥാക്രമം ചീരൻ ഗീവറുഗീസ്, പുലിക്കോട്ടിൽ മത്തായി എന്നീ കശ്ശീശന്മാർ അന്തരിക്കുകയും ചെയ്തതോടെ ശേഷിച്ച കൊള്ളന്നൂർ യാക്കോബ് കശ്ശീശായ്ക്ക് അതിവിസ്തൃതമായ ഇടവകയുടെ ഭാരം ഏക

നായി വഹിക്കേണ്ടി വന്നു. ഇടവകയുടെ എന്നപോലെ സണ്ടേസ്കൂളിനും ഇതൊരു ഗ്രഹണകാലമായിരുന്നു. പഴഞ്ഞി, പെങ്ങാമുക്ക്, കാട്ടകാമ്പാൽ, മങ്ങാട്, മൂലേപ്പാട്, പെരുന്തുരുത്തി, കോട്ടോൻ, കരിക്കാട്, മൂക്കുതല, കല്ലുംപുറം തുടങ്ങിയ പ്രദേശങ്ങളിലായി വ്യാപിച്ച് കിടന്ന ഇടവകയുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുവാൻ ഒരാൾക്കു തനിയെ കഴിയുമായിരുന്നില്ല. തന്മൂലം ഇടവകയിലെ വായനായോഗങ്ങളും സണ്ടേസ്കൂളുകളും മാർ ബസ്സേലിയോസ് സുവിശേഷസംഘത്തിന്റെ ചുമതലയിൽ നടന്നിരുന്ന ആത്മീയപ്രസ്ഥാനങ്ങളും മന്ദീഭവിച്ചത് ഇടവകയിൽ പ്രൊട്ടസ്റ്റന്റ് സമൂഹങ്ങൾക്ക് വേരു പിടിച്ചു വളരുവാൻ സാഹചര്യമൊരുക്കി. 1934 മുതൽ 1951 വരെ നീണ്ടുനിന്ന ഈ കാലഘട്ടത്തിലാണ് ഇടവക റിസീവർ ഭരണത്തിൻകീഴിലായതും നിരവധി പെന്തക്കോസ്ത് ഗ്രൂപ്പുകൾ അവരുടെ സഭകൾ പഴഞ്ഞിയിലും പ്രാന്തപ്രദേശത്തുമായി സ്ഥാപിച്ചതും. നാമമാത്രമായിട്ടാണെങ്കിലും അപ്പോഴും സണ്ടേസ്കൂൾ പ്രവർത്തനം നിലച്ചിരുന്നില്ല.

പിന്നീട് 1951-ൽ ചീരൻ തെക്കേക്കര ഏബ്രഹാം കശ്ശീശായും 1954-ൽ കെ. സി. ജോസഫ് കശ്ശീശായും രംഗത്തെത്തിയതോടെ സണ്ടേസ്കൂൾ ഉന്മേഷത്തിലായി. കെ. സി. ജോസഫ് കശ്ശീശായുടെ സവിശേഷമായ ശ്രദ്ധയും താല്പര്യവും ലഭിച്ചതോടെ സണ്ടേസ്കൂൾ ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ തുടങ്ങി. കൊടുങ്കാറ്റിൽ നിലംപൊത്തിയ കെട്ടിടം പുനർനിർമ്മിച്ചതും സണ്ടേസ്കൂളിന് ഒരു നല്ല ലൈബ്രറി സംഘടിപ്പിച്ചതും അദ്ദേഹത്തിന്റെ ഉത്സാഹത്തിലായിരുന്നു. കുറെക്കാലം ഹെഡ്മാസ്റ്റർ ആയി പ്രവർത്തിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. ഒ.എസ്.എസ്. എ.ഇ. സ്ഥാപിക്കുന്നതിന് മുമ്പ് കുന്നംകുളം-പഴഞ്ഞി സണ്ടേസ്കൂൾ അസോസിയേഷൻ എന്ന പേരിൽ കുന്നംകുളം-പഴഞ്ഞി പ്രദേശത്തുള്ള എല്ലാ സണ്ടേസ്കൂളുകളെയും കൂട്ടിയിണക്കി ഒരു പ്രസ്ഥാനം ഫാ. കെ. സി. ജോസഫിന്റെ ഉത്സാഹത്തിൽ സ്ഥാപിതമായി. ശതവാർഷിക സുവനീറിൽ അക്കാര്യം ഫാ. കെ. സി. ജോസഫ് പ്രതിപാദിക്കുന്നത് കാണുക: "പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ രൂപം കൊണ്ടത് 1964-ൽ ആണല്ലോ. എന്നാൽ ഈ വലിയ പ്രസ്ഥാനം രൂപം കൊള്ളുന്നതിന് മുമ്പു തന്നെ ഒരു കൊച്ചു സണ്ടേസ്കൂൾ അസോസ്യേഷൻ മലങ്കരയുടെ ഹൃദയഭാഗത്ത് രൂപം കൊണ്ടിരുന്നു. കുന്നംകുളം-പഴഞ്ഞി ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷൻ എന്നായിരുന്നു അതിന്റെ പേർ. കുട്ടികൾക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾക്ക് നേരിട്ട ക്ഷാമം പരിഹരിക്കാനായിരുന്നു ഈ അസോസ്യേഷൻ ഉടലെടുത്തത്. കുന്നംകുളം-പഴഞ്ഞി സെന്ററിൽപെട്ട 23 സണ്ടേസ്കൂൾ ഇതിന്റെ കീഴിൽ അംഗങ്ങളാവുകയും അവർക്കാവശ്യമായ എല്ലാ പാഠപുസ്തകങ്ങളും 1958 മുതൽ അസോസ്യേഷന്റെ ചുമതല

യിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതുപരീക്ഷ മുത ലായ പുരോഗമനപരമായ പല പരിപാടികളും ആസൂത്രണം ചെയ്യുവാൻ അന്ന് കഴിഞ്ഞിട്ടുണ്ട്. അസോസ്യേഷൻ അടിസ്ഥാനത്തിൽ കുട്ടികളുടെ നിലവാരം നിർണ്ണയിക്കുവാൻ സമ്മാനങ്ങൾ നൽകി അവരെ പ്രോത്സാ ഹിപ്പിക്കുവാനും സംഘടന ശ്രമിച്ചിട്ടുണ്ട്. സാമൂഹ്യജീവിത പരിശീലനം എന്ന ലക്ഷ്യം വച്ചുകൊണ്ട് വർഷംതോറും വിദ്യാർത്ഥികൾക്കായി മൂന്ന് ദിവസത്തെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കുട്ടികളുടെ കായികവും മാനസികവും കലാപരവുമായ സിദ്ധികളുടെ പൂർണ്ണവികസനം സാധി ക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കൃത്യനിഷ്ഠ, പരസ്പര ബഹു മാനം, പെരുമാറ്റചട്ടങ്ങൾ ഇവ പാലിക്കുന്നതിന് ഈ ക്യാമ്പുകൾ വിദ്യാർ ത്ഥികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. പഴഞ്ഞി, ആർത്താറ്റ്, മരത്തംകോട്, കാട്ടകാമ്പാൽ, മങ്ങാട്, പഴഞ്ഞി എന്നിങ്ങനെ ആറ് ക്യാമ്പുകൾ സംഘ ടിപ്പിക്കുവാൻ ഭാഗ്യമുണ്ടായി. ഓരോ ക്യാമ്പിലും (ആൺകുട്ടികളും പെൺകുട്ടികളും അടക്കം) കുറഞ്ഞപക്ഷം 200 പേർ സംബന്ധിച്ചിരുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ 1964-ൽ രൂപംകൊണ്ടപ്പോൾ 1958-ൽ ആരംഭിച്ച ഈ കൊച്ചു അസോസ്യേഷൻ പിരിച്ചുവിട്ടു. അസോസ്യേഷൻ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി സിറിയൻ സണ്ടേസ്കൂൾ ബുക്ക് ഡിപ്പോ എന്ന ഒരു സ്ഥാപനം കാക്കശ്ശേരി പീറ്റർ മാസ്റ്ററുടെ ചുമതലയിൽ അന്ന് പ്രവർത്തിച്ചിരുന്നു. അസോസ്യേഷന് ജന്മംനൽകി ശക്തിപ്പെടുത്തുന്ന തിന് ഫാ. കെ. സി. ജോസഫ്, പി. വി. ജോബ്, പി. ടി. ശമുവേൽ, എം. എസ്. മാത്യു മുതലായവരുടെ സേവനം അവിസ്മരണീയമാണ്. ഈ അസോസ്യേഷന്റെ പ്രഭവകേന്ദ്രവും ശക്തികേന്ദ്രവും പഴഞ്ഞി സണ്ടേ സ്കൂൾ ആയിരുന്നു."

1902-ലെ റിപ്പോർട്ടിൽ 160 വിദ്യാർത്ഥികൾ പഠിക്കുന്നതായി പ്രസ്താ വിച്ചിട്ടുണ്ട്. 1970-ൽ വിദ്യാർത്ഥികളുടെ സംഖ്യ അഞ്ഞൂറോളമായി വർദ്ധി ച്ചിട്ടുണ്ട്. അധ്യാപകർ മുപ്പതിലേറെയുണ്ട്. 2011-ൽ നാനൂറിലധികം വിദ്യാർ ത്ഥികളും ഓരോ ക്ലാസിനും ഈരണ്ട് ഡിവിഷൻ വീതവും ഉണ്ട്. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനെത്തുടർന്ന് പള്ളിക്കോമ്പൗണ്ടിൽ പള്ളി മാനേജുമെന്റിൽ നടത്തുന്ന എൽ.പി. സ്കൂളിൽ വച്ചാണ് ഇപ്പോൾ ക്ലാസു കൾ നടത്തുന്നത്. എം. വി. ഉതുപ്പ്, സി. ഐ. ഉക്രുകുട്ടി, പി. ടി. ശമു വേൽ, ഫാ. കെ. സി. ജോസഫ്, പി. വി. ജോബ് തുടങ്ങിയവർ വിവിധ കാലങ്ങളിൽ ഹെഡ്മാസ്റ്റർമാരായി പ്രവർത്തിച്ചിട്ടുണ്ട്. സാറാക്കുട്ടി ഏബ്രഹാം, പി. വി. സണ്ണി, എ. ഐ. ഏബ്രഹാം എന്നിവർ സമീപ കാലത്ത് ഹെഡ്മാസ്റ്റർമാരായി പ്രവർത്തിച്ചവരാണ്. ഓരോ വർഷവും വാർഷികോത്സവത്തിൽ സമ്മാനം നൽകുവാൻ 60000-ൽ അധികം രൂപ

ചെലവാകുന്നുണ്ട്. മധ്യവേനലവധിക്കാലത്ത് ഒ.വി.ബി.എസ്. പ്രവർത്തനവും ശക്തമാണ്. അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ 300 പേർ അതിൽ വർഷംതോറും പങ്കെടുക്കുന്നു.

ഈ ഇടവകയിൽ ശാഖാ സണ്ടേസ്കൂളുകളായി ആരംഭിച്ച സണ്ടേസ്കൂളുകളും വായനായോഗങ്ങളും അതത് പ്രദേശങ്ങളിൽ പിൽക്കാലത്ത് സ്വതന്ത്ര ദേവാലയങ്ങളും ഇടവകകളുമായി വികസിപ്പിച്ച് വളർന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. പെങ്ങാമുക്ക്, കാട്ടകാമ്പാൽ, മങ്ങാട്, മൂലേപ്പാട്, പെരുന്തുരുത്തി, കരിക്കാട്, കോട്ടോൽ, ഐനൂർ, മൂക്കുതല എന്നിവ അപ്രകാരം ഇടവകപ്പള്ളികളായി വളർന്ന സണ്ടേസ്കൂളുകളാണ്. പന്ത്രണ്ടു ക്ലാസുകളിലെ സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കിയവരെ ഉദ്ദേശിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കുമായി രണ്ട് ബൈബിൾ ക്ലാസുകൾ കഴിഞ്ഞ അമ്പതിലേറെ വർഷമായി പ്രവർത്തിക്കുന്നുണ്ട് എന്നത് അഭിമാനകരമായ വസ്തുതയാണ്. സണ്ടേസ്കൂൾ അധ്യാപകരും ബൈബിൾ ക്ലാസ് വിദ്യാർത്ഥികളും അടങ്ങിയ ഒരു ടീം മാർ ബസേലിയോസ് സുവിശേഷസംഘം എന്ന പേരിൽ ഇവിടെ പ്രവർത്തിച്ചിരുന്നു. ഇടവകയിലെ സുവിശേഷപരമായ എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിച്ചിരുന്നത് ഇതിലെ അംഗങ്ങളാണ്. ഫാ. ജോർജ്ജ് ചീരൻ, ഫാ. സൈമൺ വാഴപ്പള്ളി എന്നീ വൈദികർ വികാരി, അസി. വികാരി എന്നീ നിലകളിൽ ഇപ്പോഴത്തെ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പരിശുദ്ധ പിതാക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ, ഔഗേൻ കാതോലിക്കാ, 1958-ന് മുമ്പ് കൊച്ചിയുടെ അധികച്ചുമതല വഹിച്ചിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ്, സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷന്മാരായിരുന്ന പൗലൂസ് മാർ പീലക്സീനോസ്, മാർ എപ്പിപ്പാനിയോസ്, മാർ പൗലൂസ് മിലിത്തിയോസ്, തുടങ്ങിയവരും ഗ്രീസിലെ പീറ്റർ രാജകുമാരൻ, കൊച്ചി ദിവാൻ ബോഗ് തുടങ്ങിയ പ്രശസ്ത വ്യക്തികളും ഈ സണ്ടേസ്കൂൾ സന്ദർശിച്ച വിവരം അനുസ്മരിക്കുന്നു. ഒരേ സമയത്ത് 600-ഓളം വിദ്യാർത്ഥിനീ-വിദ്യാർത്ഥികളെ 43 അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലിപ്പിച്ച് ഈ സ്ഥാപനം പുതിയ നൂറ്റാണ്ടിലെ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനുള്ള തയാറെടുപ്പി



ലാണ്. ദൈവകൃപയാൽ ഈ വിദ്യാലയം ഉത്തരോത്തരം അഭിവൃദ്ധിയിലേക്ക് നീങ്ങുന്നത് കാണുവാൻ ഒരു പൂർവ്വ വിദ്യാർത്ഥിയായ ഈ ലേഖകനും ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

സുവിശേഷവേലയെയും സണ്ടേസ്ക്കൂളിനെയും സഹായിക്കുക

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ

കർത്താവിൽ സ്നേഹിക്കപ്പെട്ടവരും സഭയുടെ ഉയർച്ചക്കും നിലനില്പിനുംവേണ്ടി ആഗ്രഹിക്കുന്നവരുമായ മലങ്കരയിലുള്ള എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ, നിങ്ങളിൽ സമാധാനവും സ്വർഗ്ഗീയ വാഴ്വും വർദ്ധിച്ചിരിക്കുമാറാകട്ടെ.

നമ്മുടെ ശിരസ്സാകുന്ന രക്ഷിതാവിന്റെ അവയവങ്ങളും, തന്റെ ഹിതത്തെ നിറവേറ്റുവാൻ കടപ്പെട്ടവരുമായ വാത്സല്യമക്കളേ, ക്രിസ്ത്യാനി സഭയുടെ മുഖ്യവേലയും അതിന്റെ വളർച്ചയ്ക്കു വേണ്ടിയുള്ള നിത്യപ്രയത്നവും കർത്താവിന്റെ അന്ത്യകല്പനയുടെ നിവാരണവും സുവിശേഷവേല ആകുന്നു എന്ന് ഏവരും ഗ്രഹിച്ചിരിക്കുന്ന ഒരു സത്യമാണല്ലോ. ഈ യഥാർത്ഥ ഉദ്ദേശ്യം സാധിപ്പാനെന്നപ്രകാരം ഇന്ന് അനേകരും തോന്നിയപ്രകാരം പുറപ്പെട്ട് നമ്മുടെ സഭയെയും അതിന്റെ വിശ്വാസാചാരങ്ങളെയും മേല്കീഴ് മറിക്കുവാൻ ശ്രമം ചെയ്തുവരുന്നതായും നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ അവസരത്തിലെന്നല്ല എല്ലായ്പോഴും നാം നമ്മുടെ സത്യത്തെപ്പറ്റി മിണ്ടാതെ ഇരിക്കുകയോ നമ്മുടെ സഭാമാതാവിന് താഴ്ച ഭവിക്കുകയോ ചെയ്താൽ എത്രയും ശോചനീയാവസ്ഥയിൽ നാം ആയിത്തീരുമെന്നും അതിനാൽ അവരുടെ ഉദ്ദേശ്യം സാധിക്കുവാൻ ഇടവരുമെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. അതിന്റെ നിവാരണാർത്ഥം നമ്മുടെ മാതൃവിശ്വാസാചാരങ്ങളെ ഉള്ളപ്രകാരം സകലർക്കും വെളിപ്പെടുത്തിക്കൊടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന നമ്മുടെ 'സുറിയാനി സുവിശേഷകൻ' എന്ന പത്രത്തെ കഴിയുന്നവരെല്ലാം കൈത്താങ്ങേണ്ടതാണ്. നല്ല കാര്യങ്ങൾക്കായി തുടങ്ങുന്നവർക്ക്, ഏവരും സഹായിപ്പാൻ കടപ്പെട്ടിരിക്കുന്നു. പ്രാർത്ഥനയാലും അപേക്ഷയാലും ഔദാര്യത്താലും സഹായിക്കുമ്പോൾ ദൈവം അതിനെ പൂർത്തിയാക്കും. ഈ സുവിശേഷവേലയുടെ അഭിവൃദ്ധിക്കായി ദേഹംകൊണ്ടും ദ്രവ്യംകൊണ്ടും കഴിയുന്ന സഹായം ചെയ്വാൻ നാം കടപ്പെട്ടവരാണ്.

നമ്മുടെ സഭവക സുവിശേഷസംഘക്കാരെ നാം ഭരമേല്പിച്ചിരുന്നപ്രകാരം അവർ സഞ്ചരിച്ച് ആത്മാർത്ഥമായും സത്യമായും വേല ചെയ്യുന്നുണ്ടെന്നും അതിനാൽ തെക്കുള്ള ദുരുപദേശങ്ങൾ അശേഷം നമ്മുടെ പള്ളികളിൽ നിന്ന് മാഞ്ഞുപോകുന്നു എന്നും (ദുരുപദേശ) സർപ്പത്തിന്റെ

കടികൾ വേഗം സുഖപ്പെടുന്നു എന്നും അറിയുന്നതിൽ നാം വളരെ സന്തോഷിക്കയും അവരുടെ പരിശ്രമത്തെ ദൈവം അനുഗ്രഹിക്കുന്ന പ്രകാരം ഇവരുടെ ഈ ഉദ്യമത്തെയും ദൈവം അനുഗ്രഹിക്കുമെന്ന് നാം കർത്താവിൽ ശരണപ്പെടുകയും ചെയ്യുന്നു.

അതിനാൽ സുവിശേഷവേലയായും സണ്ടെസ്കൂൾ സ്ഥാപനോദ്ദേശകമായും ഈ വാത്സല്യമക്കൾ ഏത് സ്ഥലത്ത് വന്നാലും ഇവരെ കൈക്കൊണ്ട് ഇവർക്ക് സഹായിച്ച് പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും ശക്തിപോലെയുള്ള ധർമ്മശേഖരവും കൊടുത്ത് സന്തോഷത്തോടെ ഇവരെ അയക്കയും വേണം.

നമ്മുടെ വിശ്വാസാചാര സ്ഥിരതക്കായി മലങ്കരയുള്ള നമ്മുടെ എല്ലാ പള്ളിക്കാരും ജനങ്ങളും നമ്മുടെ സുവിശേഷകൻ വാങ്ങി വായിക്കണമെന്നുള്ളത് നമുക്ക് നിർബന്ധമാണ്. അതിനാൽ എല്ലാ പള്ളികളും ഓരോ പത്രത്തെ സ്വീകരിച്ച് അതിന്റെ പത്രവരിയായ ഓരോ രൂപയും അവരവരാൽ കഴിയുന്ന ദാനങ്ങളും ഈ കല്പനയും കൊണ്ടുവരുന്ന ആൾ വശം തന്നെ കൊടുത്തയക്കണമെന്നും നിസ്സാര കാരണങ്ങൾ പറഞ്ഞ് വരുന്ന ആളിനെ മടക്കി അയക്കരുതെന്നും നാം ഇതിനാൽ ആജ്ഞാപിക്കുന്നു. .... ഇടവകക്കാർക്കോ മറ്റ് പത്രം ഉണ്ടെന്നുള്ള കാരണത്താൽ പള്ളിയുടെ പത്രം ഉപേക്ഷിപ്പാൻ നിങ്ങൾക്ക് ന്യായമില്ല.



സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ അതി ശ്രേഷ്ഠാചാര്യന്മാരായിരുന്ന ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനും പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമനും

ഇത് കൂടാതെയും ബാലന്മാരെ വേദാധ്യയനം ചെയ്യിക്കേണ്ടതും അതിനാൽ ബാലന്മാരുടെ ഹൃദയങ്ങളെ നമ്മുടെ വിശ്വാസാചാരങ്ങളിൽ സ്ഥിരപ്പെടുത്തേണ്ടതും നമ്മുടെ കടമ ആകയാൽ എല്ലാ പള്ളികളിലും ഉള്ള പട്ടക്കാരും ജനങ്ങളും അതത് ഇടവകയിൽ ഞായറാഴ്ച പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി സുവിശേഷസംഘത്തിന്റെ പാഠവിവരം അനുസരിച്ച് അവിടവിടെ ഉള്ള പട്ടക്കാരുടെ നേതൃത്വത്തിൽ സ്കൂൾ നടത്തിയോ നടത്തിച്ചോ കൊള്ളേണ്ടത് കൂടാതെ അതിലേക്ക് വേണ്ടിവരുന്ന സകല പണച്ചിലവുകളും അതത് ഇടവകക്കാരിൽ നിന്ന് പിരിച്ചുകൊള്ളുന്നതിനോ പള്ളിയിൽ നിന്ന് എടുത്ത് ചെലവിട്ടുകൊള്ളുന്നതിനോ നാം ഇതിനാൽ അനുവദിച്ചിരിക്കുന്നു. ആകയാർ പ്രിയ മക്കളേ, കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട ഈ വേലയുടെ നടത്തിപ്പിനും അഭിവൃദ്ധിക്കും ആയി എല്ലാ പള്ളിക്കാരും ജനങ്ങളും ഉത്സാഹികളും താല്പര്യക്കാരുമായിരിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് പ്രത്യേകം ഗുണദോഷിച്ചുകൊണ്ട് നമ്മുടെ വചനത്തെ ചുരുക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളേവരിലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1907 കന്നി 21-ാം തീയതി കോട്ടയം സെമിനാരിയിൽ നിന്ന്.

(സമ്പാദകൻ: ഫാ. ഡോ. ജോസഫ് ചീരൻ)

കോട്ടയ്ക്കൽ ബുക്സ്: സഭാചരിത്ര – ജീവചരിത്ര ഗ്രന്ഥങ്ങൾ

1.	ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും	500 രൂപ
2.	ഇലഞ്ഞിക്കൽ ജോൺ വക്കീൽ	100 രൂപ
3.	മലങ്കരസഭാ കേസുകളുടെ സമഗ്ര സമാഹാരം	600 രൂപ
4.	ഇന്ത്യൻ ഓർത്തഡോക്സ് സഭ - എ. ഡി. 52-2007	200 രൂപ
5.	സഭാ തർക്കം - നീതിക്കു വേണ്ടിയുള്ള നീണ്ട നിയമയുദ്ധം	60 രൂപ
6.	ചിത്രമെഴുത്ത് കെ. എം. വറുഗീസിന്റെ ആത്മകഥ	50 രൂപ
7.	പാറേട്ടു മാർ ഈവാനിയോസ്	50 രൂപ
8.	പി. സി. കോരുത്	30 രൂപ
9.	സഭാകവി സി. പി. ചാണ്ടി	50 രൂപ
10.	രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ	100 രൂപ
11.	മലങ്കരസഭയിലെ കാതോലിക്കാമാർ	175 രൂപ
12.	വട്ടശ്ശേരിൽ തിരുമേനി - മലങ്കരസഭയുടെ കോട്ട	150 രൂപ
13.	പ. ഔഗേൻ ബാവാ - കാതോലിക്കേറ്റിന്റെ കാവൽ ഭടൻ	80 രൂപ
14.	താബോറിലെ താപസവര്യൻ (പാമ്പാടി തിരുമേനി)	60 രൂപ
15.	ചേപ്പാട്ടു മാർ ദീവന്നാസ്യോസ്	40 രൂപ
16.	കാതോലിക്കാ ബാവാമാരുടെ കാലടികളിൽ	30 രൂപ
17.	മലങ്കര വർഗീസും ആനപ്പാപ്പിയും	100 രൂപ
18.	Indian Orthodox Church of St. Thomas	400 രൂപ
19.	ഭുവിൽ വിടർന്ന ദേവലോകം	100 രൂപ
20.	പഴയസെമിനാരി ചരിത്രം	75 രൂപ
21.	പുത്തൻകാവ് കൊച്ചുതിരുമേനി	100 രൂപ
22.	ഡോ. തോമസ് മാർ മക്കാറിയോസ് (ജീവചരിത്രം) 1 & 2	250 + 200 രൂപ
23.	പാമ്പാടി പി. സി. യോഹന്നാൻ റമ്പാച്ചൻ	50 രൂപ
24.	ബഥനി ആശ്രമവും റീത്തുപ്രസ്ഥാനവും	150 രൂപ
25.	തേന്മാവിന്റെ ആത്മകഥ	50 രൂപ
26.	സഭാചരിത്ര വിജ്ഞാനകോശം	500 രൂപ
27.	ഓർമ്മകളുടെ പൂക്കൾ	250 രൂപ

Books in English

28.	Pampadi Tirumani: The Holy Hermit of Tabor Hill	Rs. 60/-
29.	Philipose Mar Theophilus	Rs. 30/-
30.	Acta Indica	Rs. 200/-